KOTTAYAM PUBLIC LIBRARY

Call No. 100 Acc. No. 70876

Author. പൗലോസ്, തൈക്കാട്ട്

Title. വിഷകവല്ലുകൾ

# വിഷപ്പല്ലുകൾ.

# VISHAPPALLUKAL

## (FREE THOUGHTS)

**(MALAYALAM)**

M100

*By*

*Poulose Theketh.*

FIRST IMPRESSION MAY 1958.
COPIES 1000.
RIGHTS RESERVED BY AUTHOR

PRICE 1—50 nP.

*Published by author.*

*Distributors*

H & C STORES,

KUNNAMKULAM.

(K. STATE.)

# വിഷപ്പല്ലുകൾ.

[സ്വതന്ത്രചിന്തകൾ.]

KOTTAYAM PUBLIC LIBRARY
KOTTAYAM.
70876

പൌലോസ് തെക്കത്തു്

# തെക്കത്തിൻെറ കൃതികൾ.

വിഷപ്പല്ലുകൾ.

കോട്ടകൾ തകരുന്നു.

ഭാവന.

ബ്രഹ്മകുളത്തു് തെക്കത്തു് കുടുംബചരിത്രം.

★

Printed at
F. GEORGE PRINTING WORKS, KANDASSANKADAVU.

"LAKSHMI NILAYAM"
Naikanal Road,
TRICHUR.

*Sahithyakusalan*
PUTHEZETH RAMA MENON, B. A., B. L.
District and Sessions Judge (Retd.)

Date: 14—5—1958.

# ശ്രീ.

ഞാനൊരു "ദന്താസ്പത്രി"ക്കാരനോ, പല്ലുവൈദ്യനോ, അല്ലെങ്കിലും, ഇന്നും സ്വന്തം പല്ലുള്ളവനാകയാൽ നിങ്ങളുടെ "വിഷപ്പല്ലുകൾ" ഞാൻ ധൈര്യസമേതം പരിശോധിക്കയും ആ വിഷപ്പല്ലുകൾ, കടിച്ചാൽ വിഷമേല്പിക്കുന്ന പല്ലുകളല്ലെന്നും നേരെ മറിച്ച്, കടിച്ചേടത്തുനിന്നുള്ള വിഷം വലിച്ചെടുക്കുന്ന പല്ലുകളാണെന്നും കണ്ടെത്തുകയും ചെയ്തു "വിഷപ്പല്ലുകൾ" എന്ന പേരിന്നു വിഷം കൊടുക്കുന്നതും വിഷം കെടുക്കുന്നതും എന്നു രണ്ടു പ്രകാരത്തിലും അർത്ഥം കല്പിക്കാവുന്നതുകൊണ്ട്, ഇപ്പോഴത്തെ പുതിയ പുസ്തകത്തിന്നു നല്കുവാൻ നിശ്ചയിച്ച ഗ്രന്ഥനാമം ബഹ്വർത്ഥപ്രദങ്ങളായിരിക്കുന്നു! പേടിക്കൊരണ്ടന്മാർ വിഷഭീതിയാൽ തന്റേടം വിട്ടോടുവാനും, ചിന്താശീലന്മാരായ വിവേകികൾ വിഷലിപ്തഭാഗങ്ങളെ അതിന്റെ സഹായത്തോടുകൂടി ശുദ്ധി ചെയ്തെടുക്കുവാനും സംഗതിവരുന്നതാണ്. ആദ്യത്തവരുടെ ഓട്ടത്തിൽ നിങ്ങൾക്ക നോക്കിനിന്നു ചിരിക്കാം! രണ്ടാമത്തവരുടെ ശുദ്ധീകരണത്തിൽ നിങ്ങൾക്ക അഭിമാനപൂർവ്വം ചരിതാർത്ഥ്യനമാവാം.

കുലശേഖരപ്പെരുമാളും, മാടമഹീപതിയും കുന്നലക്കോലനും കാലം ചെയ്തു കഴിഞ്ഞതാണിന്നത്തെ കാലവും കേരളവുമെന്നറിയാതെ, പണ്ടത്തേയും പറഞ്ഞു പടിക്കൽതന്നെ പാടുകിടക്കുന്നവരുടെ ആ ദയനീയമായ കിടപ്പിൽ ഒരു കുമ്പിൾ വെള്ളംകൊടുക്കാൻ കൂടി ആരും മെനക്കെട്ടുമെന്നുതോന്നുന്നില്ല. ഇന്നത്തെ ഓട്ടത്തിന്റെ വേഗതയിൽ വിശ്വാസമില്ലാത്തവരും, അതിൽസാഹ

സത്തെ ശങ്കിക്കുന്നവരും, ഒട്ടും വേണമെന്നുതന്നെ സമ്മതിക്കാതിരിക്കയില്ല. അഥവാ, ആരുടെയെങ്കിലും സമ്മതിക്കു കണ്ടു കാഴ്ച സമപ്പിച്ചു കാത്തു നില്ക്കുന്നതാണോ കാലം?

നിങ്ങളുടെ വിഷപ്പല്ലുകൾ വലിച്ചെടുത്തു കളയുവാൻ ഇടയുള്ള വിഷയങ്ങൾ ഓരോ ഭാവത്തിലും രൂപത്തിലും, ഏററക്കുറച്ചൽ ചില ചില അംശങ്ങളിൽ കണ്ടാലും, എല്ലാ മതക്കാരേയും, ജാതിക്കാരേയും, വിശ്വാസക്കാരേയും ബാധിച്ചിട്ടുള്ളവയാകയാൽ ആ പല്ലുകൊണ്ടുള്ള കടിക്കു സാർവ്വത്രികമായ ഒരു ആവശ്യകതപോലും സമ്മതിക്കപ്പെടാവുന്നതാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും, അധികാരസ്ഥാനത്തു വത്തിക്കുന്നവരുടെവൃത്തികേടുകളും ഇന്നു നാം എവിടെയും—പുതിയ രാഷ്ട്രീയ രംഗങ്ങളിൽ കൂടിയും—കാണുന്നുണ്ട്. പള്ളിമുററത്തുനിന്നു കച്ചവടക്കാരയും മററും അടിച്ചോടിച്ച ക്രിസ്തുഭഗവാൻെറ ചൂരക്കോൽ ഇന്നു സകല ദേവാലയങ്ങളിലും പെരുമാറേണ്ടതാണ്!

"സവ്വവുമുപേക്ഷിച്ച്, കുരിശും ചുമന്നുകൊണ്ട് എൻെറ അടുക്കൽവരിക" എന്നു ക്രിസ്തുഭഗവാൻ (സവ്വ ധമ്മാൽ പരിത്യജ്യമാമേകം ശരണംവ്രജ എന്നു ശ്രീകൃഷ്ണനും) പറഞ്ഞതൊപ്പിക്കാൻ വേണ്ടി ഇന്നു സ്വണ്ണം കൊണ്ടുള്ള ഒരു കുരിശു പൊൻചങ്ങലയിൽ കോത്തു കഴുത്തിലിട്ട "അരമന"കളിൽ അഹങ്കാര ജടിലമായ ജീവിതം നയിക്കുന്ന നിതാന്തവന്ദ്യദിവ്യശ്രീമാന്മാരെക്കുറിച്ചു "മനുഷ്യ പുത്രൻ" എന്തു വിചാരിക്കുന്നു ആവോ?

ഏതായാലും സുധീരവും സദുദ്ദേശസമ്പൂണ്ണവും സമുജ്വലവും സാഹിത്യ സുന്ദരവുമായ നിങ്ങളുടെ കൃതീതല്ലജങ്ങൾ അവയുടെ സന്ദേശങ്ങളെ ജനതാമദ്ധ്യത്തിൽ പരത്തി നിങ്ങളെ കൃതകൃത്യനാക്കാതിരിക്കയില്ല. നിങ്ങൾക്കെൻെറ അനുമോദനം.

എന്നു്, വിശ്വസ്ഥൻ

പുത്തേഴത്തു് രാമമേനോൻ (ഒപ്പ്)

തൃശ്ശൂർ.

# ശ്രീ.

പ്രിയപ്പെട്ട ശ്രീ പൌലോസ്സ്!

"കോട്ടകൾ തകരുന്നു,, എന്ന നാടകം അഭിപ്രായത്തിന്നയച്ചതു കിട്ടി. ഞാനതിൽ അഭിമാനിതനായിരിക്കുന്നു. നിങ്ങൾക്കു ഞാൻ വന്ദനം പറയുന്നു.

പുസ്തകം അതിൻെറ പേരിനെ അന്വത്ഥമാക്കി ചെയ്യുന്നു. നിങ്ങളുടെ ധീരതയും സത്യസന്ധതയും സമുദായശുദ്ധീകരണത്തിന്നുള്ള ഉത്സാഹവും അഭിനന്ദനീയങ്ങളും അപൂർവ്വങ്ങളുമാകുന്നു. ഒരു നാടകം എന്ന നിലയിൽ കൂടുതൽ ഒരു പ്രചാരണഗ്രന്ഥമായി പ്രയോജനപ്പെടുന്ന ഈ പുസ്തകത്തിന്നു ചില ന്യൂനതകൾ കാണാം. സംഭാഷണങ്ങൾ ചിലപ്പോൾ പ്രസംഗമോ പ്രബന്ധമോ ആകുന്നു — ഒന്നാംരംഗം തന്നെ ഉദാഹരണം. നാടകബന്ധമില്ലാത്ത വ്യഥാസ്ഥൂലരംഗങ്ങൾ നീട്ടിക്കൊണ്ടുപോകുന്നു — രണ്ടാം രംഗം തന്നെ ഉദാഹരണം. എന്നാൽ ഇതൊന്നും അഭിനയിക്കാൻ എന്നതിനേക്കാൾ വായിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഗ്രന്ഥത്തിന്നു കുറവല്ലതാനും. ഭാഷ ശുദ്ധവും, സുന്ദരവും, ശക്തിയുക്തവുമാണ്. വിഷയത്തിൻെറ വളവുപുളവുകളെല്ലാം നല്ലപോലെ ചുഴിഞ്ഞു നോക്കി മനസ്സിലാക്കീട്ടുണ്ട്. വളരെ കാലോചിതവും പ്രയോജനപ്രദവുമായ ഒരു പ്രസിദ്ധീകരണം.

നിങ്ങളുടെ സാഹിത്യവാസനയും ഭാഷാസ്വാധീനവും, നിരീക്ഷണപാടവവും, പ്രശംസനീയവും പ്രോത്സാഹനാർഹവുമാണ്. നിങ്ങൾക്കെൻെറ അനുമോദനവും ആശ്ശിസ്സും കൃതജ്ഞതയും.

പുത്തേഴത്തു രാമമേനോൻ

(ഒപ്പ്)

# മുഖവുര.

യുക്തിവാദികളായ ഏതാനും യുവസുഹൃത്തുക്കളുമായുണ്ടായ സംഭാഷണങ്ങളിൽ മുഴച്ചുനിന്നിരുന്ന ചില ആശയങ്ങളെ, "കോട്ടകൾ തകരുന്നു" എന്ന ഒരു നാടകരൂപത്തിൽ ഇക്കഴിഞ്ഞ ജൂണിൽ ഞാൻ പൊതുജനസമക്ഷം അവതരിപ്പിക്കുകയുണ്ടായി. ആ അവസരത്തിൽത്തന്നെ ഏതാണ്ട തയ്യാറായിരുന്ന "വിഷപ്പല്ലുകൾ" എന്ന ഈ ഗ്രന്ഥവും, "ഭാവന" എന്ന മറെറാരു കൃതിയും യുക്തിവാദപ്രധാനങ്ങളും, സാമുദായിക പരിഷ്കാരത്തെ ലക്ഷ്യംവെച്ച് രചിച്ചിട്ടുള്ളവയും ആണ്. "കൂടാതെ ബ്രഹ്മകുളത്തും തെക്കത്ത് കുടുംബചരിത്രം" എന്ന എൻെറ മറെറാരു കൃതിയും ഞാൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥം പാരായണം ചെയ്യുന്നപക്ഷം ഞാനാരാണെന്നും എൻെറ ജീവചരിത്രമെന്താണെന്നും വ്യക്തമായി ഗ്രഹിക്കാൻ പ്രയാസമില്ല. എന്നെപ്പററിയുള്ള തെററിദ്ധാരണകളെല്ലാംതന്നെ പ്രസ്തുത ഗ്രന്ഥപാരായണം കൊണ്ട നീങ്ങുമെന്നു എനിക്കുറപ്പുണ്ട്. ഞാനിങ്ങനെ എഴുതുന്നതിന്നു പ്രത്യേകിച്ചും കാരണമുണ്ട്.

"കോട്ടകൾ തകരുന്നു" എന്ന എൻെറ പ്രഥമ കൃതി പുറത്തുവന്നപ്പോൾ, പല കത്തോലിക്കാ മാന്യന്മാരും എന്നെ തെററിദ്ധരിക്കാനിടയായി എന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. "സൽസ്വഭാവിയും, ദൈവഭക്തനും, മര്യാദക്കാരനുമായ പൊ

ലോസിൻെറ "തലതിരിഞ്ഞു"വെന്നും അയാളിപ്പോൾ ഒരു കമ്മ്യൂണിസ്റ്റനുഭാവിയും, നിരീശ്വരനുമായിത്തീർന്നെന്നും" ചില ശുദ്ധാത്മാക്കൾ പിറുപിറുക്കുന്നതും ഞാൻ കേൾക്കുകയുണ്ടായി. എൻെറ നാടകത്തെ സൂചിപ്പിച്ച ഇത്തരമൊരഭിപ്രായം സ്ഥലം പള്ളിവികാരിയിൽനിന്നു "പുഷ്പക്കൂട്ടിൽ"ക്കൂടി പ്രവഹിച്ചതോടുകൂടി പല "ഭക്ത കുഞ്ഞാടുകളും" എന്നെ ഒരു "കറുത്ത ആടായി" ചിത്രീകരിക്കാൻ തുടങ്ങി. അങ്ങനെ അപണ്ഡിതരായ കൃസ്ത്യാനികൾ എന്നെ "കൃസ്ത്യാനി" എന്നു വിളിക്കാൻ ശങ്കിക്കുകയും, കൃസ്ത്യേതരർ "കൃസ്തു അനുയായി" എന്നു സംബോധനചെയ്യുവാൻ ഇടവരുകയും ഉണ്ടായി ഒരു മനുഷ്യസ്നേഹിക്കു എന്തെല്ലാം പര്യായങ്ങളുണ്ടോ അതെല്ലാം എന്നെപ്പററി പറയുന്നതിന്ന് എനിക്കു യാതൊരു വിരോധവുമില്ല ലോകാരാദ്ധ്യനും മഹാനുമായ പണ്ഡിററു ജവഹരിലാൽ നെഹറുവിനെപ്പോലും, അദ്ദേഹത്തിൻെറ വിശാലമനസ്ഥിതികണ്ടു ഒരു കമ്മ്യൂണിസ്റ്റാക്കി ചിത്രീകരിച്ചെങ്കിൽ, എന്നെപ്പററി ശുദ്ധാത്മാക്കളായ എൻെറ സ്നേഹിതന്മാർ തെററിദ്ധരിച്ചതിൽ അത്ഭുതത്തിന്നവകാശമില്ല.

എൻെറ കൃതികളിൽ കണ്ടേക്കാവുന്ന സംശയാസ്പദങ്ങളായ യുക്തിചിന്തകൾ മിക്ക കത്തോലിക്കാ യുവജനങ്ങളിലും, എന്നുതന്നെയല്ല പുണ്യവാന്മാരെന്നു സഭ പേരുവിളിച്ചിട്ടുള്ള മനുഷ്യസ്നേഹികളിൽ പലരിലും കണ്ടിട്ടുണ്ടെന്നു എൻെറ അനുഭവത്തിൽനിന്നും തിരുസ്സഭാചരിത്രത്തിൽനിന്നും പുണ്യാത്മാക്കളുടെ ജീവചരിത്രങ്ങളിൽനിന്നും എനിക്കു ഗ്രഹിക്കുവാൻ സാധിച്ചിട്ടുണ്ട്. സംശയങ്ങൾ ഉണ്ടായി എന്നതുകൊണ്ടു ഇവരാരും കത്തോലിക്കരല്ലാതായിത്തീർന്നിട്ടില്ലാത്തതിനാൽ, ഞാനും ഒരു കത്തോലിക്കനായിരിക്കുന്നതിൽ സംഭ്രമത്തിന്നവകാശമില്ല. സംശയങ്ങളെ ദൂരീകരിച്ചുതരുന്നതിന്നു വൈദീക മേലധികാരികൾ ഒരുമ്പെട്ടാൽ ഒന്നടങ്കം എല്ലാ കത്തോലിക്കാ യുവജനങ്ങൾക്കും അതൊരനുഗ്രഹമാ

യിത്തീരുകയും ചെയ്യും. അതിനാൽ ഇത്തരം ഗ്രന്ഥങ്ങൾക്ക യുക്തിയുക്തമായ എതിർ പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിച്ചു കത്തോലിക്കരുടെ ജ്ഞാനതൃഷ്ണയെ പോഷിപ്പിക്കുവാൻ ഒരുമ്പെടുകയാണ് അവർ ചെയ്യേണ്ടതു്. അതിനായി ഞാനവരെ ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു. ന്യായമായ മറുപടികൾ കേട്ടാൽ സമ്മതിക്കാത്ത യുക്തിവാദികളുണ്ടാകുകയില്ലെന്നാണ് എൻെറ ബോദ്ധ്യം. എതിരഭിപ്രായങ്ങൾ അറിഞ്ഞാലല്ലാതെ ഇതിനു സാദ്ധ്യമല്ലാത്തതുകൊണ്ടു എൻെറ അറിവിൽപ്പെട്ട ചില എതിർ വശങ്ങൾ വലിച്ചു പുറത്തിടുന്നതു എൻെറ കത്തവ്യമാണെന്നു എനിക്കുതോന്നി. അതിൻെറ ഫലമായിട്ടാണ് എൻെറ കൃതികൾ ഞാൻ ചമച്ചിട്ടുള്ളതു്. അതിനാൽ ഇനിയെങ്കിലും എന്നെ തെററിദ്ധരിക്കാതിരിക്കുകയും "ഒരു കറുത്ത ആടായി" ചിത്രീകരിക്കാതിരിക്കുകയും ചെയ്താൽ കൊള്ളാം.

സംശയിച്ചു എന്നതുകൊണ്ടുമാത്രം ഒരാൾക്കു കത്തോലിക്കാസഭയിലെ അംഗത്വം നിഷേധിക്കുകയും, കൂദാശകൾ നല്കാതിരിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതു സങ്കുചിത മനസ്ഥിതിയെയാണ് കാണിക്കുന്നതെന്നു എനിക്കു തോന്നുന്നു. എന്നാൽ, 'ഉണ്ടെന്നു പറയാനും ഇല്ലെന്നുപറയാനും ഇല്ലത്തെ മൂസ്സതിന്നാണ്' അധികാരമെന്ന കാര്യത്തിൽ എനിക്കും ഭിന്നാഭിപ്രായമില്ല. തെററുകൾ ചൂണ്ടിക്കാണിക്കുകയും വിമർശിക്കുകയും ചെയ്യുന്നവനാണ് സാക്ഷാൽ ബന്ധു എന്ന കാര്യത്തിൽ എനിക്കു തീരെ അഭിപ്രായവ്യത്യാസവുമില്ല. തന്മൂലം, സദുദ്ദേശപരമായ വിമർശനങ്ങൾ പാപമല്ലെന്നു എനിക്കു തോന്നിയിട്ടുണ്ടു്. എൻെറ തോന്നലുകളെല്ലാം ശരിയായിക്കൊള്ളണമെന്ന ശാഠ്യം എനിക്കില്ല. എങ്കിലും, തെററുകൾ തിരുത്തപ്പെടുകയും, ആവത്തിക്കാതിരിക്കുകയും ചെയ്യണമെങ്കിൽ അവയെ വിമർശിക്കാതെയും അവ സംഭവിക്കുന്ന സാഹചര്യങ്ങ

ളെ ചൂണ്ടിക്കാണിക്കാതെയും സാദ്ധ്യമാണെന്നു ആരെങ്കിലും കരു തുന്നുണ്ടോ? അൽമേനികളായ ബുദ്ധിജീവികൾ വിമർശനത്തി ന്നൊരുമ്പെടുന്നതാണ് ചിലക്കു പിടിക്കാത്തതു്. എന്നാൽ രോ ഗം മാറിയിട്ടും ശസ്ത്രക്രിയചെയ്ത വൈദ്യനെ പഴിക്കുന്ന രോഗി ഒരു മൃഗമാണെന്നല്ലാതെ മററെന്താണ് പറയാനുള്ളതു്?

മഹാകവി വള്ളത്തോൾ, സാഹിത്യകുശലൻ പുത്തേഴത്തു, രാമമേനോൻ, സർവ്വശ്രീ വയലാർ രാമവർമ്മ, പൊൻകുന്നം വർക്കി, കെ. സി. പീററർ എം. എ , എൽ. എൽ ബി., യുക്തി വാദി പത്രാധിപരായ ശ്രീ. എം. സി ജോസഫ് എന്നീ കലാ പ്രേമികളും ബുദ്ധിജീവികളും, സാഹിത്യ പരിഷത്തു്, ലോകവാ ണി, മാതൃഭൂമി മുതലായ പത്രമാസികകളും "കോട്ടകൾ തകരുന്നു" എന്ന നാടകത്തേയും, സമുദായ പരിഷ്ക്കാരത്തിന്നുവേണ്ടി അര യും തലയും മുറുക്കി സാഹിത്യപരിശ്രമങ്ങൾക്കു ഞാനൊരുങ്ങി പ്പുറപ്പെട്ടതിനേയും മുക്തകണ്ഠം പ്രശംസിച്ചിരിക്കയാണ്. നാട കത്തിൻെറ കലാപരമായ വിജയത്തെക്കുറിച്ചു ഭിന്നാഭിപ്രായമു ണ്ടെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ എൻെറ സദുദ്ദേശ ത്തിൽ ബുദ്ധിജീവികളെല്ലാംതന്നെ വിശ്വസിക്കുന്നതായിക്കാണു ന്നതു് എനിക്കു അഭിമാനത്തിന്നും ചാരിതാർത്ഥ്യത്തിന്നും വക ന ല്കുന്നുണ്ടു്.

യഥാർത്ഥം പറഞ്ഞാൽ കൃസ്തു അഭിലഷിക്കാത്ത പലതും ക ത്തോലിക്കാ സഭാനടപടികളിലും സാമുദായികാചാരങ്ങളിലും കാണുന്നില്ലേ? അതെല്ലാം ഒന്നു ഒത്തുമാററി സഭയെ ഒന്നു വി ശുദ്ധീകരിക്കേണ്ടതല്ലേ? വിമർശനംകൊണ്ടു സഭയും സമുദായവും നന്നാവുമെന്നുള്ളതിന്നു സംശയമുണ്ടോ? സഭയ്ക്കകത്തു പല മാററ ങ്ങളും കാലോചിതമായ രീതിയിൽ വരുത്തിയിട്ടില്ലേ? വരുത്തു

ന്നില്ലേ? ഈ മാററങ്ങൾക്ക വിമശ്നങ്ങൾ ഹേതുഭൂതങ്ങളായി ഭവിച്ചിട്ടില്ലേ? വിമശിക്കുന്ന ആളിൻെറ നിദ്ദേശങ്ങൾ സഭ സ്വീകരിക്കുകയും വിമശിക്കുന്ന വ്യക്തിയെ സഭക്കു പുറത്താക്കി വാതിലടക്കുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതു് സാഹസ മല്ലേ? സ്വമാതാവിനെ വിമശിക്കുന്ന ഒരു വ്യക്തി ആ മാതാവി ൻെറ സന്തതി എന്ന പേരിനുപോലും അഹനല്ലെന്നു പറയാ മൊ? പ്രകൃതിക്കുപോലും പുതുമതോന്നിക്കുന്ന ഇത്തരം ആശയ ഗതികൾ ഇനിയും വെച്ചുപുലത്തുന്നതു ശരിയാണോ? ശിലായു ഗത്തോളം പഴക്കമുള്ള ആശയങ്ങൾ ഈ അണുയുഗത്തിൽപോലും ഉപേക്ഷിക്കുകയില്ലെന്നു ശാഠ്യംപിടിക്കുന്നതു നല്ലതിനാണോ?

"ഒരുവെട്ടിനു രണ്ടുമുറി" എന്ന രീതിയിൽ മാററങ്ങൾ വരു ത്തണമെന്നു ആരും ശഠിക്കാറില്ല. ഞാൻ തീരെയും ശഠിക്കുന്നി ല്ല. "The greatest room in the world is the room for improvement" അതായതു, "ലോകത്തിൽവെച്ചു് ഏററ വും വലിയ മുറി നന്നാകാനുള്ള മുറി ആണ്" എന്നാണല്ലോ പഴ മൊഴി. ക്രമേണ മാററങ്ങൾ വരുത്താം; വരുത്തുന്നുണ്ടു്; വരുത്തു കയും വേണം. ഇതിനും വിമശനശാഖ പുഷ്ടിപ്പെടാതെ സാദ്ധ്യ മാണോ?

വ്യക്തിവിദ്വേഷം മാററിവെച്ചുകൊണ്ടു സഭയുടെ പ്രാദേശി കാധികൃതന്മാരും മററും തലകൊടുത്തു ചിന്തിക്കേണ്ട കായ്യമാണി തു്. യഥാത്ഥം പറഞ്ഞാൽ വിമശനശാഖ പുഷ്ടിപ്പെടുത്തുവാൻ അവർ ആത്മാത്ഥമായി കയ്യയച്ചു സംഭാവനചെയ്യേണ്ടതാണ്. അതല്ലാതെ അനാവശ്യമായി "ചന്ദ്രഹാസങ്ങളും" "വെണ്മഴുവും", എടുത്തു ചുഴററി മാനസിക സംസ്കാരത്തിന്മേൽ "ബ്ളേക്കൌട്ടു്" നടത്താനല്ല പരിശ്രമിക്കേണ്ടതു്. "ചെറിയവൻ പറഞ്ഞാൽ ചെകിട്ടിൽ കേറില്ല" എന്ന പഴമൊഴി സ്വന്തം ജീവിതത്തിൽ അനത്ഥമാക്കിചെയ്യാൻ പരിശ്രമിക്കുകയല്ല വേണ്ടതു്. ചെ

റിയവനാണ് പറയുന്നതെങ്കിലും അതിൽ കാര്യമുണ്ടോ എന്നു നോക്കുകയാണ് വേണ്ടതു്.

ആരെന്തുപറഞ്ഞാലും, ചന്ദ്രഹാസമിളക്കി പുറപ്പെട്ടാലും, സത്യവിശ്വാസത്തിൽ കടുകിട വ്യതിചലിക്കാൻ ഞാൻ കരുതുന്നില്ല. സത്യം ജയിക്കും എന്നു ഞാൻ വിശ്വസിക്കുന്നു മനോവേദനയോടും സദുദ്ദേശപൂർവ്വവുമാണ് ഞാനീ വരികൾ കുറിക്കുന്നതു്. ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടി ഇതു് കേൾക്കേണ്ടവർ കേട്ടാൽകൊള്ളാമെന്നു എനിക്കാഗ്രഹമുണ്ട്. എൻെറ പൂർവ്വികന്മാരായി എത്രതൊരു സഭയിൽ വിശ്വസിച്ചുപോന്നിരുന്നുവോ, ആ കത്തോലിക്കാ സഭാമാതാവിൻെറ മടിത്തട്ടിൽ ആശ്ലേഷബദ്ധനായിരുന്നുകൊണ്ടുതന്നെ അതിനെ ലക്കില്ലാത്ത വിധത്തിൽ നയിക്കുന്ന പുരോഹിതവർഗ്ഗത്തെ നേർവഴിക്കു തിരിക്കാൻ എൻെറ തൂലിക ചലിച്ചുകൊണ്ടിരിക്കും. ശുദ്ധാത്മാക്കളായ എൻെറ കത്തോലിക്കാ സഹോദരന്മാർ ഇതുകേട്ടു ചിരിക്കുന്നുണ്ടാകാം എന്നാൽ റോമാനഗരം ഒരു ദിവസംകൊണ്ടല്ല പണിതുയർന്നതു എന്നും, നമ്മുടെ വന്ദ്യമാതാവായ ഭാരതഭൂമിക്കു സ്വാതന്ത്ര്യം സിദ്ധിക്കുവാൻ, എന്തിന്നധികം, കേരളസംസ്ഥാനം രൂപവൽക്കരിക്കപ്പെടുന്നതിന്നുതന്നെ, വളരെ കാലതാമസം വേണ്ടിവന്നുവെന്നും എന്നെപ്പോലെ ചിന്തിക്കുന്ന പലരും ഇതേവഴിക്കു പ്രയത്നിക്കുമെന്നും ഇത്തരുണത്തിൽ ഞാനവരെ ഓർപ്പിക്കുകയാണ്. സ്വാതന്ത്ര്യപ്രക്ഷോഭണകാലത്തു് മഹാത്മാ ഗാന്ധിയെയും മററും പരിഹസിച്ചിരുന്ന മാന്യന്മാർ ഇന്നു കോൺഗ്രസ്സിൻെറ തലതൊട്ടപ്പന്മാരായി രൂപാന്തരപ്പെടാനിടവന്ന നിലക്ക്, ഞാൻ ഉന്നയിക്കുന്ന സമുദായ പരിഷ്ക്കാരങ്ങളെ ഇന്നു പുച്ഛിക്കുന്ന എൻെറ കത്തോലിക്കാ സ്നേഹിതന്മാർതന്നെ ഒരു കാലത്തു എൻെറ ആരാധകന്മാരായി രൂപാന്തരപ്പെടുകയില്ലെന്നു ആർ കണ്ടു? "അച്ചന്മാരേയും കന്യാസ്ത്രീകളേയും പരിഹസിക്കുന്ന ദുഷിച്ച പു

സ്തകങ്ങൾ എഴുതുന്നവൻ" എന്ന വ്യാജമായ സർട്ടിഫിക്കററ് എനിക്കാവശ്യമില്ല. വ്യക്തിപരമായി എനിക്കു യാതൊരു വൈദികനോടോ കന്യാസ്ത്രീയോടൊ വിദ്വേഷമില്ല. എൻെറ തറവാട്ടിൽത്തന്നെ പത്തുപതിനാറു കന്യാസ്ത്രീകളും എട്ടൊമ്പതു അച്ചന്മാരുമുണ്ട്. അവരെല്ലാം എൻെറ അഭിമാനഭാജനങ്ങളാണ്. എല്ലാ വൈദികരും കന്യാസ്ത്രീകളും കത്തോലിക്കാ സഭക്കു ഭൂഷണമാണ്. കത്തോലിക്കാസഭയെ ഭരിക്കുന്ന നേതൃമാന്യന്മാർ ശരിയായ പാന്ഥാവിൽക്കൂടി കാര്യങ്ങൾ ദർശിക്കണം. എങ്കിൽ മാത്രമെ താഴെക്കിടയിലുള്ള വൈദികർക്കും അൽമേനികൾക്കും ശരിയായ പാന്ഥാവിൽക്കൂടി ചരിക്കാൻ സാദ്ധ്യമാകൂ. വ്യക്തിപരമായ ബലഹീനതകൾ ആരിലും ക്ഷന്തവ്യമാണ്. എന്നാൽ സനാതനമായ ഭീമബദ്ധങ്ങളും, ധാരണകളും തുടച്ചുനീക്കാതെ പുരോഗതി സാദ്ധ്യമല്ലതന്നെ. അതിനാൽ എന്നെ പരിഹസിക്കുന്നതിന്നുമുമ്പ് ലോകത്തിൻെറ അതിശീഘ്രഗതിയിലുള്ള പുരോഗമനവും, ശാസ്ത്രത്തിൻെറ വളർച്ചയും, ജനങ്ങളുടെ ചിന്താഗതിയിലുള്ള ഉണർവ്വും, അജ്ഞാനാന്ധകാരത്തിൽ നിന്നുള്ള ഉയർത്തെഴുന്നേൽപ്പും, അവഗാഢമായി ചിന്തിക്കേണ്ടതാണെന്നു എൻെറ കത്തോലിക്കാ സ്നേഹിതന്മാരോടും പുരോഹിതബന്ധുക്കളോടും ഞാനഭ്യർത്ഥിക്കുകയാണ്. ഒരു കാര്യം നിങ്ങളൊക്കെ മനസ്സിലാക്കുന്നതു നന്ന്. ഒരു ബലഹീനനായ വ്യക്തിയെ സമുദായത്തിൽനിന്നും ഭൂമുഖത്തുനിന്നുപോലും തുടച്ചുനീക്കുക സുകരമായിരിക്കാം. എങ്കിലും പുതുതായി ചിന്തിക്കുന്ന യുവതലമുറയെ ഒന്നടങ്കം ബഹിഷ്ക്കരിക്കുക ഒരിക്കലും സാദ്ധ്യമല്ല!!!

കത്തോലിക്കാ സഭാമാതാവിനെ ഞാൻ ഉള്ളഴിഞ്ഞു സ്നേഹിക്കുന്നു. സഭയെ ചൊവ്വാക്കുന്നതിന്നു പുരോഹിതവർഗ്ഗത്തിന്നുള്ള അത്ര ഉത്തരവാദിത്വവും, അവരേക്കാൾ കൂടുതൽ സ്വാതന്ത്ര്യവും എനിക്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. വേദപ്രചാരത്തിന്നു

അൽമേനികളുടെ സഹകരണം കൂടാതെ പുരോഹിതന്മാക്ക് തനിച്ചെന്തെങ്കിലും ചെയ്യാനൊക്കുമോ? ക്രിസ്തുവിൻെറ മൌക്തിക ശരീരത്തേയും മുന്തിരിവള്ളിയുടെ ഉപമയേയുംകുറിച്ച് ഞാൻ നല്ലപോലെ പഠിച്ചിട്ടുണ്ട്. അതിനാൽ സഭയിൽ അടിയുറച്ചുനിന്നുകൊണ്ടുതന്നെ എൻെറ സൽപരിപാടികഠം തുടരാൻതന്നെയാണ് ഭാവം സഭയിൽനിന്നു പുറത്തുപോകേണ്ട ആവശ്യം എനിക്കു തോന്നുന്നില്ല, ആരെന്നെ പുറത്താക്കിയാലും ഞാൻ പുറത്തുപോകാനും തയ്യാറില്ല പിണക്കംതോന്നുമ്പോഴൊക്കെ പിടിച്ചു പുറത്താക്കാനും പിന്നീടുവിളിച്ചു അകത്താക്കാനും പററിയ തരത്തിലുള്ള പിള്ളരുകളിയാണോ കത്തോലിക്കാസഭ?

മംഗലാപുരം ജെസ്യൂട്ട് സെമിനാരിയിൽ കുറെനാഠം അദ്ധ്യയനം നടത്തുവാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള ഒരു വ്യക്തിയാണ് ഇയ്യുള്ളവൻ. അവിടത്തെ എൻെറ ഗുരുഭൂതരായിട്ടുള്ള ഇററാലിയൻ ജെസ്യൂട്ട മിഷ്യനറിമാരോളം മര്യാദയും മനഃപരിഷ്ക്കാരവും നമ്മുടെ നാട്ടുപട്ടക്കാക്കില്ലെന്ന കാര്യം എൻെറ സ്വന്തം അനുഭവത്തിൽനിന്നു എനിക്കു ബോദ്ധ്യമായിട്ടുണ്ട്. ഇവിടത്തെ വൈദികക്കു കിട്ടുന്ന ട്രെയിനിങ്ങും അവക്കു കിട്ടിയ ട്രെയിനിങ്ങും തമ്മിലുള്ള അന്തരമാണിതിന്നു കാരണമെന്നുതോന്നുന്നു. ഇവിടത്തെ അച്ചന്മാർ ആടിനെ പട്ടിയാക്കാൻ നോക്കുന്നതു കാണുമ്പോഠം എനിക്കു ചിരിവരികയാണു. ആടും പട്ടിയും തമ്മിലുള്ള അന്തരമെന്താണെന്നു ഇവക്കറിഞ്ഞുകൂടന്നു തോന്നിപ്പോകുന്നു. അധികാരത്തിൻെറ തണലിൽ വിശ്രമിച്ച്, സൌഭാഗ്യത്തിൻെറ ആനപ്പുറത്ത് കയറി ഇരുന്നു വേലിപൊളിക്കുന്ന സമുദായ ശ്രേഷ്ഠന്മാർ ഞാനെന്നെത്തന്നെ മറന്നിട്ടില്ലെന്നു മനസ്സിലാക്കിയാൽ കൊള്ളാം.

നീതിയുടെ പടവാളെടുത്തു സത്യത്തിൻെറ ബലിപീഠത്തിൽനിന്നു തുള്ളിക്കല്ലിക്കുന്ന ഭക്തകോമരങ്ങഠം അവരുടെ വലിയ വൃണങ്ങഠം പട്ടുവസ്ത്രങ്ങളാൽ ആവരണംചെയ്തു ചെറിയ ചൊറിയു

ള്ളവനെ കുഷ്ഠരോഗിയെന്നു വിളംബരം ചെയ്യുന്നതിന്നുമുമ്പ് സ്വയം ആത്മപരിശോധന ചെയ്താൽക്കൊള്ളാമെന്നുണ്ട്. അത്തരത്തിലുള്ള എൻെറ സ്നേഹിതന്മാരോടും മററം ചിന്തകനായ ഒരു മഹാൻെറ ആശയഗതികൂടി ഗ്രഹിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

"ലോകം ഒരു ഭ്രാന്തശാലയാണ്. മററുള്ളവർ പറയുന്നതിലും ചില സത്യങ്ങളെല്ലാമുണ്ടെന്നു സമ്മതിക്കാത്തതാണ് ഇന്നു ലോകത്തിന്നു പററിയിരിക്കുന്ന അമളി. നല്ലതിലും ഉണ്ടു കുറെ ചീത്തത്വം ചീത്തയിലും ഉണ്ട് കുറെ നന്മ. സത്യം സമുദായത്തിൻെറ ശത്രുവാണ്. സത്യം പറയുന്നവനോടും നീതി പ്രവത്തിക്കുന്നവനോടും സമുദായത്തിന്നു വെറുപ്പാണ്. ഒരു തുരുമ്പു പിടിച്ച ലോകമാണിതു്. സത്യത്തിന്നു ഇവിടെ കാൽ പൈസയുടെ വിലപോലുമില്ല. നീതിയെന്നും ധമ്മമെന്നും ഉച്ചൈസ്തരം ഉൽഘോഷിച്ചുകൊണ്ടു മാന്യതയുടെ പടവാളുവീശുന്ന പരാജിതനായ മനുഷ്യൻ മാംസത്തിൻേറയും പിശാചിൻേറയും അടിമയാണെന്നുള്ള കാര്യം ആരും ചിന്തിക്കുന്നില്ല ഇന്നത്തെ ദുരാചാരം നാളത്തെ സദാചാരമായിക്കൂടെന്നില്ല. ചട്ടങ്ങളെ മാററാത്ത പക്ഷം അവ സ്വയം തിരോഭവിക്കുന്നതു് കാണാം. സത്യത്തിന്നുവേണ്ടി ധീരമായി തൂലിക ചലിക്കുമ്പോഴുണ്ടാകുന്ന ലോകാപവാദം ഒരു മൂട്ടകടി മാത്രമാണ്. കുറെനേരം ചൊറിയും പിന്നെ മാറും. സാഹചര്യങ്ങളുടെ ശീതളച്ഛായയിൽ വിശ്രമിച്ചു വിധികല്പിക്കുന്നതിന്നു പകരം പാപികളുടെ ജീവിതഗത്തത്തിലേക്കു ഇറങ്ങിച്ചെന്നു ശാരീരികവും മാനസികവുമായ വ്രണങ്ങളിൽ സ്നേഹസേചനം ചെയ്യുവാൻ പ്രേരിപ്പിക്കുന്ന സേവന സന്നദ്ധതയും ക്രിസ്തുവിൻെറ കമ്മകാണ്ഡങ്ങളിൽ കാവ്യകാന്തികലത്തുന്ന പതിതകാരുണികത്വവും ഏവക്കും മാതൃകാപാഠങ്ങളായിരിക്കട്ടെ."

അതിനാൽ, "പരിഹാസത്തിന്റെ ചെളിവാരിയെറിഞ്ഞാൽ കത്തോലിക്കാ സഭയെ പൌലോസ് വിട്ടൊഴിഞ്ഞുപോകുമെന്നും, ദൈവവിശ്വാസത്തെ അറബിക്കടലിൽ ഒഴുക്കിക്കളയുമെന്നും" ആരെങ്കിലും വ്യാമോഹിക്കുന്നുണ്ടെങ്കിൽ അവർ അവരുടെ തെററിദ്ധാരണകളെ മാററേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

വിമർശകന്മാർ പള്ളിയിൽ പോകുന്നതും, കൂദാശകൾ സ്വീകരിക്കുന്നതും മററും അവരവരുടെ മനസ്സാക്ഷിയുടെ പ്രേരണകൊണ്ടാണെന്നു ഓക്കുന്നതു നന്നായിരിക്കും. മററുള്ളവരുടെ പള്ളിയിൽപോക്കിനേയും മററും പററി വ്യക്തിപരമായി ആക്ഷേപിക്കാനൊരുമ്പെടാതെ സ്വയം നന്നാകുവാൻ നോക്കുകയാണ് വേണ്ടതു്. പ്രമാണങ്ങൾക്കും തത്വങ്ങൾക്കും അതീതമായി പുരോഹിതവർഗ്ഗങ്ങളിൽപ്പോലും "മനസ്സാക്ഷി" തലയുയർത്തി നില്ക്കുന്നതായി കാണുന്നില്ലേ? പ്രമാണങ്ങളും തത്വങ്ങളും ഒരു വിധം, പ്രവൃത്തി മറെറാരുവിധം; എന്താണിതിന്നു കാരണം? അവരുടെ മനസ്സാക്ഷി മറെറാരുതരത്തിലായതുകൊണ്ടായിരിക്കണം. വാസ്തവം പറഞ്ഞാൽ ശരിയായ ഒരു നിലപാടാണിതെന്നു സമ്മതിക്കാൻ നിവർത്തിയില്ലെങ്കിലും, വിമർശിക്കുന്ന വ്യക്തികൾ സദുദ്ദേശത്തോടുകൂടി അവരുടെ മനസ്സാക്ഷിയാൽ പ്രേരിതമായി പ്രവർത്തിക്കുമ്പോൾ, അവരുടെ മനസ്സാക്ഷി തെററായ മനസ്സാക്ഷിയാണെന്നു വ്യാഖ്യാനിക്കാൻ അത്തരമാളുകൾക്കു അധികാരമുണ്ടോ എന്നാണ് ചോദ്യം. അതല്ലെങ്കിൽ ലോകത്തിലുള്ള എല്ലാവരുടേയും മനസ്സാക്ഷി ഇന്നതരത്തിലുള്ളതായിരിക്കണമെന്നും, ഇന്നിന്നതരത്തിലേ എല്ലാവരും ചിന്തിക്കാവൂ എന്നു നിർദ്ദേശം നല്കുകയും, മററുള്ളവരുടെ മനസ്സാക്ഷിയുടെ സ്വഭാവനിർണ്ണായകത്വം ഏതാനും പ്രമാണവേലികൾക്കുള്ളിൽ ഒതുക്കിനിർത്തുവാൻ സാഹസപ്പെടുകയും ചെയ്യുന്ന വ്യക്തികൾ, മററുള്ളവരുടെ മന

സ്സാക്ഷിയുടെ ഭാരവാഹിത്വം സ്വയം ഏറെറടുക്കുന്നതോടൊപ്പം തന്നെ മാമൂലുകളായി നിലവുള്ള അത്ഥശൂന്യങ്ങളായ നിയമാവലികഠം എടുത്തുമാററുവാൻ പരിശ്രമിക്കയെങ്കിലും ചെയ്യേണ്ടതല്ലയോ? മനുഷ്യത്വം എന്ന മാനദണ്ഡംവെച്ചുകൊണ്ടു മനുഷ്യൻെറ സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിക്കു വിലങ്ങുതടിയായി നില്ക്കുന്ന ചീഞ്ഞുനാറുന്ന പ്രമാണനൂലാമാലകഠം ദൂരതഃപരിവജ്ജിക്കുന്നതിലെന്താണ് വിരോധം? സ്വാർത്ഥത എന്ന ആ സാധനം ഒരു സെക്കണ്ടു് നേരത്തേയ്ക്കെങ്കിലും മാററിവെച്ചുകൊണ്ടു ഇക്കാര്യത്തെപ്പററി അവഗാഢമായി ചിന്തിച്ചുനോക്കിയാലും, സഭയാൽ രൂപവൽകൃതങ്ങളായ നിയമങ്ങഠം മാററി തൽസ്ഥാനത്തു ക്രിസ്തുവിനാൽ അംഗീകൃതങ്ങളായ തത്വങ്ങഠം അപ്പോഠം നടപ്പിലാക്കുന്നതു കാണാൻ കഴിയും. അതിനു തയ്യാറാകാതെ ക്രിസ്തു ധരിച്ച മുഠംമുടിയും ഏററ ചമ്മട്ടി അടികളും വഹിച്ച ഭാരമായ കുരിശും പരിത്യജിച്ചുവരുന്നതാണ് കത്തോലിക്കാ സഭക്കു പൊതുവേയും, കേരള ശാഖക്കു പ്രത്യേകിച്ചും പററിയിരിക്കുന്ന കോട്ടമെന്നു കാണാവുന്നതാണ്. ക്രിസ്തുവിൻെറ ഒപ്പം അത്താഴമേശക്കിരിക്കാൻ പുരോഹിതന്മാർ വെമ്പൽകൊള്ളുന്നു. അദ്ദേഹത്തിൻെറ കയ്പേറിയ കാസയും കുരിശാരോഹണവും അവക്കിഷ്ടമായി തോന്നുന്നില്ല. പുരോഗമനേച്ഛുവായ ക്രിസ്തുവിവിൻെറ വിപ്ലവാത്മകങ്ങളായ തത്വങ്ങഠം സ്വണ്ണത്തിലും പട്ടുവസ്ത്രങ്ങളിലും പൊതിഞ്ഞുവെക്കുവാൻ തത്രപ്പെടുന്നതാണ് സഭയുടെ പരാജയത്തിൻെറ ഹേതു. ക്രിസ്തുവിൻെറ തനിനിറം മനസ്സിലാക്കി സഭാധികൃതന്മാർ പെരുമാറിയാൽ സഭ ഭൂമുഖത്താകെ വിജയപതാക പറത്തുമെന്നതിനു രണ്ടു പക്ഷമില്ല. വിമശ്നപരമായ എൻെറ കൃതികഠംക്കൊണ്ടു ഞാനുദ്ദേശിക്കുന്ന ലക്ഷ്യവും മററൊന്നുമല്ല. യഥാത്ഥഭക്തിയും വിശ്വാസവും വായനക്കാ

രിൽ വേരുന്നണമെന്നേ എനിക്കു ആഗ്രഹമുള്ളു ഈ ലക്ഷ്യപ്രാപ്തിക്കു കുറെ കാലതാമസം വന്നേക്കാം എങ്കിലും ഒടുവിൽ, "ഏകഇടയനും ഏക തൊഴുത്തും" ആയിത്തീരുമെന്നും ഞാൻ പരിപൂൎണ്ണമായി വിശ്വസിക്കുന്നു സത്യം ജയിക്കാതെപോകുമോ? ഏകലോകരാഷ്ട്രം എന്ന ആശയംതന്നെ ഇന്നു പുത്തനല്ലല്ലോ. അതിനാൽ ക്രിസ്തുവിൻെറ ആശയാദൎശങ്ങൾ പുരോഹിതവൎഗ്ഗത്തിൻെറ സ്വാൎത്ഥതാല്പൎയ്യങ്ങളാകുന്ന മൂടുപ്പടപ്പിൽപ്പെട്ടു ഞെരുങ്ങിക്കുമ്പടഞ്ഞു കിടക്കുന്നതിന്നു വെളിച്ചവും സ്വാതന്ത്ര്യമായ ശ്വാസോച്ഛ്വാസവും ലഭിക്കുന്നതിന്നാണു് എന്നെപ്പോലെയുള്ള യഥാൎത്ഥവിമൎശകന്മാർ യത്നിക്കുന്നതു എന്നും, അത്തരമാളുകളെല്ലാംതന്നെ നിരീശ്വരവാദികളായിക്കൊള്ളണമെന്നില്ലെന്നും ഗ്രഹിക്കുന്നതു നന്നായിരിക്കും വിമൎശനപടുവായ ഒരു കത്തോലിക്കാസ്നേഹിതൻ ദേവാലയത്തിൽ പോകുന്നതിലുള്ള 'ചന്തക്കുറവും' 'വകതിരിവുകേടും' ക്ഷമിച്ചു സഹിഷ്ണുതാമനോഭാവത്തോടുകൂടി പെരുമാറുന്നതിന്നു സ്വന്തം കാൎയ്യത്തിലെന്നപോലെ അന്യൻെറ കാൎയ്യത്തിലും മനസ്സാക്ഷിയുടെ പ്രവൎത്തനം നടക്കുന്നുണ്ടെന്നു മനസ്സിലാക്കുന്നതു നന്നായിരിക്കും.

ചാവുദോഷത്തിൽപ്പെട്ടു നരകത്തിന്നു യോഗ്യനായിരിക്കുന്നുവെന്നു പുരോഹിതന്മാർ സീലടിച്ചുവെച്ചിരിക്കുന്ന ഒരു വ്യക്തിക്കു ദേവാലയത്തിൽ പോകുന്നതുകൊണ്ടും പ്രാൎത്ഥിക്കുന്നതുകൊണ്ടും ഹൃദയനൈൎമ്മല്യത്തിന്നുപയുക്തങ്ങളായ വരപ്രസാദങ്ങൾ വൎദ്ധിക്കുന്നില്ലെങ്കിലും "നന്മയിലേക്കും സത്യത്തിലേക്കും തിരിച്ചുവന്നു സ്വൎഗ്ഗത്തിന്നവകാശിയായിത്തീരത്തക്കവിധത്തിൽ "മാനസാന്തരപ്പെടുന്നതിന്നുപയുക്തമായ പ്രേരകവരപ്രസാദം സിദ്ധിക്കുമെന്നു സഭയുടെ വേദോപദേശങ്ങളിൽ കാണുന്നു. എന്നാൽ പ്രസ്തുത സഭയുടെ പുരോഹിതൻതന്നെ സ്വസഹോദരൻ പള്ളി

യിൽ വരുന്നതിനെ അവഹേളിച്ച പ്രസംഗിക്കുന്നതും മററും ഒന്നു കിൽ പള്ളിയുടെ ഈവക വേദാന്തങ്ങൾ അദ്ദേഹം പഠിക്കാഞ്ഞിട്ടോ അതല്ലെങ്കിൽ വ്യക്തിവിദ്വേഷമാകുന്ന തിമിരം ബാധിച്ചിട്ടോ ആയിരിക്കാനേ തരമുള്ളു.

യുദ്ധരംഗത്തുവെച്ച വെടിയുണ്ടയേററ അവശനായികിടക്കുന്ന ഒരു പടയാളിയെ ഡോക്ടർ പരിശോധിച്ച, "അയാൾ മരിച്ചു" എന്നു സർട്ടിഫിക്കററ എഴുതുകയും, തൽസമയം പ്രസ്തുത പടയാളി, "താൻ മരിച്ചിട്ടില്ലെന്നു" ഉറക്കെ വിളിച്ചുപറഞ്ഞുവെന്നും അതൊന്നും ഗൌനിക്കാതെ അയാളെ ജീവനോടെ കുഴിച്ചിട്ടുവെന്നും ഒരു കഥ കേട്ടിട്ടുണ്ട്. യുദ്ധരംഗത്തു വെടിയുണ്ടയേററ പലരും ജീവച്ഛവങ്ങളായി കിടന്നിരുന്നു. പ്രസ്തുതരംഗം ക്ഷണത്തിൽ ക്ലിയറാക്കുവാൻവേണ്ടി മേലാധികാരത്തിൽനിന്നുള്ള കല്പനയുമുണ്ടായിരുന്നു. അതിൻെറ ഫലമായിട്ടാണത്രെ പ്രസ്തുത ശവസംസ്ക്കാരചടങ്ങുകൾ നിവ്വഹിക്കപ്പെട്ടിരുന്നതു്! ഒരാൾ മരിച്ചുവോ ഇല്ലയോ എന്നു തിട്ടപ്പെടുത്തുന്നതിന്നു എം. ബി. ബിയസ്സ്. പാസ്സായ ഡോക്ടരേക്കാളിലും കൂടുതൽ അറിവു മരണാസന്നനായിക്കിടക്കുന്ന ഒരു വ്യക്തിക്കു ഇല്ലെന്നു വാദിക്കുന്നതുപോലെത്തന്നെയാണ് കത്തോലിക്കാ സഭാംഗമായ ഒരു വ്യക്തി പ്രസ്തുത സഭയിൽ വിശ്വസിക്കുന്നുവെന്നു ഏററുപറഞ്ഞിട്ടും അയാൾക്കു കൂദാശകൾ നിഷേധിക്കുന്ന സമ്പ്രദായവുമെന്നു തോന്നിപ്പോകാറുണ്ട്. ഒരാൾ കത്തോലിക്കാ വിശ്വാസിയാണോ, അല്ലയോ എന്ന കാര്യം അയാളേക്കാൾ കൂടുതൽ അറിവുള്ളതു്, മുൻപറഞ്ഞ ഡോക്ടരുടെ കാര്യം പറഞ്ഞതുപോലെ, തീയോളജിയും, കാനൺനിയമങ്ങളും പഠിച്ചുവെന്നു അഭിമാനിക്കുന്ന പുരോഹിതനാണെന്നാണ് അവരുടെ മതം.

ഇത്തരം പുരോഹിതന്മാർ ഒരു കാര്യം മനസ്സിലാക്കിയാൽ കൊള്ളാം. പരിഹാസംകൊണ്ടും ഭീഷണികൊണ്ടും നേടാൻ കഴിയാത്ത പലേ കാര്യങ്ങളും നയചാതുരികൊണ്ടും, നല്ലവാക്കുകൾകൊണ്ടും, മര്യാദകൊണ്ടും നേടാൻ കഴിയും. അതല്ലെങ്കിൽ മനുഷ്യാത്മാക്കളുടെ നിത്യരക്ഷ സാധിക്കുന്നതിന്നുള്ള ദൈവത്തിന്റെ കരുക്കൾ എന്നതിനേക്കാൾ, അധികാരഗർവ്വിന്റെ നോട്ടീസുബോർഡായി തങ്ങൾ നിലകൊള്ളുകയാണെന്നു സമ്മതിക്കേണ്ടിവരും.

കത്തോലിക്കാ യുവജനങ്ങളും അവരുടെ സജീവപ്രവർത്തനങ്ങളും സഭയുടെ പൊള്ളയായ വികസനത്തിന്നു മാത്രമെ പ്രയോജനപ്പെടാവൂ എന്നു കരുതി പ്രവർത്തിക്കുന്ന പുരോഹിതപ്രമാണികൾ, തങ്ങൾ ഉദ്ദേശിക്കുന്ന വിധത്തിലുള്ള കത്തോലിക്കാ പ്രവർത്തനത്തിന്നും വേദപ്രചാരത്തിന്നും മത സംരക്ഷണത്തിന്നും തയ്യാറാകുന്ന യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും, "ചോരചിന്തി"യും ധനം ചിലവുചെയ്തും സഭയെ പോഷിപ്പിക്കുന്നതിന്നുവേണ്ടി മാത്രം ഇളക്കിവിടുകയും ചെയ്യുന്നു. ചൊറുചൊറുക്കുള്ള ബുദ്ധിജീവികളത്രയും പുരോഹിതവർഗ്ഗത്തിന്റെ സ്വാർത്ഥപരമായ ജീവിതചരിപാടി തുടർന്നു പോകുന്നതിന്നുപയുക്തങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാൽക്കൊള്ളാമെന്നാണു് ഇവരുടെ ആഗ്രഹം. സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടും, അന്തസ്സും പ്രൌഢിയും സമുദായത്തിൽ സിദ്ധിക്കാനിരിക്കുന്ന വലിയ പദവി മോഹിച്ചും പല യുവജനങ്ങളും അച്ചന്മാരുടെ ചടുവാക്യങ്ങളിൽ കണ്ണടച്ചു വിശ്വസിച്ചു സ്വസഹോദരനെതിരായി ചോരചിന്താൻപോലും തയ്യാറായി വരുന്നതും നാം കണ്ടുവരുന്നുണ്ടു്. എന്നാൽ ഇവരൊക്കെ ഒരു കാര്യം ഗ്രഹിച്ചാൽ കൊള്ളാം. അച്ചന്മാരുടെ സങ്കുചിതമായ ചിന്താഗതിക്കുപ്പുറം വളർന്നുവരുന്ന വിശാലമായ ഒരു ലോകമുണ്ടെന്നും നാമോ

രോരുത്തരും അതിലെ ഭാവി പൌരന്മാരാകാനുള്ളവരാണെന്നും ഓൎത്തിരുന്നാൽക്കൊള്ളാം ചോരചിന്തുന്ന പരിപാടികളിലേക്കിറങ്ങുന്നതിന്നുമുമ്പ്, അച്ഛന്മാരോടുള്ളതിനേക്കാൾ കൂടുതൽ കടമകൾ നാം പെററുവളൎന്ന രാജ്യത്തോടും അധിവസിക്കുന്ന സുന്ദരമായ ഈ ലോകത്തോടും ഉണ്ടെന്ന കാൎയ്യം എന്റെ യുവസുഹൃത്തുക്കളെ ഓൎപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കയാണ്!!! സ്വസഹോദരങ്ങളെ തമ്മിൽതല്ലിച്ചു സ്വാൎത്ഥം നേടുവാൻ പരിശ്രമിക്കുന്ന പുരോഹിത പ്രമാണികളും ഇതൊക്കെ മനസ്സിലാക്കുന്നതു അവൎക്കും ലോകത്തിന്നും പ്രയോജനകരമായിത്തീരുമെന്നു എനിക്കു തോന്നുന്നു. പണ്ടുള്ളവൎക്കു സഭയെ വിമൎശിക്കുവാൻ ഭയമായിരുന്നു. സഭാധികൃതന്മാർ ലോകത്തിൽ മൂന്നിൽ രണ്ടുഭാഗവും കൈവശം വെച്ചു ചക്രവൎത്തിപദങ്ങളിൽ വാണരുളിയിരുന്ന അക്കാലത്തു വിമൎശനപടുക്കളേയും പുരോഗമനവാദികളേയും ശാസ്ത്രജ്ഞന്മാരേയും അന്നത്തെ നീണ്ട ളോഹക്കാർ ജപമാലയും കുരിശും വഹിച്ചു മരണശിക്ഷകൾപോലും വിധിച്ചിരുന്നുവെന്നു ചരിത്രത്തിന്റെ ഏടുകളിൽ കാണുന്നില്ലയോ? വൈക്ലിഫിന്റേയും, ഗലിലയോവിന്റേയും, ബ്രൂണോവിന്റേയും ചരിത്രങ്ങൾ ഭൂമുഖത്തുനിന്നു ആൎക്കു തുടച്ചുനീക്കാൻ കഴിയും? എന്നാൽ ഇതുകൊണ്ടൊന്നും സഭാധികൃതന്മാർ നിരാശരാകേണ്ടതില്ല കഴിഞ്ഞ കാലങ്ങളിൽ എന്തെല്ലാം ഭീമങ്ങളായ അബദ്ധങ്ങൾ പ്രവൎത്തിച്ചിട്ടുണ്ടെങ്കിലും അതൊന്നും ഇന്നുള്ള സഭാധികൃതന്മാൎക്കു ബാധകമല്ല. ഇനിയങ്ങോട്ടുള്ള കാലം ശോഭനമാക്കുവാൻ യത്നിക്കേണ്ടതു് ഇന്നുള്ളവരുടെ കടമയാണെന്നു പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ കാലത്തെ ദുഷ്കൃത്യങ്ങളെക്കുറിച്ചു വിലപിച്ചിട്ടു കാൎയ്യമില്ല. ഓരോ നിമിഷവും നന്മയിലേക്കുതിരിയുവാൻ പ്രതിജ്ഞാബദ്ധരാവുകയാണു് സഭാധികൃതന്മാർ ആദ്യം ചെയ്യേണ്ടകാൎയ്യം അതല്ലാതെ, പണ്ടൊരു ബാലനെ എന്തോ കുററംചെയ്തതിന്നു അവന്റെ പിതാവു് ശിക്ഷിക്കാൻ തുടങ്ങിയപ്പോൾ, "എന്റെ അച്ഛാ എന്നെ

തല്ലേണ്ട ഞാൻ ചൊവ്വാവുകയില്ല" എന്നു പറഞ്ഞതുപോലെയു ള്ള ഒരു നിലപാടിലേക്കു നീങ്ങുകയില്ലെന്നു ഞാൻ കരുതുന്നു. സമുദായ ബഹിഷ്കരണങ്ങളുടെ രീതിയിലും മററം ചില അയവുകഠം വരുത്തീട്ടുള്ളതും, നിയമങ്ങളെ ലംഘിച്ചു വരുന്നതും, നന്നാകാനുള്ള ഒരു ലക്ഷണമായി വ്യാഖ്യാനിക്കാം. ഇനിയും വിശാലമായ മനസ്ഥിതിയോടുകൂടി കാര്യങ്ങഠം കാണുകയും, കല്പനകഠം പുറപ്പെടുവിക്കുകയും ചെയ്യണമെന്നു അഭ്യർത്ഥിക്കുന്നു.

ഉശിരും ചുണയും, നെഞ്ഞൂക്കും ഉള്ള അഞ്ചോ പത്തോ ബുദ്ധിജീവികഠം തുവലെടുത്തു വെട്ടിത്തുറന്ന അഭിപ്രായഗതികളുമായി പണ്ടേ മുമ്പോട്ടുവന്നിരുന്നെങ്കിൽ സഭ ഇന്നത്തേതിൽ നൂറിരട്ടി നന്നാകുമായിരുന്നുവെന്നു എനിക്കു തോന്നീയിട്ടുണ്ട്. വിമർശനത്തിൽ ഒളിച്ചുകളിയോ ദയാദാക്ഷിണ്യമോ പാടില്ലെന്നാണ് എൻെറ അഭിപ്രായം. ഇന്നു നിലവുള്ള സാമൂഹ്യനീതികളെ പരിഷ്കരിക്കുന്നതോടൊപ്പംതന്നെ കൂടുതൽ ജനോപകാരങ്ങളായ സാമൂഹ്യനീതിഠം ഉഠംക്കൊള്ളുന്ന നിയമസംഹിതകഠം ക്രോഡീകരിച്ചു തദനുസരണമായ ആചാരനടപടികഠം സഭാധികൃതന്മാരെക്കൊണ്ടു അംഗീകരിപ്പിക്കുന്നതിന്നുപയുക്തങ്ങളായ സാഹിത്യപ്രവൎത്തനങ്ങളിലേക്കു കത്തോലിക്കാ യുവജനങ്ങളും പ്രസിദ്ധരായ എഴുത്തുകാരും കൂടുതൽ ശ്രദ്ധപതിക്കണമെന്നു ഞാൻ വാനീതമായി അഭ്യർത്ഥിക്കുന്നു.

സഭയുടെ പുരോഗതിയെപ്പററി വ്യർത്ഥമായ മുഖസ്തുതി തൻകാര്യം നേടുന്ന വിദൂഷകന്മാരെപ്പോലുള്ള സാഹിത്യപ്രേമികളും എഴുത്തുകാരും നമ്മുടെ അച്ചന്മാരുടെ ദൃഷ്ടിയിൽ നല്ലപിള്ളകളായി രൂപാന്തരപ്പെടുന്നുണ്ടെങ്കിലും, ലോകത്തിൻെറ ദൃഷ്ടിയിലും യഥാൎത്ഥ ബുദ്ധിജീവികളുടെ ഇടയിലും അവൎക്കു ന്യായമായ സ്ഥാനം സിദ്ധിക്കുന്നില്ലെന്നു ഓൎക്കുന്നതു നന്നായിരിക്കും. മുഖസ്തുതി ചൊല്ലിയുള്ള സാഹിത്യകൃതികഠം ഏതൊരു പ്രസ്ഥാനത്തിൻെറയും കുമ്പടക്കുകയാണ് ചെയ്യുന്നതെന്നും യഥാർത്ഥമായ പ്രതിപാദനം കൊണ്ടേ ഏതൊരു പ്രസ്ഥാനത്തേയും സൽപാന്ഥാവിലേക്കു ആനയിക്കാൻ കഴിയൂഎന്നും എനിക്കു തോന്നുന്നു.

അതിനാൽ കത്തോലിക്കരായ ബുദ്ധിജീവികളെങ്കിലും സഭയുടെ ഇന്നത്തെ "അലകും പിടിയും മാററി" അതിനെ ചൊവ്വാ

ക്കി എടുക്കാനുള്ള പ്രയത്നങ്ങളിൽ കൂടുതൽ ഉത്സുകരായിത്തീരുവാൻ ഒന്നുകൂടി ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. കത്തോലിക്കാസഭാ നന്നാകേണ്ടകാര്യം പ്രധാനമായും കത്തോലിക്കരുടെ ആവശ്യമാണല്ലോ. പൊതുജനോപകാരപ്രദമായ രീതിയിൽ, അടിയേററ വെള്ളിപോലെയും, ഉലയിൽ ഊതിയ പൊന്നുപോലെയും കത്തോലിക്കാസഭ അടുത്തഭാവിയിൽത്തന്നെ വിലസിടുവാൻ സർവ്വശക്തൻ ഇടവരുത്തട്ടെ! ഭൂമുഖത്താകെ പരാജയത്തിൻെറ ശവക്കുഴിതോണ്ടിക്കൊണ്ടിരിക്കുന്ന കത്തോലിക്കാസഭയുടെ ഇന്നത്തെ ദയനീയമായ പരിതസ്ഥിതി മാററുവാൻ എല്ലാവരും ബദ്ധകങ്കണരായി ഇറങ്ങി പുറപ്പെട്ടുമെന്നു ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. സഭാധികൃതന്മാരോട്ട് ഒരു വാക്കുകൂടി.

പുണ്യാത്മാക്കൾക്കുപോലും സഭയിലെ വിശ്വാസസത്യങ്ങളിന്മേൽ സംശയം തോന്നിയെങ്കിൽ, ബൈബിളിൽ പറയുന്നതുപോലെ, "കാററിൽ ആടുന്ന ഞാങ്ങണ"യെപ്പോലെയുള്ളവരിൽ സഭാധികൃതന്മാർ അലിവുതോന്നണമെന്നു അഭ്യർത്ഥിക്കുന്നു. തലേന്നുനാണയങ്ങൾ കഴിച്ചിട്ടുന്ന വിസ്സികളായി ബുദ്ധിജീവികൾ കഴിഞ്ഞുകൂടണമെന്നു ശഠിക്കുന്നതു് സഭക്കു അന്തസ്സുള്ള കാര്യമല്ലെന്നു കരുതുന്നു. പെററുവീഴുമ്പോൾ യാതൊരാൾക്കും പ്രത്യേകിച്ചൊരു ജ്ഞാനവും ഉണ്ടാകാറില്ലല്ലോ തങ്ങൾ സമ്പാദിച്ച അറിവു് മററുള്ളവർക്ക് പകർന്നുകൊടുക്കുന്ന ബുദ്ധിജീവികളോടു പ്രതികാരമനോഭാവംവെച്ചുകൊണ്ടിരിക്കുന്നതു ക്രിസ്തുവിൻെറ അരൂപിക്കുചേർന്നതല്ലെന്നുകൂടി എനിക്കു പറയാൻ തോന്നുകയാണു്. "വിളക്കു കത്തിച്ചു പറയുടെ ചുവട്ടിൽ വെക്കരുതെന്നും, നേരെമറിച്ചു കുന്നിൻമുകളിൽ, മററുള്ളവർക്കുകൂടി വെളിച്ചം സിദ്ധിക്കത്തക്കവിധത്തിൽ, സ്ഥാപിക്കണ"മെന്നുമാണല്ലോ മഹാനായ ക്രിസ്തു ഉപദേശിച്ചതു്." ഞാൻ സമ്പാദിച്ച അറിവു് പൊതുജനോപകാരാർത്ഥം ഞാൻ സമർപ്പിക്കുകയാണു്. ഇതിൽ അററകു

ററങ്ങളിില്ലെന്നു ഞാൻ അവകാശപ്പെടുന്നില്ല ബുദ്ധിമതികളായ വായനക്കാർ ഇതു നല്ലതോ ചീത്തയോ എന്നു തീരുമാനിക്കുന്നതു എനിക്കും സമ്മതമാണ്. വിട്ടുവീഴ്ചക്കു ഞാൻ തയ്യാറാണെന്നു സാരം. ഞാൻ വീണ്ടും ആവർത്തിക്കുന്നു "കണ്ണടച്ചുവിശ്വസിക്കുക എനിയ്ക്കൊട്ടുംതന്നെ ദുഷ്കരമല്ല നമ്മുടെ ഓരോരുത്തരുടേയും മാതാപിതാക്കന്മാരെ നാം കണ്ണടച്ചു വിശ്വസിക്കുകയല്ലേ ചെയ്തുവരുന്നതു്? കത്തോലിക്കാസഭയെ ഞാൻ "കണ്ണടച്ചു" വിശ്വസിക്കുന്നു. അക്കാര്യത്തിൽ യുക്തിചിന്ത എന്നെ അലോസരപ്പെടുത്തുന്നില്ല. എന്റെ മാതാപിതാക്കന്മാരാണു കത്തോലിക്കാസഭയെന്നു ഞാൻ വിശ്വസിക്കുന്നു. സന്മാർഗ്ഗബോധവും സദാചാരചിന്തയും എന്നിൽ ദൃഢമൂലമായിട്ടുണ്ട്. അതിന്നു പററിയ കളരികളിൽ ദീർഘകാലം പഠിക്കുന്നതിന്നു എനിക്കു സാധിച്ചതാണ് അതിന്നു കാരണം. കളങ്കപങ്കിലമായ രംഗങ്ങൾ എന്റെ ജീവിതനാടകത്തിൽ ഉണ്ടായതായി ആർക്കെങ്കിലും ചൂണ്ടിക്കാണിക്കാനൊക്കുമോ? എന്നെ പരിഹസിക്കുന്ന എന്റെ കത്തോലിക്കാ സ്നേഹിതന്മാരേയും പുരോഹിത ബന്ധുക്കളേയും ഞാനിതിന്നു വെല്ലുവിളിക്കുന്നു. ആത്മപ്രശംസയാണിതൊക്കെയെന്നു തെററിദ്ധരിക്കരുതു്. സത്യം തുറന്നുപറഞ്ഞുവെന്നേയുള്ളു. സഭയിലെ മനുഷ്യസ്നേഹികളായ പുണ്യവാന്മാരുടെ കൂട്ടത്തിൽ ഒരാളായിത്തീരാൻ ഞാൻ കിണഞ്ഞുപരിശ്രമിച്ചുവരികയാണ്. എന്റെ ആശ സഫലീകൃതമാകുവാൻ സർവ്വശക്തൻ ഇടവരുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു."

ലോകത്തിൽ മനുഷ്യനായി ജനിച്ചാൽ തന്നോടുതന്നെയും, തന്റെ വീടിനോടും, നാടിനോടും, ലോകത്തോടും ചില കടമകൾ നിർവ്വഹിക്കേണ്ടതുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു "ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്ന മട്ടിൽ ഭൂമിക്കു ഒരു ഭാര

മായിരിക്കുവാൻ ഞാൻ ആഗ്രഹിച്ചിട്ടില്ല. നാളിതുവരെയുള്ള എന്റെ ജീവിതം സത്യാന്വേഷണപരീക്ഷണങ്ങളിൽ വ്യാപൃതമായി കഴിഞ്ഞുവരികയായിരുന്നു. സത്യാന്വേഷണപരീക്ഷണങ്ങൾ ഇനിയും തുടരണമെന്നാണ് എന്റെ മോഹം. മുൻപറഞ്ഞ കടമകളുടേയും, സത്യാന്വേഷണപരീക്ഷണങ്ങളുടെയും സമ്മിശ്രസമ്മേളനമാണ് എന്റെ "കൃതികളായി" പുറത്തുവരുന്നതെന്നുകൂടി വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കയാണ്. തെററുകൾ തിരുത്തുവാൻ ഞാനെപ്പോഴും തയ്യാറാണ്. ഏതെങ്കിലും ഒരു പ്രത്യേകവ്യക്തിയേയോ മാനവസമുദായത്തിലെ ഏതെങ്കിലും പ്രത്യേകവിഭാഗത്തേയോ അവഹേളിക്കണമെന്ന ചിന്തയോ വിദ്വേഷത്തിന്റെ തീപ്പൊരിയോ ഈ ഗ്രന്ഥനിർമ്മാണപരിശ്രമങ്ങളിൽ എന്റെ തൂലികയെ തീണ്ടിയിട്ടില്ലെന്നു വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

പണ്ഡിററ് ജവഹർലാലിന്റെ ആത്മകഥയുടെ മലയാളം തർജ്ജമയിൽ കണ്ട ചില ഭാഗങ്ങൾകൂടി ഉദ്ധരിച്ചു ഞാൻ ഉപസംഹരിപ്പിച്ചുകൊള്ളുന്നു. എന്റെ ഈ എളിയ പരിശ്രമങ്ങൾ കൊണ്ട് ആർക്കെങ്കിലും മാനസികപുരോഗതി കൈവന്നാൽ ഞാൻ കൃതാർത്ഥനായി.

["രാജ്യകാര്യങ്ങളിൽ മതാംശം വളർന്നുവരുന്നതിൽ ഞാൻ ഇഷ്ടപ്പെട്ടില്ല ഗാന്ധിയുടെ രാമരാജ്യത്തെക്കുറിച്ചു അദ്ദേഹം ഇടയ്ക്കിടെ പറഞ്ഞിരുന്നതു് ഞാൻ വെറുത്തു—പലപ്പോഴും ഞങ്ങൾ ഗാന്ധിജിയുടെ ഭ്രാന്തൻസിദ്ധാന്തങ്ങളേയും വിചിത്രതകളേയും ചർച്ചചെയ്തു—സ്വരാജ്യംവന്നാൽ ഈ ഭ്രാന്തൻസിദ്ധാന്തങ്ങളെയൊന്നും പ്രോത്സാഹിപ്പിച്ചുകൂടെന്നു പാതി കളിയായി ഞാൻ പറയുകയും ചെയ്യും"..............

"ഒരാരംക്ക താനൊരു നാസ്തികനാണെന്നു, പുരാതനഹിന്ദു ദാശ്ശികനായ ചവ്വാകൻ ചെയ്തതുപോലെ പ്രഖ്യാപിക്കാം—എന്നാലും അയാരം ഹിന്ദുവല്ലാതായി എന്നു ആക്കും പറയാൻ പാടില്ല"...............

"ഞാൻ അനിവാൎയ്യമായി കമ്മ്യൂണിസത്തിന്റെ നേക്കതിരിഞ്ഞു—അതിന്റെ കുററങ്ങളും കുറവുകളും എന്തൊക്കെയായാലും അതിന്നു ഒരു കപടവേഷവുമില്ല. അതു സാമ്രാജ്യതപരമല്ല—രഷ്യയിൽ നടക്കുന്ന വമ്പിച്ച മാററങ്ങരം എന്നെ ആകഷിച്ചു. എന്നാൽ കമ്മ്യൂണിസ്റ്റുകരം അവരുടെ ഏകാധിപത്യസൂചകമായ ഭാവങ്ങളാലും, അവരുടെ അക്രമപരവും ഏറെക്കുറെ സഭ്യമല്ലാത്തവയായ മാൎഗ്ഗങ്ങളാലും, തങ്ങളോടുയോജിക്കാത്ത സകലരേയും ശകാരിക്കുന്ന പതിവിനാലും എന്നെ പലപ്പോഴും വെറുപ്പിച്ചു"...............

"ഏറെക്കാലമായി ഞാൻ സോഷ്യലിസത്താലും കമ്മ്യൂണിസത്താലും ആകൃഷ്ടനാണ്—രഷ്യ എന്റെ ഹൃദയത്തെഹരിച്ചു—സോവിയററ രഷ്യയിലെ പലതിനേയും ഞാൻ വെറുക്കുന്നു—എല്ലാ വിരോധാഭിപ്രായങ്ങളേയും നിൎദ്ദയമായി അടിച്ചമൎത്തൽ, പട്ടാള വ്യൂഹങ്ങരംമാതിരിയുള്ള സാൎവ്വത്രിക ക്രമീകരണം, വിവിധങ്ങളായ നയങ്ങരം നടപ്പാക്കുന്നതിൽ കാണിക്കുന്ന അനാവശ്യമായ ഹിംസ"...............

"എന്നാൽ മുതലാളിത്തരാജ്യങ്ങളിലും ഹിംസക്കോ അടച്ചമൎക്കലിന്നോ യാതൊരുക്ഷാമവുമില്ല"

"എത്രയെല്ലാം അബദ്ധങ്ങരം പ്രവൎത്തിച്ചിട്ടും, രഷ്യ ഭീമങ്ങളായ വിഷമങ്ങളെ തരണംചെയ്തു പുതിയ വ്യവസ്ഥയിലേക്കു മുന്നോട്ടടിവെച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ റിഷ്യയിൽ ഉണ്ടായതു

അന്ധമായി അനുകരിക്കുന്നതു് അർത്ഥശൂന്യമാണ്. മാർക്സിസത്തിൻെറ സിദ്ധാന്തവും, തത്വവും എൻെറ മനസ്സിലെ ഇരുട്ടുനിറഞ്ഞ കോണുകളിൽ വെളിച്ചംവീശി.''...............

''ഫാസിസവും, കമ്മ്യൂണിസവുമായി നോക്കുമ്പോൾ, എൻെറ സഹഭാവം മുഴുവൻ കമ്മ്യൂണിസത്തോടാണ്. നമുക്കിവിടെ കമ്മ്യൂണിസത്തോടല്ല കമ്മ്യൂണലിസത്തോട്ട് ആണ് എതിരിടേണ്ടതു്''...............

''ലക്ഷ്യത്തെ സംബന്ധിച്ച് ഗാന്ധിജി ചിലപ്പോൾ അവ്യക്തനല്ല. ലോകത്തിൻെറയും അതിൻെറ മാർഗ്ഗങ്ങളേയും ഉപേക്ഷിച്ചുപോകുന്ന, ജീവിതത്തെത്തന്നെയും നിഷേധിക്കുകയും ചെയ്യുന്ന ഒരു സന്യാസിയുടേതാണ് മുഖ്യമായും അദ്ദേഹത്തിൻെറ നില—ഒരു സന്യാസിക്കു അതു സ്വാഭാവികംതന്നെ—എന്നാൽ ജീവിതത്തെ അംഗീകരിക്കുകയും അതിനെക്കൊണ്ടു പാടുള്ളതു നേടാൻ ശ്രമിക്കുകയും ചെയ്യുന്ന ലൌകികമായ സ്ത്രീപുരുഷന്മാക്കു ആനില ബാധകമാക്കിക്കൂടാ,...............

''എൻെറ വെറുപ്പ് കുറെയൊക്കെ മതത്തിൻേറയും, മതമനോഭാവത്തിൻേറയും നേക്കു തിരിഞ്ഞു. ചിന്താശുദ്ധിക്കും, ഉദ്ദേശസ്ഥിരതക്കും അതു ഒരു വൈരിയാണെന്നു ഞാനോത്തു—കാരണം, അതു വികാരാവേശത്തേയും, വികാരങ്ങളുടെ കൊടുമയേയും അടിസ്ഥാനപ്പെടുത്തിയുള്ളതല്ലേ? ആത്മീയമെന്നു ഗണിക്കപ്പെട്ടാലും അതു യഥാർത്ഥമായ ആത്മീയതയിൽനിന്നും ആത്മീയ കാര്യങ്ങളിൽനിന്നും എത്രമാത്രം അകന്നിട്ടാണ്—ഏതോ പരലോകത്തെ അടിസ്ഥാനപ്പെടുത്തി ചിന്തിക്കയാൽ, അതിനു മാനുഷികമൂല്യങ്ങളേയും, സമുദായ നീതിയേയും കുറിച്ചു ഒരു വിവരവുമില്ല—മുൻകൂട്ടി കരുതിവെച്ച ധാരണകളോട്ടകൂടിയ അതു, യാഥാർത്ഥ്യം അവയുമായി പൊരുത്തപ്പെട്ടില്ലെങ്കിലോ എന്നു പേടിച്ചു യാഥാർത്ഥ്യത്തിൻെറ നേരെ കരുതിക്കൂട്ടി കണ്ണടച്ചു അതു,

സത്യത്തിന്മേൽ സ്വയം അടിസ്ഥാനപ്പെടുത്തിവെച്ചു — എന്നാൽ സത്യത്തെ, മുഴുവൻ സത്യത്തെ കണ്ടെത്തിയിരിക്കുന്നുവെന്നു അതിന് അത്രയേറെ ഉറപ്പുള്ളതിനാൽ സത്യത്തിനുവേണ്ടി ആരാഞ്ഞു ബുദ്ധിമുട്ടുവാനൊന്നും അതു മിനക്കെട്ടില്ല——സത്യത്തെക്കുറിച്ചു മററുള്ളവരോടു പറയുകമാത്രമാണ് അതിന്റെ ജോലി. സത്യത്തിനോടുള്ള ശ്രദ്ധയും വിശ്വാസത്തിലുള്ള ശ്രദ്ധയും ഒന്നല്ല. അതു ശാന്തിയെക്കുറിച്ചു സംസാരിച്ചു—എന്നാലും ഹിംസകൂടാതെ നിലനില്പില്ലാത്ത സംഘടനകളേയും സമുദായങ്ങളേയും അതു പിൻതാങ്ങി. വാൾകൊണ്ടുള്ള ഹിംസയെ അതു ആക്ഷേപിച്ചു—പക്ഷെ ഒച്ചയുണ്ടാക്കാതെ, പലപ്പോഴും സമാധാന പൂർവ്വമായ വേഷത്തിൽ, വന്നു പട്ടിണിയിട്ടുകൊല്ലുന്ന ഹിംസയുടെ കാര്യമോ? അഥവാ, പുറമെ കാണത്തക്ക യാതൊരു ശാരീരിക പരുക്കുമേല്പിക്കാതെ, മനസ്സിനെ അടിപെടുത്തുകയും ആത്മചൈതന്യത്തെ ചതക്കുകയും, ഹൃദയത്തെ ഭേദിക്കുകയും ചെയ്യുന്ന കൂടുതൽ ദുഷ്ടമായ ഹിംസയുടെ കാര്യമോ?..............]

[പണ്ഡിററ് ജവഹരിലാലിന്റെ ആത്മകഥയിൽനിന്ന്]

മണലൂർ
1958 ജനുവരി 4-ാംനു-

# ഒന്നു്.

"ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക എന്ന തത്വസം ഹിതയെ അടിസ്ഥാനപ്പെടുത്തിയാണു് ഭൂലോകത്തിലെ സവ്വ നിയമങ്ങളും, നിയമകോടതികളും, മതങ്ങളും, മത നിയമങ്ങളും നിലകൊള്ളേണ്ടതു് എങ്കിലും യഥാത്ഥത്തിൽ സ്വതന്ത്രമായി ചിന്തിച്ചാൽ, അതിനെല്ലാം കടകവിരുദ്ധമായിട്ടാണു് ചിലതിൻെറയെല്ലാം നിലനില്പ് എന്നു തോന്നിപ്പോകാറുണ്ടു്. സ്വേച്ഛാധികാരിയായ മനുഷ്യൻെറ ഭുജബലത്തിനു അടിപ്പെടാതെയുള്ള നിയമങ്ങൾ, നിയമങ്ങളല്ലാതായിത്തീരുന്നതു കാണാം. "തന്നിലിളയ്തു തനിക്കിര" എന്ന തത്വമാണു് പ്രായോഗീക ജീവിതത്തിൽ നാം കണ്ടുവരുന്നതു്. ലോകത്തിലുള്ള സവ്വ ജീവജാലങ്ങൾക്കും ജീവിക്കാനവകാശമുണ്ടു്. അതുകൊണ്ടാണല്ലോ ശ്രീബുദ്ധൻ ബിംബിസാരനോടു് "ആടുകളെ കൊല്ലാൻ നമുക്ക എന്തവകാശമാണുള്ളതു്. നാം അല്ല, അവയ്ക്കു ജീവിതം കൊടുത്തതു്. അതിനാൽ അവയുടെ ജീവനെ അപഹരിക്കുവാൻ നമുക്ക അവകാശമില്ല. നിരുപദ്രവികളായ ജീവികളെ കൊന്നിട്ടുവേണമോ മനുഷ്യനു് പുണ്യം കിട്ടാൻ. ഇത്തരം യാഗങ്ങളെല്ലാം പുരോഹിതന്മാർ പറഞ്ഞുപരത്തുന്ന നുണകൊണ്ടു് നേരിടുന്ന പാപമാണു്. ഏഴകളായ ജീവികൾ തുലഞ്ഞിട്ടു് പുണ്യം സമ്പാദിക്കാം എന്നു വിചാരിക്കുന്നതു വ്യാമോഹമാണു്. "അവനവൻ ചെയ്യുന്ന സൽകൃത്യങ്ങൾ മാത്രമെ പുണ്യകമ്മങ്ങളായി ഭവിക്കു." എന്നിങ്ങനെ ഉദീരണം ചെയ്യാൻ ഇടയായതു്. എന്നാൽ, മതാചായ്യന്മാർ പറഞ്ഞിട്ടുള്ളതു് ഒരുവിധം, അവരുടെ ശിഷ്യന്മാരെന്നു സ്വയം

അഭിമാനിക്കുന്ന പുരോഹിതവർഗ്ഗം അതിനെ വ്യാഖ്യാനിക്കുന്നതു വേറൊരുവിധം.

"കൊല്ലരുതു" എന്നു മഹാനായ മോശെ പറഞ്ഞിരുന്നു, "നിൻെറ സഹോദരനോട്ട് കോപിക്കപോലും അരുതെന്നും അവനെ ചീത്തപറയുകയോ, അവനെതിരായി മനസ്സിൽ വിദേ്വഷം വെച്ചുകൊണ്ടിരിക്കുകയോ ചെയ്യരുതെന്നും, അങ്ങനെ ചെയ്യുന്നതു മഹാപാപമാണെന്നും മഹാനായ യേശുക്രിസ്തുവും ഉൽബോധിപ്പിച്ചു പക്ഷെ, അദ്ദേഹത്തിൻെറ ശിഷ്യന്മാരാണെന്നു അഭിമാനിക്കുന്ന ക്രിസ്തു പുരോഹിതന്മാർ, "ആത്മരക്ഷക്കുവേണ്ടി വേറൊരാളിനെ നിഹനിക്കേണ്ടിവന്നാൽ, സ്വന്തം ജീവനെ രക്ഷിക്കേണ്ടതിനുവേണ്ടി അന്യഒരുത്തനെ കൊന്നുവെന്നാൽ, അതു പാപമല്ലെന്നു വ്യാഖ്യാനിച്ചിരിക്കുന്നു. കോടതിനിയമങ്ങളും ഒരുപക്ഷെ അതിന്നു സാധുത്വം നല്കുന്നുണ്ടെന്നിരിക്കലും, മതപരമായ വീക്ഷണകോണിൽക്കൂടി ചിന്തിക്കുന്നപക്ഷം, വേറൊരാളിനെ നിഹനിക്കുന്നതു് ഏതൊരു സാഹചര്യത്തിലായാലും ആരുതന്നെയായാലും, അതൊരു പാപമാണെന്നു സമ്മതിക്കാതെ തരമില്ല. നാമല്ല ഒരാൾക്കും ജീവിതം കൊടുത്തതു്. ആരുടെയും ജീവിതം അവസാനിപ്പിക്കുവാനും നമുക്കു അധികാരവുമില്ല. വധശിക്ഷ യാതൊരു തരത്തിലും ന്യായീകരിക്കുവാൻ സാദ്ധ്യമുള്ളതല്ലെങ്കിലും, സാക്ഷാൽ തത്വത്തിൽനിന്നു വ്യതിചലിച്ചുകൊണ്ടു്, പ്രമാണങ്ങളെ വളച്ചുതിരിച്ചു വ്യാഖ്യാനിക്കുന്നതിൻെറ ഫലമായി, തെററായ വിധത്തിൽപ്പോലും പലരും മതപ്രചരണം നടത്തുന്നുണ്ടെന്നു കാണാം.

"കക്കരുതെന്നു" വേറൊരു പ്രമാണം വിലക്കുന്നു. "അന്യവസ്തുക്കളെ ആഗ്രഹിക്കരുതെന്നു" മററൊരു പ്രമാണവും അനുശാസിക്കുന്നു "തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മററെല്ലാവ

രേയും സ്നേഹിക്കുക'' എന്ന പ്രമാണമാണ് ക്രിസ്തുമതത്തിന്റെ കാതലായിട്ടുള്ള പ്രമാണം. അങ്ങനെ കരുതി പ്രവർത്തിക്കുന്നവൻ കക്കരുതെന്ന പ്രമാണത്തെ ലംഘിക്കുവാൻ മെനക്കെടുകയില്ലെന്നാണ്, സ്വതന്ത്രമായി ചിന്തിച്ചാൽ നമുക്കു കാണാൻ കഴിയുക. സമത്വസുന്ദരവും, സാഹോദര്യസ്നേഹ നിബിഡവുമായ ഒരു സമുദായക്രമത്തിൽ കളവിനുള്ള പ്രസക്തിയെവിടെ? എന്റെ ഒരു സ്നേഹിതൻ, അതല്ലെങ്കിൽ സഹോദരൻ—അഥവാ, ലോകത്തിൽ ഏതു കോണിലെങ്കിലും ജീവിച്ചിരിപ്പുള്ള ഒരു മനുഷ്യജീവി ദാരിദ്ര്യദുഃഖം അനുഭവിക്കുകയോ അതല്ലെങ്കിൽ മറേറതെങ്കിലും തരത്തിൽ ക്ലേശങ്ങൾ സഹിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ ആയതു ഞാൻതന്നെ സഹിക്കുന്നതായി തോന്നത്തക്ക ഒരു സ്ഥിതിവിശേഷം വന്നുകഴിഞ്ഞാൽപ്പിന്നെ ആരാണ് മററൊരുവന്റെ വസ്തുക്കൾ അപഹരിക്കുവാൻ ഒരുമ്പെടുന്നതു്? മോഷ്ടിക്കുന്നതുകൊണ്ടും, അന്യവസ്തുക്കളെ ആഗ്രഹിക്കുന്നതുകൊണ്ടും, ഒരുവൻ ഏതൊരു ലക്ഷ്യപ്രാപ്തിയെ ഉദ്ദേശിക്കുന്നുവോ പ്രസ്തുത ലക്ഷ്യങ്ങൾ അതുകൂടാതെതന്നെ അവനു സംസിദ്ധമായിട്ടും അവൻ മോഷ്ടിക്കുവാൻ ഒരുമ്പെടുന്നുണ്ടെങ്കിൽ കുററകരമായി അവനെ ആക്ഷേപിക്കാതിരിക്കാൻ നിർവാഹമില്ല. എന്നാൽ യഥാർത്ഥത്തിൽ പലപ്പോഴും എന്താണ് സംഭവിക്കാറുള്ളതു്? ലോകത്തിലുള്ള സർവവിധ സ്വത്തുക്കളും ഏതാനും വ്യക്തികൾ കൈയടക്കിവെച്ചിരിക്കുകകൊണ്ട്, ഭൂരിപക്ഷം ജനങ്ങളും ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും കിടന്നു നീന്തി, കരകാണാതെ ഉഴലുമ്പോൾ മതപുരോഹിതന്മാർ അവരെ ഉപദേശിക്കയാണ്:— "കക്കരുതു", 'അന്യവസ്തുക്കളെ ആഗ്രഹിക്കരുതു്'' എന്നെല്ലാം. യേശുക്രിസ്തുവിന്റെ പേരിലാണ്—അതെ—"ലോകമെ തറവാട്—തനിക്കീച്ചെടികളും—പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ'' എന്നു മഹാകവി പാടിയിട്ടുള്ള കാര്യതല്പജങ്ങൾ ഏതൊരു പു

ണ്യശ്ലോകനെ അനുസ്മരിപ്പിക്കുമോ, ആ ദിവ്യതേജസ്സിൻെറ നാമധേയത്തിലാണ്, അതുംപോരാ; "നിന്നെപ്പോലെ നിൻെറ സഹോദരനെ സ്നേഹിക്കുക. നീ പുണ്യപരിപൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ സർവ്വവും ഉപേക്ഷിച്ച് നിൻെറ സ്വത്തെല്ലാം ഇല്ലാത്തവർക്കു കൊടുത്തു നിൻെറ കുരിശ് എടുത്ത്, അതായതു ക്ലേശസമ്പുഷ്ടമായ ഈ ലോകജീവിതത്തിൽ നിനക്കു സഹിക്കാനിരിക്കുന്ന കഷ്ടപ്പാടുകൾ സസന്തോഷം സ്വീകരിച്ചു എൻെറ പിന്നാലെ,— അതായത്, ഞാൻ എപ്രകാരം ത്യാഗസമ്പന്നമായ ജീവിതം, മാതൃകാപരമായ നിസ്വാർത്ഥ ജീവിതം, നയിച്ചുവോ അപ്രകാരം, നീ വരിക എന്നരുളിച്ചെയ്ത ആ ദിവ്യ ഗുരുവിൻെറ നാമധേയത്തിലാണ്, പള്ളിയിലെ മണിമേടയിൽ വിഭവസമൃദ്ധങ്ങളായ ഭക്ഷണപദാർത്ഥങ്ങൾ — ആട്ടമാംസം, ഗോമാംസം, നല്ലതരം മത്സ്യക്കറികൾ, പാല്, നെയ്യ്, മുട്ട, നല്ലതരം പഴങ്ങളും പലഹാരങ്ങളും—ആസ്വദിച്ചു, സുഖസമൃദ്ധിയുടെ പൂമ്പട്ടുമെത്തയിൽ ഊഞ്ഞാലാടുന്ന പുരോഹിതൻ ദരിദ്രനാരായണന്മാരായ തൻെറ കുഞ്ഞാടുകളോട് പ്രസംഗിക്കുന്നത്, "അന്യവസ്തുക്കളെ ആഗ്രഹിക്കരുത്, കക്കരുത്, പൊളിക്കു സാക്ഷിപറയരുത്" എന്നെല്ലാം യേശുക്രിസ്തുവിൻെറ ത്യാഗസമ്പന്നമായ ജീവിതപരിപാടി എവിടെ? സ്വാർത്ഥതല്പരനായ മതപുരോഹിതൻെറ ധൂർത്തടിച്ചുള്ള പള്ളിജീവിതം എവിടെ? അന്യവസ്തുക്കളെ ആഗ്രഹിക്കരുത് എന്നു വിലക്കുന്ന അതെ കൈകൾകൊണ്ടു തന്നെ അന്യരുടെ വസ്തുക്കൾ വിശ്വാസസംഹിതയാൽ പൊതിഞ്ഞ മതഭീഷണികൊണ്ടു തട്ടിപ്പറിച്ചെടുക്കുന്നതു കാണാൻ വിശ്വാസികൾക്കു കണ്ണില്ലാതെ പോയെന്നാണ് ഇവർ കരുതുന്നത്. "പള്ളിക്കും പട്ടക്കാർക്കും ഉള്ള ഓഹരിയും അവകാശങ്ങളും മേൽപ്പട്ടക്കാരൻ നിശ്ചയിക്കുന്ന വീതങ്ങളും" കൊടുക്കുവാൻകല്പിക്കുന്നതുകൊണ്ട് പുരോഹിതന്മാർ എന്താണുദ്ദേശിക്കുന്നത്? പള്ളി

ക്കം പട്ടക്കാക്കും, അന്യവസ്തുക്കൾ ആഗ്രഹിക്കാമെങ്കിൽ, സാധാരണ ജനങ്ങൾക്കു അതു ആത്മാവിനെ നിഹനിക്കുന്ന പാപമായി തീരുന്നതെങ്ങിനെയെന്നു ഗ്രഹിക്കാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. ഇതാണോ ക്രിസ്തു ഉപദേശിച്ചതു്? "ആകാശത്തിലെ പറവകളെ നോക്കുക. വയലിലെ ലില്ലിപുഷ്പങ്ങളെ നോക്കുക. പറവകൾ വിതക്കുന്നില്ല, കൊയ്യുന്നില്ല കളപ്പുരകളിൽ സംഭരിക്കുന്നില്ല എങ്കിലും സർവ്വശക്തനായ ദൈവം അവയെ തീററിപ്പോററുന്നു. അതുപോലെത്തന്നെ വയലിലെ ലില്ലിപ്പുഷ്പങ്ങളും മനോഹരമായി കാണപ്പെടുന്നു. അതിനാൽ എൻെറ ശിഷ്യന്മാരാരും ഭാവിയെപ്പററി ആകുല ചിന്തപ്പെടരുതു്. നിങ്ങൾ യാത്ര പുറപ്പെടുമ്പോൾ ഭാണ്ഡങ്ങളോ ചെരിപ്പോ വടിയോ കരുതേണ്ട. സ്വർഗ്ഗത്തെക്കുറിച്ചുള്ള ആത്മീക ചിന്തകളാൽ പ്രേരിതരായി ജീവിച്ചാലും മററുള്ളതെല്ലാം നിങ്ങൾക്കു നല്കപ്പെടും." എന്നാണു് മഹാത്മാവായ ക്രിസ്തു ഉപദേശിച്ചതു്. എന്നാൽ ഇതിനെല്ലാം കടകവിരുദ്ധമായി എത്രയെത്ര ക്രിസ്തുശിഷ്യന്മാർ വിശ്വാസികളെ പററിച്ചുകിട്ടിയ പണം ബാങ്കുകളിൽ നിക്ഷേപിക്കുകയും, സ്വാർത്ഥപരമായ താൽപര്യങ്ങൾക്കുവേണ്ടിമാത്രം ചിലവുചെയ്യുകയും ചെയ്യുന്നു. എന്തിന്നധികം, ദാരിദ്ര്യമുള്ളവർ ഭാഗ്യവാന്മാരാണെന്നു ഉപദേശിക്കുന്ന ക്രിസ്തുവിൻെറ അനന്തിരവൻ മാർപ്പാപ്പ നിവസിക്കുന്ന കൊട്ടാരത്തിന്നു ആയിരം മുറികളും ഇരുപതു നടുമുററങ്ങളും, ഏഴു് കപ്പോളകളും മുപ്പതു സന്ദർശനശാലകളും ഒമ്പതു ഗാലറികളും ഉണ്ടെന്നും, സ്വർണ്ണനിർമ്മിതമായ ഫോണും, ടൈംപീസും മററിതര രാജകീയാലങ്കാരവസ്തുക്കളും അദ്ദേഹം കൈവശം വെച്ചിരിക്കുന്നുണ്ടെന്നും കേൾക്കുമ്പോൾ ക്രിസ്തുവിൻെറ ദാരിദ്ര്യസ്നേഹവും ക്രിസ്തുശിഷ്യന്മാരുടെ സുഖലോലുപമായ ജീവിതരീതിയും തമ്മിലുള്ള അന്തരം ഏറെക്കുറെ ഊഹിക്കാവുന്നതാണല്ലൊ. എന്നുതന്നെയല്ല റോമൻ പോൻടിഫ് (Roman Pontiff)

വത്തിക്കാൻ നഗരത്തിൻെറ അധിപതിയാണുപോലും. എന്തൊരു വിരോധാഭാസം! "എൻെറ രാജ്യം ഐഹികമല്ല പാരത്രികമാണെന്നു" പറഞ്ഞ സാക്ഷാൽ ക്രിസ്തുവിൻെറ അനുയായി "ഒരു രാജാവാ"ണെന്നു പറഞ്ഞാൽ ആരാണ് വിസ്മയിക്കാത്തതു്? മാർപ്പാപ്പയുടെ അനുചരന്മാരായ മെത്രാപ്പോലീത്താമാരും, മെത്രാന്മാരും, ഇടവകപ്പട്ടക്കാരും, അവരവരുടെ അന്തസ്സിനു യോജിച്ച വിധത്തിലുള്ള അരമനകളിലും പള്ളിമേടകളിലും സസുഖം കഴിഞ്ഞുകൂടുന്നതും നാം കണ്ടുവരുന്നു.

ഗോശാലയിൽ ജനിച്ചു് പാലസ്തീൻ രാജ്യത്തു് അങ്ങോളമിങ്ങോളം, മലയിലും കല്ലിലും, മുള്ളിലും, കടലോരത്തും കാൽനടയായി സഞ്ചരിച്ച സാധുക്കളേയും, അഗതികളേയും സന്ദർശിച്ച അവർക്കു ആത്മികമായും ശാരീരികമായും ആവശ്യമായിരുന്ന കാര്യാദികളെ അനവരതം ചിന്തിച്ചു കൈകാര്യം ചെയ്തിരുന്ന യേശുക്രിസ്തു എവിടെ? അദ്ദേഹത്തിൻെറ ഉപദേശങ്ങളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു്, മതത്തിൻെറ പേരിൽ സാധുക്കളിൽനിന്നും പണം പിടുങ്ങിയെടുത്തു അരമനകളിലും മററും സുഖഭൂയിഷ്ഠമായ ജീവിതം അനുഷ്ഠിച്ചുവരുന്ന പുരോഹിതപരിഷകൾ എവിടെ? കാൽനടയായി സഞ്ചരിക്കുകയെന്നതു് ഇന്നത്തെ പുരോഹിത വർഗ്ഗത്തിന്നു ഏതാണ്ടു് അസാദ്ധ്യമായി ഭവിച്ചിരിക്കുന്നു. മോട്ടോർകാറും, മഞ്ചലും, റിക്ഷാവണ്ടിയുമാണ് അവർക്കിഷ്ടം. എന്നിട്ടും ഇക്കൂട്ടർ ക്രിസ്തുവെ അവരുടെ സ്വകാര്യസ്വത്തുപോലെ സക്രാരികളിൽവെച്ചു് പൂട്ടി താക്കോലും കയ്യിൽപിടിച്ചു നടക്കുന്നതുകാണുമ്പോൾ സ്വതന്ത്രമായി ചിന്തിക്കുന്ന ഏതൊരു വ്യക്തിക്കും പലതും ചോദിക്കാൻ തോന്നിപ്പോകാറുണ്ടു്.

"പ്രതിഫലം" പററാതെ നിങ്ങൾക്കു വല്ല പ്രാർത്ഥനകളും ഉണ്ടോ? ഞങ്ങളുടെ പണം തട്ടിയെടുക്കാതെ വല്ല മോക്ഷമാർ

ഗ്ഗവും ഉപദേശിച്ചുതരാനുണ്ടോ? പണം കിട്ടാഞ്ഞാൽ നിങ്ങൾ ഞങ്ങൾക്കുവേണ്ടി കർത്താവീശോമിശിഹായെ ഗോതമ്പപ്പത്തിൽ സ്വർഗ്ഗരാജ്യത്തുനിന്നു ഇറക്കിക്കൊണ്ടുവരുമോ? പ്രതിഫലം, നേർച്ച, കടിഞ്ഞൂൽ ഫല സമർപ്പണം എന്നിവ കൂടാതെ ആത്മീകകാര്യങ്ങൾ നിർവഹിക്കപ്പെടുവാൻ നിവൃത്തിയില്ലെന്നോ? പാപികളായ ഞങ്ങളുടെ പ്രാർത്ഥനകൾ നിങ്ങളുടെ കെയ്‌റോഫിൽ കൂടിയല്ലാതെ സ്വർഗ്ഗത്തിലേക്കു എത്തുകയില്ലെന്നാണോ പറയുന്നതു്? സുറിയാനിക്കും ലത്തീനുംപോലെ മററു മാതൃഭാഷകളിൽ പ്രാർത്ഥന നടത്തിയാൽ ദൈവം ശ്രവിക്കുകയില്ലെന്നോ? ഞങ്ങൾ നേരിട്ടു ദൈവത്തോടു ഞങ്ങളുടെ പാപങ്ങൾ ഏററുപറഞ്ഞാൽ അദ്ദേഹം പൊറുക്കുകയില്ലെന്നാണോ പറയുന്നതു്? മനസ്താപം ഇല്ലാത്ത കുമ്പസാരം വാസ്തവമല്ലെന്നു പറയുന്നനിലക്കു നിങ്ങൾക്കു ഞങ്ങളുടെ പാപം പോക്കുവാൻ അധികാരമില്ലെന്നാണല്ലോ പരോക്ഷമായി ധരിക്കേണ്ടതു്. യഥാർത്ഥ മനസ്താപമുണ്ടെങ്കിൽപ്പിന്നെ നിങ്ങളുടെ ഇടപെടൽകൊണ്ടു പ്രത്യേകിച്ചു എന്തൊരു പ്രയോജനമാണു് സിദ്ധിക്കാനുള്ളതു്. നിങ്ങൾ ദൈവത്തിന്റെ കാര്യങ്ങളിൽ ഒരു ഏജൻസിയായി ഇരിക്കുന്നതു നിങ്ങളുടെ സ്വന്തംകാര്യം സിന്താബാദാകുന്നതിന്നാണെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ എന്താണു് പ്രയാസം? വിവാഹമെന്ന കൂദാശ വാസ്തവമാകണമെങ്കിൽ പരസ്പരമുള്ള ആത്മീകമായ ഐക്യം വധൂവരന്മാർക്കുണ്ടാകണമെന്നു പറയുന്നനിലക്കു്, പുരോഹിതനിൽകൂടിയല്ലെങ്കിലും വിവാഹത്തിന്നു നിലനിൽപ്പുണ്ടു എന്നു കരുതുന്നതിൽ എന്താണു് അബദ്ധം? ഇതിലെല്ലാം നിങ്ങൾ ഒരു ദല്ലാളിയായി വർത്തിക്കുന്നതിന്റെ രഹസ്യം ഉറുപ്പിക, അണ, പൈസയിൽ അധിഷ്ഠിതമാണെന്നു പറയുന്നതിൽ എന്താണു് തെററുള്ളതു്? "ലോകത്തിൽ നിങ്ങൾ കെട്ടുന്നതെല്ലാം, പരലോകത്തിലും കെട്ടപ്പെടും, അഴിക്കുന്നതെല്ലാം അഴിയപ്പെടും" എന്ന

ഒരു "തിരുവാചന"ത്തിന്മേൽ കയറിപ്പിടിച്ചാണല്ലോ നിങ്ങൾ, ഈ വേഷംകെട്ടുകൾ എല്ലാം കൊണ്ടുനടക്കുന്നതു്. നിങ്ങളുടെ അധികാരകേന്ദ്രീകരണത്തിൻെറ നങ്കൂരം കേവലം ഒരു വയക്കോൽത്തുരുമ്പാണെന്നു കരുതാനാണ് ന്യായം ഉള്ളതു്. എന്തുകൊണ്ടെന്നാൽ, പ്രസ്തുത അധികാരങ്ങൾ നിങ്ങൾക്കു നല്കിയ കർത്താവിൽനിന്നു എല്ലാ അധികാരങ്ങളും നിങ്ങൾക്കു സിദ്ധിച്ചുവെന്നു അവകാശപ്പെടുന്നനിലക്കു അദ്ദേഹം സ്വജീവിതകാലത്തു ചെയ്തുവെന്നു പറയുന്ന ചില അത്ഭുതങ്ങളും നിങ്ങൾ ചെയ്തു മതിയാകു പ്രപഞ്ചത്തിന്മേലുള്ള സ്വാധീനശക്തിയും, നിങ്ങൾക്കു കർത്താവിൽനിന്നു സിദ്ധിച്ചിട്ടില്ലെന്നോ? കർത്താവു് നിങ്ങളെ അയച്ച ഭാഗം പ്രത്യേകം നിങ്ങൾ എടുത്തു പറയാറുണ്ടല്ലോ "എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെയും അയക്കുന്നു. നിങ്ങൾ ഇവിടെ കെട്ടുന്നതു സ്വർഗ്ഗത്തിലും കെട്ടപ്പെടും, അഴിക്കുന്നതു് അഴിയപ്പെടും" എന്നെല്ലാം വളരെ അർത്ഥഗർഭമായ അധികാരപരമ്യം നിങ്ങളിൽ സ്ഥിതിചെയ്യുന്നുവെന്നു നിങ്ങൾ അവകാശപ്പെടുന്ന നിലക്കു്, 'കാണപ്പെടാത്ത ആത്മാവിലേക്കു ദർശനയോഗ്യമല്ലാത്ത വരപ്രസാദപ്രവാഹങ്ങൾ ഒഴുക്കുക എന്ന പരിശുദ്ധകർമ്മങ്ങളൊഴികെ, കർത്താവു ചെയ്തുപോലെ, ഒരു ലാസറിനേയൊ, മററൊ ഉയർപ്പിക്കുകയൊ എന്തെങ്കിലും മത്തായിയുടെ തളർവാദം മാററുകയോ കുഷ്ഠം ശമിപ്പിക്കുകയോ മററൊ ചെയ്യാൻ നിങ്ങൾക്കു സാദ്ധ്യമാണോ. ആത്മാവിലെ കുഷ്ഠം നിങ്ങൾക്കു മാററാൻ കഴിയുമെന്നു പറയുന്നു അതു മാറിയോ ഇല്ലയോ എന്നു ആർക്കും കാണാൻ സാദ്ധ്യവുമല്ല. എന്നാൽ ശാരീരികമായ കുഷ്ഠം നിങ്ങൾ എന്തുകൊണ്ടു മാററുന്നില്ല? എല്ലാ അധികാരങ്ങളും നിങ്ങൾക്കു കിട്ടിയിട്ടില്ലെന്നു നിങ്ങൾ പറഞ്ഞാൽ നിങ്ങൾ തുലഞ്ഞു. എല്ലാ അധികാരങ്ങളും കിട്ടിയിട്ടും അതെല്ലാം ഇപ്പോൾ നടപ്പിൽ വരുത്താൻ നിങ്ങൾ ഉദ്ദേശിക്കുന്നില്ലെന്നു പറഞ്ഞാൽ, ക്രിസ്തുവിൻെറ ഉപവിയും, കരുണയും, ദീനാനുകമ്പയും

നിങ്ങൾക്കില്ലെന്നു നിങ്ങൾ സ്വയം സമ്മതിക്കേണ്ടിവരും. ഇതു രണ്ടും അല്ല നിങ്ങൾ പറയുന്നതു്. ഇങ്ങനെയൊരു ചോദ്യം ഉന്നയിക്കുന്നതിന്നു മററുള്ളവക്കു അധികാരമില്ലെന്നു പറഞ്ഞു്, സാമാജികന്മാരോടു ചില സന്ദർഭങ്ങളിൽ മന്ത്രിപുംഗവന്മാർ പറയുന്നതുപോലെ "ചോദ്യം അനുവദിക്കുന്നില്ല" എന്ന നിലപാടു് സ്വീകരിക്കുകയാണെന്നു തോന്നുന്നു. അതല്ലെങ്കിൽ അമിതവഷത്തെ തടയുകയും, വേണ്ടനേരങ്ങളിൽ മഴപെയ്യിപ്പിക്കുകയും, കൊടുങ്കാററിനെ ശമിപ്പിക്കുകയും, കടലിനെ ശാന്തമാക്കുകയും ഭക്ഷണക്ഷാമത്തെ ഇല്ലാതാക്കുകയും ചെയ്യാൻ നിങ്ങൾക്കു അസാദ്ധ്യമായിരിക്കുന്നേടത്തോളം കാലം, ക്രിസ്തുവിൽനിന്നും എല്ലാ അധികാരങ്ങളും നിങ്ങൾക്കു കിട്ടിയിട്ടില്ലെന്നു കരുതാനാണു ന്യായം. നിങ്ങൾ പറയുന്ന മുടന്തൻ ന്യായങ്ങൾ "മെരട്ടഫിക്കേഷനും", നിങ്ങളുടെ അധികാരാവകാശങ്ങൾ കേവലം "തട്ടിപ്പിസവും" ആണെന്നു സാധാരണജനങ്ങൾ വിശ്വസിക്കുന്നതിൽ അവരെ കുററപ്പെടുത്തേണ്ടതില്ല. എന്നു നിങ്ങൾ സമ്മതിക്കേണ്ടിവരും. ഭക്ഷണക്ഷാമത്തെ ഇല്ലാതാക്കാൻ, ക്രിസ്തു ചെയ്തതുപോലെ നിങ്ങൾക്കും അഞ്ചപ്പംകൊണ്ടു അയ്യായിരം അപ്പങ്ങൾ ഉണ്ടാക്കിക്കൂടെ? നിങ്ങൾ ജീവകാരുണ്യപ്രവത്തനങ്ങൾക്കു എന്തിനു മടിക്കുന്നു. എല്ലാ അധികാരങ്ങളും എടുത്തുചുഴററേണ്ടതു ഈ ഇരുപതാംനൂററാണ്ടിലാണു് വേണ്ടതെന്നെ ഏതൊരാൾക്കും പറയാൻ കഴിയും. ഇന്ത്യയിൽ മനുഷ്യർ ദാരിദ്ര്യം അനുഭവിക്കുന്നുണ്ടെന്നു നിങ്ങൾ അറിയുന്നില്ലേ? ഇന്ത്യയിലെങ്കിലും നിങ്ങളുടെ ദിവ്യാധികാരങ്ങൾ ഉടനെ നടത്തുക. പാവങ്ങളെ രക്ഷിക്കുക. എന്നാൽ ഇതിനൊന്നും നിങ്ങൾക്കു യഥാർത്ഥത്തിൽ കഴിവില്ലാ. കഴിവുള്ള കാര്യങ്ങൾ നിങ്ങൾ ചെയ്യുകയും ഇല്ല. നിങ്ങളെക്കൊണ്ടു അതു ചെയ്യിക്കുവാൻ ഇവിടെ ആളുകളും ഇല്ല. അതു നിങ്ങളുടെ നല്ലകാലം എന്നെ കരുതേണ്ടു. അതിരാവിലെ

കർബ്ബാനയും ചൊല്ലി സുഖപ്രദങ്ങളായ ഭക്ഷണപാനീയങ്ങൾ ആസ്വാദിച്ചു പള്ളിമേടയിലെ വീട്ടിക്കട്ടിലുകളിലെ പട്ടുശയ്യകളിൽ കിടന്നു "പള്ളിക്കുറപ്പു"കൊള്ളുന്നതിന്നു പകരം, പുറത്തൊന്നിറങ്ങിനടന്നു', തെരുവീഥികളിൽ അലഞ്ഞു നടക്കുന്നവരും, ജീവിതഭാരം ചുമക്കുന്നവരും, ദാരിദ്ര്യക്ഷുൽപിപാസാദികളാൽ വലയുന്നവരും, രോഗപീഡിതരുമായ ജനതതിയെ ഒന്നു ആശ്വാസിപ്പിക്കയെങ്കിലും ചെയ്യാൻ നിങ്ങൾ സന്മനസ്സുകാണിക്കാമോ? ക്ലേശിതരായ ജനവിഭാഗത്തിന്നു ഒരു നല്ലവാക്കെങ്കിലും പറഞ്ഞു കൊടുത്തു നിങ്ങൾ ക്രിസ്തുശിഷ്യന്മാരാണെന്നു തെളിയിക്കാമോ? അതിനൊന്നും നിങ്ങൾ സന്നദ്ധരല്ല കർത്താവിൽനിന്നു എല്ലാ അധികാരങ്ങളും നിങ്ങൾക്കു സിദ്ധിച്ചിട്ടുണ്ടെങ്കിൽ കുർബ്ബാനയും, കുമ്പസാരവും, ഒപ്രുശുമയും വിവാഹവും മററും നടത്തിക്കൊടുക്കുന്നതുപോലെ, കർത്താവു ചെയ്തതുപോലുള്ള അത്ഭുതപ്രവൃത്തികളും, ഉപവിക്രിയകളും, ത്യാഗസമ്പന്നമായ ജീവിതചര്യയും നിങ്ങളും ചെയ്തേ മതിയാകൂ. അതല്ലാതെ ഞങ്ങളുടെ ബുദ്ധിശക്തിയെ മരവിപ്പിക്കുവാൻ ഉപയുക്തങ്ങളായ ഉപദേശങ്ങൾ നൽകിക്കൊണ്ടു ഞങ്ങളെ ചൂഷണംചെയ്യാൻ ഒരുമ്പെടുന്നതിൽ ചാരിതാർത്ഥ്യം അടയുകയല്ലവേണ്ടതു്. ഇത്തിക്കണ്ണിയുടെ ജീവിതം അനുകരണാർഹമാണെന്നു അഭിമാനിക്കുകയല്ല നിങ്ങൾവേണ്ടതു്. നിങ്ങൾ പറയുന്ന പ്രമാണങ്ങൾ തെററിച്ചാൽ, ഞങ്ങൾ നരകത്തീയിൽ പെട്ടുപോകും, പണം നല്കി കർബ്ബാന ചെല്ലിച്ചില്ലെങ്കിൽ ഞങ്ങളുടെയും കാരണവന്മാരുടേയും ആത്മാക്കൾ ശുദ്ധീകരണാഗ്നിയിൽകിടന്നു വലയും എന്നൊക്കെ നിങ്ങൾ തട്ടിമൂളിക്കുന്നതു് പ്രസ്തുത കർമ്മാചരണങ്ങൾക്കു നിങ്ങൾക്കുള്ള പ്രതിഫലം സിദ്ധിക്കാൻവേണ്ടിയുള്ള ഒരുതരം 'ചപ്പടാച്ചിക'ളാണെന്നു മാത്രമെ ഞങ്ങൾക്കു വിചാരിക്കാൻ ന്യായം കാണുന്നുള്ളു. നിങ്ങളുടെ അധികാരഭ്രാന്തുകളെല്ലാം സ്വയംകൃതികളാണെന്നു കരുതാൻവേണ്ടി

KOTT-AYAM PUBLIC LIBRARY KOTTAYAM

ടത്തോളം യുക്തികൾ കാണ്മാനുണ്ടു്. "കൊല്ലരുതു്" എന്നുള്ള കല്പന മാണം പാലിക്കുവാൻ ഉപദേശിക്കുന്ന നേതാവുതന്നെ "പരിശുദ്ധഭൂമിയായ പാലസ്റ്റീൻ" പിടിച്ചടക്കുന്നതിനുള്ള പരിശുദ്ധ കുരിശുയുദ്ധത്തിന്നുവേണ്ടി ആഹ്വാനം ചെയ്തതിന്റെ ഫലമായി എത്രയെത്ര മനുഷ്യജീവികൾ ചത്തൊടുങ്ങിയില്ല? ഒരു കൈകൊണ്ടു പാടില്ലെന്നും മറുകൈകൊണ്ടു് വിരോധമില്ലെന്നും കല്പിക്കുന്ന ഒരു വ്യക്തിക്കു അപ്രമാദിത്വവരം അഥവാ തെററാവരം ഉണ്ടെന്നു കരുതുന്നതു് ഭോഷത്വമല്ലയോ? സ്വല്പബുദ്ധികളും വിഡ്ഢികളും മാത്രമെ ഇത്തരത്തിലുള്ള ആശയഗതികൾക്കു വിധേയരാവുകയുള്ളുവെന്നു യുക്തിവാദികൾ പറയുന്നതിൽ എന്താണു് തെററുള്ളതു്?" ഒരു പ്രത്യേകവ്യക്തി നിശ്ചയിക്കുന്ന ദിവസങ്ങളിൽ മാംസം ഭക്ഷിക്കാം, വിലക്കുന്ന ദിവസങ്ങളിൽ മാംസം വർജ്ജിക്കണം അതല്ലെങ്കിൽ നിത്യനരകാഗ്നിയിൽകിടന്നു വേകാനിടവരും, അതേ വ്യക്തി നിശ്ചയിക്കുന്ന ദിവസങ്ങളിൽ പള്ളിയിൽ പോയി കുർബ്ബാന കണ്ടില്ലെങ്കിൽ നിത്യനരകാഗ്നിയിൽ നിപതിക്കും എന്നൊക്കെ പറഞ്ഞാൽ അതു വളരെ പുതുമയായിട്ടാണു് പലക്കും തോന്നാറുള്ളതു്.

കടപ്പെട്ട ദിവസങ്ങളിലെ "കടം" എടുത്തുമാററി സാധാരണ ദിവസങ്ങളാക്കുവാനും, വിലക്കപ്പെട്ട ദിവസങ്ങളിലെ "വിലക്ക" എടുത്തുമാററി ഇറച്ചിതിന്നാൻ വിരോധമില്ലാത്ത സാധാരണ ദിവസങ്ങളാക്കി മാററുവാനും എന്നല്ല കത്തോലിക്കാവിശ്വാസത്തിന്റെ ഏതൊരു നിയമങ്ങളും ഉണ്ടാക്കുവാനും, ഇല്ലാതാക്കുവാനും, ലഘൂകരിക്കുവാനും "റോമിൽ ഇരിക്കുന്ന ഒരു അത്ഭുതമനുഷ്യനു്" സാധിക്കുമെന്നു വിശ്വസിക്കുന്നതു കുറെ കടുത്ത "കയ്യ്" ആണെന്നു പറയാതെ തരമില്ല. എന്നാൽ ഇത്തരം അന്ധവിശ്വാസങ്ങളെ വിശ്വസിക്കുക സാദ്ധ്യമല്ലെന്നു പറയുന്നവരെ മഹറോൻ ചൊല്ലി സമുദായ ഭ്രഷ്ടന്മാരാക്കുന്നതു കേട്ടാൽ

അതിലും പുതുമയുള്ളകാര്യമാണെന്നു സമ്മതിക്കേണ്ടിവരും. റോമിലിരിക്കുന്ന ഒരു മനുഷ്യന്റെ ഇച്ഛാനുസരണം, സർവ്വശക്തനായ ദൈവം തന്റെ അരുമസന്താനങ്ങളായ മനുഷ്യജീവികളെ നിത്യാനന്ദത്തിലേക്കും. നിത്യനരകാഗ്നിയിലേക്കും പറഞ്ഞയച്ചുകൊണ്ടിരിക്കുന്നുവെന്നു വിശ്വസിക്കുന്നതു് ഇരുപതാംനൂററാണ്ടിലെ ഏററവും നവീനമായ ഒരു അത്ഭുതസംഭവമാണെന്നു കരുതുന്നതിൽ തെററില്ല."

മാംസവർജ്ജനനിയമത്തിന്റെ കാര്യം ഒന്നുകൂടി സൂക്ഷ്മമായി ചിന്തിക്കാം. കുറെ കാലങ്ങൾക്കുമുമ്പ് നൊയമ്പുകാലങ്ങളിൽ മാംസം ഭക്ഷിക്കുന്നതായിരുന്നാൽ പ്രസ്തുത വ്യക്തി ചാവുദോഷം പിഴച്ച് നരകത്തിന്റെ അടിത്തട്ടിലേക്കു കുത്തനെ വീഴത്തക്ക ആത്മീയാധഃപതനത്തിൽ എത്തിച്ചേരുമായിരുന്നു. അതുപോലെ ത്തന്നെ മുൻകാലങ്ങളിൽ ഇന്നുള്ളതിനേക്കാൾ വളരെ അധികം ദിവസങ്ങൾ പള്ളിയിൽപോയി കുർബ്ബാന കാണാതിരിക്കുവാനും, വേലപ്രവൃത്തികൾ എടുക്കുകയോ എടുപ്പിക്കുകയോ ചെയ്യുവാനും പാടില്ലെന്നു വ്യവസ്ഥയിൽ ആചരിക്കുവാനും, നിർബ്ബന്ധിക്കപ്പെട്ട കടപ്പെട്ട ദിവസങ്ങളായിരുന്നു. പ്രസ്തുത ദിവസങ്ങളിലെ മുൻവിവരിച്ച നിയമലംഘനം നടത്തുന്നയാൾ നരകത്തിലേക്കുള്ളവനായിരുന്നു. എന്നാൽ ഇന്നു പല കടപ്പെട്ട ദിവസങ്ങളിലേയും കടം എടുത്തുകളഞ്ഞു; വിലക്കപ്പെട്ട ദിവസങ്ങളിലെ ഇറച്ചിവിലക്കും വേണ്ടെന്നുവെച്ചു.

കുറെ കാലങ്ങൾക്കുമുമ്പ് മാംസം ഭക്ഷിച്ച എന്ന കാരണത്താൽ നരകത്തിൽചെന്നു കിടക്കാനിടയായിട്ടുള്ള ഏതെങ്കിലും ഒരു മത്തായിയോ, മാർക്കോസോ, അതല്ലെങ്കിൽ അന്നത്തെ നിയമമനുസരിച്ച്, കടമുള്ള ഏതെങ്കിലും ഒരു ദിവസം പള്ളിയിൽ പോകാതിരുന്നതിനാൽ നരകാഗ്നിയിൽചെന്നു പററാനിടയായി

ട്ടുള്ള വേറൊരു സത്യകൃസ്ത്യാനിയോ, ഈ അടുത്തകാലത്തു് വേറെ ഏതെങ്കിലും പ്രമാണലംഘനത്തിന്നു വശംവദനായി നരകത്തിലെത്തിച്ചേരാനിടവന്നിട്ടുള്ള വേറൊരു 'സത്യകൃസ്ത്യാനിയായ ഒരു ചാക്കോയേയോ മററൊ കണ്ടെത്തിയശേഷം കുശലപ്രശ്നാനന്തരം ആരംഭിക്കാനിടയുള്ള സംഭാഷണങ്ങളിലേക്കു ഉദാഹരണത്തിന്നുവേണ്ടി സ്വല്പമൊന്നു ശ്രദ്ധപതിക്കുന്നതു് നന്നായിരിക്കും. മത്തായിയും മാക്കോസും ജീവിച്ചിരുന്നതിലും, കാലം വളരെ പരിഷ്ക്കരിച്ചുവെന്നും റോമിലെ കത്തോലിക്കാ നേതാവു് കാലത്തിനൊത്തവിധം സഭാനിയമങ്ങാം പരിഷ്ക്കരിക്കുന്നുവെന്നും മനസ്സിലാക്കുമ്പോാം അവക്കുണ്ടാകാവുന്ന മനോവേദന ആരാൽ വണ്ണിക്കാൻ കഴിയും അവർ പാപംചെയ്യാനിടയായിട്ടുള്ള അന്നത്തെ "കടവും", "വിലക്കും" ഇന്നു് നീക്കപ്പെട്ടിരിക്കയാണുപോലും. മത്തായി ജീവിച്ചിരുന്ന കാലത്തെ മാർപ്പാപ്പയ്ക്കു മാംസവർജ്ജനനിയമങ്ങാം ലഘൂകരിക്കാനുള്ള സന്മനസ്സു കുറച്ചുനേരത്തെത്തന്നെ ഉണ്ടായിരുന്നെങ്കിൽ, മത്തായി നരകത്തിൽ വീഴാനിടവരുകയില്ലായിരുന്നു. അപ്രകാരംതന്നെ ചാക്കോയുടെ കാര്യവും കരുതേണ്ടതാണു്. ചാക്കോ ജീവിച്ചിരുന്ന കാലത്തെ കടപ്പെട്ട ദിവസം ഇന്നു സാധാരണദിവസമായിരിക്കുന്നുവെന്നു പറഞ്ഞാൽ അതിന്നുവളരെ അഗാധമായ ഒരു അത്ഥമാണുള്ളതു്. അതായ്ത്തു മുൻപറഞ്ഞ കടപ്പെട്ട ദിവസങ്ങളിൽ കുബ്ബാന കാണാഞ്ഞതുകൊണ്ടാണു് ഇന്നു അയാാം നരകത്തിൽകിടക്കുന്നതു്. എന്നാൽ മുൻകാലപരിഗണനവെച്ചു കടപ്പെട്ട ദിവസത്തിൻെറയും ഇറച്ചിവിലക്കിൻെറയും നിയമങ്ങാം നടപ്പിൽവരുത്തിയാൽ ചാക്കോയും, മത്തായിയും ഇന്നു സ്വർഗ്ഗത്തിലാണു് എന്നാണതിൻെറ സാരം. ഇതാണു് പ്രസ്തുത കല്പനക്കു വളരെ വലിയ ഒരു അത്ഥമുണ്ടെന്നു പറഞ്ഞതു്. നീതിമാനായ ദൈവം മനുഷ്യാത്മാക്കളെ ഇങ്ങിനെ തോന്നിയവിധത്തിൽ നിത്യനരകാഗ്നിയിലേക്കും നിത്യസൌഭാഗ്യത്തിലേക്കും വിടാനും വിടാനിരിക്കാനുമുള്ള പര

മാധികാരത്തിൻെറ താക്കോൽ മത്തായിയെപ്പോലെത്തന്നെ ജീവ
രക്തങ്ങളുള്ള ഒരു മനുഷ്യൻെറ കയ്യിൽ കൊടുത്തേല്പിച്ചതു് കുറച്ചു
അവിവേകമായിപ്പോയെന്നു മത്തായിക്കും വായനക്കാൎക്കും തോ
ന്നുന്നതുപോലെ എനിക്കും തോന്നാറുണ്ടു്. പക്ഷെ മാർപ്പാപ്പാ
യ്ക്കും, പള്ളിക്കും എതിരായിതോന്നുന്ന വിചാരങ്ങൾ പിശാചി
ൻെറ തട്ടിപ്പാണെന്നു കാരണവന്മാർ പറയാറുള്ളതിനെ മാനിച്ചു
പലപ്പോഴും അത്തരം വിചാരങ്ങൾ മനസ്സിൽനിന്നുനീക്കി മന
സ്സു ശുദ്ധിവരുത്താനും പരിശ്രമിക്കാറുണ്ടു്.

പള്ളിയിലെ ചില നിയമങ്ങൾ, ലൌകികമായി പറ
ഞ്ഞാൽ, കേന്ദ്രഗവർമ്മേണ്ടുകളും സ്റ്റേററ ഗവമ്മേണ്ടുകളും ചി
ലചില കാര്യങ്ങളിൽ പാസ്സാക്കി നടപ്പാക്കുന്നതുപോലെ, ഭൂതകാ
ലാപേക്ഷയോടുകൂടി നടപ്പാക്കുന്ന പക്ഷം, പല വ്യക്തികൾക്കും
ഇന്നു നരകത്തീയിൽനിന്നു് കരകയറുവാൻ സാധിക്കും. ലൌ
കീകവും, താല്ക്കാലികവുമായ കാര്യങ്ങൾക്കുവേണ്ടി ഭൂതകാലാപേ
ക്ഷയോടുകൂടി കല്പനകൾ നടപ്പിൽവരുത്തുന്ന സ്ഥിതിക്കു്, കാലാ
കാലത്തോളം നരകത്തീയിൽ കിടക്കേണ്ടിവരുന്ന സാഹചര്യ
ങ്ങൾ സൃഷ്ടിച്ചുവിട്ടിട്ടുള്ള പള്ളിനിയമങ്ങളുടെ കാര്യത്തിലും ഒരു
വിട്ടുവീഴ്ചയൊക്കെ നല്കി, മുൻ കാലപരിഗണനവെച്ചു ചിലതെ
ല്ലാം നടപ്പിൽവരുത്തേണ്ടതു് അത്യാവശ്യമാണെന്നു തോന്നാറുണ്ടു്.
"കട്ടളപ്പടിയിൽ ഇരുന്നാൽ ചാവുദോഷം പിഴച്ചു് നരകത്തീ
യിൽ വീഴും, ഇറയത്തു് ഇരുന്നാൽ പുണ്യം സമ്പാദിക്കും. ബന്ധ
വിമോചനവും ദോഷപൊറുതിയും കിട്ടും" എന്നൊക്കെപ്പറ
ഞ്ഞാൽ, പഴയ മുത്തശ്ശികൾ അതൊക്കെ കണ്ണടച്ചു് വിശ്വസി
ക്കും. ഇന്നത്തെ ചെറുപ്പക്കാർ അതൊന്നും സമ്മതിക്കുകയില്ല
എന്നാണു് തോന്നുന്നതു്. ലൌകികമായ വീക്ഷണകോണിൽ
ക്കൂടെ ചിന്തിച്ചാൽ, ചിലവൈയ്യാകരണനിയമങ്ങൾപോലെ,

അതായതു് "സൈക്കോളജിയുടെ മുമ്പിലുള്ള "പി" എന്ന അക്ഷരം ശബ്ദിക്കാൻ പാടില്ല (Psychology) എന്നു പറയുന്നതുപോലെ, പള്ളിനിയമങ്ങൾക്കും വലിയ തെററുപറഞ്ഞുകൂടെങ്കിലും ആദ്ധ്യാത്മീകമായ ചിന്താപഥത്തിൽക്കൂടി വീക്ഷിച്ചാൽ "ശ്രദ്ധമാനപള്ളിയുടെ കല്പനകൾ" കേവലം അത്ഥശൂന്യവും ബുദ്ധിയും വിവേകവും ഉള്ള ശാസ്ത്രീയയുഗത്തിലെ യാതൊരു മനുഷ്യജീവിക്കും വിശ്വസിക്കുവാൻ അസാദ്ധ്യവുമാണെന്നു തോന്നാറുണ്ടു്.

ഒരേ സ്റ്റേയിററിൽ ഉള്ള ഒരു താലൂക്കിൽ മദ്യവജ്ജനവും തൊട്ടടുത്ത താലൂക്കിൽ മദ്യപാനവും ഉണ്ടെന്നു വിചാരിക്കുക. മദ്യനിരോധനം ലംഘിക്കുന്ന ഒരാളെ കാലാകാലത്തോളം നരകത്തീയിൽ ഇടണമെന്നു ഒരു നിയമമുണ്ടാക്കിയാൽ അതു കേവലം അവിവേകവും അത്ഥശൂന്യവുമാണെന്നു സമ്മതിക്കാതെ തരമില്ല. മദ്യവജ്ജനമുള്ള താലൂക്കിന്നു തൊട്ടടുത്ത താലൂക്കിലെ മദ്യപാനികൾ ആഭാസന്മാർ വിളിച്ചുപറഞ്ഞിട്ടും അവർസ്വഗ്ഗത്തിന്നു അവകാശികളും നിയമം ലംഘിക്കാത്തവരുമാണെന്നു പറഞ്ഞാൽ അതെല്ലാം ന്യായവും മര്യാദയുമാണെന്നു ആരാണു് സമ്മതിച്ചു കൊടുക്കുക?

ഏതാണ്ടിതുപോലെയാണു് കടപ്പെട്ട ദിവസങ്ങളേയും വിലക്കപ്പെട്ട ദിവസങ്ങളേയുംകൊണ്ടുള്ള കസർത്തുകളി നടത്തുന്നതു്. ഇത്തരം നിയമങ്ങളും, നിയമാവലികളും, കല്പനകളും കോഡുകളും കൊണ്ടു് മെത്രാന്മാരും മററും വിശ്വാസികളായ കുഞ്ഞാടുകളെ ഇട്ടു് നട്ടംതിരിക്കുന്ന ദയനീയകാഴ്ചയാണു് സത്യക്രിസ്ത്യാനികളുടെ പള്ളിസ്കൂകേത്തു കാണാറുള്ളതു്. മനുഷ്യബുദ്ധിയെ മരവിപ്പിച്ചു്, അവരെക്കൊണ്ടു് എന്തുംചെയ്യിപ്പിക്കുന്ന ഇത്തരം കല്പനകൾ "പത്രോസിൻെറ പാറക്കല്ലിൽനിന്നും കാലത്തിനൊത്തു

പുരോഗമിച്ച്, സർവ്വസാധാരണമായി പുറത്തുവന്നുകൊണ്ടിരിക്കുന്നു. അതൊക്കെ ഏററപാടാനുള്ള ഏജൻസികളും, കെ. യസ്സ്. ജികളും, അജഗണങ്ങളും, ഇടയന്മാരും ഓരോ മിസ്സങ്ങളിലും അട്ടത്തുൺപററി സസുഖം ജീവിച്ചുവരുന്നുണ്ട്. റോമിലിരിക്കുന്ന മാർപ്പാപ്പ എന്ന ദിവ്യൻെറ കല്പനകളെല്ലാം ശരിയാണെന്നും, ദൈവത്തിൽനിന്നു നേരിട്ടുവരുന്നവയാണെന്നും കണ്ണടച്ചു വിശ്വസിക്കുന്ന "യോഗ്യന്മാരും, വിശ്വാസികളും, വൃദ്ധരും, തരുണരും, തരുണീമണികളും പല നാട്ടുകളിലും സുലഭമായി കാണാം. തന്മൂലം പ്രസ്തുത പാറക്കല്ല് നിശ്ശേഷം തകരാതെ നിലകൊള്ളുന്നു. എന്നാൽ മുമ്പെങ്ങും ഉണ്ടായിരുന്നതിനേക്കാൾ വളരെ ശക്തിയായ ഇളക്കം ഇന്നു പത്രോസിൻെറ പാറയിൽ വന്നുകൊണ്ടിരിക്കുന്നുണ്ട്. ശാസ്ത്രവും, വിദ്യാഭ്യാസവും പുരോഗമിച്ചതാണ് അതിന്നു കാരണം.

ഏതാനും ചില വ്യക്തികൾ ഒരു വട്ടമേശക്കുചുററും ഇരുന്നു ചില നിയമങ്ങൾ ഉണ്ടാക്കുകയും, അതെല്ലാം ലംഘിക്കുന്നവർ നിത്യനരകാഗ്നിയിൽ നിപതിക്കുമെന്നു ഒരു അന്ത്യശാസനം പുറപ്പെടുവിക്കുകയും ചെയ്താൽ, നീതിമാനായ ദൈവം, അതൊക്കെ ശരിവെച്ചു അവക്കു തോന്നിയപോലെ മനുഷ്യാത്മാക്കളെ നരകത്തീയിലേക്കു കാലാകാലത്തോളം വലിച്ചെറിയുവാൻ സമ്മതിക്കുവാൻമാത്രം അത്ര "വലിയ വിഡ്ഢിയോ" "മൂഢനോ" അല്ലന്നു ഇന്നത്തെ "പുതിയ തലമുറ" ചിന്തിച്ചുതുടങ്ങിയതും പത്രോസിൻെറ പാറക്കു ഇളക്കംതട്ടാൻ കാരണമായിട്ടുണ്ട്.

മുസ്സോലിനിയാൽ വിരചിതമായ "കർദ്ദിനാളിൻെറ കാമുകി" എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം കാണുന്നു.

"പത്രോസിൻെറ പിൻഗാമികളായി കരുതിയിരുന്നവർ കാട്ടിക്കൂട്ടിയ നീചകർമ്മങ്ങൾകൊണ്ടു കറപിടിച്ചതായിരുന്നു അന്ന

ത്തെ തിരുസ്സഭാചരിത്രം പോപ്പ് കോൺസ്റ്റൻററയിൻെറ കാലത്തുണ്ടായ രാഷ്ട്രീയവിജയങ്ങറംക്കശേഷം, തിരുസ്സഭ ക്രൈസ്തവത വിട്ടു് കത്തോലിക്കതയായി മാറി................"ബിഷപ്പന്മാർ സമലംകൃതമായ രഥങ്ങളിൽ തെരുവീഥികളിൽക്കൂടി നടത്തിയ എഴുന്നെള്ളത്തുകളെ 4–ാംശതാബ്ദത്തിൻെറ ചരിത്രകാരനായ "അമിയാനോ" രേഖപ്പെടുത്തിയിട്ടുണ്ടു് കത്തോലിക്കാസഭയുടെ മേൽ ഇററലിക്കാരായ മഹാകവികറം ചൊരിഞ്ഞ ശാപശതങ്ങറംക്കററമില്ല

വ്യഭിചാരത്തിന്നും ബന്ധുപക്ഷപാതത്തിന്നും കുററവാളിയായിത്തീൎന്ന അലക്സാണ്ടർ ആറാമൻ, വിഷംകൊടുത്തു കൊല്ലുന്നതിൽ കുപ്രസിദ്ധനായിരുന്നു. ലെയോ പത്താമൻ പാപനിവാരണത്തിന്നു ഒരു നികുതിതന്നെ ഏൎപ്പെടുത്തി. ക്ലെമൻറ് ഏഴാമൻ കാമശമനത്തിന്നു വത്തിക്കാനിൽ കുപ്രസിദ്ധയായ ഒരു ആഫ്റിക്കാക്കാരിയുറംപ്പെടെ ഒരു സംഘം അതികാമികളായ സ്ത്രീകളെ താമസിപ്പിച്ചിരുന്നു. പോപ്പ് ജൂലിയസ് മൂന്നാമൻ ഗ്രീക്കപ്രണയത്തിൽ വിദഗ്ദ്ധനായിരുന്നു. പോപ്പ് പോറം മൂന്നാമൻ സ്വമാതാവിനെ വിഷംകൊടുത്തുകൊന്നു. പോപ്പ് പിയൂസ് അഞ്ചാമൻ, സെൻറ് ബർത്തലോമ്യോ ദിവസംകൊണ്ടാടുന്നതിന്നു ഒരു മുദ്ര അടിച്ചുകൊണ്ടിരുന്ന അവസരത്തിൽ പാരിസിൽവെച്ചു കത്തോലിക്കർ അനേകായിരം ഹ്യൂജനോട്ട്സ്കളുടെ രക്തം ചിന്തിക്കൊണ്ടിരിക്കുകയായിരുന്നു. ഹെൻറി ആറാമനെ വധിച്ച ജാക്വസ് ക്ലെമൻറിനെ വാനോളം പുകഴ്ത്തുകയും എലിസബത്തു രാജ്ഞിയെ വധിക്കുന്നതിന്നുള്ള പ്രേരണകറം നല്കുകയും ചെയ്തിരുന്ന ജനററം മരിയാനായുടെ നേതൃത്വത്തിൽ ജസ്വീട്ട്സഭ ഉദ്ദേശസാദ്ധ്യത്തിന്നു കൊലപാതകം ആദൎശം പ്രമം

ണമായി സ്വീകരിച്ചു, പോപ്പ് സിക്സ്ററസ് തന്നെ രാജഹത്യയുടെ ഒരു പ്രവാചകനായിരുന്നു.

കുഞ്ഞാടുകളുടെ ആത്മീയ രക്ഷക്കുവേണ്ടി പ്രവർത്തിക്കാൻ തെരഞ്ഞെടുക്കപ്പെട്ട തിരുസ്സഭയിലെ പരിശുദ്ധപിതാക്കന്മാർ തന്നെ ഇമ്മാതിരി ദുഷ്കൃത്യങ്ങളിൽ വ്യാപൃതരായിരുന്നുവെങ്കിൽ, ഇങ്ങെയററത്തെ അപ്രധാനികളായ ഇടയന്മാരിൽ സത്യം, ദയ, ത്യാഗം ഭക്തി മുതലായ സൽഗ്ഗുണങ്ങൾ എങ്ങിനെയാണ് ഉണ്ടാകുക? കത്തോലിക്കാസഭയിലെ പോപ്പുതൊട്ട് ഇങ്ങേയററമുള്ള ഒരു ഇടവകയിലെ പാതിരിവരെ അങ്ങേഅററം ദുഷിച്ചുപോയിരുന്നു.”

(കർദ്ദിനാളിൻെറ കാമുകി. വിവ: പ്രസന്നജി, മുല്ലശ്ശേരി)

മുൻ വിവരിച്ചതിനുംപുറമെ, അബലയെന്നും, ചപലയെന്നും ഗണിക്കപ്പെട്ടിരുന്ന മഹിളാമണികളുടെ വംശക്കാരികളിലൊരുത്തി മാർപ്പാപ്പയായി പണ്ടൊരിക്കൽ അവരോഹിക്കപ്പെട്ടിട്ടുണ്ടെന്നു കേട്ടാൽ “അപ്രമാദിത്വവരത്തെപററിയും മററും സംശയിക്കുന്നതിൽ അത്ഭുതപ്പെടാനുണ്ടോ?

# രണ്ടു്.

"Is England Becoming pagan" എന്ന ലഘുഗ്രന്ഥത്തിൽ ഇംഗ്ലണ്ടിലെ മതബോധം നാമാവശേഷമായിരിക്കുകയാണെന്നു പ്രസ്താവിച്ചിരിക്കുന്നു. അവിടത്തെ സർവ്വകലാശാലകളിലേയും യുവവിദ്യാർത്ഥികളിൽ ഭൂരിപക്ഷംപേക്കും ക്രിസ്തുവിനെപ്പററിയോ പോപ്പിന്റെ 'അപ്രമാദിത്വവര'ത്തെപ്പററിയോ ഒരു 'ചുക്കും' അറിഞ്ഞുകൂടാതായിട്ടുണ്ടു്. മതതട്ടിപ്പുകളിൽനിന്നു യൂറോപ്പ് ഉടനീളം രക്ഷപ്പെട്ടിരിക്കയാണു്. ചൈന, റഷ്യ മുതലായ പ്രദേശങ്ങളിലും അന്ധവിശ്വാസങ്ങൾക്കും അബദ്ധജടിലങ്ങളായ മതപ്രബോധനങ്ങൾക്കും വലിയ കമ്പോളം ഇല്ലാതായിരിക്കുകയാണു്. ഇററലിയിൽപോലും പോപ്പിന്റെ സ്വാധീനശക്തി ക്ഷയിച്ചിരിക്കുകയാണിന്നു് എന്നുകാണാവുന്നതാണു്. ഇന്ത്യയിൽ റോമൻ കത്തോലിക്കരുടെ എണ്ണം വളരെ തുച്ഛമാണു്. ഒന്നരശതമാനം "സത്യകൃസ്ത്യാനികളെ ഇന്ത്യയിൽ ഉള്ളുവെന്നാണു് സ്ഥിതിവിവരണകണക്കുകൾ തെളിയിക്കുന്നതു്. കേരളത്തിൽ പഴയ കത്തോലിക്കർ ഇന്നുനാമമാത്രമായിരിക്കുകയാണെന്നു് ഇവിടത്തെ തെരഞ്ഞെടുപ്പു തെളിയിച്ചിരിക്കുന്നു. മതപ്പട്ടാച്ചികൾ ഒരുതരം "കല്ലൻപരിപ്പായി" തീർന്നിരിക്കുകയാണു് വിദ്യാഭ്യാസരംഗത്തു മുന്നണിയിൽ നില്ക്കുന്ന കേരളത്തിൽ എന്നു വ്യക്തമായിരിക്കുകയാണു്. വിദ്യാഭ്യാസം വർദ്ധിക്കുമ്പോൾ, അജ്ഞാനാന്ധകാരം ഓടിയകലുന്നു, അന്ധവിശ്വാസപരമായ പ്രബോധനങ്ങൾക്കു് വിലയില്ലാതായിത്തീരുകയും ചെ

യ്യുന്നു എന്നാൽ പഴയ "മാമൂലുകൾ" പെട്ടന്നു വിട്ടുകളയുവാൻ പലക്കും വിഷമമാണെന്നു മാത്രമെയുള്ളു. പള്ളിയിൽപോവുകയും "തിരുകർമ്മങ്ങളിൽ സംബന്ധിക്കുകയും ചെയ്യുകയെന്നതു് ഒരു സാമൂഹ്യമര്യാദയായി മാത്രം ചിലർ അനുഷ്ഠിച്ചുപോരുന്നുണ്ടു് എന്നുമാത്രമെയുള്ളു. വിവാഹാഘോഷങ്ങൾക്കും, ശവസംസ്കാരചടങ്ങുകൾക്കുംവേണ്ടിയാണ് പലരും മതത്തിന്റെ കാവൽഭടന്മാരായ പുരോഹിതന്മാരെ അന്വേഷിച്ചുപോകാറുള്ളതു് വളരെ പുരാതനകാലം മുതൽ ഈ ചടങ്ങുകൾ രണ്ടും പുരോഹിതന്മാരുടെ സാന്നിദ്ധ്യത്തിൽവെച്ചാണ് നടത്താറുള്ളതു് എന്നതുകൊണ്ടു്, പലക്കും ഈ ചടങ്ങുകളിൽ പുരോഹിതൻ സംബന്ധിച്ചില്ലെങ്കിൽ യാതൊരു മനസ്സമാധാനവും ഉണ്ടാകാറില്ലായെന്നതു മനശാസ്ത്രപരമായ ഒരു സ്ഥിതിവിശേഷമാണെന്നു പറയുന്നതിൽ തെററില്ല.

എന്നുതന്നെയല്ല, സാമുദായികമായി ബഹിഷ്കരിക്കപ്പെടുവാൻ ആരും ആഗ്രഹിക്കുന്നില്ലെന്ന കാര്യം കേവലം ഒരു പരമാർത്ഥം മാത്രമാണ്. ഈ ഒരു വീക്ഷണകോണിൽക്കൂടി നോക്കിയാണ് പലരും മതത്തെ പ്രത്യക്ഷത്തിൽ വലിച്ചു ദൂരെ എറിയാത്തതുഎന്നു പല പുരോഹിതന്മാർക്കും അജ്ഞാതമായിട്ടാണ് ഇരിക്കുന്നതു്. മനുഷ്യൻ മറെറല്ലാ ജീവികളേക്കാളിലും സാമുദായികജീവിതം അഭിലഷിക്കുന്നവനാണ്. ഈ ഒരു അടിസ്ഥാനത്തിലാണ് ഇന്നു ഭൂരിപക്ഷം സമുദായവാദികളും അതിന്റെ കാവൽഭടന്മാരായ പുരോഹിതവർഗ്ഗവും സാധുക്കളെ ചൂഷണംചെയ്യുന്നതു്. മുതലാളിമാക്കു മതം വലിയ ഒരു ഉപകാരമായിട്ടാണ് നിലകൊള്ളുന്നതു്. മുതലാളിത്ത—പൌരോഹിത്യ—അച്ചുതണ്ടിന്റെ പ്രവർത്തനം സാധുതൊഴിലാളികൾ മനസ്സിലാക്കിവരികയാണ്.

മതം ഒരു കലയായിട്ടാണ് ഇന്നു പലരും വീക്ഷിക്കുന്നത്. ഉത്സവം, പെരുന്നാൾ എന്നിവയിൽ സുകുമാരകലകളുടെ ബഹുത്തായ സമ്മേളനമല്ലാതെ മറെറന്താണുള്ളത്. ടാജ മഹാൾപോലെത്തന്നെ മധുരമീനാക്ഷിക്ഷേത്രവും, റോമിലേയും, പാരീസ്, ലണ്ടൻ മുതലായ പരിഷ്കൃതരാജ്യങ്ങളിലെ ഗംഭീരങ്ങളായ കത്തീഡ്രൽ ദേവാലയങ്ങളും, ഉന്നത കലാശില്പങ്ങളായി വിരാജിക്കുന്നു എന്നല്ലാതെ ലോകവും സ്വർഗ്ഗവും കൂട്ടിയിണക്കാൻ പര്യാപ്തമായ പരിശുദ്ധാത്മപിയുടെ വാസസ്ഥലങ്ങളായി ആരുമാരും അത്തരം മഹാസൌധങ്ങളെ പരിഗണിക്കുന്നില്ലായെന്നതു കേവലം ഒരു പരമാത്ഥം മാത്രമാണ്.

യഥാസ്ഥികന്മാക്കും കുന്നുകുന്നായി ധനംശേഖരിച്ചുവെച്ചിരിക്കുന്ന മുതലാളിമാക്കും താങ്ങും തണലുമായി മതം വിരാജിക്കുന്നുവെന്നല്ലാതെ, സാധാരണക്കാരൻെറ ദൈനംദിന ജീവിതത്തിലെ നീറുന്ന പ്രശ്നങ്ങൾക്ക പരിഹാരം കണ്ടെത്തുന്നതിന്നു ഉപയുക്തങ്ങളായ പരിപാടികൾ ഇന്നു "മതാചായ്യന്മാർ" കൈവിട്ടുകളഞ്ഞിരിക്കുകകൊണ്ടാണ് മതത്തിന്നു ലോകത്തിൽ അങ്ങോളമിങ്ങോളം പരാജയം സംഭവിച്ചിരിക്കുന്നതു എന്നു മനസ്സിലാക്കാൻ പ്രയാസം ഇല്ല. ദൈവവും മതവും പണ്ടൊക്കെ മനുഷ്യജീവിതവുമായി ബന്ധപ്പെട്ട നിലയിലാണ് കഴിഞ്ഞിരുന്നതു് എന്നു കാണാം. എന്നാൽ ക്രമേണ, മതത്തിൻെറ കാവൽ ഭടന്മാർ, മതത്തെ ലൌകികജീവിതവുമായി ബന്ധപ്പെടുത്താതെ ഇടവിതാനത്തിൽ നിത്തുവാനുള്ള ഒരു പരിശ്രമത്തിൽ ഏപ്പെട്ടു. സ്വാർത്ഥപരമായ ഉദ്ദേശത്തോടുകൂടിയും, ധനാജ്ജന ലക്ഷ്യത്തെ മുൻനിറുത്തിയുമാണ് അവർ ഈ വിച്ഛേദനത്തിന്നു ഒരുമ്പെട്ടതെങ്കിലും, ഒടുവിൽ അവരുടെ സാക്ഷാൽ നിലനില്പിൻെറ ആണിക്കല്ലിന്നുപോലും ഇളക്കം തട്ടിയെന്നു മാത്രമെയുള്ളു. മതത്തി

ൻെറ ഒരു പ്രത്യേക സ്വഭാവത്തെപ്പററി ചിന്തിക്കുന്നതു രസാവഹമാണ്. വ്യത്യസ്ഥമതക്കാർ തമ്മിൽ വഴക്കും വക്കാണവുമായി കഴിഞ്ഞുകൂടുന്നതു നാം സാധാരണ കണ്ടുവരാറുണ്ട്. എന്നാൽ ഇക്കൂട്ടർ ഒരു നിമ്മതനെ കണ്ടുമുട്ടിയാൽ എല്ലാസംഹാരശക്തികളും അഴിച്ചുവിട്ടു അവനെ ഉന്മൂലനാശം ചെയ്യാൻ ഒത്തൊരുമിച്ചുകൂടുന്നതും നാം സാധാരണ കണ്ടുവരാറുള്ള ഒരു സംഗതിയാണ്. മതപ്രബോധനങ്ങളും "കത്തനാരന്മാരുടെ ഉപദേശങ്ങളും" കണ്ണടച്ചു വിശ്വസിക്കുന്ന ക്രിസ്ത്യാനികൾ മററു മതങ്ങളിൽ കാണുന്ന ആചാരങ്ങളെ അന്ധവിശ്വാസമായി കണക്കാക്കുകയും അവരെ അവഹേളിക്കുകയും ചെയ്യുന്നതു് കാണുമ്പോൾ, മതമെ! നിൻെറ മായങ്ങളും, മറിമായങ്ങളും ഭൂലോകത്തുനിന്നു നിശ്ശേഷം നിർമ്മാജ്ജനംചെയ്യേ ലോകത്തിനു് ശാശ്വതശാന്തി കൈവരിക്കുകയുള്ളു എന്നു തോന്നിപ്പോകാറുണ്ട്. ക്രിസ്ത്യാനികളിൽ ഒരു വിഭാഗം, ഗോതമ്പപ്പത്തിൻെറ രൂപത്തിൽ കത്താവായ ദൈവം എഴുന്നെള്ളിയിരിക്കുന്നുവെന്നും, വേറെ വലിയൊരു വിഭാഗം അങ്ങനെയില്ലെന്നും, വാദിക്കുന്നു. ക്രിസ്ത്യാനികളിൽ പലവിഭാഗക്കാരും തമ്മിൽ തമ്മിൽ കലഹിച്ചു, വിവിധതരത്തിലുള്ള തത്വസംഹിതകൾ ഉൾക്കൊള്ളിച്ച് വിശ്വാസപ്രമാണങ്ങൾ ക്രോഡീകരിച്ചിരിക്കയാണ്. ഓരോ വിഭാഗക്കാരും മററുള്ളവർ തെററുകാരാണെന്നു വാദിച്ചുകൊണ്ടിരിക്കുന്നു. ഓരോ കൂട്ടരും, മററുള്ളവർ പതിതരും, ശരിയായ ദൈവജ്ഞാനമില്ലാത്തവരും ആണെന്നു വിശ്വസിക്കുകയും പരസ്പരം മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. എന്നാൽ എല്ലാ ക്രിസ്ത്യാനികളും ഹിന്ദുക്കളെ അജ്ഞാനികളും സത്യദൈവത്തെപ്പററി, അതായതു ക്രിസ്തുവിനെപ്പററിയും മററും ശരിയായ ജ്ഞാനമില്ലാത്തവരാണെന്നും തന്മൂലം ദൈവത്തോടു്,

അജ്ഞാനികളായ ഹിന്തുക്കളുടേയും മററു പതിതരുടേയും മാന സാന്തരത്തിന്നുവേണ്ടി നിത്യവും പ്രാർത്ഥിച്ചുവരികയും ചെയ്യുന്നു. സാക്ഷാൽ പണ്ഡിററു നെഹറുപോലും ഇവരുടെ ദൃഷ്ടിയിൽ ഒരു അജ്ഞാനിയാ(pagan)ണ് പോലും. സാക്ഷാൽ "ദൈവം" ഇവരുടെ പ്രാർത്ഥനകൾകേട്ടു ചിരിക്കുന്നുണ്ടായിരിക്കണം. അത ല്ലെങ്കിൽ, അർത്ഥശൂന്യങ്ങളായ ഇവരുടെ ജല്പനങ്ങൾ സർവ്വ ജ്ഞാനിയായ അദ്ദേഹത്തിന്ന് ബാലലീലകളായി അനുഭവപ്പെ ട്ടിരിക്കാം.

ക്രിസ്ത്യാനികൾ, അജ്ഞാനികളായ ഹിന്തുക്കളുടെ മതാചാ രങ്ങളെ അന്ധവിശ്വാസങ്ങളായി ചിത്രീകരിക്കുന്നതു സർവ്വസാ ധാരണമാണ്. കല്ലിനെ ദേവന്മാരായി പൂജിക്കുന്നതു ക്രിസ്ത്യാനി കൾ, അന്ധവിശ്വാസമാണെന്നു പറയാറുണ്ട്. അതെ ക്രിസ്ത്യാ നികൾതന്നെ, കല്ലുകൊണ്ടും, മരംകൊണ്ടും ഉള്ള ബിംബങ്ങളെ പുണ്യവാളന്മാരായി പൂജിക്കുകയും വണങ്ങുകയും, ചുംബിക്കുക യും ചെയ്യുന്നതുകൂടാതെ, ഗോതമ്പപ്പത്തിന്റെ രൂപത്തിൽ കർത്താവ് എഴുന്നെള്ളിയിരിക്കുന്നുവെന്നും, വീഞ്ഞിന്റെ സാദൃ ശ്യത്തിൽ കർത്താവിന്റെ തിരുച്ചോര, കാസയിൽരൂപംകൊള്ളു ന്നുവെന്നും വിശ്വസിക്കുകയും, മനുഷ്യദൃഷ്ടിക്കു കേവലം അപ്പവും വീഞ്ഞും മാത്രമായിരിക്കുന്ന പ്രസ്തുത വസ്തുക്കളെ ദൈവത്തിന്റെ "ശരീരവും ചോരയും" ആണെന്നു ഏററുപറഞ്ഞു എഴുന്നെള്ളി ച്ചുകൊണ്ടുനടക്കുകയും ചെയ്യുന്നു. ഇതെല്ലാം അന്ധവിശ്വാസ മാണെന്നു ഏതെങ്കിലും ഒരാൾ പറയുന്നതു കേൾക്കാനുള്ള ക്ഷമ പോലും പല ഭക്തന്മാർക്കും ഇല്ലെന്നകാര്യം ഒരു പരമാർത്ഥമാണ്. അങ്ങനെ പറഞ്ഞാൽ ഒരുപക്ഷേ മതത്തിന്റെ പേരിൽ ഒരു 'കു രിശുയുദ്ധം' തന്നെ നടന്നെന്നുംവരും. ക്രിസ്ത്യാനികൾ മലയാ റ്റൂർ, മൈലാപ്പൂർ മുതലായ സ്ഥലങ്ങൾ തീർത്ഥാടനകേന്ദ്രങ്ങളാ

യി അവകാശപ്പെടുന്നുണ്ടെങ്കിലും, ഹിന്ദുക്കൾ ശബരിമല, പളനി, കാശി, രാമേശ്വരം മുതലായ ദിക്കുകൾ പരിശുദ്ധ സ്ഥലങ്ങളായിക്കരുതി അവിടങ്ങളിലേക്കു തീർത്ഥാടനംകഴിക്കുന്നതും, മുസ്ലീങ്ങൾ മെക്കയിലേക്കു പോകുന്നതും കാണുമ്പോൾ ആസ്ഥ സഹിക്കുവാനോ പ്രസ്തുത സ്ഥലങ്ങൾ പരിശുദ്ധ കേന്ദ്രങ്ങളെന്നു് സമ്മതിച്ചുകൊടുക്കാനോ ഒരിക്കലും സമ്മതിക്കാറില്ല. പരസ്പരം, സഹോദരബുദ്ധ്യാ വീക്ഷിക്കാനുള്ള മനോവികാസം ഒരു മതവിഭാഗത്തിന്നും ഇല്ലെന്നുകാണാവുന്നതാണു്. ഗംഗയിൽ സ്നാനംചെയ്താൽ പാപകർമ്മങ്ങൾ കഴുകിപ്പോകുമെന്നു വിശ്വസിക്കുന്ന ഒരു ഹിന്ദുവിന്നു്, ക്രിസ്ത്യാനികൾ പള്ളിയിൽചെന്നു കത്തനാരന്മാരോടു പാപം ഏററുപറഞ്ഞു "കുമ്പസാരി"ക്കുന്നതു്, തനി അന്ധവിശ്വാസമായി മാത്രമേ കണക്കാക്കാൻ നിവൃത്തിയുള്ളു. ഗുരുവായൂരും, തൃപ്രയാറും, കാശിരാമേശ്വരത്തും "പിശാചിനെ"യാണു് കുടിവെച്ചിരിക്കുന്നതു് എന്നു് ക്രിസ്തുപുരോഹിതന്മാർ പലപ്പോഴും ആക്രോശിക്കുന്നതു കേൾക്കാം. അതുപോലെത്തന്നെ പണ്ടകാലത്തെ ക്രിസ്തുപുരോഹിതന്മാർ, ആനയെക്കാണുന്നതും, കാവിടി കാണുന്നതും പാപമാണെന്നും അത്തരം പാപങ്ങൾ ചെയ്യുന്നവർ 'അച്ചനോടു്' കുമ്പസാരത്തിൽ പറഞ്ഞു് പാപപ്പൊറുതി വാങ്ങണമെന്നും ഉപദേശിച്ചിരുന്നു. അമ്പലത്തിലെ ദേവൻ പിശാചാകയാൽ, പ്രസ്തുത ദേവനെ എഴുന്നെള്ളിച്ചുകൊണ്ടുനടക്കുന്ന ആനയ്ക്കും അല്പസ്വല്പം 'പൈശാചികത്വം' ബാധിച്ചിരിക്കുമെന്നാണു് ഇതിന്നു പറഞ്ഞിരുന്ന ന്യായം. ഹിന്ദുവും ക്രിസ്ത്യനും തമ്മിൽ ഒരു തരത്തിലും അടുത്തുപെരുമാറുവാൻ ഇടവരരുതെന്നാണു് ഇതിൻെറ ഉദ്ദേശമെന്നു് വ്യക്തമാണു്. ക്രിസ്ത്യാനിയുടെ "സത്യവിശ്വാസങ്ങൾ"ക്കു കോട്ടം സംഭവിക്കാതിരിക്കണമെന്നതാണു് പ്രസ്തുത പ്രചരണങ്ങളുടെ ലക്ഷ്യം. ക്രിസ്ത്യാനികൾക്കു

KOTTAYAM ... LIBRARY
KOTTAYAM.
70876

മാതാവിലും പുണ്യവാളന്മാരിലും ഉള്ള വിശ്വാസത്തെ ഹിന്ദുക്കൾ പരിഹസിക്കുന്നതും പുത്തരിയല്ല. കൊന്ത നമസ്കരിക്കുന്ന ക്രിസ്ത്യാനിക്കു രാമനാമം ജപിക്കുന്ന ഹിന്ദുവിനോട് പുച്ഛമാണ്. ഹിന്ദുക്കളും ക്രിസ്ത്യാനികളും "നിസ്കാരം കഴിക്കുന്ന" മുസ്‌ലീമിനെ പരിഹസിക്കുന്ന കാഴ്ചയും വിരളമല്ല. സത്യദൈവത്തോടുള്ള പ്രാർത്ഥന ക്രിസ്ത്യാനികളുടെ "കുത്തക"യാണെന്ന് അവർ അവകാശപ്പെടുന്നു. ഇങ്ങനെ ഓരോരുത്തരും വ്യത്യസ്ഥങ്ങളുള്ള കണ്ണടകൾ ധരിച്ച്, പരാശക്തിയെ പച്ചനിറത്തിലും, ചുവപ്പുനിറത്തിലും, മഞ്ഞനിറത്തിലും മററും ദർശിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ പച്ചക്കണ്ണട ധരിച്ചവൻ, പ്രസ്തുത പരാശക്തി ചുവപ്പുനിറത്തിലാണെന്ന് എങ്ങിനെ സമ്മതിക്കും? മററുള്ളവർ ധരിച്ചിട്ടുള്ള കണ്ണട എടുത്തുവെച്ചുനോക്കുവാൻ ആരും മെനക്കെടാറില്ലാത്തതിനാൽ ഓരോരുത്തരും വ്യത്യസ്ഥങ്ങളായ ആശയഗതികളും കൊണ്ടുനടക്കുകയും അതിൻെറ പേരിൽ വഴക്കുകളും വക്കാണങ്ങളും സൃഷ്ടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന പരിതാപകരമായ കാഴ്ചയാണ് നാം ദൈനംദിനജീവിതത്തിൽ കണ്ടുവരുന്നത്. ഇങ്ങനെ മനുഷ്യനെ ഒററതിരിച്ച് നിറുത്തി അവൻെറ സംഘടനാബോധത്തേയും ഐകമത്യത്തേയും ചൂഷണം ചെയ്തു അതിൽനിന്നും മുതലെടുക്കുവാൻ വെമ്പുന്ന പുരോഹിതപരിഷകളുടെ നിർമ്മിതികളാണ് നിലവിലുള്ള "ജാതിവേലി"കൾ എന്നു പറഞ്ഞാൽ യാഥാസ്ഥികമനസ്ഥിതിയിൽനിന്നും ഉയർത്തെഴുന്നിററിട്ടില്ലാത്ത നമ്മുടെ ചില സഹോദരന്മാർ നെററി ചുളിക്കുകയും, അങ്ങനെ പറയുന്നവൻെറ കരണക്കുററിക്കു തരംകിട്ടിയാൽ രണ്ടു തൊഴിവെച്ചുകൊടുക്കുകയും ചെയ്യുമെന്നുള്ളതാണ് പരമാർത്ഥം.

ക്രിസ്ത്യാനിസ്ത്രീകളിൽ ഒരു വിഭാഗത്തിൽകാണുന്ന പ്രത്യേകതരത്തിലുള്ള വസ്ത്രധാരണവും, "മേയ്ക്കാമോതിരവും", പൊതുവെ

ക്രിസ്ത്യാനികൾക്ക ഞായറാഴ്ചതോറും ഉള്ള പള്ളിയിൽപോക്കും അവരെ ഒരു പ്രത്യേകമായ സമുദായമാക്കിത്തിരിക്കുന്നു. കൂടാതെ, പേരുകൊണ്ട് ജാതി തിരിച്ചറിയാൻ പ്രയാസമുണ്ടോ? പുരോഗമനവാദിയായ ഒരു മഹാൻ ആക്രോശിച്ചു "ജാതി ചോദിക്കരുത് പറയരുതു" എന്നെല്ലാം. എന്നാൽ പേരുകൊണ്ട് ഇന്ന ജാതിയെന്നു തിരിച്ചറിയാമെങ്കിൽപ്പിന്നെ ജാതി ചോദിക്കേണ്ട ആവശ്യംതന്നെ ദുർല്ലഭമാണ്. ജാതിയിലെ, ഉപജാതി തിരിച്ചറിയുവാൻ ജാതി ചോദിക്കേണ്ടതാണെന്നു സമ്മതിക്കാതെ തരമില്ല. എന്നാൽ കാലം പുരോഗമിക്കുംതോറും, പേരുകൊണ്ട് ജാതി തിരിച്ചറിയുവാൻ നിവൃത്തിയില്ലാ എന്ന നിലവന്നുചേൻ്നിരിക്കുന്നതിൽനിന്നു് പൊതുവിൽ "ജാതിമതത്തോട്" ജനങ്ങൾക്കുള്ള വിദ്വേഷം പ്രകടിതമായികാണുന്നതു ആശ്വാസജനകംതന്നെ. ഹിന്തുക്കൾ നെററിയിൽ പൊട്ടുതൊടുന്ന സമ്പ്രദായവും, ക്രിസ്ത്യാനികൾക്ക കൊന്തയും വെന്തീങ്ങയും ഇടുന്ന സമ്പ്രദായവും പണ്ടുകാലത്തു വളരെ അത്യന്താപേക്ഷിതങ്ങളായിരുന്നുവെങ്കിലും വിദ്യാസമ്പന്നരായ ഇന്നത്തെ യുവജനങ്ങൾ അത്തരം ആചാരവിശേഷങ്ങൾ കുറെയൊക്കെ അകററിനിറുത്തിയിരിക്കുകയാണ്. ഹിന്തുവായാൽ കാതുകുത്തണമെന്നു് നിർബ്ബന്ധമായിരുന്നു. സ്ത്രീയായാൽ കാതുകുത്തണമെന്നു എല്ലാ മതവിഭാഗക്കാരും സമ്മതിച്ചുപോന്നിരുന്നു. എന്നാൽ ഇക്കാലത്തു കാതുകൾക്ക ദ്വാരങ്ങൾ ഉണ്ടാക്കുന്ന "കർമ്മം" വളരെ അപൂർവ്വമായി മാത്രമെ ആചരിച്ചുവരുന്നുള്ളു.

"അന്യവസ്തുക്കളെ ആഗ്രഹിക്കരുതു" എന്ന ക്രിസ്തീയ പ്രമാണത്തെപ്പററി സ്വല്പമൊന്നു പരിചിന്തിക്കാം. ആദ്യംതന്നെ, ഏതാണ് അന്യവസ്തു എന്നാണ് ആലോചിക്കേണ്ടതു്.

ക്രിസ്ത്യാനികളുടെ പഴയ നിയമത്തിൽ പറയുന്നു "ആദി

യിൽ ദൈവം ആദത്തെ സൃഷ്ടിച്ചു. പിന്നീട് ഉറങ്ങിക്കിടന്നിരുന്ന ആദത്തിൻെറ വാരിയെല്ലിൽനിന്നു് ജീവിതസഖിയായ ഹവ്വായേയും സൃഷ്ടിച്ചു"വെന്നു. പിന്നീട് ഈ ആദിമാതാപിതാക്കന്മാരുടെ സന്തതികഠം നാനാജാതിമതസ്ഥരായിത്തിരിയുവാൻ ഇടയായ സംഭവം ഒരു കെട്ടിടംപണിയാണെന്നു് പ്രതിപാദിച്ചിരിക്കുന്നു. സ്വൎഗ്ഗത്തെ വെല്ലുവിളിക്കുന്നവിധത്തിലുള്ള ഒരു മണിഗോപുരം നിൎമ്മിക്കാൻ ഉത്സാഹിക്കവെ, ദൈവകോപത്തിന്നിരയായി, കല്ലെടുക്കാൻ പറഞ്ഞയാഠംക്കു കുമ്മായമാണ് കിട്ടിയതെന്നും ഇങ്ങനെ പ്രത്യേകതരത്തിലുള്ള വിവിധ ഭാഷകഠം നടപ്പിൽ വന്നുവെന്നും വിഭിന്നകക്ഷികളായി നമ്മുടെ പൂൎവ്വികന്മാർ തിരിഞ്ഞുപോയെന്നും മററും പ്രതിപാദിച്ചുകാണുന്നു. ജാതിവേലികളുടെ നിൎമ്മാണം ഈ സംഭവമാണെന്നു കരുതാനാണ് ന്യായംകാണുന്നതു്. എങ്കിലും ഭൂലോകത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള മനുഷ്യരത്രയും, ഇനി ഉണ്ടാകാനിരിക്കുന്ന ജനങ്ങളും ആദത്തിൻെറ സന്താനപരമ്പരയാണെന്നു് ക്രിസ്ത്യാനികഠംക്കു സമ്മതിക്കാതെ തരമില്ല. പൂർവ്വപിതാവായ ആദത്തിൻെറ സ്വത്തിന്നു് എല്ലാ സന്തതികളും തുല്യാവകാശികളാണെന്നു സമ്മതിക്കാതെ നിൎവ്വാഹമില്ല. വിപ്ലവങ്ങളുടെയെല്ലാം 'മുരട്' ഈ തത്വമാണെന്നു നമുക്കു കാണാം.

"When Adam delved and Eve span, who was then the gentleman?" "ആദം കിളയ്ക്കുകയും ഹവ്വ വസ്ത്രം നെയ്യുകയുംചെയ്തിരുന്നപ്പോഠം ആരാണ് മുതലാളിയായിരുന്നതു്?" എന്ന വിപ്ലവകാഹളമൂതിയിട്ടാണ് പലയിടത്തുംസമരസന്നാഹങ്ങഠം ഉണ്ടായിട്ടുള്ളതെന്നു ചരിത്രത്തിൽക്കാണുന്നു. പൂർവ്വപിതാവായ ആദത്തിൻെറ സ്വത്തിന്നു് എല്ലാ സന്തതികഠംക്കും തുല്യാവകാശമാണുള്ളതെന്നും സമ്മതിക്കാതെ തരമില്ല. പൊതുപിതാ

വായി ദൈവത്തെ അംഗീകരിക്കുന്ന എല്ലാവക്കും ഈ തത്വം ബാധകമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ദൈവമോ അഥവാ ആദമോ പ്രത്യേകിച്ച് ഒരു മരണപത്രവും എഴുതിതെയ്യാറാക്കിയതായി കേട്ടിട്ടില്ല. ആ നിലയ്ക്ക് ലോകത്തിൽ കാണുന്ന എല്ലാ സ്വത്തുക്കൾക്കും അതിൽ കാണുന്ന എല്ലാ മനുഷ്യക്കും തുല്യാവകാശമാണെന്നു സിദ്ധിക്കുന്നു. എന്നാൽ ദൈവത്തിൻെറ സ്വത്തിനു തുല്യാവകാശമില്ലെന്നു പറയുന്നതുപോലെയാണ് "അന്യവസ്തുക്കളെ ആഗ്രഹിക്കരുതു്" എന്നു പറയുന്നതുകൊണ്ടു് അർത്ഥമാക്കേണ്ടിവരുന്നതു്. അതല്ലെങ്കിൽ ഒരുത്തൻെറ കൈവശമുള്ള സ്വത്തു് സ്വന്തവും, വേറെ ഒരാൾ അതു തട്ടിപ്പറിച്ചു് എടുത്തു് കൈവശംവെച്ചാൽ "അന്യവസ്തുവും" ആണെന്നു സമ്മതിക്കേണ്ടിവരും. അന്യൻെറ പക്കലുള്ള സ്വന്തം വസ്തുക്കൾ ആഗ്രഹിക്കരുതു എന്നുപറഞ്ഞാൽ അതെങ്ങിനെ സമ്മതിച്ചുകൊടുക്കും? ഒരുത്തൻെറ വസ്തു, അപരൻ കൈവശംവെച്ചു് അനുഭവിക്കുമ്പോൾ അതു അതിൻെറ ഉടമസ്ഥനു തിരിച്ചുകിട്ടാൻ അർഹതയില്ലെന്നുവരുമോ? ഇതാണ് പ്രശ്നം. ഈ പ്രശ്നം പരിഹരിക്കാൻ വളരെ പ്രയാസമായിത്തോന്നും. 'അന്യവസ്തുക്കളെ ആഗ്രഹിക്കരുതു്" എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കേണ്ടതു? ആദത്തിൻെറ സന്തതികളിൽ ഒരു മഹാഭൂരിപക്ഷം ദാരിദ്ര്യക്ഷുൽപിപാസാദികളാൽ വലയുമ്പോൾ ഒരു ചെറിയ ഭൂരിപക്ഷം, പൂവ്വപിതാവിൻെറ സ്വത്തെല്ലാം അടക്കിവെച്ചു് സുഖമായി അനുഭവിക്കുകയും, മററു സഹോദരന്മാക്ക ന്യായമായി സിദ്ധിക്കാൻ അവകാശപ്പെട്ട ഓഹരി ചോദിക്കുമ്പോൾ ആയതു കൊടുക്കാതെ കഴിഞ്ഞുകൂടുകയും, വേലയെടുപ്പിച്ചതിന്നുള്ള ശരിയായ കൂലിപോലും കൊടുക്കാതെ സ്വസഹോദരങ്ങളെ വിപ്ലവകാരികളെന്നു മുദ്രകുത്തുകയും, പൊല്ലീസിനെക്കൊണ്ടു മട്ടിപ്പിച്ചു് അവശരാക്കുകയും ചെയ്തിട്ടു', ജന്മിമുതലാളിത്ത താല്പയ്യങ്ങൾക്കു വിധേയനായി

നടുക്കുററിയാക്കി നിറുത്തിയിട്ടുള്ള പുരോഹിതനെക്കൊണ്ടു് "അന്യവസ്തുക്കളെ ആഗ്രഹിക്കരുതു്" എന്നുപദേശിപ്പിക്കുകയും ചെയ്യുന്നതായിട്ടേ സ്വാതന്ത്ര്യചിന്തകന്മാക്ക് മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ഏതാണ് അന്യവസ്തു? അക്കാര്യ്യം തീരുമാനിക്കുക പ്രയാസംതന്നെ. എന്നിരിക്കലും ലോകത്തിലെ കോടതിനിയമങ്ങൾ അനുസരിച്ച് അന്യവസ്തു ഏതെന്നു് നമുക്കു ഒട്ടൊക്കെ അറിയാം. ആ നിയമങ്ങൾ നാം അനുസരിച്ചില്ലെങ്കിൽ നമ്മെക്കൊണ്ടു അനുസരിപ്പിക്കുവാൻ ആളുകളുണ്ടു്; ഏർപ്പാടുണ്ടു്. അതു് അങ്ങനെ മാറിമാറി നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നാൽ ഇവിടത്തെ ചോദ്യം അതല്ല. പ്രശ്നം കുറെക്കൂടി ഗുരുതരവും, സങ്കീർണ്ണവുമാണ്. ഈ ആശയം വളരെ ഗഹനവും, വിപ്ലവാത്മകവും ആണെന്നു് പറയാതെ തരമില്ല. എന്നാൽ തെററിദ്ധാരണക്ക് ഇടംനൽകുവാൻ എനിക്കുദ്ദേശമില്ല. "ദൈവീകവും ആദ്ധ്യാത്മികവുമായ വീക്ഷണകോണിൽക്കൂടി നോക്കുമ്പോൾ, കോടതിനിയമങ്ങൾ വിലപ്പോവുകയില്ലെന്നു നമുക്കു ഓരോരുത്തക്കും അറിയാം. തെളിവുകൾക്കനുസൃതമായിട്ടാണ് കോടതിയിൽ വിധിപ്രസ്താവിക്കുന്നതു്. സത്യക്കോടതിയോ ന്യായക്കോടതിയോ നിലവിലുള്ളതെന്നുചോദിച്ചാൽ ന്യായമായ നിയമക്കോടതിയാണുള്ളതെന്നായിരിക്കും മറുപടി. അതിനാൽ ദൈവത്തിന്റെ പേരിൽ പ്രമാണങ്ങളെ നിശ്ചയിക്കുന്ന പുരോഹിതവഗ്ഗം, ജന്മി-മുതലാളിത്തതാല്പര്യ്യങ്ങൾക്കു വിധേയനായി നിലകൊണ്ടു് ഒരു പ്രത്യേക നിറമുള്ള കണ്ണട ധരിച്ച് വസ്തുസ്ഥിതികൾ നിരീക്ഷിച്ചുവരികയാണെന്നു പറഞ്ഞുവരികയാണ്. പ്രമാണങ്ങൾ ഒന്നിനൊന്നു എതിരായി വരുന്നുവെന്നതിന്നു ഒരു പുതുമ പറഞ്ഞുകേട്ടിട്ടുണ്ടു്. രണ്ടു കൃസ്ത്യൻ സ്നേഹിതന്മാർ ഒരു വഴിയാത്രപോകുമ്പോൾ അവരിൽ ഒരുവന്റെ പക്കൽ ഒരു പൊതിച്ചോറുണ്ടായിരുന്നുവത്രെ ഏതാണ്ടു് കുറെവഴി നടന്നപ്പോൾ രണ്ടുപേ

രും ക്ഷീണിച്ചു. ഒരു മരത്തണലിൽ വിശ്രമിക്കാനിരുന്നു. നേരം ഉച്ചയോടടുത്തിരുന്നതിനാൽ പൊതിച്ചോറിൻെറ ഉടമസ്ഥൻ പൊതി അഴിച്ചു ഊണുതുടങ്ങി. അപരനു കൊടുക്കുവാൻ അയാൾ മനസ്സായില്ല. അതിനാൽ മറെറയാൾ ഇപ്രകാരം ചോദിച്ചു. "തന്നെപ്പോലെ മററുള്ളവരേയും സ്നേഹിക്കണ"മെന്നല്ലയോ വേദപ്രമാണത്തിലുള്ളതു്? അതിനാൽ, ഞാൻ ഒന്നും കഴിക്കാതെ വിശന്നു തളർന്നിരിക്കുമ്പോൾ, താനിങ്ങനെ ഭക്ഷണംകഴിക്കുന്നതും, എനിക്കു തരാൻ മനസ്സുകേടുകാണിക്കുന്നതും പരസ്നേഹത്തിന്നു പററിയതല്ല. നാം ഇരുവരും ക്രിസ്ത്യാനികളല്ലയോ? ഇതുകേട്ട് ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന സമർത്ഥനായ അയാളുടെ സ്നേഹിതൻ ഇപ്രകാരം പറഞ്ഞു "ചങ്ങാതി! എന്താണിങ്ങനെ പറയുന്നതു്? "അന്യവസ്തുക്കളെ ആഗ്രഹിക്കരുതെ"ന്നും പ്രമാണത്തിൽ പറഞ്ഞിട്ടില്ലയോ? ഞാൻ ഊണുകഴിക്കുമ്പോൾ എൻെറ ഭക്ഷണത്തിൽനിന്നു ഒരോഹരി താൻ ആഗ്രഹിക്കുന്നതുതന്നെ പ്രമാണത്തിന്നു വിരുദ്ധമായ കാര്യമല്ലയോ?"

പ്രമാണങ്ങളെപ്പററി സംസാരിക്കാനുള്ള കഴിവു് ഇതുകേട്ടതോടുകൂടി അയാളുടെ സ്നേഹിതനു പിന്നീടുണ്ടായില്ല. തൻെറ സഹോദരൻ വിശന്നുപൊരിഞ്ഞു് ഇരിക്കുന്നതു കണ്ടിട്ടും, കഴിവുള്ള വ്യക്തികൾ പ്രമാണത്തിൻെറ മറപിടിച്ചു്, സാധുജനങ്ങൾക്കു യാതൊരു സഹായവും ചെയ്തുകൊടുക്കുവാൻ സന്നദ്ധരല്ലാതെ കഴിഞ്ഞുകൂടുന്നതായി നാം കാണുന്നു. ദിവസവും പള്ളിയിൽ പോകുന്നതിന്നും കുർബ്ബാന സ്വീകരിക്കുന്നതിന്നും, വിയാസാക്ര കഴിക്കുന്നതിന്നും എന്നുതന്നെയല്ല, ഭരണങ്ങാനം, മലയാററൂർ, മുതലായ തീർത്ഥാടനങ്ങളിൽ പോയി ബന്ധവിമോചനങ്ങളും പാപപ്പൊറുതിയും സമ്പാദിക്കുന്നതിന്നു തയ്യാറുള്ള ഭക്തപ്രമാണികളിൽ പലരും, ഈശ്വരൻ വേഷപ്രച്ഛന്നനായി വന്നു് കൈകൂ

മ്പിളുകൾ കാണിച്ച് തങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതു കാണുകയോ അത്തരത്തിലുള്ള പാവങ്ങൾക്കു എന്തെങ്കിലും സഹായങ്ങൾ ചെയ്തുകൊടുക്കുകയോ ചെയ്യുന്നില്ലെന്നതു കേവലം ഒരു പരമാൎത്ഥംമാത്രമാണ്. പള്ളിപണിക്കും കന്യകാലയനിൎമ്മാണത്തിന്നും വേണ്ടി വമ്പിച്ച തുകകൾ സംഭാവനചെയ്ത്, പേരും പെരുമയും സമ്പാദിക്കാൻ പലൎക്കും അത്യാഗ്രഹം കാണാറുണ്ട്. തങ്ങളുടെ നാമധേയങ്ങൾ സുവൎണ്ണലിപികളിൽ കാണാനാണ് അവരിതു ചെയ്യാറുള്ളത്. ദേവാലയങ്ങളിലേക്കു സ്വൎണ്ണംകൊണ്ടുള്ള തേങ്ങാക്കുലയും ആൾരൂപവും നേൎച്ചനേരുന്നതിന്നു പലൎക്കും വിഷമം കാണാറില്ല എന്നാൽ അർഹതപ്പെട്ട പാത്രങ്ങളിൽ എന്തെങ്കിലും ഇടുന്നതിന്നു പലരും വിമുഖതകാണിക്കാറുണ്ട്. മതത്തിൻെറ ചെപ്പടാച്ചികളും തട്ടിപ്പുകളുമാണ് ഇതിന്നു കാരണമായിരിക്കുന്നതെന്നു സ്വതന്ത്രമായി ചിന്തിച്ചാൽ നമുക്കു മനസ്സിലാക്കാം.

# (മൂന്നു്)

ഭൂമി ഉരുണ്ടതാണെന്നു പ്രസ്താവിച്ച ബ്രൂണോവിനെ ജീവനോടെ ദഹിപ്പിക്കുവാനും, കൃസ്തുവിനെ അനുകരിച്ച ഫ്രാൻസിസ്കൻ സന്യാസികളെ ജീവനോടെ ചുട്ടെരിക്കുവാനും, വൈക്ലിഫിൻെറ അസ്ഥികൾ ശവകുടീരത്തിൽപ്പോലും വിശ്രമം നൽകാതെ മാന്തിയെടുത്തു ഭസ്മപ്രായമാക്കാനും, യൂറോപ്പിൻെറ മൂന്നിൽ രണ്ടു ഭാഗം കൈവശംവെച്ചു്, "ഇൻക്വിസിഷൻ" ന്യായാസന പീഠങ്ങളിലൂടെ ഗലീലയോപോലുള്ള മനുഷ്യജീവികളെ വിസ്തരിച്ചു് തടവിൽ പാർപ്പിക്കാനും വിദ്വേഷമുള്ള വ്യക്തികളെ, ജപമാലയും കുരിശുംവഹിച്ച കരങ്ങൾകൊണ്ടു് വധശിക്ഷക്കു വിധിക്കുവാനും മതത്തിൻെറ സ്വാധീനം ഉപയോഗപ്പെടുത്തിയെന്നു കേൾക്കുമ്പോൾ ആരാണു് വിസ്മയിക്കാത്തതു്? അന്തികൃസ്തുവിൻെറ അവതാരമാണു് മഹാത്മാഗാന്ധിയെന്നുവരെ ജല്പിച്ച പുരോഹിതവർഗ്ഗം പിന്നീടു് അതെല്ലാം മറിച്ചുപറയുവാൻ തുടങ്ങി അദ്ദേഹത്തിൻെറ ആത്മശാന്തിക്കു പള്ളിയിൽ കൂട്ടപ്രാർത്ഥനകൾ നടത്തുകയുണ്ടായി. ഇങ്ങനെ പല സംഗതികളിലും തെററുപററിയ ഒരു വർഗ്ഗമാണു് പുരോഹിതവർഗ്ഗമെന്നു കാണാവുന്നതാണു്. ഇങ്ങനെയുള്ളപുരോഹിതന്മാർ 'കെട്ടുന്നകെട്ടുകളും, അഴിക്കുന്നകെട്ടുകളും" സ്വർഗ്ഗത്തിലും കെട്ടപ്പെടുകയും അഴിക്കപ്പെടുകയും ചെയ്യുമെന്നു പറയുന്നതു കേട്ടിട്ടും അതെല്ലാം വിശ്വസിച്ചുനടക്കുമ്പോൾ മതത്തിൻെറ സ്വാധീനം നമ്മിൽ എത്രത്തോളം അടിയുറച്ചുപോയിട്ടുണ്ടെന്നു ചിന്തിക്കുന്നതു നന്നായിരിക്കും. അജ്ഞതകൊണ്ടും അന്ധവിശ്വാസംകൊണ്ടും തിമിരം ബാധിച്ച ഒരു ജനവിഭാഗത്തി

KOTTAYAM PUBLIC LIBRARY KOTTAYAM.

ന്നു മാത്രമെ ഇതെല്ലാം കണ്ണടച്ചുവിശ്വസിക്കാൻ കഴിയു. എന്നിട്ടും ഈ ശാസ്ത്രീയയുഗത്തിൽ അത്തരത്തിൽ പലതരവും നാം കാണുന്നു.

ഇരുപതാം നൂററാണ്ടിലെ ഏററവും വലിയ അത്ഭുതം മതപ്പിശാച്ചികൾക്ക പ്രചാരം സിദ്ധിക്കുന്നതാണെന്നു തോന്നിപ്പോകുന്നു.

അന്യവസ്തുക്കളെ ആഗ്രഹിച്ച് റോമിലെ ബസിലിക്കാ ദേവാലയം പണിക്കുള്ള ധനം ശേഖരിക്കുന്നതിന്നുവേണ്ടി ബന്ധവിമോചനം "കേയ്ക്കു"പോലെ തുറന്ന ചന്തയിൽ വില്പനക്കു വെക്കുകയും ഏജൻറന്മാർ മുഖേന കൊണ്ടുനടന്നു വില്ക്കുകയും ചെയ്തുവെന്നും അതു കണ്ട് കുപിതനായ ലൂതർ, പള്ളിഅധികാരികളുമായി ശണ്ഠകൂടിയെന്നും ചരിത്രത്തിൻെറ ഏടുകളിൽ നാം കാണുന്നുണ്ട്. പണം സമ്പാദിക്കുന്നതിന്നുവേണ്ടി ഏതൊരു ദുഷിച്ച മാർഗ്ഗവും അവലംബിക്കാൻ പുരോഹിതവർഗ്ഗത്തിന്നു വിഷമമില്ലെന്നു നമുക്കു കാണാവുന്നതാണ്. എല്ലാ തട്ടിപ്പുകളും പരിഷ്കൃതരീതിയിലാണ് ഇവർ നടത്തുന്നത്. വലിയ അന്തസ്സും പ്രൌഢിയും കാണുന്നിടത്തു കൂടുതൽ മതതട്ടിപ്പുകൾ നടത്തുന്നുണ്ടെന്നു മനസ്സിലാക്കാൻ വിഷമമില്ല. ദൈവനാമത്തിൽ മനുഷ്യരെ തട്ടിക്കുക എന്നതാണ് ഇവരുടെ വിദ്യ.

സ്വന്തംമാതാപിതാക്കന്മാർ മരണക്കട്ടിലിൽകിടന്നു് അന്ത്യശ്വാസം വലിക്കുന്ന സന്ദർഭത്തിൽ, കന്യാസ്ത്രീയായ തൻെറ ഓമനമകളെ ഒരു നോക്കുകാണുന്നതിന്നുവേണ്ടി ആഗ്രഹം പ്രകടിപ്പിക്കുകയും തൽസമയത്തു് സമീപസ്ഥമായ റോഡിൽക്കൂടി ശ്രേഷ്ഠത്തിയമ്മയുമൊരുമിച്ചുപോയിരുന്ന മകളോടും ശ്രേഷ്ഠത്തിയോടും പ്രസ്തുത വിവരം അറിയിക്കുകയും ചെയ്തപ്പോൾ പറഞ്ഞ മറുപടി വിസ്മയാവഹംതന്നെയായിരുന്നു. "ഞങ്ങൾ അപ്പനേയും അമ്മ

യേയും ഉപേക്ഷിച്ചവരാണ്. കുടുംബം ഉപേക്ഷിച്ച് കർത്താവിനെ മണവാളനായി സ്വീകരിച്ചവരാണ് ഞങ്ങൾക്ക വീടുകളിൽ വന്നുകൂടാ. അവരെ കട്ടിലിൽ എടുത്തു റോഡിൽക്കൊണ്ടു വന്നാൽ ഞങ്ങൾ കണ്ടുകൊള്ളാം"

അതേകന്യാസ്ത്രീകൾതന്നെ അവരുടെ സഭവകയായി പണിതുയൻവന്നിരുന്ന കോളേജ് കെട്ടിടത്തിന്ന് പണം തികയാതെവന്നപ്പോൾ മുൻപറഞ്ഞ വീടിൻെറ അകത്തും അടുക്കളയിലും കടന്നുചെന്നുവെന്നുപറഞ്ഞാൽ, ഇവരെപ്പററി എന്താണ പറയേണ്ടത്. പണഭ്രാന്തുപിടിച്ച് എന്തൊരു കൊള്ളരുതായ്മയും ചെയ്യാൻ ഇവർ മടിക്കുകയില്ലെന്നല്ലെ സാധാരണക്കാരന്നു മനസ്സിലാക്കാൻ കഴിയുക? പിതാവു് എല്ലാ അധികാരങ്ങളും ഇവക്കു നൽകിയപോലും പണം സമ്പാദിക്കുന്നതിന്നുവേണ്ടി കന്യകാലയത്തിലെ എന്തെല്ലാം നിയമങ്ങൾ ഇത്തരത്തിൽ വളച്ചൊടിച്ചുനുറുക്കികളയുന്നില്ലെന്നു് ആക്കറിയാം?

ഉച്ചതിരിഞ്ഞു കർബ്ബാന ചൊല്ലുന്നതിന്നും, കുബ്ബാന സ്വീകരിക്കുന്നതിന്നും പുതിയ നിയമത്തിൽ അനുവദിച്ചുതുടങ്ങിയിരിക്കുന്നു. കർബ്ബാന സ്വീകരിക്കുന്നതിന്നുമുമ്പുള്ള ഉപവാസങ്ങളും ലഘൂകരിച്ചുവരുന്നുണ്ടു്. പണ്ടുള്ള പാവങ്ങൾ എത്രയെത്ര കഷ്ടപ്പാടുകൾ അനുഭവിച്ചാണ് ഇത്തരം നിയമങ്ങൾ ആചരിച്ചുവന്നിരുന്നതു !!! അവർ അന്നു ലംഘിച്ച ഇത്തരം നിയമങ്ങൾ ഇന്നു് നിയമങ്ങളല്ലാതായിരിക്കുന്നു. സവ്വം മായം,—മായത്തിൻെറ മായം എന്നല്ലാതെ എന്താണ പറയാനുള്ളതു്? കാലക്രമത്തിൽ വൈദീകക്കു വിവാഹം ചെയ്യാമെന്നും വിശ്വാസികൾക്കു സന്താനനിയന്ത്രണം ചെയ്യാമെന്നും ഇവർ അംഗീകരിക്കുമെന്നും വിചാരിക്കുന്നതിൽ തെററില്ല. ലോകാരംഭം

മുതൽ ഇന്നുവരെ സൂര്യൻ കിഴക്കുദിച്ചു പടിഞ്ഞാറ് അസ്തമിച്ചിട്ടുണ്ട്. അതൊരു നിത്യസത്യമാണ്. സത്യസഭയുടെ നിയമങ്ങളും അതുപോലെത്തന്നെ ഒരിടത്ത് ഉറച്ചുനില്ക്കേണ്ടതായിരുന്നു. എങ്കിലേ അതിനെ സത്യസഭയെന്നു സംബോധനചെയ്യുവാൻ കൂടുതൽ ന്യായങ്ങൾ ഉണ്ടാകുമായിരുന്നുള്ളു എന്നു അഭിപ്രായപ്പെടുന്നവർ ധാരാളമുണ്ട്. സനാതനസത്യങ്ങളെന്നു പറയപ്പെടുന്ന സത്യസഭയുടെ നിയമങ്ങൾ നിത്യസത്യങ്ങൾപോലെ നിലനില്ക്കുന്നില്ലെന്നും, "കാലംപോലെ കോലം" എന്ന നിലയിൽ പള്ളിനിയമങ്ങൾ അയഞ്ഞയഞ്ഞു വരുന്നുണ്ടെന്നും കാണാൻ പ്രയാസമില്ല. പത്രോസിൻെറ പാറക്കല്ല് തകരാതിരിക്കാൻ പത്രോസിൻെറ പഴയ അനന്തിരവന്മാരായ മാർപ്പാപ്പമാരുടെ നിയമങ്ങൾ ഇന്നുള്ള പിതാക്കന്മാർ അയച്ചിട്ടുവരുന്നതിൽ അഭിനന്ദിക്കാതെ തരമില്ല. ഇങ്ങനെ ഒരു സംഘവും സഭയും "കുഞ്ഞാടുകളും" അവരിൽനിന്നുള്ള സാമ്പത്തികസഹായവും മേലിലും തുടൎന്നുപോകാനാണ് ഇവർ നിയമങ്ങൾ ലഘൂകരിക്കുന്നതെന്നും, ധനസമ്പാദനത്തിനുള്ള ഇത്രയും നല്ല വഴികൾ ഉപേക്ഷിച്ചിട്ട് മറെറന്തു ഏൎപ്പാടുകൾക്കാണു അവർ പോകേണ്ടതെന്നും ചിന്തിക്കുന്ന ജനങ്ങളെപ്പററി അവർ ഗൌനിക്കേണ്ടതില്ലെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. അപ്രമാദിത്വവരത്തിൻെറ അതിരു കണ്ടവൻ ആരുണ്ട്? റബ്ബർപോലെ കാലത്തിനൊത്തു വലിച്ചുനീട്ടാവുന്ന ഒന്നാണീ അപ്രമാദിത്വവരമെങ്കിൽ, മനുഷ്യൻെറ "സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിക്കു" തടസ്സമായി നിലകൊള്ളുന്ന എല്ലാ നിയമങ്ങളും തട്ടിമാററി അതിൻെറ അററംവരെ ഉടനടി വലിച്ചുനീട്ടാനെന്താണു വിരോധം? സ്വാതന്ത്ര്യം എന്ന സാധനം ഒരു സെക്കണ്ടുനേരം മാററിവെച്ചുകൊണ്ട് സഭാധികൃതന്മാർ ഇതൊന്നു് ചിന്തിച്ചുനോക്കിയാലും!

ഔദ്യോഗികമായ പള്ളിനിയമങ്ങൾ ചോദ്യം ചെയ്യപ്പെട്ടുവാൻ പാടില്ല. അവ മിക്കവയും പരമരഹസ്യങ്ങളും സാധാരണ പൌരൻെറ ബുദ്ധിയിൽ ഒതുക്കാവുന്നവയുമല്ല. എല്ലാം സ്വർഗ്ഗീയമയവും അദ്ധ്യാത്മികവും തന്നെ. ശാന്തം പാപം!

ക്രിസ്തുവിൻെറ കാലത്തുണ്ടായിരുന്ന പുരോഹിതവർഗ്ഗത്തിൽനിന്നു് ഒട്ടും വിഭിന്നമല്ലാത്ത ഒരു പുരോഹിതവർഗ്ഗത്തെയാണു് നാം ഇന്നും കാണുന്നതു്. അന്നു് വഴിവക്കിൽ, കള്ളന്മാരാൽ കവർച്ച ചെയ്യപ്പെട്ടുകിടന്നിരുന്ന സമറായക്കാരനെ ഒന്നു നോക്കുവാൻപോലും സൌമനസ്യം കാണിക്കാത്ത പുരോഹിതനെപ്പററി ക്രിസ്തു, തൻെറ ഉപമയിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഇന്നും അതു തന്നെയാണു് സ്ഥിതി. സാധുക്കളെ സഹായിക്കുന്നതിന്നു ഇന്നും അന്നത്തെപ്പോലുള്ള പാവങ്ങളും, "പതിതരും" "ചുങ്കക്കാരും" മാത്രമാണുള്ളതു്. ഉദ്ദേശം രണ്ടായിരം കൊല്ലത്തോളം പുരോഗമിച്ചിട്ടും, പുരോഹിതൻ പുരോഗമിക്കുകയല്ല, പിന്തിരിപ്പനാവുകയാണുണ്ടായതു് എന്നു കാണാവുന്നതാണു്. ആദർശപരമായ ജീവിതം നയിക്കുന്ന ഏതാനും പുരോഹിതശ്രേഷ്ഠന്മാരെ ഇതിൽനിന്നു ഒഴിവാക്കാം. എല്ലാ ജനത്തിലും അപൂർവ്വം ചിലതു് നല്ലതുണ്ടായിരിക്കുമല്ലോ. എന്നാൽ ഭൂരിപക്ഷം പുരോഹിതന്മാരും, പ്രത്യേകിച്ചു നാട്ടുപട്ടക്കാർ, അവരുടെ അലക്കിത്തേച്ച ളോഹയുടെ മുഷിച്ചൽ തട്ടാതെയും ശരീരത്തിന്നു കോട്ടംതട്ടാതെയും ഉള്ള തരത്തിൽ "പൂച്ചക്കു് പുല്ലനങ്ങാത്ത" മട്ടിലാണു് ജീവിതപരിപാടി നിർവ്വഹിച്ചുവരുന്നതെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. ഇസ്തിരിക്കിട്ട ളോഹയുടെ ഉലച്ചിൽ തട്ടാതിരിക്കത്തക്കവിധത്തിൽ ളോഹധരിക്കാനാണു് പലരുടേയും താല്പര്യം. ചെറിയൊരു സംഭവം ഇതിന്നുദാഹരണമായി കേട്ടിട്ടുണ്ടു്. യഥാർത്ഥമാണോ എന്നറിയില്ല. "ളോഹധരിക്കുന്ന സമയത്തു ഉലച്ചിൽ തട്ടാതിരിക്കുന്നതിന്നുവേണ്ടി, ഒരു യുവപുരോഹിതൻ, ളോഹ ധരിച്ചു് നെടുനീളം കിടക്കു

കയ്യും, പിന്നീട് അലക്കുകാരനെക്കൊണ്ട് ലോഹ ഇസ്തിരിക്കിടുകയും ചെയ്തുവെന്നാണ് കഥ."

അര നാഴിക വഴിപോകണമെങ്കിൽ ഇക്കൂട്ടർക്ക് മഞ്ചലോ "രക്ഷ"യോ വേണം. അന്ത്യകൂദാശകൾ ആവശ്യപ്പെട്ടുകൊണ്ടു കിടക്കുന്ന രോഗിയെ സമീപിക്കണമെങ്കിലും വാഹനസൌകര്യങ്ങൾ ഏർപ്പാടു ചെയ്യണം. ചിലപ്പോൾ പ്രസ്തുത തെയ്യാറെടുപ്പിന്റെ കാലതാമസംകൊണ്ട് രോഗി സ്വർഗ്ഗത്തിലേക്കുള്ള 'പാസ്പോർട്ട്' അഥവാ അന്ത്യകൂദാശകൾ കൂടാതെതന്നെ കടന്നുപോയെന്നും വന്നേക്കാം. ആരാണതിന്നുത്തരവാദിയെന്നു ചിന്തിക്കേണ്ടതാണ്?

പുരോഹിതന്മാരുടെ മേൽപ്പട്ടക്കാരായ മെത്രാന്മാർ പോകുന്ന കാഴ്ച അതിലും മനോഹരംതന്നെ. പ്രസ്തുത പിതാക്കന്മാർ പോകുന്നതു കണ്ടല്ലേ യുവപുരോഹിതന്മാർ പഠിക്കുന്നതു? ക്രിസ്തുവിന്റെ പിൻഗാമികളെന്നു സ്വയം അഭിമാനിക്കുന്ന ഇക്കൂട്ടർ സ്വർണ്ണാഭരണവിഭൂഷിതരും, പട്ടുവസ്ത്രാലംകൃതരുമായി ഏററം നവീനരീതിയിലുള്ള "റോൾസ് റോയ്സ്" കാറിൽ, "മധുവിധു" ആഘോഷിക്കാൻപോകുന്ന മണവാളന്മാരെപ്പോലെ, സ്വച്ഛന്ദം വിഹരിക്കുന്നതു കാണുമ്പോൾ,—കാൽവരി മലമുകളിലേക്ക്, ഭാരമേറിയ സ്ലീവാമരവും ചുമന്നുകൊണ്ട് പോയി, അതേ; തലയിൽ മുൾക്കിരീടവും ധരിച്ച്, സ്വജീവിതം ദൃഷ്ടാന്തരൂപേണ ലോകത്തെ ബോദ്ധ്യപ്പെടുത്തുവാൻവേണ്ടി, ആദർശത്തിന്നനുസരിച്ച് ജീവിതത്തിലെ കയ്പേറിയ പാനപാത്രം മോന്തിക്കുടിച്ച്, ദേഹമാകെ മുറിവുകൾക്കൊണ്ടും രക്തംകൊണ്ടും നിറഞ്ഞു മലീമസമാക്കപ്പെട്ട ഒരു മാംസപിണ്ഡംപോലെ സാക്ഷാൽ ക്രിസ്തു മൂന്നാണികളിൽ തൂങ്ങിമരിച്ചുകിടക്കുന്ന രംഗവുമായി ഒന്നു താരതമ്യപ്പെടുത്തിനോക്കാൻ തോന്നുകയാണ്. അതെ! ക്രിസ്തു സമ്പാദി

ച്ച ആദർശസമ്പത്ത് അദ്ദേഹത്തിൻെറ പിൻഗാമികളെന്നു അവകാശപ്പെടുന്ന ഇന്നത്തെ പുരോഹിതവർഗ്ഗം ധൂർത്തടിച്ചു നശിപ്പിക്കുകയാണ്! ക്രിസ്തുവിൻെറ നാമധേയം ഈ കള്ളപ്പരിഷകൾ വ്യഭിചരിക്കുകയാണെന്നു തോന്നും. എന്നിട്ടും ക്രിസ്തു അവരുടെ സ്വന്തമാണ് എന്നു അവർ അവകാശപ്പെടുന്നു എന്തൊരു വിരോധാഭാസം! ക്രിസ്തുവിനോടൊപ്പം "അത്താഴമേശ"ക്കിരിക്കുവാൻ ഇക്കൂട്ടർ വെമ്പൽകൊള്ളുന്നു. ക്രിസ്തു പാനംചെയ്ത പാനപാത്രം കാണുന്നതു "ചെകുത്താനു കുരിശു കാണുന്നതുപോലെ"യാണ് ഇവർക്ക്. ക്രിസ്തുവിൻെറ മുൾക്കിരീടം ഇവർ ദൂരെ വലിച്ചെറിഞ്ഞിരിക്കുന്നു. അദ്ദേഹം സ്വീകരിച്ച ചമ്മട്ടിയടികളെപ്പററി ആരാണ് ചിന്തിക്കുന്നതു്? ക്രിസ്തുശിഷ്യന്മാരാണെന്നു ഇവർക്കൊന്നുകൊണ്ടും അവകാശപ്പെടാൻ നിവൃത്തിയില്ല. എങ്കിലും "പാരമ്പര്യവും", "മാമൂലും" അവർ മുറുക്കിപ്പിടിച്ചിരിക്കയാണ്. എന്നാൽ ഇവരുടെ തെററുകളെ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതുപോലും ഇവർക്കു ഇഷ്ടമില്ല. വിമർശനങ്ങൾ അവരെ അരിശംപിടിപ്പിക്കും. വിമർശിക്കുന്ന വ്യക്തികൾക്കു ഇവർ കൂദാശ നൽകുവാൻ വിമുഖത കാണിക്കുന്നു. പശ്ചാത്തപിക്കുന്ന പാപികൾക്കുള്ളതാണ് കുമ്പസാരം. എങ്കിലും വ്യക്തിവിദ്വേഷത്താൽ പ്രേരിതരായ ഇവർ പശ്ചാത്താപവിവശനായ പാപിയെപ്പോലും വാതിലടച്ചു പുറംതള്ളുന്നു. തെററുചെയ്യുന്ന സന്ദർഭങ്ങളിൽ ഇവർ മാനുഷികബലഹീനതയിലും കെല്പിക്ഷയത്തിലും അഭയംതേടുന്നു. തങ്ങളും മനുഷ്യരാണെന്നും കെല്പിക്ഷയപ്പെട്ടവരാണെന്നുമാണ് അവരുടെ നില. എന്നാൽ മതകാര്യങ്ങളിലേക്കു കടന്നാൽ ഇവർ തനി "ദൈവ"ങ്ങളായി മാറുന്നതുകാണാം. ഇങ്ങനെ സ്വാതന്ത്ര്യംപോലെ, "മനുഷ്യമര"ത്തിൽനിന്നു "ദൈവമര"ത്തിലേക്കും, അവിടെനിന്നു ഇങ്ങോട്ടും ചാടിക്കൊണ്ടിരിക്കുന്ന ഒരുതരം "മക്കടസ്വഭാവ"മാണ് ഇവർക്കുള്ളതു്. തെററുചെയ്യുമ്പോൾ ഇവരെ മനുഷ്യമരത്തി

ന്മേൽക്കാണാം. പൂജാസമയത്തും, കൂദാശസമയത്തും ഇവരെ "ദൈവമര"ത്തിന്മേലും കാണാം. വിശ്വാസത്തിൻെറ ദൃഷ്ടികൾ വെച്ചു നോക്കണമെന്നു ഇവർതന്നെ ഉപദേശിക്കാറുണ്ട്. അതി ല്ലെങ്കിൽ എല്ലായ്പ്പോഴും അവർ മനുഷ്യരാണെന്നേ തോന്നുകയുള്ളു പോലും?

ക്രിസ്തു ലോകരെ ഉപദേശിച്ചതു ഒരുവിധം, ഇവർ വ്യാഖ്യാനിക്കുന്നതു വേറൊരുവിധം. സ്വാത്ഥാന്ധകാരത്തിൽപ്പെട്ടു നട്ടം തിരിയുന്ന ഇവക്കു ക്രിസ്തുവിൻെറ ത്യാഗസമ്പന്നമായ ജീവിതം വേണ്ടതുപോലെ ഗ്രഹിക്കുവാൻ കഴിയാതായിട്ടാണിരിക്കുന്നതു്. ക്രിസ്തു കുരിശിൽ തൂങ്ങിക്കിടക്കവെ, പറഞ്ഞുനിലവിളിച്ച അതെ മൊഴികൾ ഇവരെക്കുറിച്ചു് അനാത്ഥമായിരിക്കയാണ്. "ഇവർ ചെയ്യുന്നതു് എന്താണെന്നു ഇവർ അറിയുന്നില്ല" അന്നു് ക്രിസ്തുവിനെമാത്രമെ അവർ പീഢിപ്പിച്ചിട്ടുള്ളു ഇന്നു് വിശ്വാസികളെയെല്ലാവരേയും ഇവർ കഷ്ടപ്പെടുത്തുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. ക്രിസ്തുവിനെ കുരിശിൽ തറക്കാൻ ഉത്സാഹം കാണിച്ചിരുന്നവരിൽ പ്രധാനികൾ അന്നത്തെ പുരോഹിതവർഗ്ഗമായിരുന്നുവെന്നു കാണാം. ക്രിസ്തുവിൻെറ ആഗമനത്തോടുകൂടി അവക്കുണ്ടായിരുന്ന ബഹുമാനാദരങ്ങൾക്കു ഇടിവുതട്ടി. "വെള്ളപൂശിയ കുഴിമാടങ്ങ"ളാണ് അവരെന്നു ക്രിസ്തു തെളിയിച്ചു. "ചെമ്മരിയാടിൻെറ വേഷത്തിലുള്ള ചെന്നായ്ക്കളാണ അവരെന്നു ക്രിസ്തു അവരെ ബോദ്ധ്യപ്പെടുത്തി. ഇന്നത്തെ പുരോഹിതന്മാർ വിശ്വാസികളുടെമേൽ കെട്ടിവെക്കുന്നതുപോലെത്തന്നെ അന്നത്തെ പുരോഹിതന്മാരും ഓരോരോ കെട്ടുകളും ഭാണ്ഡങ്ങളും അന്നത്തെ വിശ്വാസികളുടെമേൽ കയററിവെച്ചിരുന്നു അതിനെപ്പററി ക്രിസ്തു പറഞ്ഞതു് എന്താണെന്നോ? "നിങ്ങൾ കെട്ടുന്ന കെട്ടുകളും ഏററിക്കൊടുക്കുന്ന ഭാണ്ഡങ്ങളും നിങ്ങൾക്കുതന്നെ ദുർവ്വഹങ്ങളല്ലയോ? നിങ്ങൾ മററുള്ളവരോടു അതായ്തു്, വിശ്വാസിക

ളോട്ട് കല്പിക്കുന്ന പ്രമാണങ്ങൾ അനുസരിക്കുവാൻ നിങ്ങൾ തന്നെ പ്രാപ്തിയുണ്ടോ. ഇത്രവലിയ ഭാരങ്ങൾ നിങ്ങൾ മററുള്ളവരുടെ മേൽ ചുമത്തിക്കൊടുക്കാമോ'' എന്നെല്ലാമാണ് പണ്ഡിതശ്രേഷ്ഠനായ ആ യുവവിപ്ലവകാരി അന്നത്തെ പുരോഹിതപരിഷകളോടു വെല്ലുവിളിച്ചു ചോദിച്ചതു്. ഇന്നത്തെപ്പോലെത്തന്നെ അക്കാലത്തും മനുഷ്യനു നിർവ്വഹിക്കാൻ അസാദ്ധ്യങ്ങളായ പല നിയമങ്ങളും പുരോഹിതന്മാർ ഉണ്ടാക്കിവെച്ചിരുന്നു. ഇതിനെയെല്ലാം ആ ചിന്തകൻ വെല്ലുവിളിച്ചു. കപടഭക്തിയും, വഞ്ചനയും നിറഞ്ഞ പുരോഹിതപ്പരിഷയെ ആ വിമർശകപടു ആക്ഷേപിച്ചു. അതേ ക്രിസ്തുതന്നെ ഇന്നും വരികയാണെങ്കിലോ? ഇന്നു കാണുന്ന കാഴ്ചകൾ, അദ്ദേഹം ജീവിച്ചിരുന്ന കാലത്തേതിൽനിന്നും ഒട്ടും വിഭിന്നമല്ലെന്നും, എല്ലാം പരിഷ്കൃതരീതിയിൽ ആവിഷ്കരിക്കപ്പെട്ടുവെന്നു മാത്രമെയുള്ളുവെന്നും, വാസ്തവം പറഞ്ഞാൽ അന്നത്തേതിലും കുറെക്കൂടി വഷളാവുകയാണുണ്ടായിട്ടുള്ളതെന്നും അദ്ദേഹത്തിനു ബോദ്ധ്യമാകും. "കള്ളപ്പരിഷകളെ! ഇതാണോ ഞാൻ നിങ്ങളെ ഉപദേശിച്ചതു്. എന്റെ ഉപദേശങ്ങളേയും, കല്പനകളേയും ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു് കണ്ടമാനം സ്വാർത്ഥപൂരിതമായ ജീവിതപരിപാടി തുടർന്നുപോകുവാൻ നിങ്ങൾക്കു ആരാണധികാരം നൽകിയതു?'' എന്നു ചോദിച്ചു് കുപിതനായ ക്രിസ്തു ചാട്ടകൊണ്ടും ചമ്മട്ടികൊണ്ടും ഇന്നുള്ള ബഹുഭൂരിപക്ഷം പുരോഹിതന്മാരേയും അടിക്കാതിരിക്കയില്ല. എന്നാൽ ഫലമെന്തായിരിക്കും? പണ്ടുണ്ടായതുപോലെത്തന്നെ ഇന്നുള്ള ക്രിസ്തുപുരോഹിതന്മാർ അദ്ദേഹത്തിനു വിരോധമായി ഗൂഢാലോചന നടത്തുകയും കൊല്ലുവാൻ പ്ലാനിടുകയുംചെയ്യും. തത്വസംഹിതകളനുസരിച്ചുള്ള ജീവിതപരിപാടികളല്ല ഇന്നവർക്കു ആവശ്യം. സ്വാർത്ഥപൂരിതമായ സുഖലോലുപത്വമാണ് ഇവരുടെ ലക്ഷ്യം. അതിന്നെതിരായി സ്വരമുയർത്തുന്നവൻ ക്രിസ്തുവായിരുന്നാൽപ്പോലും

അവക്കതു സഹിക്കില്ല. അവർ ക്രിസ്തുവിനെതിരായി സ്വരമുയ ത്തും—ആ ശക്തിയെ; അതായതു ക്രിസ്തുവിൻെറ ആദർശത്തെപ്പ ററി സ്വരമുയത്തുന്ന ആ ശക്തിയെ, ഭൂമുഖത്തുനിന്നു പാടേ വി പാടനംചെയ്യാൻ അവർ ഉററശ്രമിക്കും. അതു അവരുടെ സ്വന്തം കാര്യമാണ്. സുഖലോലുപതമാണ് അവരുടെ മുദ്രാവാക്യം. അതിന്നു മതത്തിൻെറ ലേബൽ ഒട്ടിച്ചാൽ മാത്രമെ കച്ചവടത്തിൽ ലാഭം കിട്ടുകയുള്ള എന്നു അവക്കറിയാം. അതു് എക്കാലവും അ വർ തുടർന്നുനടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

നമ്മുടെ നാട്ടിലങ്ങോളമിങ്ങോളം കാണുന്ന കന്യകാശ്രമ ങ്ങളും, സന്യാസാശ്രമങ്ങളും അവരുടെ വക കലാലയങ്ങളും, ഗം ഭീരങ്ങളായ ദേവാലയങ്ങളും മണിഗോപുരങ്ങളും ഇവയുടെയെ ല്ലാം സ്ഥാവരജംഗമസ്വത്തുക്കളും കൂടി നോക്കുന്നപക്ഷം എത്ര കോടി ഉറുപ്പിക വിലമതിക്കുന്ന വസ്തുവഹകളാണ്, ദൈവത്തി ൻെറ "ഏററവും അടുത്ത ശിഷ്യഗണങ്ങൾ. സമ്പാദിച്ച് കൈ വശംവെച്ചിരിക്കുന്നതെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടോ? എ ങ്ങിനെ ഇവക്കു ഇതു സിദ്ധിച്ചു? ഓരോ ദരിദ്രനാരായണൻേറയും ചോരനീരാക്കിയ ചെമ്പു കാശുകളും, മതത്തിൻെ പേരിൽ പറ ഞ്ഞു പരത്തുന്ന ചപ്പടാച്ചികളുടെ ഫലമായി ഇവരുടെ പക്കൽ വന്നുചേന്നിട്ടില്ലേ? സന്യാസീസന്യാസിനികൾ മണികൊട്ടി ഉ ണരുകയും, മണികൊട്ടി കുളുസിന്നു പോവുകയും, ഭക്ഷണംകഴി ക്കുകയും, നിദ്രക്കുപോവുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്തെ ങ്കിലും വിനോദങ്ങളിൽ ഏർപ്പെട്ടുകൊണ്ടാണ് ഇവർ വിയർക്കാ റുള്ളതു്. 'പൂച്ചക്കു പുല്ലനങ്ങാതെ', യാതൊരു ശരീരക്ലേശവും അനുഭവിക്കാതെ കത്താവിൻെറ "മുന്തിരിത്തോട്ട"ത്തിൽ വേല. ചെയ്തു് അവരുടെ ആശ്രമത്തിൻെറ പേരിലും മററു ബാങ്കുകളിൽ പണം നിക്ഷേപിക്കുകയും സമ്പാദിക്കുന്ന വസ്തുവഹകൾകൊണ്ടും അതിൻെറ ആദായങ്ങൾകൊണ്ടും വിഭവസമൃദ്ധമായ സദ്യ ഉണ്ടു

കൊണ്ടു് നാളുകൾ കഴിച്ചുപോരികയും ചെയ്യുന്നു. ക്രിസ്തുവിൻെറ ആദർശപ്രകാരമാണു് ഇവർ ജീവിക്കുന്നതെങ്കിൽ, ലോകത്തിലെ ദരിദ്രക്കു ഇവരുടെ സ്വത്തെല്ലാം വീതിച്ചുകൊടുത്തു് ക്രിസ്തുവിൻെറ "കുരിശു്" എടുത്തു് അദ്ദേഹത്തിൻെറ പിന്നാലെ ചെല്ലുവാൻ ബാദ്ധ്യസ്ഥരല്ലെന്നുവരുമോ? പുണ്യപരിപൂൎണ്ണരാകുവാൻ ആഗ്രഹിക്കുന്നവരും ദാരിദ്ര്യവ്രതം 'ചാവുദോഷ'ത്തിൻകീഴ് കൎത്താവിനോടു് പറഞ്ഞൊത്തിരിക്കുന്നവരുമായ ഇവൎക്കു്, സമ്പന്നന്മാരെപ്പോലുള്ള സുഖസൌകൎയ്യങ്ങൾ അനുഭവിക്കുന്നതിനുള്ള അധികാരം ആരാണു നൽകിയതു്? എല്ലാ മതങ്ങളിലും, മതസംഘടനകളിലും ഇത്തരത്തിലുള്ള വൈപരീത്യങ്ങൾ ദൎശിക്കുവാൻ പ്രയാസമില്ല. എങ്കിലും പലരും ഇക്കാൎയ്യങ്ങൾ അന്വേഷിക്കുകയോ അതേപ്പററി അവഗാഢം ചിന്തിക്കുവാൻ ഉത്സാഹിക്കുകയോ ചെയ്യാത്തതു പലരുടേയും ഭാഗ്യമായി കരുതിപ്പോരുകയാണു്. എന്നാൽ ഈ ആശ്രമസ്ഥാപനങ്ങളിലേയും മററും സ്വത്തുക്കൾ കുന്നുകൂടിക്കിടക്കുകയും അതിൽനിന്നുള്ള ആദായംകൊണ്ടു് വിഭവസമൃദ്ധങ്ങളായ സദ്യയും ജീവിതസൌകൎയ്യത്തിന്നുപററിയ ഇതര പരിപാടികളും സജ്ജമാക്കിയും, ദിവസംപ്രതി ഓരോ പുണ്യശ്ലോകന്മാരുടെ പെരുന്നാളുകൾ സൃഷ്ടിച്ചു് അതിൽനിന്നു സിദ്ധിക്കാനിരിക്കുന്ന നടപിരിവുകളും, നേൎച്ചയും, വഴിപാടും കൊള്ളലാഭമടിച്ചു് ജീവിക്കുമ്പോൾ, ക്രിസ്തുവിൻെറ വിലതീരാത്ത തിരുരക്തംകൊണ്ടു് വീണ്ടെടുത്ത സ്വസഹോദരങ്ങൾ ലോകസാഗരത്തിൽ ശാരീരികമായി ക്ഷുൽപിപാസാദികൾ അനുഭവിക്കുന്നതു കണ്ടിട്ടും;—അതെ, അനീതികളും അക്രമങ്ങളും നാട്ടിൽ ഉടനീളം അലതല്ലുന്നതുകണ്ടിട്ടും, അതിലേക്കൊന്നും ശ്രദ്ധപതിപ്പിക്കാതെ, കണ്ണു രണ്ടും അടച്ചു ധ്യാനനിമഗ്നരായ്വിധത്തിൽ സ്വാൎത്ഥലാഭത്തിന്നുവേണ്ടിയും, തങ്ങൾക്കു സമ്പാദ്യം വൎദ്ധിപ്പിക്കുന്നതിന്നുവേണ്ടിയും ഏതെല്ലാം പോംവഴികളുണ്ടോ അതു മാത്രം ആരാഞ്ഞു്

ജീവിതം കഴിച്ചുവരുന്ന ഇക്കൂട്ടർ, "ദൈവവിളി" "കർത്താവിൻെറ മുന്തിരിത്തോട്ടം" എന്നീ പദങ്ങളെ വ്യഭിചരിക്കുകയാണ് ചെയ്യുന്നതു എന്നു് നിഷ്പക്ഷനിരീക്ഷകന്മാർ തലകുലുക്കി സമ്മതിക്കാതിരിക്കയില്ല. കർത്താവിന്നുവേണ്ടി എന്തിന്നിവർ നാടും വീടും വിട്ടുപോകുന്നു? വ്യക്തിപരമായിപറഞ്ഞാൽ സന്യാസിമാരോടോ, സന്യാസിനിമാരോടോ യാതൊരാൾക്കും വിദ്വേഷം ഉണ്ടാകാൻ ന്യായമില്ല. പ്രസ്തുത പ്രസ്ഥാനത്തോടാണ് ചിലക്കു വിദ്വേഷമുള്ളതു്. അതിൻെറ കാര്യകാരണങ്ങൾ കേട്ടാൽ സ്വതന്ത്രമായി ചിന്തിക്കുന്ന ഏതൊരാളും ഇപ്രകാരം ചോദിക്കാൻ ഇടവരുന്നതാണ്. "പൊന്നുസഹോദരീ, സഹോദരന്മാരെ! നിങ്ങൾ എന്തിന്നു നാടും വീടും വിട്ട് ആശ്രമഭിത്തികൾക്കുള്ളിൽ, ലോകത്തിന്നു മരിച്ചവരെപ്പോലെ, നിങ്ങളുടെ ജീവിതം ഉപയോഗശൂന്യമാക്കിത്തീർക്കുന്നു? "കാണപ്പെടുന്ന നിൻെറ സഹോദരനെ നീ സ്നേഹിക്കുന്നില്ലെങ്കിൽ കാണപ്പെടാത്തദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുന്നതു കള്ളമാണെ"ന്നു വേദപുസ്തകത്തിൽകാണുന്നില്ലയോ? ദാരിദ്ര്യക്ഷുൽപിപാസാദികളാൽ വലഞ്ഞു, കവിളൊട്ടിയും, മൂക്കു വളഞ്ഞും അസ്ഥിപഞ്ജരംപോലുള്ള ശരീരങ്ങൾ;—സ്വന്തം സഹോദരലക്ഷങ്ങൾ—നാട്ടിലങ്ങോളമിങ്ങോളം അലഞ്ഞുതിരിഞ്ഞുനടക്കുന്നതുകണ്ടിട്ടും നിങ്ങൾ ദൈവത്തെ സേവിക്കുവാനും, സ്നേഹിക്കുവാനും ആശ്രമഭിത്തികൾക്കുള്ളിലാണോ അഭയംതേടേണ്ടതു്? "കണ്ണുണ്ടായിട്ടും നിങ്ങൾ കാണുന്നില്ല; ചെവിയുണ്ടായിട്ടും നിങ്ങൾ കേൾക്കാനുദ്ദേശിക്കുന്നില്ല" എന്നല്ലാതെ മററെന്താണ് പറയേണ്ടതു?"

സന്യാസീസന്യാസിനിമാക്കു ഈ ലോകത്തിലുള്ള കഷ്ടപ്പാടുകളും ക്ലേശങ്ങളും കാണുകയും കേൾക്കുകയും ചെയ്യുന്നതുതന്നെ അശുഭസൂചകമാണ്. ഇതൊന്നും കാണുകയും കേൾക്കുകയും ചെയ്യാതിരിക്കാൻവേണ്ടി അവർ കണ്ണടച്ചിരുന്നു ധ്യാനിക്കുന്നു. "ദൈ

വത്തെ നേരിട്ടുകാണാനാണ് ഇക്കൂട്ടരുടെ ഉദ്യമം. സാധുക്കളിൽക്കൂടിയും, ദരിദ്രന്മാരിൽക്കൂടിയും, അവർക്കു ദൈവത്തെ ദർശിക്കുവാൻ ആഗ്രഹമില്ല. ആശ്രമഭിത്തികൾക്കുള്ളിലിരുന്നു കണ്ണടച്ചു ധ്യാനിക്കുന്നതിലും എത്രയോഭേദം, കർത്താവിൻെറ "മുന്തിരിത്തോട്ടമാകുന്ന ലോകത്തിൽ കൈക്കോട്ടും, പിക്കാസും എടുത്തു അദ്ധ്വാനിച്ച്, വിയർത്തൊലിച്ചു സാധുസംരക്ഷണം നടത്തുകയായിരിക്കുകയില്ലേ എന്നു ചിന്തിക്കേണ്ടതാണ്. എന്നാൽ ഇക്കൂട്ടർ ഉദ്ദേശിക്കുന്ന മുന്തിരിത്തോട്ടം എന്താണെന്നു സ്വല്പമൊന്നു ചിന്തിക്കാം. അതിരാവിലെ പാലൊഴിച്ച കാപ്പിയും, പലഹാരവും, സ്വല്പംകഴിഞ്ഞു പൊടിയരിക്കഞ്ഞിയും ഉപ്പേരിയും, ഉച്ചയ്ക്കു ഇറച്ചിക്കറിയും, മീൻകറിയും, മുട്ടക്കറിയും മററും കൂടിയുള്ള ഡിന്നർ, അതിനുശേഷം പ്രിയോര് മാമ്പഴം, പലതരത്തിലുള്ള മററു പഴവർഗ്ഗങ്ങൾ, ഇടയ്ക്കിടെ കൂട്ടനമസ്കാരം, ഉച്ചതിരിഞ്ഞു വീണ്ടും കാപ്പിയും പലഹാരവും, പിന്നീട് വിഭവസമൃദ്ധമായ അത്താഴവും ആത്മശോധനയും, ആമാശയശോധനയും ഇടയ്ക്കിടെ ഉല്ലാസങ്ങളും തിരുന്നാളുകളും സുഖനിദ്രയുമാണ് ഇവരുടെ മുന്തിരിത്തോട്ടത്തിലെ ദിനചര്യകൾ. ദാരിദ്ര്യവ്രതവും, ലൈംഗികസുഖഭോഗങ്ങൾ അനുഭവിച്ചുകൂടന്ന വ്രതവും, കീഴ്‌വഴക്കവും ഇവരുടെ വാഗ്ദാനങ്ങളായി ഇവർ കരുതിപ്പോരുന്നു. എന്നാൽ "എട്ടിലെ പശു പുല്ലുതിന്നുകയില്ല" എന്ന പ്രമാണമാണ് ഇവർ അനുഷ്ഠിക്കുന്നതു് എന്നു തോന്നും. സ്വകാര്യമായി കാറും, റിസ്റ്റ് വാച്ചും, ജീവിതസൌകര്യത്തിന്നത്യന്താപേക്ഷിതങ്ങളായ മററിതര സാധനസാമഗ്രികളും ഉപയോഗിക്കുന്നതിൽ ഇവരുടെ ദാരിദ്ര്യവ്രതം വിഘാതമായിക്കാണാറില്ല. എന്നിട്ടും ഇക്കൂട്ടർ 'ബഹുമാനപ്പെട്ട' വൈദീകരും, ദൈവപ്രതിനിധികളും, മാതൃകാപരമായ സന്യാസിനീസന്യാസിമാരും ആയി വിരാജിക്കുന്നതു സാക്ഷാൽ അത്ഭുതമാണെന്നേ പറയാനുള്ളൂ. ആശ്രമങ്ങളിലെ ദാരിദ്ര്യവ്രതാ

നുഷ്ഠാനവും, മെത്രാസനാരമനകളിലെ ദാരിദ്ര്യാരൂപിയും, നാട്ടിലെ സാക്ഷാൽ ദാരിദ്ര്യവും കഷ്ടപ്പാടുകളും തമ്മിലുള്ള അന്തരം എത്രയെന്നു നമുക്കു ഏററക്കുറെ ഊഹിക്കാമല്ലൊ. നരകത്തിലെ തീയിൻെറ ഒരു ഫോട്ടോയുടെചൂടേ ലോകത്തിലെ തിയ്യിനുള്ള എന്നുപറഞ്ഞതുപോലെയാണതു്.

ഒരു ഭർത്താവിൻെറ കീഴിൽ അനുസരണയോടുകൂടി ജീവിച്ചു് കുടുംബജീവിതത്തിലെ കുരിശുകളാകുന്ന സങ്കടങ്ങളും ദാരിദ്ര്യവും, കഷ്ടപ്പാടുകളും മനസ്സാലെ കൈവരിച്ചു് കന്യകകൾക്കു മകുടമായി ലാലസിച്ച ഒരു സ്ത്രീരത്നമാണു് കന്യകാമറിയം എന്നു പറയുന്നു. പുണ്യപരിപൂർണ്ണതയ്ക്കു ഇതിൽ കൂടുതൽ എന്തെങ്കിലും ആവശ്യമുണ്ടായിരുന്നെങ്കിൽ, കർത്താവു തൻെറ സ്വന്തം അമ്മയ്ക്കു അതു നിശ്ചയിച്ചുകൊടുക്കുമായിരുന്നുവെന്നു് നമുക്കു് ഊഹിക്കാൻ പ്രയാസമില്ല. എന്നാൽ കന്യാസ്ത്രീകളായിത്തീരാൻ അഭിലഷിക്കുന്ന ഭൂരിപക്ഷം യുവതികൾക്കും പ്രസ്തുത പുണ്യപരിപൂർണ്ണതയുടെ പാന്ഥാവു് അരോചകമായിത്തോന്നുന്നതുകൊണ്ടും അതായതു ഒരു ഭർത്താവിൻെറ കീഴിൽ അനുസരണയോടുകൂടി ജീവിക്കുക, ഒരുപക്ഷെ അയാൾ ഒരു വിഡ്ഢിയോ മൂഢനോ ആയിരിക്കാം എങ്കിലും “കാണപ്പെടുന്ന ദൈവം ഭർത്താവു്” എന്ന ചിന്താഗതിയിൽ ജീവിക്കുക; കന്യകാമറിയത്തെപ്പോലെ, കുടുംബജീവിതം കൈവരിക്കുക,—ഗർഭംധരിക്കുക; ഗർഭസ്ഥമായ ശിശുവിനെ പത്തു മാസം വയററിൽ ചുമന്നു് പേററുനോവുകൾ സഹിച്ചു് പ്രസവിക്കുക, ആ കുഞ്ഞിനെ സംരക്ഷിച്ചുകൊണ്ടുപോരിക എന്നൊക്കെപ്പറഞ്ഞാൽ അതു സാക്ഷാൽ ത്യാഗത്തിൻെറയും, കീഴ്വഴക്കത്തിൻെറയും നിരന്തരമായ ഒരു പരിശീലന കളരിയായിരിക്കും എന്നതിനു രണ്ടുപക്ഷമില്ല,—അതു കന്യകാമഠത്തിൽ സാധാരണ കാണാറുള്ളതുപോലെയുള്ള ഉല്ലാസംപോലെയൊ, താറാവിൻമുട്ട പുഴങ്ങിത്തിന്നുന്നതുപോലെയോ പ്രിയോർമാമ്പഴം ഭുജിക്കുന്നതുപോ

ലെയോ മററു സുഖഭോജനങ്ങൾ അനുഭവിക്കുന്നതുപോലെയോ ൪സപ്രദങ്ങളായ കാൎയ്യപരിപാടികൾ അല്ലെന്നു് കന്യകകളാകാൻ ഇച്ഛിക്കുന്ന പല അൎത്ഥിനികൾക്കും ബോദ്ധ്യംവന്നിരിക്കകൊണ്ടും. കുടുംബത്തെ കാരണവന്മാരുടെ നിൎബ്ബന്ധംകൊണ്ടും, വിവാഹാന്തസ്സിൽ പ്രവേശിക്കത്തക്ക സാമ്പത്തിക കഴിവുകൾ ഇല്ലാത്തതുകൊണ്ടും, വിവാഹജീവിതത്തിലെ വൈകാരികമായ പ്രചോദനം എന്താണെന്നു പരിപൂൎണ്ണമായി മനസ്സിലായിട്ടില്ലാത്തതുകൊണ്ടും, മററു ചില പ്രത്യേക സാഹചൎയ്യങ്ങളുടെ സമ്മൎദ്ദംകൊണ്ടുമാണു് മിക്കവരും കന്യാസ്ത്രീകളായിട്ടുള്ളതെന്നു കരുതാൻ ന്യായം കാണുന്നുണ്ടു്. കീഴ്‌വഴക്കത്തിൻെറ പേരിൽ ചില്ലറ പോരുകളൊക്കെ അനുഭവിക്കേണ്ടിവരുമെന്നു് അവക്കു അറിയായ്കയല്ല. എങ്കിലും വിവാഹജീവിതത്തിൽ ചില സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന "അമ്മായിഅമ്മപ്പോരുകളും" "നാത്തൂൻപോരുകളു"മായി താരതമ്യപ്പെടുത്തിയാൽ മഠത്തിലെ "പോരുകൾ" ഒരുവിധം സഹിക്കാവുന്നവയാണെന്നു് ഇവർ ധരിച്ചുവെച്ചിട്ടുണ്ടു്. സുഖപ്രദമായ ഭക്ഷണപാനീയങ്ങളും, അല്ലലില്ലാത്ത ജീവിതവും, കന്യാസ്ത്രീയായിത്തീരുന്നതുകൊണ്ടു് സമുദായത്തിൽ സിദ്ധിക്കാനിരിക്കുന്ന ബഹുമാന്യപദവിയും ചിലരെ അങ്ങോട്ടാകൎഷിച്ചുവരുന്നുണ്ടു്. വൈദീകരാകുവാനും സന്യാസികളാകുവാനും യുവാക്കന്മാരെ പ്രേരിപ്പിക്കുന്ന കാരണങ്ങളും ഇതേസ്വഭാവത്തോടുകൂടിയവയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കൂടാതെ, കന്യാസ്ത്രീയായിത്തീരാൻ യുവതികളെ പ്രേരിപ്പിക്കുന്ന മറെറാരു കെണി മാതാപിതാക്കന്മാരുടെ മക്കടമുഷ്ടിസ്വഭാവമാണു് "നിനക്കു മഠത്തിൽ ചേരണമോ, അതോ കല്യാണം കഴിക്കണമോ?"എന്നിങ്ങനെ വെട്ടിത്തുറന്നുചോദിക്കുന്ന ചില പഴഞ്ചൻ കാരണവന്മാർ ഇക്കാലത്തും സുലഭമാണു്. സാമ്പത്തികശാസ്ത്രത്തിൻെറ പല അദ്ധ്യായങ്ങളും ഹൃദിസ്ഥമാക്കിയവരാണു് അവർ. ധനാഢ്യന്മാരായ ഇത്തരം കാരണവന്മാർ യുവതികളായ തങ്ങളുടെ പെൺസന്താനങ്ങളോടു ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്ന

ത്തു പ്രത്യേക ഒരു ഉദ്ദേശത്തോടുകൂടിയാണ് മകളെ മഠത്തിൽ വിടു കയാണെങ്കിൽ ഉദ്ദേശം രണ്ടായിരം രൂപകൊണ്ടു് അവളുടെ "സൊല്ല" തീക്കാം സ്ത്രീധനവും മററിടപാടുകളും ലാഭിക്കുകയും ചെയ്യാം; ആണ്ടുപലാഹാരം, ചെയ്യിൻ, വള, മോതിരം, എന്നു തന്നെയല്ല പുരുജീവൻ പ്രാപിക്കുന്ന സന്തതിപരമ്പരക്കുള്ള സാമ്പത്തികസഹായം ഇതെല്ലാം ലാഭിക്കുമ്പോഠം നല്ലൊരു തുക സമ്പാദിക്കാം. മനുഷ്യത്വത്തോടുകൂടി പെരുമാറുന്നപക്ഷം, 'ചാറിസ്സാറി' വരുന്ന ഇത്തരം ചിലറുകഠം ചെയ്തു തൻെറ ധാൎമ്മിക ചുമതല നിവ്വഹിക്കുവാൻ ധനാഢ്യന്മാരായ കാരണവന്മാർ പ്രത്യേകിച്ചും ബാദ്ധ്യസ്ഥരാണ്. എന്നാൽ മനുഷ്യത്വത്തിൻെറ കണികപോലും ഇല്ലാത്ത ചില 'ശ്രുംഭന്മ'രായ ധനാഢ്യന്മാർ 'പെൺകൊട' കഴിഞ്ഞതോടുകൂടി ആ പെണ്ണിനെ തീരാതിററതായി കണക്കാക്കി അങ്ങോട്ടൊന്നു തിരിഞ്ഞുനോക്കുകപോലും ചെയ്യാറില്ല. തൻെറ പെൺസന്താനത്തിനെ "കുണ്ടന്നൂര് കുളത്തിൽ" കൊണ്ടുതള്ളുന്ന ഇത്തരം മുതലാളിമാർ കൃസ്ത്യൻസമുദായത്തിൻെറ "പുഴക്കുത്തു"കളാണ് മതത്തിൻെറ കാവൽഭടന്മാരും, പള്ളിയിലെ കാര്യസ്ഥന്മാരും ആയ ഇത്തരം യോഗ്യന്മാർ 'സത്യമത'ത്തിൻെറ സമുദായത്തിലെ ആരാദ്ധ്യപുരുഷന്മാരായി വിരാജിച്ചരുളുന്നതാണത്ഭുതം. ഇത്തരത്തിലുള്ള മുതലാളിമാർ വിവാഹപ്രായമായ തൻെറ പെൺമക്കളോടു് പറയാറുണ്ടു് "നിൻെറ അമ്മായി, മഠത്തിലെ ശ്രേഷ്ഠത്തിയായതിനാലക്ക് മഠത്തിൽ യാതൊരുവക വിഷമങ്ങളും നേരിടാനിടയില്ലാ"യെന്നു്. ഏതൊരു മകളാണ് തൻെറ അപ്പൻെറ മുമ്പിൽവെച്ചു തനിക്കു വിവാഹമാണ് ആവശ്യമെന്നു പറയുക? മിക്കവരും ഉടനെ പറയും "ഞാൻ മഠത്തിൽ പോകയാണു്" എന്നു്. ഇതിനുംപുറമെ, കൃത്യമായി പള്ളിയിൽ പോകുകയും ദിവ്യബലിയിൽ സംബന്ധിക്കുകയും സൊഡാലിററിയിലെ മെമ്പറും, സിക്രട്ടറിയും മററും ആയി കൃത്യനിർവ്വഹണം നടത്തുകയും, 'മാതാവിൻെറ ഒപ്പീസ്സ്' കഴിക്കു

കയും ചെയ്യുന്ന പെൺകിടാങ്ങളെപ്പററി നാട്ടിലെ സമുദായപി ശാചുക്കളായ ചില തള്ളമാർ പറയാറുണ്ട് "ഇന്നയിടത്തെ ഇന്ന കുട്ടി മഠത്തിൽ പോകാനുള്ള ലക്ഷണമാണെന്നു്. ഇങ്ങനെ 'സർട്ടിഫിക്കററ്" പസ്സായിക്കിടക്കുമ്പോൾ അതിനെയെല്ലാം മറതലിച്ചു് ഏതൊരു ബാലികയാണ് വിവാഹം കഴിക്കാനുള്ള വാസന കാണിക്കുക? ചുരുക്കം ചിലർ മാത്രം ദൈവവിളിയായി ദുർവ്യാഖ്യാനം ചെയ്തു് പെൺകുട്ടികളെ മഠത്തിൻെറ 'ഭീകരമായ അന്ധകാര'ത്തിലേക്കു തള്ളിവിടുന്ന മേൽപറഞ്ഞ 'ശ്രുംഭന്മാർ', പ്രസ്തുത ആത്മബലിയിൽ;-ആത്മഹത്യാപരമായ ആ നീചകൃത്യത്തിൽ;-തങ്ങൾക്കു പങ്കില്ലെന്നുകാണിച്ചു് അന്നത്തെ 'ബലിപീഠ'ത്തിന്നു സമീപെനിന്നു പീലാത്തോസിനെപ്പോലെ കൈകഴുകുകയും, 'ഭയങ്കര കൊള്ളലാഭത്തിൽ പര്യവസാനിച്ച പ്രസ്തുത കച്ചവടത്തിൽ തന്നെ സഹായിച്ച മഠാധിപകളോടു നന്ദിപറഞ്ഞു പിരിഞ്ഞു പോരുകയും ചെയ്യുന്നു. എന്നാൽ തൻെറയും തൻെറ സന്താന പരമ്പരകളുടേയും കാലത്തോളം തീത്താൽതീരാത്ത 'കുടുംബശാപം' വരുത്തിത്തീക്കുകയാണെന്നു് ഇക്കൂട്ടർ ചെയ്യുന്നതെന്നു മനസ്സിലാക്കുന്നില്ല

ഒരു കാര്യം ഇക്കൂട്ടർ ഗ്രഹിക്കേണ്ടതുണ്ട്. ആദ്യംതന്നെ വിവാഹപ്രായമായ മക്കൾക്കു 'ബന്ധുത'കാര്യങ്ങൾ അന്വേഷിച്ചു് അനുരൂപനായ ഒരു വരനെ തിരഞ്ഞുപിടിച്ചു് വിവാഹാന്തസ്സിലേക്കു തിരിക്കുന്നതിന്നായി അവരെ ഒട്ടൊക്കെ നിർബ്ബന്ധിക്കേണ്ടതാണ്. പെൺകുട്ടികൾ സ്വതേ നാണംകുണുങ്ങികളാണ്. ഉള്ളിലുള്ളതു അപ്പടി തുറന്നുപറയുവാൻ അവക്കു മടികാണും. കാര്യകാരണസഹിതം, യുക്തിയുക്തം അവരെ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്യണം. വസ്തുനിഷ്ഠവും, സത്യസന്ധവുമായ പ്രതിപാദനങ്ങൾകൊണ്ടു് അവരുടെ ജ്ഞാന

തൃഷ്ണയെ പോഷിപ്പിക്കണം. അപ്പോഠം കാണാം 'മറംകാണുന്നതു ചെകുത്താനു കുരിശുകാണുന്നതു'പോലെ ആയിത്തീരുന്നതു്.

അതല്ലാതെ, മുൻപറഞ്ഞവിധത്തിൽ ലാഭകച്ചവടം നടത്തുന്നതിൻെറ ഫലമായി പിൽക്കാലങ്ങളിൽ കന്യകാലയങ്ങളിൽനിന്നും മററും ഒളിച്ചോടിപ്പോരുകയും ആജീവനാന്തം 'കരകന്യാസ്ത്രീകളും' 'ചെമ്മാച്ചന്മാരും' ആയി സമുദായത്തിൻെറ പരിഹാസപാത്രങ്ങളായി ദിനരാത്രങ്ങഠം കഴിച്ചുകൂട്ടേണ്ടതായിവരുന്നുണ്ടു് 'സത്യസഭ'യുടെ ഒരു പ്രത്യേകതയാണിതു്. സത്യസഭയിൽ ചേന്ന പുലയൻ കോരനെ 'സത്യക്രിസ്ത്യാനികഠം അവൻെറ മാമോദീസപ്പേരുകൂട്ടിയാണ് വിളിക്കാറ്. 'ഔസെപ്പ് പുലയൻ' എന്നും 'മത്തായിക്കോരൻ' എന്നും അവർ വിളിക്കുന്നതുകേട്ടാൽ, പുതിയ 'മാഗ്ഗം' കൂടിയ ആ സത്യവിശ്വാസി അവൻെറ "ഷെയർമണി" അഥവാ ഓഹരിസംഖ്യ മുഴവൻ അടച്ചുതീത്തിട്ടില്ലെന്നു തോന്നും. കന്യകാലയത്തിൽനിന്നും, സന്യാസാശ്രമംവക ബോർഡിങ്ങുകളിൽനിന്നും പ്രാരംഭദശയിൽത്തന്നെ വിടുതൽസർട്ടിഫിക്കററും വാങ്ങി, വീട്ടിലേക്കു മടങ്ങിവന്നു, കുടുംബജീവിതം, അഥവാ 'ഔസേപ്പുപിതാവിൻെറ സഭ'യിൽ ചേരാൻ ശ്രമിക്കുന്ന യുവതീയുവാക്കന്മാരെപ്പററിയും ഇതുപോലെത്തന്നെയാണു് നാട്ടിൽ ഉണ്ടാക്കുന്ന ഒച്ചപ്പാടുകഠം. മടങ്ങിവന്നതിൻെറ "വിത്തും, വേരും, 'ഗുട്ടൻസും' രഹസ്യവും" ഓരോരുത്തരുടെ മനോധമ്മംപോലെ പ്രചരിപ്പിക്കുന്നതു കാണാം. വൈദികജീവിതമോ, 'മഠജീവിതമോ' തങ്ങഠംക്കു പററിയതല്ലെന്നു സധീരം നിശ്ചയിച്ച പ്രസ്തുത യുവതീയുവാക്കന്മാരെ അനുമോദിക്കുകയാണു വേണ്ടതു്. എന്നാൽ സത്യക്രിസ്ത്യാനികഠം, സാധാരണ ക്രിസ്ത്യാനികളെപ്പോലെയല്ലെന്നു തെളിയിക്കുവാൻ പരിഹാസം ഒരു ഉപതൊഴിലാളി സ്വീകരിച്ചിരിക്കുകയാണു്.

വൈദീകജീവിതമോ സന്യാസജീവിതമോ യഥാൎത്ഥത്തിൽ എന്താണെന്നു അറിയാതെ ചില സാഹചൎയ്യങ്ങളുടെ സമ്മൎദ്ദത്താലാണ് അവർ വീട്ടിൽനിന്നു് ആശ്രമത്തിലേക്കു പോയതെങ്കിലും അവർ ഭീരുക്കളല്ലാതിരുന്നതുകൊണ്ടു് സധൈൎയ്യം മടങ്ങിപ്പോരുകയാണ് ചെയ്തതു്. വി കൊച്ചുത്രേസ്യാപുണ്യവതിയുടെ മാതാവും പിതാവും ഒരിക്കൽ ആശ്രമജീവിതത്തിലെ പ്രാരംഭദശയിൽ പ്രവേശിച്ചവരാണെന്നു കാണാം. അവർ പ്രസ്തുത അന്തസ്സു സ്വീകരിച്ചിരുന്നെങ്കിൽ സത്യകൃസ്ത്യാനികൾക്കു ഒരു "പുണ്യവാളത്തിയെ" ലഭിക്കാതിരിക്കുമായിരുന്നുവെന്നും ചിന്തിയ്ക്കേണ്ടിയിരിക്കുന്നു. അതിനാൽ അത്തരത്തിൽതന്നെ മടങ്ങിപ്പോരുന്ന യുവതീയുവാക്കന്മാരെ അവഹേളിക്കുന്നതും നിന്ദിക്കുന്നതും സംസ്കാരമുള്ള ഒരു സമുദായത്തിനു ഭൂഷണമല്ല. മിക്ക യുവതീയുവാക്കന്മാൎക്കും ഇപ്രകാരം മടങ്ങിപ്പോന്നു് വീണ്ടും സമുദായമദ്ധ്യത്തിൽ ഇടകലൎന്നു് ഒന്നും പുതുതായി സംഭവിച്ചിട്ടില്ലെന്നമട്ടിൽ കഴിഞ്ഞുകൂടുക പ്രയാസമാണ്. അതിനാൽ സാമാന്യമായിപറഞ്ഞാൽ മിക്ക യുവതീയുവാക്കന്മാരും പ്രസ്തുത കെണിയിൽചെന്നുപെട്ടാൽപ്പിന്നെ തലയൂരിപ്പോരുവാൻ ധൈൎയ്യപ്പെടാറില്ല. "ഘോരസമുദായ ക്രൂരനേത്രം കൂരിരുട്ടത്തും തുറിച്ചുനോക്കും" എന്നാണ് അവരുടെ ഭയം. അതിനാൽ ചില യുവതീയുവാക്കന്മാർ അവരുടെ ജീവിതത്തെ സ്വയം ശപിച്ചും മനോവേദനയോടുകൂടിയും 'അച്ചനും' 'കന്യാസ്ത്രീ'യുമായി കഴിഞ്ഞുകൂടുന്നുണ്ടെന്നും എന്നാൽ മററു ചിലർ വളരെ വൈകിയ വേളയിൽപ്പോലും അവരുടെ "നുകം" വലിച്ചെറിഞ്ഞു് സ്വതന്ത്രരായിത്തീരുന്നുണ്ടെന്നും നാം നിത്യാനുഭവങ്ങളിൽനിന്നും കണ്ടുവരുന്നുണ്ടു് എന്തുകൊണ്ടെന്നാൽ, ഗൃഹസ്ഥാശ്രമത്തിനുശേഷമുള്ള സന്യാസാശ്രമം മാത്രമെ വിജയപ്രദമായിരിക്കുകയുള്ളു ഭാരതീയ സംസ്കാരവും, നടപടികളും ഇതിനെ അനുകരിക്കുകയും പിന്താങ്ങുകയും ചെയ്തിരുന്നുവെന്നു ചരിത്രം നമ്മെ പഠിപ്പിക്കുന്നു അതിനാൽ കത്തോലിക്കാകൃസ്ത്യാനികളെ

സംബന്ധിച്ചുപറഞ്ഞാൽ, സന്യാസജീവിതവും, വൈദീകജീവിതവും ഇന്നത്തെനിലക്ക് ഭയങ്കരമായ ഒരു വൈരുദ്ധ്യമാണെന്നു പറയാം. കത്തോലിയ്ക്കേതരനായ ഒരു പണ്ഡിതൻെറ അഭിപ്രായം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

"ലോകത്തിലുള്ള സർവ്വജീവരാശികളുടേയും ആസ്തികൃതത്തിന്നും, പരിശുദ്ധമായ ജീവിതാനന്ദത്തിന്നും ഉദ്ദേശിച്ചു പ്രകൃതി സർവ്വജീവജാലങ്ങളിലും നിറച്ചുവെച്ചിട്ടുള്ള വളരെ ശക്തിയേറിയ ഒരു വികാരസമ്പത്താണ് ലൈംഗികവാസന. അന്യോന്യസ്നേഹമാണ് ഇതിൻെറ പ്രേരകമായ കേന്ദ്രം. പ്രകൃതിമാഹാത്മ്യത്തിൻെറ ഒരു ഛായയാണ് ഇതിൽ പ്രതിബിംബിക്കുന്നതു്. എല്ലാ ജീവജാലങ്ങളിലും ലൈംഗികവാസനയുടെ വികാരച്ചൂട് നൈസർഗ്ഗികമായി നിലകൊള്ളുന്നതു പിശാചിൻെറ തട്ടിപ്പോ കുട്ടിച്ചാത്തൻെറ കുസൃതിത്തരമോ അല്ല. ഇത്ര ശക്തിയേറിയ ഒരു വാസനാശക്തി വേറെയില്ലെന്നു പറയാം. പ്രപഞ്ചത്തിൻെറ നിലനിൽപ്പുപോലുമീ വികാരത്തിൻെറ പരിരംഭണങ്ങളിൽ സ്ഥിതിചെയ്യുന്നു. ഇത്ര പരിശുദ്ധമായ ആനന്ദവും സൌഭാഗ്യവും പ്രദാനംചെയ്യുന്ന മറെറാരാനന്ദാനുഭൂതി മനുഷ്യരാശിയിലോ പ്രപഞ്ചത്തിലോ വേറെയില്ല. "മായപ്രപഞ്ചത്തിൽ ആനന്ദം വേറില്ല" എന്നു മഹാകവി പാടിയിരിക്കുന്നതു് ഇതിനെപ്പററിയാണ്. ഈ വികാരവായ്പിനെ കണ്ടമാനം ദുർവിനിയോഗം ചെയ്താൽ ഒടുവിൽ ദുഃഖത്തിലും കഷ്ടപ്പാടുകളിലും ചെന്നുചാടാനെളുപ്പമുണ്ടു്. എന്നാൽ മനുഷ്യപ്രകൃതിയുടെ ബലഹീനതകൊണ്ടു് പലരും അതിൽച്ചെന്നുചാടുന്നു. ഇതിനെ നിയന്ത്രിക്കണം—അതാണ് മനുഷ്യത്വവും മൃഗീയത്വവും തമ്മിൽ വേർതിരിക്കുന്ന രേഖ. ജീവിതത്തിൽ ആത്മസംയമനം നേടിയെന്നു അവകാശപ്പെടുന്ന പലരും ചിലപ്പോഠം പെട്ടെന്നുള്ള ചില വികാരത്തള്ളലിനാൽ ഭോഗേച്ഛകഠംക്കു അടിപെട്ടിട്ടുണ്ടു്. എന്നാൽ പിന്നെ സാധാരണക്കാ

രന്റെ കാര്യം പറയാനുണ്ടോ? നിരന്തരമായി, മാംസം, നെയ്യ്, പാല്, കോഴിമുട്ട മുതലായവ ഭക്ഷിക്കുന്നതുകൊണ്ട് മേദസ്സുവർദ്ധിക്കാതിരിക്കയില്ല ഇതിന്നൊരു ബഹിർസ്ഫുരണം കൂടാതെ സാദ്ധ്യമല്ല ലൈംഗികവാസനയെ തുടർച്ചയായുള്ള ആത്മസംയമന പരിശീലനംകൊണ്ടു് ഇല്ലായ്മചെയ്യുക എന്നതു അമാനുഷികമായ ഒരു കഠിന ശ്രമമാണ്. അങ്ങനെ ശീലിച്ചാൽത്തന്നെയും അതിന്റെ പ്രത്യാഘാതങ്ങാം ശരീരത്തിന്റെ ആരോഗ്യത്തെയും ബാധിക്കാതെ തരമില്ലെന്നാണ് മനഃശാസ്ത്രജ്ഞന്മാരും ശരീരശാസ്ത്രജ്ഞന്മാരും ഒന്നുപോലെ പറയുന്നതു്. പ്രകൃതിസിദ്ധമായ ഈ വാസനാശക്തിയുടെ ഉറവയെ അടച്ചുപൂട്ടിയാൽ ഒന്നുകിൽ അതു ശരീരഘടനയിലെ രക്തസംക്രമണത്തെ ഒന്നടങ്കം ദുഷിപ്പിക്കും; അതല്ലെങ്കിൽ മറേറതെങ്കിലുമൊരു മാർഗ്ഗത്തിലൂടെ സ്വയം പ്രകാശിക്കാൻ ഒരുമ്പെടും. അങ്ങനെയാണ് പ്രകൃതിയിൽ നാം കണ്ടുവരുന്നതു്. അതിനാൽ ലൈംഗികവാസനയെ ശരിയായി നിയന്ത്രിച്ചു് അതിന്റെ വീര്യഗുണത്തെ തെല്ലും നശിപ്പിക്കാതെ സംസ്കരിച്ചെടുത്തു് ലോകത്തിന്റെ— പ്രപഞ്ചത്തിന്റെ— നന്മയ്ക്കുവേണ്ടി നല്ല സന്താനങ്ങളെ ഉൽപാദിപ്പിക്കുവാൻ ശ്രമിക്കയാണ് വേണ്ടതു്."

മതത്തിന്റെ പേരിൽ ദൈവത്തിന്റെ കാവൽപടയാളികളും, ദൈവത്തെ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു ആനയിക്കുന്നവരും, കയ്യിൽ എടുത്തുകൊണ്ടു നടക്കുന്നവരുമായ പുരോഹിതന്മാർ ലൈംഗികശാസ്ത്രവും മനഃശാസ്ത്രവും തെല്ലൊക്കെ മനസ്സിലാക്കിയിരിക്കുന്നതു നല്ലതാണ്. ഇതിന്നനുസരിച്ചുവേണം തലമുറയോടു "വൈദികവേദാന്തം" ഓതിക്കൊടുക്കുവാനെന്നു അനുസ്മരിപ്പിക്കയാണ്. രാത്രിസഞ്ചാരത്തിന്നു് കൊള്ളരുതാത്ത പ്രകൃതിവിരോധപ്രവൃത്തികാംക്കും പലരും ഒരുമ്പെടുന്നുണ്ടെങ്കിൽ അതിന്നു് ആ

രാണ് ഉത്തരവാദികഠം എന്നു വായനക്കാർതന്നെ വിധിച്ചാൽ മതി. മഹാന്മാരും പണ്ഡിതന്മാരും ആണെന്നു സ്വയം അഭിമാനിക്കുന്ന പലക്കും ശരീരശാസ്ത്രപരമായും, ലൈംഗികശാസ്ത്രപരമായും മററം ഒരു "ചുക്കം" അറിഞ്ഞുകൂടായെന്നുള്ളതാണ് പരമാത്ഥം.

ദൈവവിളിയുടെ മറെറാരു വശത്തെക്കുറിച്ചും സ്വല്പമൊന്നു ചിന്തിക്കാം. തങ്ങഠം ഉദ്ദേശിച്ച യുവാവിനേയോ, യുവതിയേയോ വിവാഹം കഴിക്കുവാൻ സമുദായത്തിൻെറ ക്രൂരമായ കെട്ടുപാടുകഠം അനുകൂലമല്ലാത്തതിനാൽ പ്രേമനൈരാശ്യംപൂണ്ടു് രണ്ടുംകല്പിച്ചു് അച്ചനും, കന്യാസ്ത്രീയും ആയിത്തീരാൻ അഭിലഷിക്കുന്ന ദൈവവിളിക്കാരും അപൂർവ്വമല്ല. അവർ ഉദ്ദേശിച്ചതരത്തിലുള്ള മണവാളനും, മണവാട്ടിയും കരസ്ഥമായില്ലെന്ന കാരണത്താൽ കത്താവിൻെറ മുന്തിരിത്തോട്ടത്തിലെ മണവാളനും മണവാട്ടിയും ആയിത്തീരാൻ അവർ നിർബ്ബന്ധിതരായിത്തീരുന്നു.

തങ്ങളുടെ പ്രയത്നംകൊണ്ടു കുടുംബം പുലത്തിവരുന്ന ചില യുവതികളെ പറഞ്ഞു പിരികയററി, മഠത്തിലേക്കു തട്ടിക്കൊണ്ടു പോകുന്നതിനാൽ നിരാലംബരായിത്തീരുന്ന മാതാപിതാക്കന്മാരുടെ ശാപത്തോടുകൂടി കർത്താവിൻെറ മുന്തിരിത്തോട്ടത്തിലേക്കു വേലയ്ക്കുപോകുന്ന ദൈവവിളിക്കാരും അപൂർവ്വമല്ല. ഇത്തരത്തിലുള്ള ദൈവവിളികളുടേയും ഫലമായി കന്യകാമഠങ്ങളും, സന്യാസാശ്രമങ്ങളും നാട്ടിലങ്ങോളമിങ്ങോളം പെരുകുകയും അവർ കണക്കററവിധത്തിൽ ധനസമ്പാദനം നടത്തുകയും രാജകീയമായ ജീവിതം അനുഭവിക്കുകയും ചെയ്യുന്നതു കാണുമ്പോഠം ഹെൻറി എട്ടാമൻെറ കാലത്തു് ഇംഗ്ലണ്ടിൽ നടന്നവിധത്തിലുള്ള സംഭവപരമ്പരകഠം ഇന്നാട്ടിലും ആവർത്തിക്കപ്പെട്ടുമോ എന്നു ശങ്കിക്കാൻ അവകാശം കാണുന്നുണ്ടു്. ഇംഗ്ലണ്ടിൽ പലവിധത്തി

ല്ലള്ള സന്യാസസഭകളും ഉണ്ടായിരുന്നു. അതിൻെറയെല്ലാം പ്രാരംഭദശയിൽ സന്ന്യാസികഠം ആദശ്പരമായ ജീവിതം കഴിച്ചുവന്നു. സാധുക്കളും ദരിദ്രരുമായ ജനങ്ങളുമായി ഇടപഴകി കർത്താവിൻെറ ദൌത്യം അവർ നിറവേററി. വിദ്യാഭ്യാസരംഗത്തും ശോഭനമായ ഒരു സ്ഥാനം അവർ കരസ്ഥമാക്കി. എന്നാൽ ക്രമേണ അവരുടെ പുണ്യാത്രപി മന്ദീഭവിക്കുകയും, ധനവാന്മാരുടേയും പ്രഭുക്കന്മാരുടേയും സംസഗ്ഗം മാത്രം അവർ അഭിലഷിക്കുകയും സാധുക്കളുമായുള്ള സമ്പക്ത്തിന്നു വിമുഖത പ്രദശിപ്പിക്കുകയും ചെയ്യതിൻെറ ഫലമായി സാധാരണജനങ്ങഠംക്കു അവരോടുള്ള മതിപ്പ് നഷ്ടീഭവിക്കുകയും ചെയ്തു. രാജകീയമായ അവരുടെ ജീവിതപരിപാടിയും സുഖലോലുപതചവും, റോമൻ പോൻടിഫ് ആയിരുന്ന പോപ്പുമായി ശണ്ഠകൂടിയ ഹെൻറി എട്ടാമൻെറ ദൃഷ്ടികളിൽപെട്ടു. കുന്നുകുന്നായി അവർ സംഭരിച്ചുവെച്ചിരുന്ന സ്വത്തുക്കളിന്മേൽ രാജാവു് കൈവെച്ചു. അതെല്ലാം കണ്ടുകെട്ടി സന്യാസാശ്രമങ്ങളേയും, മററും അയാഠം ക്രമേണ ഉടച്ചുതകത്തു സ്വത്തെല്ലാം രാജാവിൻേറതാക്കിത്തീത്തു.

ഇതിൽനിന്നെല്ലാം മനസ്സിലാക്കേണ്ട പല പാഠങ്ങളും ഉണ്ടെങ്കിലും ചരിത്രസത്യങ്ങളായ ഇത്തരം സംഭവങ്ങഠം അറിഞ്ഞുകൊണ്ടിരിക്കുന്ന പലരും അതു മനസ്സിലാക്കാത്തതുപോലെ ഭാവിക്കുന്നതുകൊണ്ടു്, സംഭവിക്കാനിരിക്കുന്ന കെടുതികളെ മുൻകൂട്ടി ദീർഘദശനം ചെയ്യാൻ നിഷ്പക്ഷനിരീക്ഷകന്മാക്കും, സ്വതന്ത്രചിന്തകന്മാക്കും, തോന്നിപ്പോകാറുണ്ടു്. അങ്ങു് അനതിവിദൂരമായ ഭാവിയിൽ അജ്ഞാതമായ ഒരു ശക്തിക്കു് അടിപ്പെട്ടു പള്ളിവീരന്മാരുടെ കൊള്ളരുതായ്മകഠം തകന്നു തരിപ്പണമാകുവാൻ സാദ്ധ്യത കാണുന്നുണ്ടു്. തിളച്ചുമറിഞ്ഞുവരുന്ന തിരമാലപോലെയുള്ള ആ അജയ്യശക്തിയുടെ മുമ്പിൽ മുട്ടുകുത്തേണ്ടിവരുമ്പോഠം മാ

ത്രമേ പലരും കണ്ണു തുറക്കുകയുള്ളു. അങ്ങുകലത്തു ദയനീയമായ ഒരു രോദനം കേട്ടുതുടങ്ങിയിരിക്കുന്നു. കാലം സയൻസിൻെറ പൂഞ്ചിറകുകാംവെച്ച് വിഹായസ്സിലേക്കു ഉയന്നു ഉയന്നു വരികയാണ്. യാഥാസ്ഥികത്വം പുരോഗമനത്തിൻെറ പൊട്ടിത്തെറിയിൽ ഛിന്നഭിന്നമാകാതിരിക്കയില്ല. കുന്നിനു അങ്ങേപ്പുറം കുണ്ടും, വേനലിൻെറ പിന്നിലായി വഷക്കാലവും വരുന്നതുപോലെ ഉച്ചനീചത്വങ്ങാം തുടച്ചുനീക്കപ്പെട്ടുവാനുള്ള ഒരു കാലഘട്ടം സമാഗതമായി എന്നു വിളിച്ചുപറയുന്ന ഒരു ശബ്ദത്തിൻെറ ധ്വനി ലോകത്തിലങ്ങോളമിങ്ങോളം വ്യാപിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ "ദൈവത്തിൻെറ പ്രത്യേകം വിളിയ്ക്കപ്പെട്ട സഹോദരീസഹോദരന്മാർ കാലത്തിനൊത്തവിധം ജീവിതപരിപാടികാം നിയന്ത്രിക്കുന്നതു് അവക്കും ലോകത്തിന്നും ഉപകാരപ്രദമായിരിക്കുമെന്നു തോന്നുന്നു.

# നാല്.

ദൈവത്തിന്റെ ആളുകൾ രാഷ്ട്രീയത്തിൽ കടന്നുകൂടി കാട്ടിക്കൂട്ടുന്ന കോപ്രാട്ടികൾ ആനക്കാര്യത്തിലെ ചേനക്കാര്യംപോലെയാണ്. പിശാചും ദൈവവും തമ്മിലുള്ള ഒരു യുദ്ധമാണ് നടക്കുന്നതെന്നാണ് അവരുടെ ബോദ്ധ്യം എന്നു തോന്നും. ഏതാനും രാജ്യങ്ങളിൽ പിശാചുക്കൾ താവളമടിച്ചുകിടക്കുന്നതായിട്ടും, ദൈവമക്കളെ ഗ്രസിക്കുവാൻവരുന്ന പ്രസ്തുത പിശാചുക്കളെ സംഹരിയ്ക്കാൻ രാഷ്ട്രീയമായ പോർച്ചട്ടകൾ അണിഞ്ഞു പ്രത്യക്ഷസമരത്തിന്നു ഏർപ്പെടേണ്ടതാണെന്നും ഉള്ള ആഹ്വാനമാണ് ഇന്ന് എവിടേയും കേൾക്കുന്നത്. സാമ്പത്തികസമീകരണമെന്ന തത്വസംഹിതയും മൂത്തുമുരടിച്ച മുതലാളിത്തവ്യവസ്ഥിതിയും തമ്മിലാണ് യഥാർത്ഥത്തിൽ ഏററുമുട്ടിയിരിക്കുന്നത്. എങ്കിലും മതപരമായ ലേബൽ ഒട്ടിച്ചുകൊണ്ടുള്ള ഇത്തരം പടസന്നാഹങ്ങൾ കാണുമ്പോൾ ഏതൊരു സ്വതന്ത്രചിന്തകനാണ് അമ്പരന്നുപോകാത്തത്? 'വിരുദ്ധൻകളി'യുടെ ഹാലിളക്കവും വേവലാതിയും സംഭ്രമജനകങ്ങളായ മററിതരപരിപാടികളും കണ്ടാൽ തോന്നുന്നത്, നമ്മുടെ നാട്ടിൽ പിശാചുക്കൾ വന്നു ശാരീരികമായും ആത്മീകമായും നമ്മെയെല്ലാം വിഴുങ്ങിത്തുടങ്ങിയെന്നാണ്. മതത്തിന്റെ പേരിൽ നാം രക്തം ചിന്തിയ്ക്കേണ്ടിയിരിക്കുന്നുവെന്ന് ഇവർ ആക്രോശിക്കുന്നതുകൊണ്ടു ഇവർ ഉദ്ദേശിക്കുന്നതു എന്താണ്? മുതലാളിത്തവ്യവസ്ഥിതി നാട്ടിൽനിന്നു തുടച്ചുനീക്കാൻ നാം ഒരിക്കലും സമ്മതിക്കരുതു എന്നാണ്. അങ്ങനെ സംഭവി

ക്കന്നപക്ഷം പരിശുദ്ധങ്ങളായി കരുതപ്പെട്ടുന്ന പുരോഹിതവൎഗ്ഗത്തിന്റെ കോട്ടകൊത്തളങ്ങൾ തകൎന്നു തരിപ്പൊടിയാകുമെന്നും, മതത്തിന്റെ വിഷപ്പല്ലുകളാകുന്ന മതത്തട്ടിപ്പുകളുടെ പുറംപൂച്ച് പുറത്താകുമെന്നും, അവരുടെ ദിവ്യത്വത്തിന്റെ 'തനിനിറം' വെളിയിലാകുമെന്നും, കള്ളത്തരങ്ങളുടെ തൊലിയുരിച്ചുകളഞ്ഞു് നഗ്നയാഥാൎത്ഥ്യത്തെപ്പററി മനുഷ്യർ ചിന്തിക്കാൻ തുടങ്ങുമെന്നും ഭയന്നുതുടങ്ങിയിരിക്കുന്നതിന്റെ ലക്ഷണമാണ് നാട്ടിലങ്ങോളമിങ്ങോളം പൊന്തിക്കാണുന്ന 'വിരുദ്ധൻകളി'യുടെ പൊരുൾ എന്നു പലരും മനസ്സിലാക്കിവരികയാണ്. റഷ്യയുടെ മാനസാന്തരത്തിന്നുവേണ്ടി ഫാത്തിമായിൽ മാതാവ് പ്രത്യക്ഷപ്പെട്ടു് കൊന്ത നമസ്കരിക്കാൻ ഉപദേശിച്ചുവെന്നു കേൾക്കുമ്പോൾ, റഷ്യയിൽ കൊള്ളരുതായ്മകൾ മാത്രമെ നടക്കുന്നുള്ളുവെന്നും, ആദ്ധ്യാത്മികമായ പുനരുദ്ധാരണത്തിന്നു് കാപ്പുകെട്ടണമെന്നുമാണല്ലോ സാധാരണയായി അൎത്ഥമാക്കേണ്ടതു്. എന്നാൽ റഷ്യയെപ്പററി ഇവരിൽ പലക്കും ഒരു 'ചുക്കും' അറിഞ്ഞുകൂടെന്നും, പ്രസംഗിക്കുന്ന പലരും വാസ്തവസ്ഥിതിഗതികൾ അറിഞ്ഞിട്ടില്ലെന്നും ആക്ഷേപമുണ്ടു്. രാഷ്ട്രീയസ്വഭാവത്തോടുകൂടിയ ഇത്തരം അത്ഭുതസംഭവങ്ങളുടെ വിജയപ്രദമായ പുത്തൻപ്രസ്ഥാനങ്ങളിൽനിന്നു മുതലെടുത്തുകൊണ്ടാണ് മതത്തിന്റെ കാവൽഭടന്മാർ അവരുടെ ലക്ഷ്യത്തിലേക്കു ദ്രുതഗമനം ചെയ്യുന്നതെന്നു മനസ്സിലാക്കാം. പ്രാൎത്ഥനയുടെ ആവശ്യകതയെപ്പററിയും രാഷ്ട്രീയമായി അതിൽനിന്നു മുതലെടുക്കുന്നതിന്റേയും ഒരു സാമ്പിളായി, ഫാത്തിമായിലെ പ്രത്യക്ഷപ്പെടലും റഷ്യയുടെ മാനസാന്തര ചരിത്രവും കരുതാമെന്നുതോന്നുന്നു. "റഷ്യ നരകമാണ്,— അവിടെ പിശാചുക്കളുടെ കേന്ദ്രസ്ഥാനമാണ്, അവിടത്തെ ആത്മാക്കൾ എല്ലാം നശിച്ചിരിക്കയാണ്, അവിടത്തെ രാഷ്ട്രീയ തത്വസംഹിതകൾ ദുഷിച്ചു നാറിയുളുയാണ്. അവിടെ പുരോഗമനം തീരെയില്ല. റഷ്യ എന്നു്

അനുഭാവപൂർവ്വം പറയുന്ന ഏതൊരു വ്യക്തിയും ശപിക്കപ്പെട്ടവനാണ്, സത്യക്രിസ്ത്യാനിയാണെങ്കിൽ മഹറോൻകുററത്തിൽപെട്ടവനാണ്, അതിനാൽ നിങ്ങളുടെ വോട്ടുകഠം ഇന്ന പെട്ടിയിലെ ഇടാവൂ ഇന്ന അടയാളമുള്ള പെട്ടിയിൽ ഇട്ടില്ലെങ്കിൽ നിങ്ങഠം നരകത്തിൽപ്പോകും" എന്നൊക്കെ പരസ്യമായി പ്രസംഗിക്കുന്ന പുരോഹിതവർഗ്ഗത്തെപ്പററി എന്താണ് പറയേണ്ടതു്. ആത്മീകമുദ്രാവാക്യംകൊണ്ടു രാഷ്ട്രീയം നേടുകയാണു അതിൻെറ പൊരുഠം എന്നു തോന്നുന്നു. "ഇന്ന പാർട്ടി കുഴപ്പമുള്ളതല്ലെങ്കിലും, ആ പാർട്ടിക്കു് തനിച്ച് ഭരണഭാരം കൈവരുവാനുള്ള ബഹുഭൂരിപക്ഷം കിട്ടുകയില്ലെന്നു ബോദ്ധ്യമായിരിക്കകൊണ്ടു്, ഭൂരിപക്ഷം കിട്ടാൻവേണ്ടി ഇന്ന പാർട്ടിക്കു വോട്ടു ചെയ്യണം. അതല്ലെങ്കിൽ പിശാചിൻെറ പാർട്ടി ജയിക്കാനിടവരും. നമ്മഠം എല്ലാം നശിക്കും. നമ്മുടെ പള്ളികഠം അവർ സിനിമാശാലകളാക്കി മാററും, വൈദീകരെ അവർ തൊലിപൊളിക്കും; വയോജനങ്ങളെ അവർ വെടിവെച്ചു നശിപ്പിക്കും. നമുക്കു സംസാരസ്വാതന്ത്ര്യം നഷ്ടപ്പെടും. രാഷ്ട്രത്തിന്നെതിരു സംസാരിച്ചാൽ നമ്മെ കൊല്ലും. മതത്തിന്നെതിരായി സംസാരിച്ചില്ലെങ്കിൽ നമ്മുടെ നാക്കു അറുത്തെടുക്കും. അതിനാൽ ഇന്ന പാർട്ടിക്കു വോട്ടു നൽകുക. ദൈവത്തെ സഹായിക്കുക. പിശാചിനെ ബഹിഷ്ക്കരിക്കുക" എന്നൊക്കെയാണു പുരോഹിതവർഗ്ഗങ്ങളുടെ ഇലക്ഷൻ പ്രചരണത്തിൻെറ ഗതി. വ്യക്തിവിദ്വേഷവും അവസരസേവതവും മുതലാളിമാരെ സേവപിടിക്കലും സുലഭമായിക്കാണാം. "ആനക്കാര്യത്തിൽ ചേനക്കാര്യം" എന്നല്ലാതെ ഇതിനെപ്പററി എന്താണു് പറയാനുള്ളതു്?

റഷ്യയുടെ മാനസാന്തരത്തിന്നായി പ്രാർത്ഥിക്കാൻ ആഹ്വാനം നല്കുന്ന പുരോഹിതന്മാർ തന്നെത്താൻ മാനസാന്തരപ്പെടുകാ

ത്വം ഇതിലും വിചിത്രമാണ്. അന്തിക്രസ്തു (anti--christ) വിൻെറ അവതാരമാണു മഹാത്മാ ഗാന്ധി എന്നുവരെ ഇവിടത്തെ പുരോഹിതവർഗ്ഗം ജല്പിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പിന്നീട് ആരുടെ പ്രാർത്ഥനകൊണ്ടാണോ ഇവർ നല്ലപിള്ളയായി ചമഞ്ഞതു് എന്നു അറിയുന്നില്ല. ഒരു സുപ്രഭാതത്തിൽ മഹാത്മാഗാന്ധി നല്ലവനാണെന്ന ഭൂതോദയം ഇവർക്കു സിദ്ധിച്ചിരിക്കണം. ഒരു കാലത്തു കോൺഗ്രസ്സിനേയും അതിൻെറ പ്രവത്തനങ്ങളേയും കഠിനമായി ആക്ഷേപിച്ചിരുന്ന ഇക്കൂട്ടർ ഇന്നു കോൺഗ്രസ്സിൻെറ തലതൊട്ടപ്പന്മാരായി രൂപാന്തരപ്പെട്ടിരിക്കയാണ്. ഇവരുടെ പ്രാർത്ഥനാഫലം തിരിച്ചടിച്ചിരിക്കയാണ് എന്നുതോന്നുന്നു. അന്നു ബ്രിട്ടീഷ് സിംഹത്തിൻെറ ഭരണകാലമായിരുന്നു. ആ പഞ്ചാസ്യൻെറ ക്രൂരമായ അലർച്ചകൾ ഭയപ്പെട്ടുകൊണ്ടായിരിക്കണം ഇവർ കോൺഗ്രസ്സിനേയും മഹാത്മാവിനേയും അന്നു തെറിപറഞ്ഞു നടന്നിരുന്നതു്. എന്നാൽ ഇന്നു റഷ്യയേയും അവരുടെ അനുഭാവികളേയും മാനസാന്തരപ്പെടുത്താനാണ് ഇവർ പരിശ്രമിക്കുന്നതു്. "പിശാചുക്കൾ തമ്പടിച്ചു കിടക്കുന്ന" റഷ്യയിലേയും ചൈനയിലേയും ഭരണാധികാരികളും, ഇന്ത്യയിലെ പ്രധാന ഭരണാധികാരിയും പരസ്പരം കൈകോർത്തുനടക്കുന്നതു കാണുമ്പോൾ ഇവർക്കു ഇടനെഞ്ചു പൊട്ടുകയാണ്. പക്ഷെ എന്തു ചെയ്യാം. ഇവർ പ്രാർത്ഥിച്ച് ഒടുവിൽ, "റഷ്യയിലെപ്പോലെ ഇന്ത്യയിലുമാകണമെ" ആമ്മേൻ. എന്ന തരത്തിൽ അവസാനിപ്പിക്കുകയില്ലെന്നു ആർക്കറിയാം! ഈ പറഞ്ഞതിന്നു ചില ലക്ഷണങ്ങൾ കാണുന്നുണ്ട്. "എല്ലാ അധികാരവും ദൈവത്തിൽനിന്നു വരുന്നതാണെന്നു ക്രിസ്തു പറഞ്ഞിട്ടുണ്ട്. പീലാത്തോസിൻെറ മുന്നിൽ ആനീതനായ ക്രിസ്തു "ഈ അധികാരം നിനക്കു മുകളിൽനിന്നു സിദ്ധിച്ചില്ലായിരുന്നെങ്കിൽ നീ ഇതു ചെയ്യുകയില്ലായിരുന്നു എന്നു പറഞ്ഞിട്ടുള്ളതിനാലും, "സ

സറിന്നുള്ളതു സീസറിന്നും, ദൈവത്തിന്നുള്ളതു ദൈവത്തിന്നും കൊടുക്കുക" എന്നു പറഞ്ഞിട്ടുള്ളതിനാലും ഏതൊരാരം അധികാരത്തിൽവന്നാലും അയാളിനെ അനുസരിക്കണമെന്നു ക്രിസ്തു അനുശാസിച്ചിട്ടുണ്ടെന്നു ചിലർ വ്യാഖ്യാനിച്ചുതുടങ്ങിയിരിക്കുന്നതിനാൽ, ഏതു പാർട്ടി ഗവമ്മേണ്ട് അധികാരത്തിൽ വന്നാലും ഇവരുടെ വേദാന്തവും, ദൈവശാസ്ത്രവും, കാനൺനിയമവും അതിന്നെതിരാവുകയില്ലെന്നും കരുതുവാൻ ന്യായമുണ്ട്. എന്നാൽ പുതിയഗവർമ്മേണ്ട അധികാരത്തിൽ വേരുറക്കുന്നതുവരെ അതിനെ എതിക്കുക എന്ന പാരമ്പര്യമാണവക്കുള്ളത് എന്നു തോന്നുന്നു അതെന്തെങ്കിലുമാകട്ടെ. പ്രാർത്ഥനകൊണ്ടു വല്ല കാര്യസിദ്ധിയുണ്ടോ എന്ന കാര്യം സ്വല്പമായി ചിന്തിക്കാം.

"അപ്പം ചോദിച്ചിട്ടു പാമ്പിനേയോ തേളിനേയൊ കൊടുക്കുന്നവരായിട്ട് നിങ്ങളിൽ ആരുണ്ട്? അതിനാൽ എൻെറ നാമത്തിൽ നിങ്ങരം ചോദിപ്പിൻ; നിങ്ങരംക്കു തരപ്പെട്ടും." എന്നും മററും പ്രാർത്ഥനയുടെ മാഹാത്മ്യത്തെപ്പററി വേദപുസ്തകമാകുന്ന മഹാഗ്രന്ഥത്തിൻെറ പല മുക്കിലും മൂലയിലും പ്രതിപാദിച്ചു കാണുന്നുണ്ട്. "ആകാശത്തിലെപ്പോലെ ഭൂമിയിലുമാകണമെന്നു" 2000 കൊല്ലത്തോളം പ്രാത്ഥിച്ചതിൻെറ ഫലമായിട്ടായിരിക്കമോ റഷ്യയും, ചൈനയും മററിതരഭൂവിഭാഗങ്ങളും കമ്മ്യൂണിസ്റ്റ് ചേരിയിൽപ്പെട്ടുപോയതെങ്കിൽപ്പിന്നെ റഷ്യയുടെ മാനസാന്തരത്തിന്നുവേണ്ടി വീണ്ടും വീണ്ടും പ്രാത്ഥിക്കണമെന്നു ആഹ്വാനം നല്കുന്നതിൽ അർത്ഥമില്ല. "കൃസ്ത്യാനികളുടെ ദൈവം" പ്രാത്ഥന ശ്രവിച്ചിട്ടില്ലെന്നാണ് വിചാരിക്കേണ്ടതെങ്കിൽ, ഇനി എന്നാണ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആയിത്തീരുക? എന്ന ചോദ്യം അവശേഷിക്കുന്നു. അത്താഴത്തിന്നുള്ള ചോറും കറിയും പഴങ്ങളുമെല്ലാം തയ്യാറാക്കിവെച്ചതിന്നുശേഷം "ഞങ്ങളുടെ അ

ന്നത്തെ അപ്പം ഇന്നും ഞങ്ങൾക്കു തരിക" എന്നു പ്രാർത്ഥിക്കുന്നതിന്റെ ഔചിത്യം മനസ്സിലാക്കാൻ പ്രയാസമാണ്. ലക്ഷക്കണക്കിനു വിലമതിക്കുന്ന വസ്തുവഹകൾ സമ്പാദിച്ചു "ദൈവത്തെപ്പോലും വെല്ലുവിളിക്കാമെന്ന അഹംഭാവത്തോടുകൂടി കഴിയുന്ന ഒരു തൊമ്മൻ മുതലാളിയും പ്രാർത്ഥിക്കുന്നതു ഇതുതന്നെ "ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നും ഞങ്ങൾക്കു തരിക" കേയ്ക്കും, ബ്രാണ്ടിക്കുപ്പിയും, ആട്ടിറച്ചി വരട്ടിയതും, മേശപ്പുറത്തു വന്നു നിരന്നിട്ട് മണിക്കൂറുകൾതന്നെ കഴിഞ്ഞിട്ടുണ്ടാകും. പിന്നെയും ദൈവത്തെ പരിഹസിക്കുന്ന മട്ടിൽ "തരിക" "തരിക" എന്ന ദുരാഗ്രഹമന്ത്രം ഉരുവിടുന്നതു പരിതാപകരംതന്നെ. "എടാ മത്തായി, അല്ലെങ്കിൽ മാക്കോസെ, തോമാച്ചാ, ചുരുങ്ങിയതു ഒരു നൂററാണ്ടു കാലത്തേക്കുള്ള വഹകൾ നിനക്കും നിന്റെ കുടുംബത്തേക്കും തീറും കൈവശവും തന്നിട്ടും പിന്നേയും എന്തിന്നു എന്നെ കളിയാക്കുന്ന മട്ടിൽ "തരിക" "തരിക" എന്നു ചോദിക്കുന്നുവെന്നു അവരുടെ കർത്താവു വെട്ടിത്തുറന്നു ചോദിക്കാത്തതാണ് അത്ഭുതം. ഒരു കൃസ്ത്യാനി കൊന്തനമസ്കാരത്തിന്റെ സമാപനത്തോടുകൂടി "മാതാവിനെ" പലതരത്തിലുള്ള സംജ്ഞകൾകൊണ്ട് സംബോധന ചെയ്യേണ്ടതായിട്ടുണ്ട്. ഇക്കാര്യം വളരെ വിചിത്രമാണ്. പണ്ടൊരു സരസൻ പറഞ്ഞതുപോലെ, "സ്വർഗ്ഗത്തിൽ, കർത്താവും, മാതാവും, പുണ്യവാന്മാരും വല്ല ചീട്ടുകളിയിലൊ, ടീപാർട്ടിയിലോ ഇരുന്നു രസിക്കുന്ന നേരത്തായിരിക്കാം ഒരുപക്ഷെ അവരെ അലട്ടുന്ന വിധത്തിലുള്ള "നമസ്കാരക്കുരമ്പുകൾ" കൃസ്ത്യാനികൾ തൊടുത്തുവിടുന്നതു്. ഇതുകൊണ്ടു അവർക്കുണ്ടാകാനിരിക്കുന്ന വിഷമം ഇക്കൂട്ടക്കു സ്വയം ആലോചിച്ചു മനസ്സിലാക്കാൻ ബുദ്ധിയില്ലാതെ പോയതാണ് അത്ഭുതം." കൊന്തനമസ്കാരത്തെപ്പററി രസാവഹമായ ഒരു കഥകേട്ടിട്ടുണ്ട്. ലുത്തിനിയ ചൊല്ലിക്കൊണ്ടിരുന്ന ഒരു കൃസ്ത്യാനികുടുംബത്തേക്കു ഒരു മുഹമ്മദീയൻ കടന്നുചെന്നു വാതുക്കൽ

മുട്ടിവിളിച്ചുവെന്നതാണ് കഥാതന്തു. മാതാവിനെ പലതരത്തിലും അഭിസംബോധനം ചെയ്തിരുന്നതു അയാാം കേട്ടു. പുഷ്പമായിട്ടും, കോട്ടയായിട്ടും കൊത്തളമായിട്ടും, വരദപുഷ്പമായിട്ടും, കണ്ണാടിയായിട്ടും സമുദ്രതാരമായിട്ടും മററു ഉപമാലങ്കാരങ്ങളിലും കന്നികാമാതാവിനെ വീണ്ടും വീണ്ടും വിളിക്കുന്നതു കേട്ട് അയാാം ശ്രദ്ധിച്ചുനിന്നു അയാാംക്കു അതെല്ലാം ഒരു പുതുമയായിട്ടാണ് തോന്നിയതു് അയൽവാസിയായ പ്രസ്തുത മുഹമ്മദീയൻ, തന്റെ സ്നേഹിതനായിരുന്ന വറീതുമാപ്പിളയെ കാണാൻ ചെന്നതായിരുന്നു അത്യാവശ്യമായിട്ടെന്തോ കണ്ടു സംസാരിക്കാനാണ് അയാാം ചെന്നതു്. വാതിലടച്ചിട്ടിരുന്നാണ് വറീതുമാപ്പിളയും കുടുംബക്കാരും മാതാവിനെ വിളിച്ചിരുന്നതു്. ഒരു "രസം" ഉണ്ടാക്കണമെന്നു മുഹമ്മദീയൻ തീരുമാനിച്ചു. പെട്ടന്നു വാതിലിന്മേൽ മുട്ടി. തൽക്ഷണംതന്നെ അടുത്തുണ്ടായിരുന്ന ഒരു മറവിൽ ഒളിച്ചിരുന്നു. വാതിൽ തുറന്നുനോക്കിയ വറീതു്, പുറമെ ആരേയും കാണാതിരുന്നതുകൊണ്ടു് വാതിലടച്ചു പഴയപടി പ്രാത്ഥന ആരംഭിച്ചു മുഹമ്മദീയൻ അയാളുടെ വിദ്യ മൂന്നുനാലു ആവത്തി പ്രയോഗിച്ചു. എന്നാൽ ആളിനെക്കാണാതെ വറീതു പിന്നേയും വാതിലടച്ചു. എന്തൊ ഒരു അത്ഭുതം സംഭവിച്ചുവോ എന്നും "മാതാവുതന്നെ വാതിലിൽ മുട്ടിയതായിരിക്കുമോ എന്നും തന്റെ വീട്ടിൽ "പ്രത്യക്ഷം" സംഭവിക്കാനുള്ള സാദ്ധ്യതകളാണോ താൻ കണ്ടതെന്നും സംശയിച്ചിരിക്കെ, മുഹമ്മദീയൻ നേരിട്ടു പടികടന്നുവരുന്നതു അയാാം കണ്ടു. അപ്പോഴെക്കും പ്രർത്ഥനയും അവസാനിച്ചിരുന്നു. തന്റെ വീട്ടിൽ അന്നു സംഭവിച്ച അത്ഭുതസംഭവത്തെപ്പററി സ്നേഹിതനോട്ട് യാാം പ്രതിപാദിക്കാൻ തുടങ്ങി. ഇതുകേട്ടു ചിരിച്ചുകൊണ്ടു അയാാം പറഞ്ഞു "വാതിലിൽ മുട്ടിയതു ഞാൻതന്നെയാണ്"

ഇത്തരമൊരു മറുപടി കേട്ടപ്പോാം വറീതു് കോപിച്ചു

"എന്തൊരു തോന്നിവാസമാണെടോ താൻ കാട്ടിയതു്? പ്രാൎത്ഥിക്കുന്ന ആളുകളെ ബുദ്ധിമുട്ടിക്കുകയും അലട്ടുകയും ചെയ്യുന്നതു പിശാചിനു ചേരുന്ന പണിയാണല്ലെടോ? ഒരിക്കലും താൻ ചെയ്തതു ഒട്ടും മൎയ്യാദയായില്ല."

ഇതുകേട്ടു ചിരിച്ചുകൊണ്ടു മുഹമ്മദീയൻ വീണ്ടും പറഞ്ഞു. "മൂന്നു നാലു പ്രാവശ്യം വാതില്ക്കൽ മുട്ടിവിളിച്ചപ്പോൾ വറീതു മാപ്പിളക്കു ഇത്രദേഷ്യം വന്നെങ്കിൽ നിങ്ങളുടെ മാതാവിനു ഇപ്പോൾ ഈ കുടുംബത്തോടു് എത്ര കോപംവന്നുകാണണം. ചുരുങ്ങിയതു് നൂറു പ്രാവശ്യമെങ്കിലും പലതരത്തിലുള്ള നിരൎത്ഥകങ്ങളായ പദങ്ങളാൽ നിങ്ങൾ അവരെ ശല്യപ്പെടുത്തിയില്ലേ?" ഇങ്ങനെ എല്ലാ ക്രിസ്ത്യാനികളുംകൂടി വിളിച്ചാൽ എത്ര വലിയ അനൎത്ഥമാണു് ഉണ്ടാവുക" എന്നു നിങ്ങളെ ബോദ്ധ്യപ്പെടുത്താനാണു് ഞാനിങ്ങനെ ചെയ്തതു്. ഇതു ഒരു കഥയ്ക്കുവേണ്ടി പറയുന്നുവെന്നേയുള്ളു. ഇതിൽ എത്രത്തോളം സത്യസ്ഥിതിയുണ്ടെന്നു അജ്ഞാതമാണു്. എങ്കിലും ചൊല്ലിയതുതന്നെ വീണ്ടും ചൊല്ലിയും മനസ്സുകൊണ്ടു മററുവിധത്തിൽ കണക്കുകൾ കൂട്ടിയും, കോഴിയെ കൂട്ടിൽ പിടിച്ചിട്ടോ എന്ന ചിന്തയിലും, കൂട്ടാനിൽ ഉപ്പു് ഇടാൻ മറന്നുവോ എന്നു ആലോചിച്ചും, പീടികയുടെ നിരപലക ഇട്ടു താക്കോൽകൊണ്ടു പൂട്ടിയെങ്കിലും, ശരിയായി അതു പൂട്ടിത്തന്നെ കിടക്കുന്നുണ്ടോ എന്നും, എറണാകുളത്തു് കോടതിയിലെ കേസിൻെറ കാര്യങ്ങൾ എന്തായി എന്നിങ്ങനെയുമുള്ള മനോരാജ്യങ്ങളിൽ മുഴുകിയുമാണു് നൂററുക്കു് തൊണ്ണൂററൊമ്പതുപേരും കൊന്ത എത്തിക്കുന്നതും, കുർബ്ബാന കാണുന്നതും എന്നും, എന്നാൽ പ്രാൎത്ഥനയുടേയും കുർബ്ബാനയുടേയും നേരം വല്ലവിധേനെയെങ്കിലും കഴിച്ചുകൂട്ടി വലിയ മനോസന്തുഷ്ടിയോടെ മിക്കവരും ഊണുകഴിക്കാൻ പോകാറുണ്ടെന്നും ഇതിൽനിന്നു വിഭിന്നമായി പല വിചാരംകൂടാതെ ആരെങ്കിലും ഉണ്ടോ എന്നും സംശയിക്കാൻ

ന്യായംകാണുന്നില്ലെന്നും പറയാതെ നിവൃത്തിയില്ല. നല്ലനില യിൽ കഴിയുന്ന വീടുകളിൽ പ്രാർത്ഥന ചൊല്ലുന്നതിന്നു കൂലി കൊടുത്തു് ആളുകളെ നിയമിക്കുന്ന ഏർപ്പാടുകളും ദുർല്ലഭമല്ല. കൂട്ടപ്രാർത്ഥന നടക്കുമ്പോൾ അടുക്കളയിൽ കറികൾ അനത്തുക യും, പൂമുഖത്തു വിനോദസംഭാഷണങ്ങൾ പൊടിപൊടിക്കുകയും ചെയ്യുന്ന ഭക്തകൃസ്ത്യാനികളുടെ കുടുംബങ്ങൾ സുലഭമായിരിക്കു യാണ്. പ്രാർത്ഥനക്കു നിശ്ചയിച്ച കൂലിക്കാരിയായ തള്ളയും ഏതാനും പിള്ളേരും കൂടി പ്രാർത്ഥനച്ചടങ്ങുകൾ വല്ല വിധേന യും കഴിച്ചിട്ടുണ്ടായിരിക്കും. എന്നിട്ടും പ്രസ്തുത ഗൃഹനാഥന്മാർ ഷെവലിയർ സ്ഥാനക്കാരും പള്ളിയിലെ ഒന്നാംകാര്യസ്ഥന്മാരും ആയി വാണരുളുകയും ചെയ്യുന്നു. ശാന്തം പാപം!

മനസ്സുക്ഷ്ണിക്കുമ്പോഴാണ് പലരും ദൈവത്തോടു് ആത്മാർത്ഥ മായി പ്രാർത്ഥിക്കാറുള്ളതു്. എന്തെങ്കിലും പെട്ടെന്നുള്ള അപക ടങ്ങൾ വരുമ്പോൾ, "ചതിച്ചല്ലോ മാതാവേ, രക്ഷിക്കണേ തമ്പു രാനെ, അള്ളാ; പടച്ചോൻ കൃപയുണ്ടാകട്ടെ! ഗുരുവായൂരപ്പാ! ഈശ്വരാ; ശ്രീരാമ; കൃഷ്ണാ; ഈശോ, മറിയം, ഔസേപ്പേ എ ന്നൊക്കെ വിളിക്കാത്തവരായി നമ്മുടെ ഇടയിൽ ആരുണ്ടു്? ഇതാ ണ് ശരിയായ പ്രാർത്ഥന. എത്ര മണിക്കൂറുകൾ ഇരുരുവിട്ടാലും അതിന്നു പണച്ചിലവുണ്ടോ? യഥാർത്ഥത്തിൽ ദൈവം ശ്രവിക്കുന്ന പ്രാർത്ഥന ഇതുതന്നെയാണ്. അതല്ലാതെ കാശു് കൊടുത്തു പ്രാ ർത്ഥിപ്പിക്കുന്ന പദ്ധതികളല്ലെന്നു പറയുന്നതിൽ തെററുണ്ടോ? മേ ല്പറഞ്ഞ പ്രാർത്ഥനകൾക്കു, പ്രത്യേക ശൈലിയോ, ഗ്രാമ്യോ പ്രാസമോ ആവശ്യമില്ല. ആരെയും ഇതിന്നായി പ്രത്യേകം പഠിപ്പിക്കേണ്ടതുമില്ല. അവനവൻെറ വിശ്വാസം അവനെ... പൊറുപ്പിക്കും. മാനസികമായ പ്രത്യാഘാതമാണ് ഈ രോഗ ശമനമെന്നു മനസ്സിലാക്കണം. ദൂഷണസ്വഭാവമില്ലാത്ത പ്രാർ

ത്ഥനയും, കുർബ്ബാനയും, കുമ്പസാരാദികൂദാശകളും, വിവേകമുള്ള മനുഷ്യരാരും എതിരല്ല മാനസികമായ സമാധാനത്തെ പ്രദാനം ചെയ്യുന്നതിന്നു മതചടങ്ങുകൾ പലപ്പോഴും സഹായിക്കുന്നുവെന്നതിലും ആക്കും ഭിന്നാഭിപ്രായമില്ല. എന്നാൽ ഇന്നു നടന്നുവരുന്ന രീതികളിൽ മാററങ്ങൾ വരുത്താതെ നിറുത്തീയില്ല. എന്നാൽ ഇവിടത്തെ പ്രശ്നം അതല്ല. ഉള്ളരുകി പ്രാത്ഥിച്ചാൽ ഫലം കിട്ടുമോ എന്നാണ് ചോദ്യം? ലോകാരംഭം മുതൽ ഇന്നുവരെ എത്ര തള്ളമാരാണ് ദീനശയ്യയിൽ കിടക്കുന്ന തൻെറ ഓമന സന്താനങ്ങളുടെ സുഖപ്രാപ്തിക്കുവേണ്ടി പ്രാർത്ഥിച്ചിട്ട് നിരാശരായിത്തീന്നതെന്നു കണക്കെടുക്കുക പ്രയാസം. അവരുടെ പ്രാത്ഥനകൊണ്ടു എന്തു ഫലമുണ്ടായി? ഉള്ളരുകി പ്രാത്ഥിച്ചാൽ ഫലം നിശ്ചയമാണെങ്കിൽ, അതേ, അപ്പം ചോദിക്കുന്ന ആളിനും പാമ്പിനേയോ തേളിനേയോ കൊടുക്കുന്ന മാതാപിതാക്കന്മാരില്ലെന്നാണെങ്കിൽ, അവരുടെ പ്രാത്ഥന സ്വീകൃതങ്ങളായി ഭവിക്കേണ്ടതായിരുന്നു. ഇടി വെട്ടിൽനിന്നും ദുർമരണത്തിൽനിന്നും രക്ഷപ്പെടുന്നതിന്നുവേണ്ടി പ്രത്യേകം പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ടു. ഫലമെന്താണ്? പ്രകൃതികോപത്തിൽ നിന്നു പ്രാത്ഥനാഫലമായി രക്ഷപ്പെടുവാൻ ആക്കാണ് കഴിഞ്ഞിട്ടുള്ളതു്? അപകടത്തിൽ നിന്നുരക്ഷപ്പെട്ടവൻെറ പ്രാർത്ഥന ശ്രവിക്കപ്പെട്ടുവെന്നും, അപകടത്തിൽ പെട്ടവൻ ശരിയായി പ്രാത്ഥിച്ചില്ലെന്നും ഒരു പക്ഷെയുക്തിവാദം നടത്തുന്നവരുണ്ടാകാം; എന്നല്ലാതെ യഥാർത്ഥത്തിൽ ഈ പറയുന്നതിന്നു വലിയ അർത്ഥമില്ലെന്നു ആലോചിച്ചാൽ അ...യാം. ഇതിൽ നിന്നുസാധാരണയായി ചിന്തിക്കുന്ന പക്ഷം എ...ണു് മനസ്സിലാക്കുന്നതു? "Life is full of accidents and "Chance" കാലത്തിൻെറ പരിപൂർണ്ണതയിൽ ഓരോരോ സംഭവങ്ങൾ ഭൂമുഖത്തിൽ പ്രത്യക്ഷമാകുന്നു. പ്രാത്ഥനയ്ക്കോ പ്രായശ്ചിത്തത്തിന്നോ അതിനെതടുക്കാൻ സാദ്ധ്യമല്ല. പ്രകൃതികോപം

ദൈവശിക്ഷയാണെന്നു വ്യാഖ്യാനിക്കുന്ന പഴഞ്ചന്മാരുണ്ട്; ഇടിമിന്നൽ, ദൈവത്തിൻെറ വാരംവീശലാണെന്നും, വസൂരിമുതലായ രോഗങ്ങരം കുപിതയായ ദേവിയുടെ വിത്തുവിതക്കൽ പ്രസ്ഥാനമാണെന്നും വിശ്വസിക്കുന്നവരും, ഇപ്പോരം വശ്വസിച്ചുവരുന്നവരും ദുല്ലഭമല്ല. എന്നാൽ ശാസ്ത്രം പുരോഗമിച്ചതോടുകൂടി അത്തരം അന്ധവിശ്വാസങ്ങരം കുറഞ്ഞുവരികയാണ്. ദൈവശക്തി അ്ഥവാ പ്രപഞ്ചശക്തിനമ്മിലോരോരുത്തരിലും കുടികൊള്ളുന്നുണ്ട. സവ്വജീവജാലങ്ങളിലും അതു നിറഞ്ഞുപരന്നുകിടക്കുന്നു. സസ്യങ്ങരംക്കുപോലും ജീവനും വികാരങ്ങളുമുണ്ടെന്നും ബോസ് എന്ന ശാസ്ത്രജ്ഞൻ തെളിയിച്ചിരിക്കുന്നു എന്നാൽ ഒരു വ്യക്തിയായി ദൈവത്തെ പ്രതിഷ്ഠിക്കുകയും ഏതാനും ചിലരുടെ കുത്തകയായി വിളിച്ചാൽ വിളിപ്പുറത്തുകൊണ്ടു നടക്കുകയും സാക്ഷാൽ ദൈവം തങ്ങളുടെ കൈയിലാണിരിക്കുന്നതു എന്നു കൊട്ടിഘോഷിക്കുകയും അതിൻെറ പേരിൽ സാധുജനങ്ങളെ ചൂഷണം ചെയ്യുകയും ചെയ്യുന്നതാണ് അത്ഭുതമായിത്തോന്നുന്നതു്. ദൈവം എന്ന വ്യക്തിയെ പ്രതിഷ്ഠിച്ചതോടൊപ്പം പിശാചു് എന്ന മററൊരു വ്യക്തിയും സൃഷ്ടിക്കപ്പെട്ടിരിക്കയാണ്. വാസ്തവത്തിൽ പരസ്പര വിരുദ്ധങ്ങളായ ഈ രണ്ടു ശക്തികളും പ്രപഞ്ചത്തിലെ സകല ജീവരാശികളിലും അന്തർഭവിച്ചു കിടപ്പുണ്ടെന്നുള്ളതു ആരും സമ്മതിക്കാതിരിക്കയില്ല. നന്മ പ്രവത്തിക്കുക എന്നതു "ദൈവികവും", തിന്മചെയ്യുന്നതു "പൈശാചിക"വുമെന്നു നാം വ്യവഹരിക്കാറില്ല്യേ? ഇതുതന്നെയാണ് ദൈവവും പിശാചും. അതല്ലാതെ പ്രത്യേകം വ്യക്തികളാക്കി ഇവയെ പ്രതിഷ്ഠിച്ച് അതിക[illegible] പേരിൽ മതനിയമങ്ങളും മതശാഖകളും, ഉപശാഖകളും സൃഷ്ടിക്കുന്നതു സ്വാത്ഥപരമായ ഉദ്ദേശത്തിനുവേണ്ടിയാണെന്നു സംശയിക്കുവാൻ ന്യായമുണ്ട്.

എല്ലാവരും മേൽഗതിക്കാണ് പരിശ്രമിക്കുന്നതു്. അന്നന്നത്തെ അപ്പമെങ്കിലും കിട്ടാൻവേണ്ടിത്തന്നെയാണ് എല്ലാവരും കിണഞ്ഞുപരിശ്രമിക്കുന്നതു്. എന്നാൽ പ്രസ്തുത "അന്നന്നത്തെ അപ്പം" കിട്ടാൻ വേണ്ടി ഉള്ളുരുകി പ്രാൎത്ഥിച്ചിട്ടും പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞുകൂടുന്ന വീടുകൾ എത്രയെത്ര? ചിലൎക്ക മാത്രം അനുകൂലങ്ങളായ സാഹചൎയ്യങ്ങൾ ഉദയം ചെയ്യുകയും നല്ല നിലയിൽ അവർ എത്തിച്ചേരുകയും ചെയ്യുന്നു. കുരുടൻ കുരുടനായി ജനിക്കുവാൻ അവൻെറ പാപഫലമായിട്ടാണെന്നു പറയുവാൻ യുക്തികാണാത്തതുകൊണ്ടു് അവൻെറ പൂൎവ്വികന്മാരുടെ പാപഫലമായിരിക്കാമെന്നു "പുണ്യാത്മാക്കൾ" കരുതുന്നു. എന്നാൽ ശാസ്ത്രീയമായി ചിന്തിച്ചാൽ അവൻെറ കണ്ണുകളിൽ കാഴ്ചക്കുവേണ്ടതായ രാസവസ്തുക്കളുടേയോ മററോ അഭാവമാണ് കുരുടതപമെന്നു തെളിയുന്നു. എന്നുതന്നെയല്ലാ ഏററവും നവീനരീതിയിലുള്ള നേത്രചികിത്സാവിദഗ്ദ്ധന്മാർ കണ്ണിലെ കേടുവന്ന കൃഷ്ണമണികൾ മാററിവെച്ച പുതിയതരം ശസ്ത്രക്രിയകൾ നടത്തുന്നതായും അങ്ങനെ കുരുടന്മാൎക്ക വീണ്ടും കാഴ്ച സിദ്ധിക്കുന്നതായും നാം കണ്ടുവരുന്നു. എത്രയെത്ര മാറാവ്യാധികൾ നവീനരീതിയിലുള്ള ശസ്ത്രക്രിയകൾക്കൊണ്ടു സുഖമാക്കിവരുന്നു. ഇതെല്ലാം ശാസ്ത്രസഹായത്താലല്ലാതെയാണെന്നു ആൎക്കെങ്കിലും പറയാനൊക്കുമോ? കുരുടതപവും, മാറാവ്യാധികളും പാപഫലമാണെന്നു പറയുന്നതിൽ വലിയ കഴമ്പില്ലെന്നുപറയുന്നതിൽ തെററുണ്ടോ?

മാ വേണ്ടവിധത്തിൽ പ്രാൎത്ഥിക്കാത്തതുകൊണ്ടാണ്, പ്രാൎത്ഥന ഫലിക്കപ്പെടാതെ ഇരിക്കുന്നതു എന്നു വ്യാഖ്യാനിക്കുന്നവരുണ്ടു്. ഇതു കേവലം അടിസ്ഥാനരഹിതമാണ്. ഒരാൾക്കുള്ള ഏക സന്താനം മൃത്യുവക്ത്രത്തിൽ ഉൾപ്പെടാനുള്ള സന്ദൎഭത്തിൽ, പ്രസ്തുത വ്യക്തി അയാളുടെ സന്തതിയുടെ ജീവരക്ഷക്കുവേണ്ടി ഉള്ള

ങ്കി പ്രാർത്ഥിക്കാതിരിക്കുമോ? അയാൾ വേണ്ടതരത്തിലല്ലാതെ
വേണ്ടാത്തതരത്തിലാണോ അപ്പോൾ പ്രാർത്ഥിക്കുകയെന്നു ചോ
ദിക്കാൻ തോന്നിപ്പോവുകയാണ്. ഇതിന്നും ഒരു കുറുംകൌശലം
കണ്ടെത്തിപ്പിടിച്ചിരിക്കയാണ്. "കർത്താവെ, നിന്റെ ഇഷ്ടം
നിറവേറട്ടെ"യെന്നു പ്രാർത്ഥിച്ചാൽ മതിയെന്നു പറഞ്ഞുകൊടുക്കു
ന്ന വിദ്യയാണത്. ഈ മനശ്ശാസ്ത്രം കുറിക്കുകൊള്ളുന്നു. സംഗതി
വശാൽ പ്രാർത്ഥന ശ്രവിക്കപ്പെട്ടുവെന്നു തോന്നാറുണ്ട്. അതായതു
സുഖക്കേടു മാറിയാൽ ഒരുപക്ഷെ അതു പ്രാർത്ഥനാഫലമായി സം
ഭവിച്ചുവെന്നു വ്യാഖ്യാനിക്കപ്പെട്ടുവരുന്നു. സുഖക്കേടിനാൽ രോ
ഗി മരിച്ചുപോയാലും പ്രാർത്ഥന ശ്രവിച്ചതായിട്ടാണ് മുൻപറഞ്ഞ
പ്രാർത്ഥനയുടെ മറെറാരു വ്യാഖ്യാനം അതായതു കർത്താവിന്റെ
ഇഷ്ടം, രോഗി മരിക്കണമെന്നാണ് എന്നു ഗ്രഹിക്കേണ്ടതാണെന്നു
വ്യാഖ്യാനിക്കപ്പെടുന്നു. ഔഷധപ്രയോഗം തീരെ നടത്താതെ
രോഗശമനത്തിന്നുവേണ്ടി പ്രാർത്ഥിക്കുന്ന ഭക്തജനങ്ങളും ഇല്ലാതി
ല്ല ഹൃദയംഗമമായി പ്രാർത്ഥിക്കുന്ന ഏതൊരു വ്യക്തിയുടേയും
പ്രാർത്ഥന ശ്രവിക്കപ്പെടാതിരിക്കുന്നേടത്തോളംകാലം പ്രാർത്ഥന
കേൾക്കുന്ന വ്യക്തി നീതിമാനല്ലെന്നു വാദിക്കേണ്ടിവരും. ഐ
ഹികപരമായ കാൎയ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചിട്ട് പ്രാർത്ഥന സ്വീ
കരിക്കപ്പെട്ടില്ലെങ്കിൽ അതു ആത്മീകഗുണത്തിന്നു—അതേ, വരു
വാനുള്ള ലോകത്തിൽ ഭാസുരമായ ഭാവി ഉണ്ടാകേണ്ടതിന്നുവേണ്ടി
പ്രയോജനകരമാകുന്നുണ്ട് എന്നു പറയുന്നതാണു മറെറാരു വിദ്യ.
എന്നാൽ വരുവാനിരിക്കുന്ന ലോകത്തിലെ കാൎയ്യം—അറി[illegible]ടെ
ച്ചെന്നാലല്ലാതെ ആൎക്കും തീൎത്തുപറയുവാൻ കഴിവില്ലാത്ത[illegible]
ണ്ടു്. ഈ വിദ്യയും മനശാസ്ത്രപരമായി വിജയം നേടുന്നുണ്ട് എ
ന്നു സമ്മതിക്കാതെ തരമില്ല. ഇതിലേക്കു ഒരു കഥ പറഞ്ഞുകേ
ട്ടിട്ടുണ്ട്.

ഒരു വൃദ്ധക്ക് ആകെക്കൂടി ഒരു മകനേ ഉണ്ടായിരുന്നുള്ളു. അവന്നു ഉദ്ദേശം ഇരുപതു വയസ്സായപ്പോറം ഭയങ്കരമായ ഒരു രോഗം പിടിപെട്ടു രോഗബാധിതനായി കുറെ നാറംകിടന്നു. വൃദ്ധയായ അവൻെറ അമ്മ തൻെറ പൊന്നോമന മകൻെറ രോഗശാന്തിക്കുവേണ്ടി പ്രാർത്ഥിച്ചതിന്നു ഒരു കണക്കുമുണ്ടായിരുന്നില്ല ഫലമോ മരണമായിരുന്നുതാനും ഇതിന്നു ഈ വൃദ്ധക്കു ഒരു വെളിപാട്ട് അഥവാ സ്വപ്നമുണ്ടായത്രെ തൻെറ മകൻ ഒരു വലിയ മരത്തിൻെറ ശാഖയിൽ കെട്ടിഞാന്നുകിടക്കുന്നതായിട്ടാണ് അവർ സ്വപ്നം കണ്ടതു് ഇതിൻെറ അർത്ഥം സ്ഥലത്തെ ഇടവക വൈദീകൻ വ്യാഖ്യാനിച്ചുകൊടുത്തതു ഇപ്രകാരമാണ്. "നിൻെറ മകൻ ജീവിച്ചിരുന്നെങ്കിൽ വലിയൊരു കള്ളപ്പുള്ളിയായിത്തീരുകയും, ഒടുവിൽ കഴു കയറാനിടവരികയും ചെയ്യുമായിരുന്നു. വാസ്തവത്തിൽ, അവൻ ചെറുപ്പത്തിൽ മരിച്ചുപോയതിന്നു കർത്താവിന്നു നന്ദിപറഞ്ഞാലും."

എന്തിനെങ്കിലും പ്രത്യേകമായ ഒരു നന്മ ഉദ്ദേശിച്ചാണ് പ്രാർത്ഥന ശ്രവിക്കപ്പെടാതിരിക്കുന്നതു എന്നു തെളിയിക്കുന്നതിന്നു ഇത്തരം ഉപമകളും ദൃഷ്ടാന്തങ്ങളും പല വൈദീകരുടെ പക്കലും സ്റ്റോക്കുള്ളതുതന്നെ ഒരുതരത്തിൽ വലിയ അനുഗ്രഹമാണ്. എരിയുന്ന ഹൃദയത്തിൽ ഒരിററു കുളിർജലമൊഴുക്കുന്നതിന്നും, മനുഷ്യമനസ്സിനെ ഏതെങ്കിലുംവിധത്തിൽ സാന്ത്വനപ്പെടുത്തുന്നതിന്നും ചില വൈദീകക്കു കഴിയുമെന്നുള്ളതും നല്ല കാര്യമാണ്. എന്നാൽഒരു യുക്തിവാദിക്കു, ഇത്തരം പ്രാർത്ഥനകറം മനശാസ്ത്രപരമായ ഒരു സമീപനമാണെന്നേ വിശ്വസിക്കുവാൻ സാധിക്കു. ഹിപ്നോട്ടിസംകൊണ്ടും; മെസ്മറിസംകൊണ്ടും, മതപ്പടാച്ചികളും രാഷ്ട്രീയ കസത്തുകളും നടത്തുന്നുണ്ടെന്നു് ശ്രീ. യം. സീ. ജോസഫ് എന്ന മാന്യൻെറ ഒരു ലേഖനത്തിൽ ഈയിടെ ഞാൻ വായിക്കുകയുണ്ടായി. അതുപോലെതന്നെ, ശ്രീകൃഷ്ണനും, ശ്രീ

യേശുക്രിസ്തുവും യോഗാഭ്യാസികളായിരുന്നുവെന്നും അവർ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന പലേ അത്ഭുതസംഭവങ്ങളും ഇന്നുള്ള യോഗാഭ്യാസികൾക്കും ചെയ്യാൻ കഴിവുണ്ടെന്നും മറെറാരു മാസികയിൽ കാണുകയുണ്ടായി

പലതരം വിദ്യകളും പുരോഹിതന്മാരുടെ കൈവശമുണ്ടെന്നു പറയുന്നുണ്ട്. ചുട്ടകോഴിയെ പറപ്പിച്ച ചുള്ളിക്കൽ കത്തനാരെപ്പററിയും, മററു പല മാന്ത്രവിദ്യകളും കാണിച്ചിട്ടുള്ള കടമററത്തു കത്തനാരെപ്പററിയും കേൾക്കാത്തവരായിട്ടു വായനക്കാരിൽ ആരുമുണ്ടാകുമെന്നു തോന്നുന്നില്ല.

മനശാസ്ത്രപരമായ മറെറാരു വേദാന്തം "ദരിദ്രന്മാർ ഭാഗ്യവാന്മാരാണ്. അവർ ദൈവത്തെക്കാണും. ധനവാൻ സ്വർഗ്ഗത്തിൽ പോകുന്നതിലും എളുപ്പം, ഒട്ടകത്തിൻെറ തല സൂചിക്കുഴയിൽക്കൂടെ കടക്കുന്നതാണ്" എന്നു സാധുക്കളെ ഉപദേശിക്കുന്നതാണ്. ഇതു കേൾക്കുന്ന ദരിദ്രനായ ഒരു സത്യവിശ്വാസി സ്വർഗ്ഗലോകത്തെ മനപ്പായസമുണ്ടുകൊണ്ട് ലോകത്തിലുള്ള സകല കഷ്ടാരിഷ്ടതകളും ശാന്തമായി സഹിക്കുന്നു. ദൈവം നിശ്ചയിച്ച തൻെറ തലയിലെഴുത്താണ് താൻ ദരിദ്രനായിത്തീന്നതെന്ന് സമാധാനിക്കുകയും സമ്പന്നനായ മുതലാളി കാലാകാലത്തോളം നരകത്തീയിൽ കിടക്കുമ്പോൾ, തനിക്കു സ്വർഗ്ഗസുഖം അനുഭവിക്കാമല്ലോ എന്നു ചിന്തിച്ചു തൻെറ കഷ്ടപ്പാടിന്നു ഹേതുഭൂതമായ ജന്മി–മുതലാളിത്ത മദ്ദനങ്ങളും, അനീതികളും കത്താവിന്നുവേണ്ടിയും, തൻെറ ആത്മാവിന്നുവേണ്ടിയും, ശുദ്ധീകരാത്മാക്കളുടെ കരകയററത്തിന്നുവേണ്ടിയും കാഴ്ചവെച്ച് ശാന്തശീലനായി നാളുകൾ അരിഷ്ടിച്ചു തള്ളിനീക്കുകയും ചെയ്യുന്നു. ജന്മിമുതലാളിയോട് പോരടിച്ച് നിഷേധിക്കപ്പെട്ട തൻെറ അവകാശങ്ങളെ പിടിച്ചുപറവുന്നതിന്നു ഇത്തരത്തിലുള്ള ഒരു സത്യവിശ്വാസി വിമുഖ

നായി ഭവിക്കുന്നു. നല്ലവനായ ദൈവം തിരുമനസ്സാകുമ്പോൾ അന്നന്നുള്ള ദുഷിച്ച സമുദായവ്യവസ്ഥിതികളും ഉച്ചനീചത്വങ്ങളും താനേ ഇല്ലാതാകുമെന്നും അതുവരെ ക്ഷമാപൂർവ്വം എല്ലാം സഹിച്ച് കർത്താവിന്നു കൃതജ്ഞത പറയേണ്ടതാണ് തന്റെ കർത്തവ്യമെന്നും അയാൾ കരുതുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നു. ജന്മി-മുതലാളിത്ത-പൌരോഹിത്യ അച്ചുതണ്ടിന്റെ പ്രവർത്തനം പണ്ടത്തേതിൽ കൂടുതലായി ഇന്നുള്ള തൊഴിലാളികൾ മനസ്സിലാക്കിവരുന്നുണ്ടെന്നുള്ളതു ആശ്വാസപ്രദം തന്നെ. അടിമമനസ്ഥിതിയും, മൌഢ്യചിന്തകളും അവരെ വിട്ടൊഴിഞ്ഞുവെന്ന് പുതിയ ഉണർവ്വുകൾ വിളിച്ചോതുന്നുണ്ട്.

തൊഴിലാളികൾക്കു സ്വർഗ്ഗം പറഞ്ഞൊരുക്കുന്ന പുരോഹിതവർഗ്ഗം, അവരുടെ ചെററക്കുടിലുകൾ സന്ദർശിക്കുന്നതിനോ തൊഴിലാളികളുമായി സമ്പർക്കം പുലർത്തുന്നതിനോ മെനക്കെടാറില്ലായെന്നതാണ് പരമാർത്ഥം. സമ്പന്നന്മാരുമായിട്ടുള്ള സമ്പർക്കമാണ് അവർക്കിഷ്ടം. വലിയവന്റെ വീട്ടിൽപോകുന്നതിന്നു അവർക്കു വലിയ ഉത്സാഹമാണ്. ഒരു നാട്ടിലെ ഇടവകപ്പട്ടക്കാരൻ അന്നാട്ടിലെ പ്രമാണികളുടെ വീടുകൾ ഇടയ്ക്കിടെ സന്ദർശിക്കുന്നതു കാണാൻ പ്രയാസമില്ല. അവിടെച്ചെന്നാൽ അദ്ദേഹത്തിന്നു വിഭവസമൃദ്ധമായ ഊണും കാപ്പിയും പലഹാരവും വിദേശമദ്യങ്ങളും കിട്ടും. എന്നാൽ ഒരു സാധുതൊഴിലാളിയുടെ വീട്ടിൽ എന്താണുള്ളത്? ദാരിദ്ര്യവും കഷ്ടപ്പാടുംകൊണ്ടു അവിടെ ശരിയായ ശുചിത്വംതന്നെ കഷ്ടിയായിരിക്കും. സൌകര്യപ്രദങ്ങളായ ഫർണിച്ചറുകൾ അവിടെ കാണുകയില്ല. വിഭവസമൃദ്ധമായ ഭക്ഷണപാനീയങ്ങൾ അശേഷവും കാണുകയില്ല. പുരോഹിതന്മാർ സാധുക്കളുടെ ഭവനങ്ങൾ സന്ദർശിക്കാതിരിക്കുന്നതിന്റെ മനശാസ്ത്രവും മററൊന്നുമല്ല. യേശുക്രിസ്തുവിന്റെ ആദർശപരമാ

യ ജീവിതമല്ല അവരുടെ ലക്ഷ്യമെന്നതുകൊണ്ടു് ദാരിദ്ര്യാദിക്ലേശങ്ങാം അവൎക്കു അരോചകമായിത്തീൎന്നിരിക്കുന്നു. എന്നാൽ കേരളത്തിന്നു പുറമെയുള്ള മിഷ്യൻരംഗങ്ങളിൽ "പാലസ്തീനിലെ പഴയ ക്രസ്തു"വെ ദൎശിക്കാൻ എനിക്കു സാധിച്ചിട്ടുണ്ടെന്നു രേഖപ്പെടുത്താതെ തരമില്ല. കേരളത്തിലെ നില ഒന്നു പ്രത്യേകംതന്നെയാണു്. ഇവിടെ സമ്പന്നന്മാരിൽനിന്നു പുരോഹിതന്മാൎക്കു പലതരത്തിലുള്ള ആനുകൂല്യങ്ങളും കിട്ടുന്നുണ്ടു്.

ആഘോഷങ്ങളായ തിരുക്കൎമ്മങ്ങാംക്കു സമ്പന്നന്മാർ കയ്യയച്ചു സംഭാവന നൽകും. അന്തസ്സും പ്രൌഢിയും സിദ്ധിക്കത്തക്കവിധത്തിൽതിരുക്കൎമ്മങ്ങളേയും,കൂദാശനിൎവ്വഹണചടങ്ങുകളേയും, ശവസംസ്ഥാരസ്ഥലങ്ങളേയും ഒന്നും രണ്ടും മൂന്നും ക്ലാസ്സുകളാക്കി വിഭജിച്ചിരിക്കുന്നു. ഇങ്ങനെ, പ്രാൎത്ഥന, സ്വൎഗ്ഗം, നരകം, പിശാചു, മാലാഖ, പുണ്യവാളന്മാർ, ശുദ്ധീകരണസ്ഥലം, പാപദണ്ഡവിമോചനങ്ങാം എന്നല്ല മററു പലതരത്തിലുള്ള കുറംകൌശലങ്ങളും ചൂഷണമാൎഗ്ഗങ്ങളായി പ്രയോഗിച്ചു്, സാധാരണക്കാരൻെറ ആശകളേയും ആഗ്രഹങ്ങളേയും തുരങ്കംവെച്ചു് ആശങ്കകാംകൊണ്ടു ദുൎബ്ബലമനസ്സുകളെ ഇട്ടുകഷണിപ്പിച്ചു്, സ്വാൎത്ഥപരമായ ഉദ്ദേശത്തിന്നുവേണ്ടി മാത്രം നിലകൊള്ളുകയാണോ എന്നു തോന്നിക്കത്തക്കവിധം ജീവിതം കഴിച്ചുവരുന്ന പുരോഹിതവൎഗ്ഗത്തിൻെറ പ്രചരണഫലമായിട്ടാണു് ഫാത്തിമായിലെ അത്ഭുതവും അതിൽവെച്ചു റഷ്യയുടെ മാനസാന്തരകാൎയ്യവും കത്തോലിക്കാലോകത്തിൽ സംസാരവിഷയമായതെന്നു ധാരാളം ആളുകാം പറഞ്ഞുവരുന്നുണ്ടു്.

അതല്ലെങ്കിൽ റഷ്യയേയും ചൈനയേയും മററും മാനസാന്തരപ്പെടുത്തുവാൻ കൎത്താവിന്നു മററു മാൎഗ്ഗങ്ങളില്ലെന്നാണോ എന്നാണു ചോദ്യം.

പൌലോസ് ശ്ലീഹാ എന്നദേഹം കൃസ്തുവിൻെറ വിരോധിയായിരുന്നുവെന്നും, കൃസ്ത്യാനികളെ പീഡിപ്പിക്കുവാൻ കുതിരപ്പുറത്തുപോയിരുന്ന അവസരത്തിൽ കൃസ്തു കാണപ്പെട്ടുവെന്നും ശാവൂൽ എന്ന അപരാഭിധാനത്താൽ അറിയപ്പെട്ടിരുന്ന പൌലോസിനെ വിളിച്ചുവെന്നും, കർത്താവായ മിശിഹായെ, അതായതു സഭയെ പീഡിപ്പിക്കരുതു് എന്നു കല്പിച്ചുവെന്നും, ഒരു ഇടിമിന്നലിൻെറ പ്രഭാപൂരത്തോടുകൂടി അപ്രത്യക്ഷപ്പെട്ടുവെന്നും, മുഖംകുഴകിയ ശാവൂളിൻെറ കണ്ണുകളിൽനിന്നു അജ്ഞാനതിമിരത്തിൻെറ ചിതമ്പലുകൾ അടൎന്നുവീണെന്നും മററും വേദപുസ്തകത്തിൽ കാണുന്നു. കൃസ്തുവിൻെറ പിൽക്കാലത്താണിതൊക്കെ നടന്നതത്രെ. അവിശ്വാസിയായ തോമ എന്ന മററൊരു കൃസ്തുശിഷ്യൻ പിണങ്ങുകയും, ഉയത്തെഴുന്നേററ കൃസ്തുവിനെ നേരിട്ടുകണ്ടാലല്ലാതെ, “ഉയർപ്പിൽ” വിശ്വസിക്കുകയില്ലെന്നു ദുശ്ശാഠ്യംപിടിക്കുകയും ചെയ്ത അവസരത്തിൽ, ഈ പിണക്കംതീക്കുന്നതിന്നുവേണ്ടി കൃസ്തു തോമായ്ക്കു കാണപ്പെട്ടുവെന്നും അദ്ദേഹത്തിൻെറ മുറിവുകളിൽ വിരലുകൾ ഇടീച്ചുവെന്നും മററും എഴുതിക്കാണുന്നു. കൃസ്തുവിൻെറ കൂടെ നടന്നു്, അദ്ദേഹം പ്രവൎത്തിച്ച അത്ഭുതങ്ങളും മററും ദർശിച്ചു് സാക്ഷാൽ ദൈവപുത്രനാണു് കൃസ്തുവെന്നു ബോദ്ധ്യമായിരുന്ന തോമായ്ക്കു, കൃസ്തുവിൻെറ പുനരുത്ഥാനത്തിൽ അവിശ്വാസം തോന്നിയെങ്കിൽ, ഈ ഇരുപതാംനൂററാണ്ടിൽ ജീവിക്കുന്ന ബുദ്ധിജീവികൾ, ഇവിടത്തെ അച്ചന്മാർ പറയുന്നതൊക്കെ “സത്യവിശ്വാസ”മാണോയെന്നു് ചിലപ്പോഴൊക്കെ സംശയിക്കുന്നുണ്ടെങ്കിൽ അവരെ അതിനു കുററപ്പെടുത്താമോ? റഷ്യയിലേയും ചൈനയിലേയും മററിതര ഭൂവിഭാഗങ്ങളിലേയും അജ്ഞാനികളേയും അവിശ്വാസികളേയും കർത്താവു് സന്ദർശിച്ചു് അവരുടെ അവിശ്വാസത്തെ ദൂരീകരിക്കാത്തതു എന്തുകൊണ്ടാണെന്ന ചോദ്യം അവശേഷിക്കുന്നു. ഹെൻറി എട്ടാമൻ പുത്തൻകൂററുമതം ഉണ്ടാ

ക്കാൻ ശ്രമിച്ചപ്പോഴും, ലൂതർ തലതിരിഞ്ഞപ്പോഴും ക്രിസ്തു മിണ്ടാതിരുന്നതു നന്നായില്ലെന്നു പറയാൻ ന്യായംകാണുന്നുണ്ട്. പൌലോസിനേയും തോമയേയും മാനസാന്തരപ്പെടുത്തിയവനും പത്രോസിനെ പാശ്ചാത്താപവിവശനാക്കിയവനും വലത്തുഭാഗത്തു തൂങ്ങിയ കള്ളനെ അന്നുതന്നെ മോക്ഷത്തിലേക്കു കടത്തിവിട്ടവനുമായ ക്രിസ്തുവിന്നു് യൂദാസിൻെറ ആത്മീകാധഃപതനവും ഇടത്തുഭാഗത്തെ കള്ളൻെറ ആത്മനാശവും കണ്ടു് കണ്ണടക്കുവാൻ തോന്നിയതു എന്താണു്? നീതിമാനായ ക്രിസ്തു ഇങ്ങനെയൊക്കെ പ്രത്യക്ഷപ്പെട്ടിട്ടില്ലെന്നും, നീതിരഹിതമായി പ്രവർത്തിച്ചിട്ടില്ലെന്നും ഇതെല്ലാം വേദപുസ്തകത്തിൽ ആരോ എഴുതിച്ചേർത്തതാണെന്നും വാദിക്കുന്നവർ ഇക്കാലത്തു സുലഭമാണു്.

അതല്ലെങ്കിൽ ക്രിസ്തുവിനെതിരായി സ്വരമുയർത്തിയ വ്യക്തികൾ പിൽക്കാലങ്ങളിൽ നശിച്ചുപോകാനിടവന്നുവെന്നു പറയുന്നതു സാഹസമല്ലെ? എല്ലാവരുടെ കാര്യത്തിലും ആ സ്നേഹധനൻ നിഷ്പക്ഷബുദ്ധ്യാ പെരുമാറുകയില്ലെന്നാണോ പറയുന്നതു്? ചുരുക്കം ചിലരോടു മാത്രം പ്രത്യേകം മമതകാണിക്കുകയും തെററിപ്പോയവരെ സൽപഥത്തിലേക്കു ആനയിക്കുകയും ചെയ്ത അദ്ദേഹം, അവിശ്വാസികൾ എല്ലാം നശിച്ച് കാലാകാലത്തോളം നരകത്തിയ്യിൽപ്പെടുവാൻ അനുവദിക്കുമെന്നു കരുതുന്നതു മൌഢ്യമായിരിക്കുകയില്ലെ? ചിലരോടു മാത്രം "പക്ഷപാതം" കാണിക്കുന്ന നയം "ദൈവ"ത്തിന്നു നിരക്കുന്ന പ്രവൃത്തിയാണോ? ദൈവത്തിൻെറ ദൃഷ്ടിയിൽ എല്ലാ മനുഷ്യരും കൊച്ചുകുഞ്ഞുങ്ങളല്ലയോ? അറിവും, വിവേകവും ഇല്ലാത്ത കുട്ടികൾ വല്ല തെററും ചെയ്തുപോയാൽ നാമതു ക്ഷമിക്കാതിരിക്കുമോ? ദൈവത്തിൻെറ അനന്തജ്ഞാനവുമായി താരതമ്യപ്പെടുത്തിയാൽ അറിവുള്ളവൻ ലോകത്തിൽ ആരുണ്ടു? കൊച്ചുകുഞ്ഞുങ്ങൾ അറിയാഞ്ഞിട്ടു വല്ലതുമൊ

ക്കെ ചെയ്താൽ ക്ഷമയുടെ പിതാവായ ദൈവം അവരെ കാലാകാലത്തോളം തീയിലിട്ടു വേവിക്കുമെന്നു പറയുന്നതു് സാഹസമല്ലേ?

എന്നാൽ വലിയ വേദാന്തങ്ങളും തർക്കശാസ്ത്രങ്ങളും പഠിക്കാത്ത വ്യക്തികളെ സന്മാർഗ്ഗത്തിലേക്കു നയിക്കുന്നതിന്നു് ഇത്തരം 'സ്വർഗ്ഗ" "നരക" ചിന്തകൾ സഹായിക്കുന്നുണ്ടു് എന്നുള്ളതിന്നു് രണ്ടുപക്ഷമില്ല. നരകത്തീയിൽപ്പെടാതിരിക്കാൻ വേണ്ടിയെങ്കിലും നല്ലവരായി ജീവിക്കുവാൻ ചിലർ ഉത്സാഹിക്കുന്നുണ്ടെന്നുള്ള കാര്യവും പ്രസ്താവയോഗ്യമാണു്. എന്നാൽ ഇത്തരം വിശ്വാസങ്ങളെ ചൂഷണംചെയ്തു വിശ്വാസികളെന്തും ചെയ്യിക്കാമെന്ന തരത്തിൽ അവരുടെ ബുദ്ധിശക്തിയെ മരവിപ്പിക്കുന്നതും "പണം പിടുങ്ങുന്ന"തുമാണു് കഷ്ടതരമായിട്ടുള്ള കാര്യം.

"കത്തനാര് പറയുന്നതു നസ്രാണിക്കു വിശ്വാസം" എന്ന ചൊല്ലു് വളരെ പഴക്കമുള്ള ഒന്നാണെന്നിരിക്കലും ഈ പുതിയ നൂററാണ്ടിൽ പലരും കത്തനാരന്മാർ പറയുന്നതു കണ്ണടച്ചു വിശ്വസിക്കാതായിത്തുടങ്ങിയിട്ടുണ്ടു്. സമുദായമര്യാദകൾ അനുസരിച്ചു ജീവിക്കുവാൻ മാത്രം ചിലർ കത്തനാരന്മാരെ എതിർക്കാതെ നിശ്ശബ്ദരായി നിലകൊള്ളുന്നുവെന്നു മാത്രമെയുള്ളു. എന്നാൽ അത്തരം വിശ്വാസികളുടെ "അന്തരാത്മാവിൽ കത്തനാരന്മാരുടെ ചപ്പടാച്ചി"കളൊന്നും വിശ്വസിച്ചു നടക്കുന്നില്ലായെങ്കിലും, "എന്റെ മതം ഏററവും നല്ലതാണു്. എന്റെ സമുദായം ലോകപ്രസിദ്ധി സമ്പാദിച്ചതാണു്. അതിനോളം അന്തസ്സും പ്രൌഢിയും മറെറാരു സമുദായത്തിനുമില്ല." എന്ന ചിന്താഗതിയിൽ, പുരോഹിതന്മാരേയും പള്ളികാര്യങ്ങളേയും ലൌകികമായ ഒരു വീക്ഷണകോണിൽക്കൂടി ദർശിച്ചുവരികയാണെന്ന കാര്യം ഒരു പരമാർത്ഥം മാത്രമാണു്. അവനവനു യുക്തമെന്നു തോ

നുന്ന കാര്യങ്ങരം ഉടനടി നിവ്വഹിക്കുന്നതിന്നു മതത്തിൻേറയോ പുരോഹിതൻേറയോ പ്രബോധനങ്ങരം പലക്കും തടസ്സമായി തോന്നാറില്ല. വലിയവനാണു് "തെററ്" ചെയ്യുന്നതെങ്കിൽ, പുരോഹിതന്മാർപോലും അതു ശരിവെച്ച്‌ അവരുടെ സേവ നേടാൻ മുതിരുന്നതു കാണാൻ പ്രയാസമില്ല. നിയമങ്ങരം തല്ക്കാലത്തേക്കു ഒന്നു വളച്ചൊടിക്കുന്നതും കാണാം. സത്യക്രസ്താനിയായ ഒരു യുവതിയും കത്തോലിക്കേതരനായ മററൊരു യുവാവും തമ്മിലുള്ള വിവാഹം സാധാരണ നിലക്കു മതപരിവത്തനംകൊണ്ടേ കൂടാശ ചെയ്യപ്പെട്ടുമായിരുന്നുള്ളു. എന്നാൽ തെക്കെങ്ങാണ്ടു ഇത്തരമൊരു വിവാഹം മതപരിവത്തനം കൂടാതെതന്നെ നമ്മുടെ അച്ചന്മാർ നടത്തിക്കൊടുത്തതായി കേട്ടിട്ടുണ്ടു്.

ലോകത്തിൽ ഒരു വിഭാഗം ജനങ്ങരം പലതും അന്ധമായി വിശ്വസിക്കുന്നതു നമുക്കു് കാണാൻ കഴിയും. പകിട്ടും മോടിയും കണ്ടു് പലരും വഞ്ചിതരാകുന്നതു നാം കാണുന്നില്ല്യേ? നമ്മുടെ പത്രങ്ങളിൽ കാണുന്ന ഔഷധപരസ്യങ്ങളും, കമ്പനി പരസ്യങ്ങളും മററിതര ബിസിനസ്സ പരസ്യങ്ങളും കണ്ടു് അവ യഥാർത്ഥത്തിലുള്ളവയാണെന്നു കരുതി വഞ്ചിതരാകുന്ന ജനങ്ങരം സുലഭമല്ലയോ? നല്ലനല്ല ഡോക്ടർമാർ ധനാഢ്യന്മാരുടെ വീടുകളിൽ ചികിത്സക്കു വരുന്നതു നാം കാണുന്നുണ്ടു്. എന്നാൽ അതേ വീടുകളിലെ മുത്തശ്ശികരംക്കു, വല്ല ഭാണ്ഡങ്ങളും പേറിക്കൊണ്ടു എങ്ങാനുംനിന്നുവരുന്ന ലാടന്മാരിലാണു് കൂടുതൽവിശ്വാസം കാണാറുള്ളതു്. ലാടന്മാർ പറയുന്ന "ഒററ മൂലികരം" ഉപയോഗിച്ച്‌ രോഗശമനം നേടുവാൻ ഉത്സാഹിക്കുന്ന ചിലർ മൃത്യുവിന്നിരയാണെന്നും വന്നേക്കാം എങ്കിലും ലാടന്മാർ നല്കുന്ന മരുന്നുകരം അവർ നിശ്ചയിക്കുന്ന വിലകൊടുത്തു വാങ്ങി സേവിക്കാൻ ചില വൃദ്ധജനങ്ങരംക്കു യാതൊരു സങ്കോചവും കാണാറില്ല. യം. ബി. ബിസ്സ്. പാസ്സായ ഡോക്ടരേക്കായിലും വലി

യ വൈദ്യൻ, ഭാണ്ഡം പേറിനടക്കുന്ന ലാടനാണെന്നാണ് ചില രുടെ ബോദ്ധ്യം. വയററിൽ വേദന പിടിപെട്ടാൽ വൈദ്യനെ കൊണ്ടു ചികിത്സിപ്പിക്കുന്നതിന്നു പകരം പണിക്കരെകൊണ്ടുവ ന്നു കവിടിനിരത്തിച്ചുവെച്ചു രോഗകാരണം ഗ്രഹിക്കാനാണ് ചിലർ ഉത്സാഹിക്കാറുള്ളതു്. "ഇന്നയിടത്തെ ഇന്നയാൾ മാര ണം ചെയ്തതുകൊണ്ടാണ് ഇന്ന വീട്ടിൽ ഇന്നയിന്ന ഉപദ്രവങ്ങൾ കാണുന്നതെന്നു ചിലപണിക്കന്മാർ തട്ടിവിടുന്നതു കേട്ടുകണ്ണടച്ചു വിശ്വസിക്കുന്ന മുത്തശ്ശികൾ ഈ അണുയുഗത്തിലും ധാരാളമാണ്. രോഗശമനത്തിന്നു ഔഷധം പ്രയോഗിക്കുന്നതിന്നു പകരം ശബ രിമലക്കും, മലയാററൂർക്കും നേർച്ചവഴിപാടുകൾ നേരുന്നതിന്നാ ണ് ചിലർ ഉത്സാഹം കാണിക്കാറുള്ളതു്. മനശ്ശാസ്ത്രപരമായി ഇതിലെന്തെങ്കിലും ഗുണമുണ്ടായിരിക്കാം. സംഗതിവശാൽ ചി ലപ്പോഴൊക്കെ ഇത്തരം നേർച്ചകൾകൊണ്ട് രോഗശമനം ഉണ്ടാ യതായും പറയുന്നുണ്ട്. അതെല്ലാം ദേവൻെറയോ പുണ്യവാള ൻെറയോ ശക്തിയും പരീക്ഷയുമായി ഗണിക്കപ്പെട്ടുവരികയും ചെയ്യുന്നുണ്ട് ദേവന്മാരും പുണ്യവാന്മാരും കോഴകൊണ്ടു പ്രസാ ദിക്കുന്നവരാണെന്നു കരുതാൻ ന്യായമില്ല. ബോദ്ധ്യമുള്ളവർ എന്തു വ്യാജംപറഞ്ഞാലും നാമതു പലപ്പോഴും വിശ്വസിക്കാറി ല്ലേ? യുക്തിയുടെ പ്രവൎത്തനം തല്ക്കാലം ശോഭിക്കാതിരിക്കുന്നു വെന്നേ ഇതിന്നർത്ഥമുള്ളു. ചുടലക്കാട്ടിൽ പിശാചുണ്ടെന്നും, ലോകത്തിൻെറ നാനാഭാഗങ്ങളിലും പ്രേതങ്ങളും പിശാചുക്കളും റോന്തുചുററുന്നുണ്ടെന്നും നാം ചെറുപ്പം മുതല്ക്കേ കേട്ടു വിശ്വസി ച്ചിട്ടുള്ളതാണ്. ഇതൊക്കെ അന്ധവിശ്വാസമാണെന്നു ബോ ദ്ധ്യമായിട്ടും, ബാല്യകാലം മുതൽ നമ്മുടെ മസ്തിഷ്ക്കത്തിലും രക്ത ത്തിലും ഞരമ്പുകളിൽക്കൂടിയും നാം കഴിച്ചിട്ടുള്ള അമ്മിഞ്ഞയോ ടൊപ്പം, ഇത്തരം അന്ധവിശ്വാസങ്ങൾ സ്ഥലം പിടിച്ചിരിക്ക കൊണ്ടും, ചെറുപ്പത്തിൽ നാം വാശിപിടിച്ചിരുന്ന അവസര

ത്തിൽ നമ്മുടെ മാതാപിതാക്കന്മാർ ക്ഷമകെട്ടു്, നാം നിശ്ശബ്ദരായി കിടന്നുറങ്ങുന്നതിനുവേണ്ടി, പിശാചിനേയും, കോക്കാനേയും, ഇമ്പാച്ചിയേയും മററും വിളിച്ചു നമ്മെ ഭയപ്പെടുത്തിയിട്ടുള്ളതുകൊണ്ടും, പ്രസ്തുത ഭയത്തിൻെറ അലകാം നമ്മുടെ നാഡിഞരമ്പുകളിൽ അലിഞ്ഞുചേൎന്നിരിക്കകൊണ്ടും, അന്ധകാരത്തിൽ നാം തനിച്ച് അകപ്പെട്ടാൽ ഉടനെ പ്രേതപ്പിശാചുക്കളുടെ സാന്നിദ്ധ്യത്തെ നാം ഭയപ്പെടുകയും, അന്ധവിശ്വാസങ്ങളെല്ലാം വിശ്വാസങ്ങളായി നാം ഗണിച്ചുവരികയും ചെയ്യുകയാണ്. എന്നാൽ ശാസ്ത്രം പുരോഗമിക്കുന്നതോടൊപ്പം ഇത്തരം പ്രേതപ്പിശാചുക്കളുടെ ശക്തിയും കുറഞ്ഞുവരുന്നുണ്ടു് എന്ന കാര്യം ആശ്വാസജനകംതന്നെ. വെളിച്ചവും കൂട്ടുകാരുമുണ്ടെങ്കിൽ ഏതു ചുടലക്കാട്ടിലും നട്ടപ്പാതിരായ്ക്കും നമുക്കുപോകാൻ ഭയമില്ല. എന്നാൽ ഒററയ്ക്കോ? ഇരുട്ടത്തു തനിച്ചു വീട്ടിൽനിന്നു പുറത്തിറങ്ങാൻതന്നെ പലൎക്കും ഭയമാണ്. പാമ്പിനെ മാത്രം ഭയന്നിട്ടല്ല പുറത്തിറങ്ങാത്തതു്. മനശാസ്ത്രപരമായ ഭീതിയാണ് നമ്മെ അലട്ടുന്നതു്. ഇതിൽനിന്നെല്ലാം മുതലെടുത്തു മതപുരോഹിതന്മാരും, പണിക്കന്മാരും, എന്തെല്ലാം പിശാചുകഥകൾകൊണ്ടാണ് നമ്മെ നേരിടുന്നതു്? പ്രസ്തുത പിശാചുബാധകളെ ഒഴിപ്പിക്കുന്നതിന്നു പ്രതിഫലംപററി അതുതന്നെ ഒരു ബിസിനസ്സാക്കികൊണ്ടു നടക്കുന്ന "ദിവ്യ"ന്മാരെയും നമുക്കു കാണാൻ പ്രയാസമില്ല. ഗന്ധൎവ്വൻ ശരീരത്തിൽക്കയറിയാൽ ഉടൻ തീൎത്ഥാടനകേന്ദ്രങ്ങളിലേക്കു വഴിപാടുനേരുന്നു. ഇങ്ങനെ പലവിധത്തിലും പുരോഹിതവൎഗ്ഗത്തിൻെറ ആദായം വൎദ്ധിക്കുന്നു. വിശ്വാസം, യുക്തിക്കെതിരുവരുമ്പോൾ അന്ധവിശ്വാസമായി ചിലർ ഗണിക്കുന്നു. പലരുടേയും വിശ്വാസങ്ങൾ മററു പലരുടേയും അന്ധവിശ്വാസങ്ങളായി അവശേഷിക്കുന്നു. ഒരാളുടെ വിശ്വാസം മറെറാരുത്തൻെറ അന്ധവിശ്വാസമാകുന്നുവെന്നതി

ന്നു പല ദൃഷ്ടാന്തങ്ങളും കാണിക്കാൻ കഴിയും. ഹനുമാൻ ലങ്ക ചാടിയെന്നും, മൃതസഞ്ജീവിനി എന്ന ഔഷധംകൊണ്ടുവരുവാൻ ഹിമാലയപർവ്വതം ഉള്ളംകയ്യിൽ വഹിച്ചുകൊണ്ടുവന്നുവെന്നും, ശ്രീകൃഷ്ണനെ കൊല്ലുവാൻ കംസൻ വാളോങ്ങിയപ്പോൾ, കുട്ടി കൈയിൽനിന്നു പറന്നുപൊങ്ങിയെന്നും, കംസനെ വെല്ലുവിളിച്ചെന്നും, ശബരിമലക്ഷേത്രം കത്തിനശിച്ചപ്പോൾ അവിടത്തെ ദേവൻ ചേരപ്പാമ്പിൻെറ രൂപത്തിൽ ഓടിമറഞ്ഞുവെന്നും മററും പറയുന്നതു് അന്ധവിശ്വാസമാണെന്നും ചിലരും അതെല്ലാം യഥാർത്ഥമാണെന്നു മററുചിലരും വാദിക്കുന്നില്ലേ? ക്രിസ്തുശിഷ്യനായ തോമാസ് പാലയൂരു വന്നുവെന്നും അവിടത്തെ ക്ഷേത്രക്കുളത്തിൽനിന്നു വെള്ളം എടുത്തു മേലോട്ടു എറിഞ്ഞുവെന്നും പ്രസ്തുത ജലം വായുവിൽ തങ്ങിനിന്നുവെന്നും ജലം എടുത്ത സ്ഥലത്തുള്ള കുറി കുറെനേരത്തേയ്ക്കു കുളത്തിൽ കണ്ടുവെന്നും, മരിച്ച ലാസറിനെ ക്രിസ്തു ഉയർപ്പിച്ചുവെന്നും, ക്രിസ്തുതന്നെ സ്വയം ഉയത്തെഴുന്നേററുവെന്നും, മലയാററൂര് മലയിൽ അത്ഭുതകരമായ വിധത്തിൽ ഒരു സ്വർണ്ണക്കുരിശു പൊട്ടിമുളച്ചുവെന്നും, തോമാശ്ലീഹായുടെ പാദസ്പർശനം ഉണ്ടായസ്ഥലത്തു പാറമേൽ കാലടിപതിഞ്ഞുവെന്നും പരിപൂർണ്ണമായി വിശ്വസിക്കുന്ന പലരേയും നമുക്കു കാണാൻ കഴിയും. എന്നാൽ വേറെ വലിയൊരു വിഭാഗം ജനങ്ങൾക്കു് ഇതെല്ലാം അന്ധവിശ്വാസമാണെന്നേ തോന്നുന്നുള്ളു. ഒരുത്തൻെറ വിശ്വാസം അപരൻെറ അന്ധവിശ്വാസമാണെന്നു തെളിയിക്കാൻ ഇത്രയും പ്രതിപാദിച്ചുവെന്നേയുള്ളു. ശാസ്ത്രീയയുഗത്തിലെ തീവണ്ടി, മോട്ടോർകാർ, വായുവിമാനം, ഇലക്ടിസിററി, ടെലഫോൺ, ടെലിവിഷൻ എന്നിത്യാദി യന്ത്രവിശേഷങ്ങളുടെ പ്രവർത്തനങ്ങളെപ്പററി അറിവില്ലാതിരുന്ന വൃദ്ധജനങ്ങൾക്കു അതേപ്പററി പ്രതിപാദിച്ചതുകൊണ്ടുമാത്രം വിശ്വാസം വന്നിരുന്നില്ലെന്നും നേരെമറിച്ചു അവരുടെ കൺമുമ്പിൽതന്നെ

കണ്ടുതുടങ്ങിയപ്പോഠം മാത്രമെ അവർ വിശ്വസിക്കാൻ തുടങ്ങി യുള്ള എന്ന കാര്യവും നാം ഓൎക്കേണ്ടിയിരിക്കുന്നു. എന്തിനധികം, ഇന്നു പരിഷ്കാരത്തിൻെറ ഔന്നത്യത്തിൽ എത്തിച്ചേൎന്നുവെന്നു കരുതപ്പെടുന്ന എൻെറ സ്വരാജ്യമായ മണലൂരിൽ ഇദംപ്രഥമായി ഒരു കാളവണ്ടിവന്നുചേൎന്നപ്പോഠം, ഒരു അപൂൎവ്വവസ്തുവിനെക്കാണാനെന്നപോലെ ആളുകഠം തടിച്ചുകൂടിയ കഥ എൻെറ മൺമറഞ്ഞുപോയ കാരണവർ ഒരിക്കൽ എന്നോടു് പറഞ്ഞിട്ടുള്ളതുകേട്ടു് എനിക്കുതന്നെ വളരെ അത്ഭുതം തോന്നിയിട്ടുണ്ടു്. പരിഷ്കൃതരീതിയിൽ മുടിക്രോപ്പു ചെയ്തതിന്നു ഇവിടെ ഒരു വ്യക്തിയെ "പള്ളിക്കുററ"ത്തിൽ നിറുത്തിയ കാര്യവും ഞാൻ പറഞ്ഞുകേട്ടിട്ടുണ്ടു്. ശാസ്ത്രത്തിൽ വിശ്വസിക്കാൻ കഴിയാത്ത പലൎക്കും, മതപരമായ എന്തുകാര്യവും കണ്ണടച്ചു വിശ്വസിക്കാൻ യാതൊരു മടിയും കാണാറില്ല. മതപരമായ അന്ധവിശ്വാസങ്ങഠം, ഒരു കാലത്തും ബഹിഷ്കരിക്കപ്പെടുവാൻ കഴിയാതെ നിലകൊള്ളുന്നതും നാം കാണുന്നു എന്നാൽ ഇക്കാലത്തു ചന്ദ്രനിലും മററും പോയിത്താമസിക്കുന്നതിന്നുള്ള ചില പരിപാടികഠം ആവിഷ്കരിക്കപ്പെടുന്നുവെന്നു കേഠംക്കുന്നനിലക്കു, അന്ധവിശ്വാസങ്ങളും അജ്ഞതയും തീരെ ഇല്ലാത്ത ഒരു പുതിയ തലമുറയെ അവിടെ വളത്തിക്കൊണ്ടുവരുവാൻ കഴിയുമെന്നുള്ളതു ആശ്വാസജനകമായി കരുതാം. ചൂഷണസ്വഭാവമില്ലാത്ത. അന്ധവിശ്വസങ്ങഠം അപ്പടിതന്നെ നിലനില്ക്കുന്നതിനെന്താണു് വിരോധമെന്നും, ആൎക്കും ഉപദ്രവകരമല്ലാത്ത മതങ്ങളും മതചടങ്ങുകളും തുടൎന്നുപോകുന്നതിന്നു ആൎക്കാണു് ഭിന്നാഭിപ്രായമുള്ളതെന്നും ചിന്തിക്കുന്നവരുണ്ടാകാം? വിശ്വാസം യുക്തിക്കെതിരുവരുമ്പോഠം ദുൎബ്ബലമായിത്തീരുന്നുവെന്നും പറയാതെ നിവൃത്തിയില്ല.

ആദത്തിൻെറ സന്താനമായ ആബേലിനെ സ്വസഹോദരനായ കായേൻ വെട്ടിക്കൊന്നുവെന്നും ഉടനെ ദൈവം കാണപ്പെട്ടു്, "നിൻെറ സഹോദരൻ എവിടെ?" എന്നു ചോദിച്ചുവെന്നും വേദപുസ്തകത്തിൽ കാണുന്നു. ലോകം സൃഷ്ടിച്ച ദൈവം—അശരീരിയും; സൎവ്വവ്യാപിയും, അനാദി മുതൽ നിലകൊള്ളുന്നവനുമായ ദൈവം—ഒരു വ്യക്തിക്കു കാണപ്പെട്ടു എന്നു പറഞ്ഞാൽ അതിന്നു വളരെ വലിയ അൎത്ഥമാണുള്ളതു്. അശരീരിയായ ദൈവത്തെ കാണാൻ കഴിയുന്നതെങ്ങിനെ എന്ന ചോദ്യം പ്രഥമശ്രവണത്തിൽത്തന്നെ ചോദിക്കാൻതോന്നും ഇപ്പോഠം നടക്കുന്ന കൊലപാതകങ്ങളെപ്പററി അദ്ദേഹം നേരിട്ടുവന്നു അന്വേഷിക്കാത്തതു് എന്തുകൊണ്ടു് എന്ന മറെറാരു ചോദ്യവും പൊന്തിവരും. ഇങ്ങനെ ചോദിച്ചാൽ പ്രസ്തുത വ്യക്തി. "നിരീശ്വരനായി" മുദ്രകുത്തപ്പെടുകയും സമുദായത്തിൽനിന്നു ബഹിഷ്കരിക്കപ്പെടുന്നതുമാണ് അതിലും വിചിത്രം. വേദപുസ്തകത്തിൽ അച്ചടിച്ചുകിടക്കുന്ന കാര്യത്തിൽ യുക്തിവാദം ചെയ്യുന്നവൻ "മഹറോൻ" കുററത്തിന്നു അർഹനാണെന്നു പറഞ്ഞാൽ ആരാണവിശ്വസിക്കുക? എന്നാൽ അത്തരം യുക്തിവാദികളെ സഭാശരീരത്തിൽനിന്നു മഹറോനാകുന്ന വെണ്മഴുകൊണ്ടു പുരോഹിതന്മാർ ഛേദിച്ചുകളയുവാൻ ഒരുമ്പെട്ടുവരുന്നുണ്ടെന്നതു ഒരു പരമാണം മാത്രമാണ്. കത്തനാര് പറയുന്നതു കണ്ണടച്ചുവിശ്വസിക്കാൻ കഴിയാത്തവൻ ഒരു സത്യകൃസ്ത്യാനിയാണെങ്കിൽ, തിയ്യിൽക്കിടന്നു വേവുകയല്ലാതെ ഗത്യന്തരമില്ലത്രെ! ഇവർ വ്യവഹരിക്കുന്നതരത്തിലുള്ള ദൈവവിശ്വാസവും മററും കുറച്ചു കമ്മിയാണെങ്കിലും നേരും നെറിയുമായി വാക്കമാറാതെ സത്യത്തിലും നീതിബോധത്തിലും നടക്കുന്ന ആളുകളെപ്പററി ഇവർ പാസ്സാക്കുന്ന പ്രമേയങ്ങഠം രസാവഹമാണ്.

"നിരീശ്വരനായ ഇന്നയാളെ ദൈവം ഇപ്പോഠം ശിക്ഷിക്കുന്നില്ല. ദുഷ്ടനെ പനപോലെ വളത്തും എന്നാണ് തിരുവചനം. ഇവിടെ അയാളുടെ കാര്യങ്ങഠം ചൊവ്വായിനടന്നാലും, പരലോകത്തിൽ ചെല്ലുമ്പോഠം അയാഠംക്കു നരകമാണു തയാറാക്കപ്പെട്ടിട്ടുള്ളതു്."

കാര്യങ്ങളെല്ലാം ഭംഗിയായി നടത്തിക്കുന്ന ഒരാഠം ശിഷ്ടനാണെന്നു നാട്ടുകാരും വീട്ടുകാരുമല്ല തീർച്ചപ്പെടുത്താറുള്ളതു്. നരകത്തിൽപ്പോകാനിടയുള്ള ആളുകളുടെ ലിസ്റ്റു് കത്തനാരന്മാരുടെ കൈവശമാണുള്ളതു എന്നു തോന്നും അവർ ശുപാശ്ശചെയ്യാത്ത വ്യക്തികഠം നരകത്തിലേക്കു പോകാനുള്ളവരാണെന്നാണ് അവരുടെ മതം. പുരോഹിതനെ സേവപിടിച്ചാൽ മോക്ഷം വാങ്ങിത്തരുവാൻ അദ്ദേഹം കിണഞ്ഞുപരിശ്രമിക്കും. ഇല്ലെങ്കിലോ, അവൻെറ കാര്യം കഷ്ടത്തിലായതുതന്നെ എന്നാണ് ഇന്നത്തെ നില. സാക്ഷാൽ ദുഷ്ടനായ ഒരാളുടെ കാര്യങ്ങഠം ഭംഗിയായും, കണിശമായും നിർവ്വഹിക്കപ്പെടുന്നുണ്ടെങ്കിൽ ഉടനെ പുരോഹിതന്മാരും വിശ്വാസികളും പറയുകയായി "ദുഷ്ടനെ പനപോലെ വളത്തും. പന തഴച്ചുവളരുന്നതുപോലെ അവൻെറ കാര്യങ്ങളും ഭംഗിയായി നടക്കും. പക്ഷെ ഒടുവിൽ അവൻ നരകത്തിലേക്കുള്ളവനാണ്." എന്നാൽ അതേവ്യക്തിക്കുതന്നെ ദുരിതങ്ങളും കഷ്ടപ്പാടുകളുമാണ് ഉണ്ടാകുന്നതെങ്കിൽ ഉടൻ മറിച്ചുപറയുകയായി "അവൻെറ ദുഷ്കർമ്മങ്ങളുടെ ഫലമാണ് അവൻ അനുഭവിക്കുന്നതു്: അവൻ കൂലിക്കാക്കു ശരിയായ കൂലികൊടുത്തില്ല പള്ളിയും പട്ടക്കാരനും വേണ്ടെന്നുവെച്ചുനടന്നു. സാധുക്കളെ കഷ്ടപ്പെടുത്തി. ദരിദ്രരെ ചിത്തപറഞ്ഞു അഗതികളെ കണ്ണീരു കുടിപ്പിച്ചു ഇന്നയിന്ന ആളുകളുടെ അവകാശം തട്ടിപ്പറിച്ചു. ചാത്തനെ സേവിച്ചു പിന്നീടു വേണ്ടതരത്തിൽ ശുശ്രൂഷിച്ചില്ല; കൃത്യം വിട്ടു ചാത്തനോടു

പെരുമാറി. അതിനാൽ അവന്നു ഇത്തരം കഷ്ടപ്പാടുകൾ ദൈവം യാത്രയാക്കി" എന്നായിരിക്കും ഭക്തജനങ്ങളും പുരോഹിതശ്രേഷ്ഠന്മാരും വ്യാഖ്യാനിക്കുക. എന്നാൽ യഥാൎത്ഥത്തിൽ സത്യംനീതിമൎയ്യാദകൾക്കനുസരിച്ചും പരോപകാരപ്രദമായ രീതിയിലും, പ്രമാണങ്ങളെ വള്ളി പുള്ളി തെററാതെയും ശരിയായി ജീവിച്ചുവരുന്ന ഒരു വ്യക്തിക്കാണ് കഷ്ടപ്പാടുകളും ബുദ്ധിമുട്ടും, ധനനാശവും വരുന്നതെങ്കിൽ ഉടനെ പറയുകയായി "ജോബിനെ പരീക്ഷിക്കാൻ കൎത്താവു പിശാചിനെ അനുവദിച്ചില്ല്യേ? ജോബിനോളം നീതിമാനായി ആരാണ് ഉണ്ടായിരുന്നതു്? എന്നിട്ടും ദൈവം അയാളെ പരീക്ഷക്കു വിധേയനാക്കി. അതല്ലെങ്കിൽ പറയും, ഭരണങ്ങാനത്തെ അൽഫോൻസമ്മ എന്തു പാപം ചെയ്തിട്ടാണ് ഇത്രവലിയ കഷ്ടപ്പാടുകൾ അനുഭവിക്കാൻ ഇടവന്നതു്? ദൈവം ചിലരെ പുണ്യപ്പെടുത്തുവാൻവേണ്ടി കുരിശുകൾ യാത്രയാക്കി." ഇങ്ങനെ കഷ്ടാരിഷ്ടതകളാകുന്ന കുരിശുകൾക്കെല്ലാം പലതരത്തിലുള്ള വ്യാഖ്യാനങ്ങൾ കേൾക്കാൻകഴിയും. എല്ലാററിന്നും ഉണ്ട് ഒരു കുരുകൌശലം. ഇതെല്ലാം പഴയതും പുതിയതുമായ നിയമപുസ്തകങ്ങളിൽ ഒളിഞ്ഞുകിടപ്പുണ്ട്. തിരഞ്ഞെടുത്തു പിടിക്കുമ്പോൾ മനശാസ്ത്രപരമായി ചിന്തിച്ച് തിരഞ്ഞെടുക്കുവാൻ പരിശ്രമിക്കണമെന്നേയുള്ളു ഇതെല്ലാം കേട്ടാൽ പല ഭക്തവിശ്വാസികൾക്കും മനശ്ശാന്തിയുണ്ടാവുക സാധാരണമാണ്. ചില നാട്ടുവൈദ്യന്മാരുടെ പക്കൽ കുട്ടികളുടെ രോഗത്തിന്നുപററിയ ഗുളികകൾ സ്റ്റോക്കുള്ളതുപോലെയാണ് മുൻപറഞ്ഞ വാചകശകലങ്ങൾ നിലകൊള്ളുന്നതു്. പിത്തംവരുമ്പോൾ പിത്തത്തിനുള്ളതുകൊടുക്കണം, ഗ്രഹണിക്കുള്ളതു വേറെ, അരോചകം, പനി, തലവേദന എന്നിങ്ങനെ വ്യത്യസ്ഥരോഗങ്ങൾക്കു വ്യത്യസ്ഥ ഗുളികകൾ കൊടുക്കുന്നതുപോലെയും "പൂച്ച വീണാൽ നാലുകാലിന്മേൽചെന്നു നില്ക്കും"

എന്നു പറയുന്നതുപോലെയും ആണ് കത്തനാരന്മാരുടെ വേദവാക്യോദ്ധാരണങ്ങൾ കേട്ടാൽ തോന്നുക. പോരെങ്കിൽ, "വിശ്വസിക്കുക, വിശ്വസിക്കുക! നിൻെറ വിശ്വാസം നിന്നെ പൊറുപ്പിക്കും" എന്നും പുരോഹിതന്മാർ ഉരുവിട്ടുകൊണ്ടിരിക്കും. എന്നാൽ പ്രമാണവാക്യങ്ങളോ, അവയുടെ കൃത്യമായ നിർവ്വഹണമോ സ്വന്തം ജീവിതത്തിന്നു ബാധകമാണെന്ന കാര്യം ഇവർ ഓക്കാറില്ല. "നിങ്ങൾ ഞങ്ങളുടെ വചനത്തെ കേൾപ്പിൻ. പ്രവൃത്തികളെ വിമർശിക്കുവാൻ നിങ്ങൾക്കു അധികാരമില്ല. ദൈവവും ഞങ്ങളും നേരിട്ടാണ് കണക്കു പറയേണ്ടതു്. നിങ്ങൾക്കു—അതായതു വിശ്വാസികൾക്കു—വിമർശിക്കുവാൻ ഒട്ടും അധികാരമില്ല എന്നുതന്നെയല്ല പള്ളിയെപ്പററിയോ പട്ടക്കാരനെപ്പററിയോ വിമർശിക്കുന്നവൻ ദൈവദൂഷണം പറയുന്നു" എന്നുകൂടി ഇക്കൂട്ടർ തട്ടിവിടാറുണ്ട്. അതിനാൽപ്പിന്നെ ഇവർ ചെയ്യുന്ന അക്രമങ്ങൾക്കും കൊള്ളരുതായ്മകൾക്കും ദൈവം നേരിട്ടുവന്നു ശിക്ഷകൊടുക്കാതെ തരമില്ല. എന്നാൽ ആദത്തിൻെറ കാലത്തു ദൈവം നേരിട്ടു പ്രത്യക്ഷപ്പെട്ടു ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്തിരുന്നതുപോലെ ഈ അണുയുഗത്തിൽ ദൈവം പ്രത്യക്ഷപ്പെടാത്തതു് ഇന്നത്തെ പുരോഹിതവർഗ്ഗത്തിന്നു സമാധാനത്തിന്നു വഴിനൽകുന്നുണ്ട്. ലോകാവ്സാനംവരെയും ഒരു വ്യക്തിക്കു പുരോഹിതൻ അവശ്യം ആവശ്യമായ ഒരു ഘടകമായി നിലകൊള്ളുന്നതു കാണാം. ഒരു സത്യകൃസ്ത്യാനിയുടെ ശുദ്ധീകരണ കരകയററം എന്നാണെന്നു അറിവില്ലാത്തതിനാലും, അയാൾ നരകത്തിലോ ശുദ്ധീകരണസ്ഥലത്തിലോ ഉൾപ്പെട്ടിട്ടുള്ളതെന്നു നിശ്ചയമില്ലാത്തതിനാലും, ലോകാവസാനംവരെ എല്ലാ മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്കും കുർബ്ബാനയും ഒപ്പീസും, റാസയും അന്നീതയും അത്യന്താപേക്ഷിതമായിത്തീരുന്നു. അങ്ങനെ പുരോഹിതവർഗ്ഗത്തിൻെറ വരുമാനം ലോകാവസാനംവരെ ഭദ്രമായി നിലനിൽക്കുക

യും ചെയ്യുന്നു. ഇവർ ഉദ്ദേശിക്കുന്ന തരത്തിലുള്ള ദൈവാസ്ഥികു ത്തെ നിഷേധിക്കുന്നവൻ പ്രമാണം ലംഘിക്കുന്നവനായി ഗണി ക്കപ്പെടുന്നു. അങ്ങനെ പരസ്യമായി പറയുന്നവനും പ്രചരിപ്പി ക്കുന്നവനും മഹറോൻ ശിക്ഷയിൽപ്പെട്ടവനാകുമെന്നു ഇവർ പറ യുന്നു. ഒരു പ്രമാണം ലംഘിച്ചാൽ എല്ലാ പ്രമാണങ്ങളും ലംഘി ച്ചതായി ഇവർ കണക്കാക്കുന്നു. പരസ്യമായി പ്രമാണലംഘനം നടത്തുന്നവരെ സഭാശരീരത്തിൽനിന്നു വെട്ടിമാററുമെന്നാണ് വെയ്പ്. പരസ്യപാപികളായി ഗണിക്കപ്പെട്ടിരുന്നവരെ ക്രൂസ്തു മതസ്ഥാപകനായ യേശുക്രൂസ്തു ഒരിക്കലും മഹറോൻ ചൊല്ലിയി ട്ടില്ല ഇത്ര സുസംഘടിതമായ ഒരു സംഘത്തിൻെറ പ്രവൎത്തനം അക്കാലത്തുണ്ടായിരുന്നതുമില്ല. എന്നാൽ ഇന്നു ഒരു വ്യക്തി "പരസ്യപാപി"യല്ലെങ്കിലും, നമ്മുടെ അച്ചന്മാർ ചിന്തിക്കുന്ന തുപോലെ സങ്കുചിതമായി ചിന്തിക്കാതെ തുറന്ന ആശയങ്ങൾ പ്ര കടിപ്പിക്കുന്നതായാൽ ഉടനെ അയാളെ മഹറോനിൽ ഉൾപ്പെ ടുത്തുവാൻ വെമ്പൽകൊള്ളുന്നതായിക്കാണുന്നു. ആനയുടെ പാദ ത്തിന്മേൽ അധികാരത്തിൻെറ കാരവടി എടുത്തുവെച്ചിട്ട് കള്ളു ഷാപ്പിലേക്കു പോകുന്ന പാപ്പാന്മാരെ നാം കാണാറില്ലേ? ഏതാ ണ്ടതുപോലെയാണ് ഇന്നത്തെ മഹറോൻശിക്ഷയുടെ നില. ശ രീരത്തിലെ ഏതെങ്കിലും ചെറിയ ഒരു അവയവം ദുഷിച്ചു കേടു വന്നാൽ അതങ്ങു ഓപ്പറേററു ചെയ്തില്ലെങ്കിൽ പിന്നെ പ്രസ്തുത രോഗം ക്രമേണ ശരീരമൊട്ടുക്കു വ്യാപിക്കാനിടവരുമല്ലോ. അതി നാൽ നല്ല ഡോക്ടർമാർ ശസ്ത്രക്രിയക്കു തയ്യാറായി ആയുധങ്ങളു മേന്തി രോഗിയെ സമീപിക്കുന്നു. എന്നാൽ ഡോക്ടരുടെ ദീന ത്തിന്നു ചികിത്സ നിൎദ്ദേശിക്കുമ്പോൾ, പ്രസ്തുത വ്യക്തിയെ ഓപ്പ റേഷന്നു വിധേയനാക്കുന്ന വിധത്തിലാണ് നമ്മുടെ അച്ചന്മാർ ചിലപ്പോഴൊക്കെ മഹറോൻശിക്ഷയുമായി തങ്ങളുടെ "കുഞ്ഞാ ടുകളെ" സമീപിക്കുന്നതെന്നു തോന്നിപ്പോകുന്നു. രോഗം ആക്കാ

ണ് എന്ന കാര്യത്തിൽ ഇതുവരെ തർക്കം തീർന്നിട്ടില്ലാതിരിക്കെ, ഇത്താം ഓപ്പറേഷനുകൾക്ക അധികാരഗർവ്വോടുകൂടി പാഞ്ഞടുക്കുന്ന അദ്ധ്യാത്മീക വൈദ്യന്മാരെപ്പററി എന്തു പറയാനാണ ?

പരസ്യമായി പ്രമാണം ലംഘിക്കുന്നവരെയെല്ലാം ഈ വൈദ്യപ്രമുഖന്മാർ സഭാശരീരത്തിൽനിന്നു ഛേദിച്ചുകളയുന്നുണ്ടോ? എന്നു ചോദിക്കാൻ തോന്നുകയാണ്. വീണ്ടും വീണ്ടും ഉപദേശിച്ചിട്ടും പ്രമാണങ്ങളും കല്പനയും ലംഘിക്കുന്ന വ്യക്തികൾക്ക സഭയുടെ അംഗമായി നിലകൊള്ളുവാൻ അർഹതയില്ലെന്നാണല്ലോ ഇവർ പറയുന്നതു്. എന്നാൽ അങ്ങനെ പ്രമാണലംഘനം ചെയ്യുന്ന എല്ലാവരേയും നിഷ്പക്ഷബുദ്ധ്യാ സഭയിൽനിന്നു ഛട്ടിച്ചുകളയാനുള്ള ഔത്സുക്യ സഭാധികാരികൾക്കുണ്ടെങ്കിൽ, മിശിഹായുടെ വികാരിയായ റോമാമാപ്പാപ്പയുടെ ചാക്രികലേഖനങ്ങളെ അതിൽ പ്രധാനമായ റേരും, നൊവേരും എന്ന ചാക്രീയലേഖനത്തെ പ്രത്യേകിച്ചും—പരസ്യമായി ലംഘിക്കുന്ന കത്തോലിക്കാ മുതലാളിമാരെ മഹറോനാകുന്ന വെണ്മഴുകൊണ്ടു വെട്ടി സഭാശരീരത്തിൽനിന്നു ഛേദിച്ചുകളയേണ്ടതല്ലേ? എന്താണ’ ഛേദിച്ചുകളയാത്തതു ? തൊഴിലാളിയുടെ കുടുംബം സമൃദ്ധമായിരിക്കുന്നതിനുള്ള വേലക്കൂലികൊടുക്കണമെന്നു മാപ്പാപ്പയനുശാസിക്കുന്നില്ലേ? അപ്രകാരം പ്രവത്തിക്കാത്ത കത്തോലിക്കാമുതലാളിമാരെപ്പിടിച്ചു മതപരമായ സസ്പെണ്ടും പ്രോസിക്യൂഷൻ നടപടികളും നടത്താത്തതെന്തുകൊണ്ടു? ഉത്തരം എളുപ്പമാണ്. മുതലാളിമാരോടെതിത്താൽ പുരോഹിതവഗ്ഗത്തിൻെറ നിലനിൽപ്പുതന്നെ ജലരേഖപോലെ ആയിത്തീരുമെന്നു അവക്കറിയാം. അവരോടു കളിച്ചാൽ അവർ കളിപഠിപ്പിക്കും. പുരോഹിതന്മാക്കു മുതലാളിമാരെ ഭയമാണ്. കേസുകൾ ഒത്തുതീരുന്നതിന്നുവേണ്ടി മുതലാളിയുടെ ഭവനങ്ങൾ സന്ദശിക്കുവാൻ പള്ളിമേധാവികൾ ഒരുക്കമാണ്. മെത്രാസനാരമനകളിലുള്ള കോടതികളിൽച്ചെന്നു് സമാധാനം ബോധിപ്പിക്കേണ്ടതാണെന്നുള്ള കല്പനകൾ സാധുക്കൾക്ക

മാത്രമായിട്ടുള്ളതാണ്. മുതലാളിമാർ പരസ്യമായി പ്രമാണലംഘനം നടത്തുന്നതുകണ്ടാലും അവർ "കൊക്ക കണ്ണടക്കുന്നതുപോലെ" കണ്ണടക്കുന്നതു കാണാം. വലിയ മത്സ്യം കൊക്കിൻെറ തൊണ്ടയിൽ കുടുങ്ങി കുഴപ്പമാകുമെന്നുള്ളതിനേക്കാരം അതിനെപ്പിടിച്ച് "ശരിപ്പെടുത്തു"വാനുള്ള ശേഷികുറവാണ് കൊക്കിനെക്കൊണ്ട് കണ്ണടപ്പിക്കുന്നത്. ഏതാണ്ടിതുപോലെ വലിയവൻെറ കാര്യത്തിലും സഭാധികൃതന്മാർ പെരുമാറുന്നു. കടപ്പെട്ട ദിവസങ്ങളിൽ പരസ്യമായി "ബാങ്കുകച്ചവടം" ചെയ്യുന്ന മുതലാളിമാർ വലിയവരാകയാൽ പ്രമാണം ലംഘിക്കാത്തവരായിട്ടാണ് ഗണിക്കപ്പെടുന്നതു് മെത്രാന്മാരും മുതലാളിമാരും തോളോടുതോരം ചേർന്നുനിന്നുകൊണ്ട് സാധുജനചൂഷണത്തിന്നുവേണ്ടി മൈത്രീബന്ധം പുലത്തിവരുന്ന കാഴ്ചയല്ലെ നാം അനുദിനം കണ്ടുവരുന്നതു്?

മുതലാളിമാരുടെ "പൊന്നോമനമക്കളുടെ"വിവാഹം അരംത്താരക്കു സമീപം കുരിശും മുടിയുംവെച്ച് പിതാവു വാഴ്ത്തിക്കൊടുക്കുന്നു. സമ്പന്നനും ദരിദ്രനും ദൈവസന്നിധിയിൽ സമന്മാരാണെന്നുൽഘോഷിച്ച ക്രിസ്തുവെ സക്രാരിയിൽ വെച്ചുപൂട്ടിയശേഷം പള്ളിയിൽവെച്ചുതന്നെ ഉച്ചനീചത്വങ്ങരം നടപ്പിലാക്കുന്ന പുരോഹിതവർഗ്ഗത്തെപ്പററി എന്തുപറയാനാണ്? സ്നേഹമൂർത്തിയായ ക്രിസ്തുഭഗവാൻ ഇത്തരം അനീതികരം കാണുന്നില്ലെന്നാണോ പറയേണ്ടതു്? അതിന്നാണോ അദ്ദേഹത്തെ സക്രാരിയിൽവെച്ചുപൂട്ടി താക്കോലും കയ്യിൽപിടിച്ചു ഞെളിഞ്ഞുനടക്കുന്നതു? സമ്പന്നൻെറ വീടുകളിലെ ശവസംസ്കാരചടങ്ങുകരംക്കു പിതാവു കാറിൽ വരുന്നതു നാം കണ്ടുവരാറില്ല്യേ? "നീതിമാൻെറ മരണം ദൈവസന്നിധിയിൽ വിലയേറിയതാണ്" എന്നാണ് പ്രമാണം. ശവസംസ്കാരത്തിൻെറ മോടിയും പകിട്ടും നോക്കിയാണ് ഇവിട

ത്തെ ആളുകൾ നീതിമാനാരാണെന്നു വിധികല്പിക്കാറുള്ളതും! എന്താണിതിനൊക്കെ പറയേണ്ടതു് എന്നുതന്നെ തോന്നുന്നില്ല. "പണത്തിനുമീതെ പരുന്തുപറക്കില്ല" എന്ന പഴമൊഴി മതത്തിലും മന്ത്രത്തിലും മറഞ്ഞുകിടക്കയാണെന്നു തോന്നും.

വല്ല റിക്ഷാവണ്ടിക്കാരനോ മററൊ പ്രമാണം ലംഘിച്ചുവെന്നറിഞ്ഞാൽ ഉടനെ അവനെയങ്ങു പള്ളിയിൽവെച്ചു മഹറോൻ ചൊല്ലുകയായി; സമുദായം അവനെ ചൂണ്ടുവിരൽ കാട്ടുന്നു. നരകത്തിലേക്കുള്ള ഒരു വ്യക്തിയായി അവൻ സീലടിക്കപ്പെടുന്നു. തെററും പൊറുതിയും പറഞ്ഞു കാലുപിടിച്ചില്ലെങ്കിൽ അവൻെറ വിവാഹം തടയപ്പെടുന്നു, അവൻ മരിച്ചാൽ പട്ടക്കാരൻ അവൻെറ ശവസംസ്കാരത്തിൽ സംബന്ധിക്കാറില്ല. അന്ത്യനിമിഷത്തിൽ അവൻ കർത്താവുമായി രമ്യപ്പെട്ടുവോ ഇല്ലയോ എന്നു ഇവർ ശങ്കിക്കാറില്ല. തെമ്മാടിക്കുഴിപോലും നമ്മുടെ അച്ചന്മാർ അവനു നൽകുവാൻ സമ്മതിക്കില്ല. കുരിശും കുടയും പള്ളിസാമാനങ്ങളും അവൻെറ അന്ത്യോപചാരത്തിന്നു സാക്ഷ്യംവഹിക്കാറില്ല; നരകത്തിലേക്കു ഒരു പിശാചിനെ ശവമഞ്ചത്തിലാക്കി വഹിച്ചുകൊണ്ടുപോകുന്ന പ്രതീതി സമുദായമദ്ധ്യത്തിൽ അലതല്ലുന്നു. മണികൊട്ടാതെയും നിശ്ശബ്ദമായും അവൻെറ മൃതദേഹം സംസ്കരിക്കപ്പെടുന്നു. അവൻെറ ദേഹിയെ ഒരുപക്ഷെ മാലാഖമാർബാൻറ് വാദ്യങ്ങളോടുകൂടി ദൈവസന്നിധിയിലേക്കു ആനയിക്കുമ്പോഴായിരിക്കും ഇത്തരം നിശ്ശബ്ദമായ സംസ്കാര ചടങ്ങുകൾ നിർവ്വഹിക്കപ്പെടുന്നതു്!!! പക്ഷെ ആരാണിക്കാര്യം അവരോടു ചോദിക്കാൻ? ആന കോണകമുടുക്കാഞ്ഞാൽ ആരാണു് ചോദിക്കാറുള്ളതു?" പരിശുദ്ധനായി ഗണിക്കപ്പെടുന്ന പുരോഹിതൻ "പാപി"യുടെ ശവശരീരം കാണാൻ മടിച്ചു് ഒഴിഞ്ഞുമാറുന്നനേരത്തു നീതിമാനായ ദൈവം അവൻെറ പരിശുദ്ധമായ ആത്മാവിനെ സ്വർഗ്ഗത്തിൽ അതിന്നു തയ്യാർ ചെയ്തിരിക്കുന്നേ തിരു

സിംഹാസനത്തിൽ കയററിവെച്ച് മോക്ഷമുടി ചൂടിപ്പിക്കുകയാ യിരിക്കുകയില്ലെന്നു ആക്കു ധൈര്യമായി പറയാൻ കഴിയും? അ തേസമയംതന്നെ പ്രസ്തുത പുരോഹിതൻെറ ഹൃദയമദ്ധ്യത്തിൽ അ ന്ധകാരശക്തിയായ സാത്താൻ കുടിയിരിക്കുന്നില്ലെന്നും ആക്കും ധൈര്യമായി പറയാൻ കഴികയില്ല. കഷ്ടം! സാക്ഷാൽ ക്രസ്തുവി ൻെറ ആദശ്വം ഇവരുടെ ആദശ്വം പ്രവത്തനപരിപാടികളും തമ്മിലുള്ള വിരോധാഭാസത്തെക്കുറിച്ചു ചിന്തിക്കുന്നവൻെറ തല പുകയാതിരിക്കുമോ? പാപികളുടെയും ചുങ്കക്കാരുടെയും ഉത്തമസു ഹൃത്തായി അവരെ സൽപാന്ഥാവിലേക്കു ആനയിക്കുവാൻ വെ മ്പൽപൂണ്ടു് അന്നത്തെ അന്ധവിശ്വാസങ്ങളെ വെല്ലുവിളിച്ച വിപ്ലവകാരിയായക്രിസ്തു ഇന്നു വരികയാണെങ്കിൽ എന്താണു് സംഭവിക്കുക എന്നു ചിന്തിക്കുവാൻ തോന്നുകയാണു്. പരസ്യപാ പത്തിൽ പിടിക്കപ്പെട്ട വേശ്യയെ കല്ലെറിയാൻ—ആ സാധുസ ഹോദരിയെ കല്ലെറിഞ്ഞുകൊല്ലാൻ—പരിശ്രമിച്ചയഹൂദപരിഷ കളെ ക്രിസ്തു എതിരിട്ട ചരിത്രം നമുക്കു അജ്ഞാതമല്ലല്ലോ. പാപി നിയും പാശ്ചാത്താപവിവശയുമായ മഗ്ദലേന ക്രിസ്തുവെ സമീ പിച്ചപ്പോഠം ചിലർ മനസാ വിചാരിച്ചതാണു് "ഇവഠം പാപി നിയാണെന്നു ഇദ്ദേഹം അറിയുന്നില്ലയോ" എന്നും.

ഇങ്ങനെ പാപികളുടേയും അഗതികളുടേയും വത്സലഗുരുവാ യിരുന്ന ക്രിസ്തുവിൻെറ ശിഷ്യന്മാരെന്നു സ്വയം അഭിമാനിക്കുന്ന പുരോഹിതന്മാർ സാധുക്കളെ സമുദായമദ്ധ്യത്തിലിട്ടു ചെണ്ടകൊ ട്ടിക്കുകയും കണ്ണീർ കുടിപ്പിക്കുകയും അവരുടേയും അവരുടെ സ ന്തതികളുടേയും കാലത്തോളം അവഹേളനപാത്രമാക്കുകയും ചെ യ്യുന്നതു കാണുമ്പോഠം, മതമെ! സമുദായമെ! നിങ്ങളുടെ ക്രൂരമാ യ ഹസ്തങ്ങളിൽനിന്നു സാധുജനങ്ങഠം എന്നാണു് വിമുക്തരാവു ക എന്നു ചോദിക്കാൻതോന്നാത്ത സ്വതന്ത്രചിന്തകരുണ്ടാകുമോ? പുരോഹിതന്മാരുടെ കൊള്ളരുതായ്മകഠം ചെറുത്തു് നീതിബോധ

ത്തോട്ടം സത്യസന്ധതയോട്ടംകൂടി ജീവിതം നയിച്ചുപോരുന്ന മ ര്യാദക്കാരെ സാമുദായികമായി ഒററതിരിച്ചുനിറുത്തുവാൻ അവർ ഉപയോഗിക്കുന്ന സ്വേച്ഛാധികാരം ഇല്ലാതാക്കാൻ ജനങ്ങൾ ഒന്ന ടങ്കം ജനകീയകോടതികളിൽ ആവലാതി ബോധിപ്പിക്കുകയും അവക്കനുകൂലമായ വിധി സമ്പാദിക്കുകയും ചെയ്യുന്ന കാലം വ ളരെ വിദൂരത്താകുകയില്ലെന്നു വിശ്വസിക്കുവാൻ ന്യായം കാണു ന്നുണ്ട്.

മനുഷ്യൻ ഒരു സമുദായജീവിയാണ്. സമുദായ ക്രമമനു സരിച്ചുള്ള ആചാരമര്യാദകൾ നിഷേധിക്കുന്നതു വ്യക്തിപരമായ അവഹേളനമാണ്. അതിനാൽ മനുഷ്യനെ സാമുദായികമായി ബഹിഷ്ക്കരിക്കുവാൻ പുരോഹിതന്മാരെ അനുവദിച്ചുകൂടാത്തതാ ണ്. അതില്ലെങ്കിൽ അവക്കു വിദ്വേഷം തോന്നുന്നവരോടുമാത്രം അധികാരഖഡ്ഗം ആവശ്യത്തിന്നും അനാവശ്യത്തിന്നും അവർ എടുത്തു ചുഴററിക്കൊണ്ടിരിക്കും

പണ്ടുകാലത്തു വേദപുസ്തകപാരായണം വൈദികക്കു മാത്ര മെ പാടുള്ളവെന്നായിരുന്നു നിയമം. വേദോച്ചാരണവും മററും ബ്രാഹ്മണക്കു മാത്രമെ വിധിച്ചിരുന്നുള്ളു മന്ത്രോച്ചാരണം ശ്രവി ക്കുന്ന ശൂദ്രൻെറ ചെകിട്ടിൽ ഈയ്യം ഉരുക്കിഒഴുക്കണമെന്നായിരുന്നു വിധി. എന്തിനാണിങ്ങനെ ഒരു ശിക്ഷ കൊടുത്തിരുന്നതു എന്ന കാര്യം ചിന്തിക്കുന്നതു രസാവഹമാണ്. മററുള്ളവരെങ്ങാനും മന്ത്രം കേട്ടു പഠിച്ചാൽപ്പിന്നെ, മന്ത്രത്തിൻെറ 'തന്ത്രം'' പുറത്താ വുകയും, ബ്രാഹ്മണരുടെ പൌരോഹിത്യത്തിന്നുതന്നെ കോട്ടംതട്ടു കയും ചെയ്യുമെന്നു അവർ ഭയപ്പെട്ടിരുന്നു ഏതാണ്ടിതുപോലെ ത്തന്നെയായിരുന്നു വേദഗ്രന്ഥപാരായണത്തിൻെറയും നില വേ ദപുസ്തകം വായിച്ചു പലതരത്തിലും ദുർവ്യാഖ്യാനം ചെയ്യുമെന്നു ഭയന്നിട്ടു നമ്മുടെ അച്ചന്മാർ വേദപുസ്തക പാരായണം

വിശ്വാസികൾക്കു നിഷേധിച്ചിരുന്നു. ആരെങ്കിലും പ്രസ്തുത ഗ്ര
ന്ഥം വായിച്ചുപോയെങ്കിൽ അവൻ മഹറോനിൽപ്പെട്ടമായിരു
ന്നു. എന്നാൽ ഇന്നു ആ നില മാറി. ജനങ്ങൾ ഗ്രന്ഥപാരായ
ണോൽസുകരായിത്തീൎന്നെന്നറിഞ്ഞപ്പോൾ പഴയ നിയമം എടു
ത്തുകളഞ്ഞു. ശക്തിയായ പ്രവാഹഗതിയ്ക്കെതിരായി ചെറിയ
അണക്കെട്ടുകൾ നിലനിൽക്കുമോ? വേദഗ്രന്ഥം വായിക്കുന്ന സ
ത്യവിശ്വാസികൾക്കു അവരുടെ പാപകൎമ്മങ്ങളുടെ പൊറുതി
പോലും (ദണ്ഡവിമോചനം) സിദ്ധിക്കുമെന്നാണ് ഇന്നത്തെ നി
യമം! എന്റെ ഹിന്ദുസഹോദരന്മാർ ഇതുകേട്ട് അത്ഭുതം പ്രകടി
പ്പിക്കുന്നുണ്ടാവാം. എന്നാൽ സംഭവം യഥാൎത്ഥമാണ്. വേദ
പുസ്തകം ഇംഗ്ലീഷിലേക്കു തൎജ്ജമചെയ്ത സത്യവിശ്വാസിയെ ഇ
വർ വെറുതെ വിട്ടിട്ടില്ല. വേദപുസ്തകം സാധാരണക്കാർ വാ
യിക്കാൻതുടങ്ങിയപ്പോൾ അതിലുള്ള പലേ വാസ്തവവിരുദ്ധ പ്ര
സ്താവനകളും മററും സാധാരണജനങ്ങൾ ഗ്രഹിക്കാൻതുടങ്ങി. ത
ന്മൂലം വൈദികരുടെ കള്ളി വെളിച്ചത്താകുവാനും തുടങ്ങി. വാ
സ്തവം പറഞ്ഞാൽ അവർതന്നെ വേദപുസ്തകത്തെ പലതരത്തി
ലും തോന്നിയപോലെ വ്യാഖ്യാനിച്ചിട്ടായിരുന്നു പലേ നിയമ
ങ്ങളും വിശ്വാസികളുടെ തലയിൽ കയററിവെച്ചതു്. ഇതിൽ
പലതിന്നും കമ്പോളമില്ലെന്ന നില വന്നുചേൎന്നു. എന്നാൽ വേ
ദപുസ്തകപാരായണത്തോടൊപ്പം ഇവർ എഴുതിച്ചേൎത്തിരിക്കുന്ന
വ്യാഖ്യാനങ്ങളും കൂടി വായിച്ചു മനസ്സിലാക്കിയില്ലെങ്കിൽ തെററി
പ്പോകാനിടയുണ്ടെന്ന ഒരു മുന്നറിയിപ്പു് ഇവർ നൽകിയിട്ടുണ്ടെ
ന്നുള്ളതു സത്യവിശ്വാസികൾക്കു ആശ്വാസജനകമാണ്! കാവി
ടിയോടും ആനയോടും ഇവൎക്കു പണ്ടുണ്ടായിരുന്ന പക ഇപ്പോൾ
ഇല്ലാതായിരിക്കയാണ്. സിനിമയുടെ നേൎക്കാണിന്നു അവരുടെ
വിദ്വേഷം അഴിച്ചുവിട്ടിരിക്കുന്നതു് യുവതികളേയും അവരുടെ അ
ശ്ലീലമായ വസ്ത്രധാരണരീതിയേയും സൂക്ഷിച്ചുനോക്കുന്നവൻ പാ
പം പിഴക്കുമെന്നു ഇവർപറയുന്നു. "വൈരാഗ്യമേറിയൊരു വൈ

ദീകനാട്ടയേററവൈരിക്കമുമ്പഴറിയോടിയ ഭീരുവാട്ടെ—നേരെ വിടൎന്നു വിലസീടിന നിന്നെനോക്കിയാരാകിലെന്തുമിഴിയുള്ളവർ നിന്ദിച്ചിക്കാം” എന്നു മഹാകവി കുമാരനാശാൻ പറഞ്ഞിട്ടുള്ളതു് ഒരു പുഷ്പത്തെ സംബന്ധിച്ചാണെങ്കിലും അതിൽ വലിയൊരു ധ്വനിയുണ്ടെന്നു ചിലർ വ്യാഖ്യാനിച്ചുകേട്ടിട്ടുണ്ടു്. നമ്മുടെ അച്ചന്മാർ അതു കേട്ടിട്ടുണ്ടോ ആവോ? ഏതായാലും നമ്മുടെ അച്ചന്മാരുടെ ഉപദേശം മനുഷ്യനെ സന്മാർഗ്ഗത്തിലേക്കും സദാചാരത്തിലേക്കും ആനയിക്കുന്നുണ്ടെന്നുള്ളതിന്നു രണ്ടുപക്ഷമില്ല. എന്നാൽ ഇങ്ങനെ ഉപദേശിക്കുന്ന പുരോഹിതന്മാർതന്നെ അൎദ്ധനഗ്നരായ യുവതികൾ ബാറിന്മേൽ മറിയുന്നതും, ലൈംഗിക വികാരത്തെ വിജൃംഭിക്കാനുതകുന്ന ആകർഷണീയങ്ങളായ മററു ചില ഫീററ്സുകൾ കാണിക്കുന്നതും കണ്ടു് വാപൊളിച്ചിരിക്കുന്നതും മററും പാപമല്ലെന്നാണോ വിശ്വാസികൾ വിചാരിക്കേണ്ടതു്? സൎക്കസ്സുകളിക്കുന്ന യുവതികളേയും അവരുടെ ഉയൎന്നു മുററിനില്ക്കുന്ന മാറിടപ്രദേശങ്ങളേയും നഗ്നമായ മാംസപേശികളേയും കണ്ടു് ആനന്ദാനുഭൂതിയിൽ നിമഗ്നരാകുന്ന വൈദീകരെപ്പററി എന്തുപറയേണ്ടൂ? ഇത്തരം കളികൾ കാണാനാരാണിവരെ അനുവദിക്കുന്നതെന്നകാര്യം ആലോചിച്ചുനോക്കേണ്ടതാണു്. ഇതൊക്കെയായിട്ടും പരിശുദ്ധമായ ഇവരുടെ പദവിക്കു ഊനംതട്ടാതെ നില്ക്കുന്നതത്ഭുതമല്ലേ? എന്തുപാപംചെയ്താലും കുമ്പസാരിച്ചാൽ ഉടനെ പൊറുതികിട്ടുമെന്നു 'സത്യവിശ്വാസികൾ' ധരിച്ചുവശായിട്ടുള്ളതുവളരെ അപകടംപിടിച്ച ഒരു സ്ഥിതിവിശേഷമാണു്. തന്മൂലം പാപം ചെയ്യുന്നതിന്നു 'സത്യക്രിസ്ത്യാനി'കൾക്കെളുപ്പമായിത്തീൎന്നിരിക്കുന്നു "ഒന്നു കുമ്പസാരിക്കുകയല്ലേ വേണ്ടൂ ഇപ്പോൾ ഇതങ്ങു നടക്കട്ടെ" എന്നാണു ചിലരുടെ ആലോചന എന്നു തോന്നും. ബ്ലാക്ക്മാക്കററിൽ നെല്ലും അരിയും തുണിസാമാനങ്ങളും വിററിരുന്ന ഒരു മുതലാളി കൺട്രോൾകാലം കഴിഞ്ഞിട്ടേ കുമ്പ

സാരിച്ചുള്ളുവെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. കൺട്രോൾകാലത്ത് എന്നും അയാൾ ബ്ലാക്കടിച്ചിരുന്നു എന്നും കുമ്പസാരിക്കാൻ അയാൾക്ക അസൌകര്യമായിരുന്നു. തന്മൂലം കൺട്രോൾ കാലം കഴിഞ്ഞു ഒരു "നീണ്ട മുഴുവൻകുമ്പസാരം" നടത്തി അയാൾ തന്റെ പാപകുമ്പാരങ്ങളെ ഒന്നടങ്കം കഴുകിക്കളഞ്ഞുപോലും! പള്ളിതന്നെ നെല്ലും മററും ബ്ലാക്കിൽ വിററഴിച്ചിരുന്നതു അയാൾ കണ്ടിരുന്നു. അതിന്നാൽ ബ്ലാക്ക്മാക്കററ് നടത്തുന്നതു പാപമല്ലെന്നുപോലും അയാൾക്ക തോന്നാനിടവന്നിട്ടുള്ള ഒരു സംഗതിയാണ്. ഇതിൽനിന്നു സാധാരണക്കാരനു മനസ്സിലാകുന്നതു, പ്രമാണങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും ലംഘിക്കുന്നതിന്നുള്ള ഒരു പ്രേരകവും സത്യക്രിസ്ത്യാനികളുടെ ആശാകേന്ദ്രവും, ആശ്വാസകേന്ദ്രവും അത്രെ കുമ്പസാരമെന്നാണ്. തെററത്തിന്റെയും മനസ്താപത്തിൻേറയും പ്രകരണം ഉരുവിട്ടാൽ കത്തനാരന്മാർ പാപം മോചിച്ചുവിടുകയും പിശാചിനെ അവന്റെ ഹൃദയത്തിൽനിന്നു പിടിച്ചിറക്കുകയും പരിശുദ്ധാത്മാവിയെ അവിടെ പ്രതിഷ്ഠിക്കുകയും ചെയ്യുമെന്നാണ് വെപ്പ്. ഇന്നു പിശാചിനെ ഇറക്കിയാൽ നാളെ പ്രതിഷ്ഠിക്കുകയും മററന്നാൾ കുടിയിറക്കുകയും ചെയ്യുന്നു. ഈ പരിപാടി അനുസ്യൂതം നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒടുവിൽ, പിശാചു് ഹൃദയത്തിൽ കുടിയിരിക്കുന്ന നേരത്താണ് മരണം സംഭവിക്കുന്നതെങ്കിൽ, പ്രസ്തുത പാപിയുടെ "കാക്കുന്ന മാലാഖ" ദുഃഖത്തോടും ലജ്ജയോടുംകൂടി "അണ്ടികളഞ്ഞ അണ്ണാനെപ്പോലെ" സ്വർഗ്ഗത്തിലോട്ടു മടങ്ങിപ്പോവുകയും പിശാചുക്കൾ അവന്റെ ദേഹിയെ ബലമായിപ്പിടിച്ചു ചങ്ങലയിട്ടു നരകത്തിലേക്ക കൊണ്ടുപോകുകയും ചെയ്യുമെന്നും പറയുന്നു. എന്നാൽ പ്രസ്തുത മാലാഖയ്ക്കു പിശാചിന്റെ കരണക്കററിക്ക രണ്ടു വീക്കുവെച്ചുകൊടുത്തിട്ട് അവന്റെ പിൻകഴുത്തിന്നു പിടിച്ചു രണ്ടു തള്ളുതള്ളുവാനുള്ള അധികാരംപോലും ഇല്ലാതെവന്ന

താണ് അത്ഭുതമായിരിക്കുന്നതു്. ചില കൃസ്ത്യൻസമുദായങ്ങളിൽ കുമ്പസാരിക്കുന്നതിന്നു ദേവാലയഭിത്തിയിൽ ദ്വാരങ്ങളുണ്ടാക്കിവെച്ചിരിക്കയാണ്. മനസ്ഥാപപ്പെടുന്ന പാപി കത്തനാരോടു പാപങ്ങൾ ഏററുപറയണമെന്ന വ്യവസ്ഥ ഇക്കൂട്ടർക്കില്ല. കുമ്പസാരിക്കണമെന്നുള്ളവർ മനസ്താപപ്പെട്ടശേഷം പാപങ്ങളെല്ലാം ഈ ദ്വാരത്തിൽ പതുക്കെ ഉച്ചരിച്ചാൽ മതി. പുരോഹിതൻ മററാരിടത്തു നിന്നു് പാപം വിമോചിച്ചുകൊള്ളും. ഹൃദയത്തിൻെറ ഏററവും അടിത്തട്ടിൽ ഗോപ്യമായിവെച്ചിരിക്കുന്ന പാപക്കുമ്പാരങ്ങളെ അതിൻെറ ഘനവും വലുപ്പവും എണ്ണവും തരംതിരിവും നോക്കി വെവ്വേറെയായി പുരോഹിതന്മാരോടു ഏററുപറയുന്നതിലുള്ള വൈകാരികമായ ബുദ്ധിമുട്ടും ഗതികേടും ഒഴിവാക്കുന്ന കാര്യത്തിൽ ഈ പദ്ധതി വിജയിക്കുമെന്നു പറയാം. ഇതു് ഏറെക്കുറെ ശരിയായ പദ്ധതിയാണെന്നു സ്വതന്ത്രചിന്തകന്മാർക്കു തോന്നാവുണ്ടു്. പാപം മോചിക്കുക എന്ന അധികാരം പുരോഹിതനു നഷ്ടപ്പെടാതെത്തന്നെ കുമ്പസാരം നടത്താമെന്നുവരുന്നതു് ഇരുകൂട്ടർക്കും ആശ്വാസപ്രദമായിരിക്കുമെന്നു അഭിപ്രായപ്പെടുന്നവരുണ്ടു്. നവ്യതാരുണ്യമേന്തിയ യുവതികൾ യുവതരുണന്മാരായ പുരോഹിതന്മാരോടു് ലൈംഗികശാസ്ത്രസംബന്ധങ്ങളായ പുരാണങ്ങൾ അതതിൻെറ വളവുപുളവുകളോടുകൂടി വിസ്തരിക്കേണ്ടിവരുന്ന ഇന്നത്തെ 'കുമ്പസാരവ്യവസ്ഥിതി'യുടെ ഗതികേടു വെച്ചുപുലർത്തുന്നതു ഒരു തരത്തിൽ അന്യായവും അക്രമവുമാണെന്നു തോന്നുന്നതിൽ അത്ഭുതമില്ലെന്നു പറയേണ്ടിയിരിക്കുന്നു പറയുന്നവർക്കും കേൾക്കുന്നവർക്കും വൈകാരികമായ പ്രത്യാഘാതങ്ങളും, ചാപല്യചിന്താഗതികളും ഉളവാക്കുന്ന ഇന്നത്തെ "കുമ്പസാരപ്രസ്ഥാനത്തിൽ" വലിയൊരു മാററംവരുത്താതെ ഗത്യന്തരമില്ലെന്നു വാദിക്കുന്നവരുണ്ടു്. യുക്തിവാദിയും വിപ്ളവ ചിന്താഗതിക്കാരനുമായിരുന്ന ക്രിസ്തു ഇന്നു വരികയാണെങ്കിൽ, ഇന്ന

ത്തെ "കുമ്പസാരവ്യവസ്ഥിതിയിൽ വലിയൊരു മാററം വരുത്തണമെന്നു ശഠിക്കാതിരിക്കയില്ലെന്നു പറയുവാൻ ന്യായം കാണുന്നുണ്ടു്. ഗുണത്തിലേറെ ദോഷംചെയ്യുന്ന സാഹചര്യങ്ങൾ 'ഈ "രഹസ്യകുമ്പസാരത്തിൽക്കൂടെ ആവിഷ്കരിക്കപ്പെടുന്നുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ആദത്തിൻെറ വർഗ്ഗക്കാർ സ്വവർഗ്ഗക്കാരോടു കുമ്പസാരിക്കുന്നതിലല്ല കുഴപ്പം സംഭവിക്കാറുള്ളതു്. ആദത്തിൻെറ വർഗ്ഗക്കാർ ഹവ്വായുടെ വർഗ്ഗക്കാരെ—അഥവാ ചപലകളായ സ്ത്രീജനങ്ങളെ — കുമ്പസാരിപ്പിക്കുമ്പോഴാണ്—പറദീസായിലെ പന്നഗം പലപ്പോഴും പത്തിവിരിച്ചാടാറുള്ളതു്. ഞാനിതു അധികം വിവരിക്കുന്നില്ല സത്യവിശ്വാസികളായ എൻെറ സഹോദരന്മാർതന്നെ ഈ പ്രശ്നത്തെ സംബന്ധിച്ചു കൂലങ്കഷമായി ചിന്തിച്ചുവരുന്നുണ്ടെന്നെനിക്കറിയാം.

എന്നാൽ അനേകംകോടി മാലാഖമാർ ഒന്നടങ്കം സ്വർഗ്ഗത്തിൽനിന്നു നരകത്തിലേക്കു കുത്തനെ നിപതിച്ച ആ ഭയങ്കര സംഭവം ഇതിലും രസാവഹമാണ്. പരിശുദ്ധാരൂപികളായി സ്വർഗ്ഗത്തിൽ "പരിശുദ്ധൻ" "പരിശുദ്ധൻ" എന്നു ചൊല്ലിവന്നിരുന്ന പ്രസ്തുത വാനാരൂപികൾ കാലക്കേടുകൊണ്ടു എന്തോ ഗതികേടു കാട്ടിയെന്നാണ് പറഞ്ഞുകേട്ടിട്ടുള്ളതു്. അവരെ ഉടനടി ശിക്ഷിക്കുന്നതിന്നുവേണ്ടി അര സെക്കണ്ടുകൊണ്ടു ഇന്നുള്ള നരകം സൃഷ്ടിക്കപ്പെട്ടുപോലും! സർവ്വജ്ഞാനിയും ക്ഷമയുടെ പിതാവുമായ അദ്ദേഹം തൻെറ സന്താനങ്ങളെ—കോടാനകോടി ആത്മാക്കളെ—നരകത്തീയ്യിലേക്കു ആട്ടിപ്പായിച്ചുവെന്നാണ് കഥ. ദൈവം ഇത്ര മുൻകോപിയും എടുത്തുചാട്ടക്കാരനുമാണെങ്കിൽപ്പിന്നെ പാപികളായ നമ്മുടെ കാര്യം പറയാനുണ്ടോ? ഇവിടംമുതലാണ് കുഴപ്പങ്ങളും, കലാപങ്ങളും, ഏടാകൂടങ്ങളും ഭൂമുഖത്തു ആവിർഭവിച്ചതു് നശിച്ച മാലാഖന്മാർ—അസൂയാകലുഷിതരായ

പിശാചുക്കൾ—മനുഷ്യരെ നശിപ്പിക്കാൻ വേണ്ടി ആദ്യംതന്നെ ആദിപിതാക്കന്മാരെ പിഴപ്പിച്ചു. എന്നിട്ടിപ്പോഴം ലോകത്തില ങ്ങോളമിങ്ങോളം കറങ്ങിനടക്കുകയാണ്. മനുഷ്യരെ നശിപ്പിക്ക ലാണു അവരുടെ തൊഴിൽ! തൊഴിൽക്കുഴപ്പോ, സ്റ്റ്റൈക്കോ–ഇങ്കു ലാബോ ഇല്ലാത്തൊരു ഒന്നാംതരംതൊഴിൽ! ശാന്തംപാപം! പൈശൂന്യമാണിവരെ ഇതിന്നു പ്രേരിപ്പിക്കുന്നത്. പിശാചുക്കളെ എന്തുകൊണ്ടിങ്ങനെ നമ്മുടെ "പിതാവു" ചങ്ങലയിൽനിന്നും അഴിച്ചുവിട്ടു ഈ കലാപങ്ങളൊക്കെ ഭൂമുഖത്തുണ്ടാക്കിത്തീക്കുന്നുവെന്നു ചോദിച്ചാൽ മനുഷ്യൻ ലോകത്തോടും പിശചിനോടും യുദ്ധംചെയ്തു ആ യുദ്ധത്തിൽ ജയിച്ചാൽമാത്രമെ സ്വർഗ്ഗത്തിന്നർഹനാവുകയുള്ളൂ"വെന്നായിരിക്കും മറുപടി. എന്തിനാണീ കഷ്ടപ്പാടുകളെല്ലാം ഈ മനുഷ്യകീടങ്ങളെക്കൊണ്ടുചെയ്യിച്ച് ഇവററയെ നരകത്തിലേക്കും മററും ശുദ്ധീകരണാലയങ്ങളിലേക്കും തള്ളിവിടുന്നു? ഒന്നുകിൽ എല്ലാവരേയും മോക്ഷത്തിലോട്ടു കടത്തിവിട്ടിട്ടു സ്വസ്ഥനായിരിക്കരുതോ അതല്ലെങ്കിൽ ഈ ആത്മസൃഷ്ടിയുടെ പരിപാടി ഇനിയെങ്കിലും വേണ്ടെന്നുവെച്ച് സ്വർഗ്ഗത്തിൻെറ വല്ല മൂലയിലും ചുരുണ്ടുകൂടി കിടക്കരുതോ' എന്നു ചോദിച്ചാൽ, "നാം വിചാരിച്ചാലെന്താണുകാര്യം? എല്ലാം ഈശ്വരൻെറ ലീലാവിലാസങ്ങളല്ലേ?" എന്നായിരിക്കും മറുപടി. സ്വർഗ്ഗത്തേയും നരകത്തേയും അന്ത്യത്തേയുംകുറിച്ച് വളരെ കൃത്യമായും കണിശമായും ചിലർ പ്രതിപാദിക്കുന്നതു കേട്ടാൽ, ദൈവം നേരിട്ടുവന്നു ഇതെല്ലാം പറഞ്ഞുകൊടുത്തുവെന്നും ഇവർ അതെല്ലാം പകത്തിയെടുത്തുവെന്നുമാണ് തോന്നിപ്പോവുക. ലോകാവസാനത്തെപ്പററി വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നുവെന്നും അടുത്തുതന്നെ ലോകം അവസാനിക്കുമെന്നും

KOTTAYAM PUBLIC L... KOTTAYAM

ജല്പിക്കുന്ന പള്ളിക്കത്തന്മാർ ഇന്നു ധാരാളമുണ്ട്. ക്രിസ്തുവിന്നു ശേഷം കഷ്ടിച്ച് 2000 കൊല്ലമേ ലോകം നിലനിൽക്കുകയുള്ളുവെന്നു ഖണ്ഡിതമായി പറയുന്ന സത്യക്രിസ്ത്യാനികൾ വിരളമല്ല.

മാലാഖമാർ സ്വർഗ്ഗത്തിൽനിന്നു നരകത്തിലേക്കു വീഴാൻ ഇടവന്നുവെന്നു കേൾക്കുമ്പോൾ വേറൊരു സംശയം വന്നുചേരുന്നു. സ്വർഗ്ഗത്തിൽ ചെന്നുപററിയിട്ടുള്ളവർക്കു അവിടെ സ്ഥിരമായ സ്ഥാനം ഉണ്ടോ എന്നാണ് ചിലരുടെ സംശയം. സ്വർഗ്ഗത്തിൽ, ദൈവസന്നിധിയിൽവെച്ചുപോലും പാപംപിഴയ്ക്കാമെങ്കിൽ സ്വർഗ്ഗത്തിൽ ചെന്നുപററിയിട്ടുള്ള പലരുടേയും നില ആശങ്കാജനകമാണെന്നുവരും.

അതുപോലെത്തന്നെ ഒരു സുപ്രഭാതത്തിൽ “നരകനിവാസികളെ”യെല്ലാം വിളിച്ചു അവരുടെ പാപകർമ്മങ്ങളെല്ലാം നേരിട്ടു ക്ഷമിച്ച് എല്ലാത്തിനേയും സ്വർഗ്ഗത്തിലേക്കു കടത്തിവിടാനും സർവ്വശക്തനായ ദൈവം മടിക്കില്ല എന്നു കരുതാൻ ന്യായമുണ്ട്. ദൈവം സർവ്വശക്തനാണെന്നു കരുതുന്നവർക്കു ഇക്കാര്യം സമ്മതിക്കാൻ വലിയ പ്രയാസമുണ്ടെന്നു തോന്നുന്നില്ല. ഇത്തരം കാര്യങ്ങൾ കത്തനാരന്മാരോടു ചോദിക്കണമെങ്കിൽ വേദപുസ്തകം നല്ലപോലെ വായിച്ചുമനസ്സിലാക്കിയാലേ സാദ്ധ്യമാകൂ. ഇതിന്നു ശരിയായ ഉത്തരം പറയുവാൻ അവർക്കു സാദ്ധ്യമല്ലായെന്നു തോന്നുന്നു. വേദപുസ്തകം സാധാരണക്കാർ വായിക്കരുതെന്നു പണ്ടു കാലത്തു വിലക്കാനുണ്ടായിരുന്ന കാരണവും ഇതുതന്നെയായിരിക്കണം. പല സംഗതികളും ഒന്നിനൊന്നു വിരുദ്ധമായികാണുന്നുണ്ടെങ്കിലും അതെല്ലാംമറിച്ചുവെച്ചു അവരുടെ നിലനില്പിന്നു കോട്ടം തട്ടാതിരിക്കാൻ പലതരം വ്യാഖ്യാനങ്ങൾ ആവശ്യമായി

രിക്കയാണ്. പണ്ഡിററ് ജവഹരിലാലിൻെറ ആത്മകഥയിൽ കണ്ടതും, മുഖവുരയിൽ പ്രസ്ഥാവിച്ചതുമായ സംഗതി ഇവിടെ അനാപത്ഥമാണെന്നു തോന്നുന്നു. "ഏതോ പരലോകത്തെ അടിസ്ഥാനപ്പെടുത്തി ചിന്തിക്കയാൽ അതിന്നു (മതത്തിന്നു) മാനുഷികമൂല്യങ്ങളേയും സമുദായനീതിയേയുംകുറിച്ച ഒരു വിചാരവുമില്ല. മുൻകൂട്ടി കരുതിവെച്ച ധാരണകളോടുകൂടിയ അതു് (മതം), യാഥാർത്ഥ്യം അവയുമായി പൊരുത്തപ്പെട്ടില്ലെങ്കിലോ എന്നു പേടിച്ച യഥാർത്ഥ്യത്തിൻെറ നേരെ കരുതിക്കൂട്ടി കണ്ണടച്ചു. അതു, (മതം) സത്യത്തിന്മേൽ സ്വയം അടിസ്ഥാനപ്പെടുത്തിവെച്ചു; എന്നാൽ സത്യത്തെ, മുഴുവൻ സത്യത്തെ കണ്ടെത്തിയിരിക്കുന്നുവെന്നു അതിന്നു അത്രയേറെ ഉറപ്പുള്ളതിനാൽ സത്യത്തിന്നുവേണ്ടി ആരാഞ്ഞു ബുദ്ധിമുട്ടുവാനൊന്നും അതു മിനക്കെട്ടിട്ടില്ല. സത്യത്തെക്കുറിച്ച മററുള്ളവരോടു പറയുക മാത്രമാണ് അതിൻെറ (മതത്തിൻെറ) ജോലി."

ഒരാം തൻെറ ഭാര്യ ജീവിച്ചിരിക്കെ പുനർവിവാഹം ചെയ്താൽ വ്യഭിചാരം ചെയ്യുന്നുവെന്നു വേദപുസ്തകത്തിലെങ്ങാണ്ടോ പറഞ്ഞിട്ടുണ്ട്. സുസ്ഥിരമായ സാമൂഹ്യവ്യവസ്ഥിതിക്ക ക്രിസ്തുമതത്തിലെ പല തത്വങ്ങളും ഉത്തമങ്ങളാണെന്ന കാര്യത്തിൽ പലക്കും അഭിപ്രായവ്യത്യാസമില്ല എന്നാൽ ഏതെങ്കിലും ഒരു വ്യക്തിയുടെ ഭാര്യ അയാളിൽനിന്നും ഒളിച്ചോടിപോയിട്ടോ മറേറാ കാണാതാകുന്നപക്ഷം പത്രങ്ങളിൽ പരസ്യം ചെയ്തശേഷം പുനർവിവാഹം നടത്തിക്കൊടുക്കുന്ന പള്ളി കുറെക്കൂടി യുക്തിയോടുകൂടിയല്ലേ പെരുമാറുന്നതു എന്നു ചോദിക്കുന്നവരുണ്ട്. എന്തുകൊണ്ടെന്നാൽ, ഒരാളുമായി സഹവാസത്തിന്നിഷ്ടപ്പെടാതെയാണല്ലോ അയാളുടെ ഭാര്യ ഒളിച്ചോടിപ്പോകാറുള്ളതു്. അങ്ങനെ വളരേകാലം പിരിഞ്ഞുനിന്നാൽ ഇരുവക്കും പുനർവിവാഹം ചെ

യ്യാനുള്ള ലൈസൻസിന്നു അർഹതയുണ്ടു് എന്നു പരോക്ഷമായി സമ്മതിക്കുകയാണു് പള്ളി ചെയ്യുന്നതു എന്നു സമ്മതിക്കേണ്ടിവരും. ഒളിച്ചോടിപ്പോയ സ്ത്രീ ഒരുപക്ഷെ മററൊരാളുമായി രഹസ്യസമ്പക്കം പുലർത്തിവരുന്നുണ്ടെന്നും കരുതാൻ ന്യായമുണ്ടു്. പ്രസ്തുത സ്ത്രീ ഏതെങ്കിലും ഒരു പരസ്യം കണ്ടു് ഭർത്താവിനെത്തേടി ഓടിവരുമെന്നു കരുതാൻ ന്യായമില്ല അതിനാൽ അയാളുടെ പുനർവിവാഹം നടത്തിച്ചു കൊടുക്കുന്ന സഭാധികൃതന്മാർ വേദപുസ്തകത്തിലെ നീയമസംഹിതകളെ തെല്ലൊക്കെ കാച്ചിവളയ്ക്കുന്നുണ്ടെന്നു സമ്മതിക്കാതെ തരമില്ല. വേദപുസ്തകത്തിൽ പറയുന്ന കല്പനയുടെ വെളിച്ചത്തിൽ, ആദ്യഭാര്യ മരിച്ചുവെന്നു പരിപൂർണ്ണമായ തെളിവുസിദ്ധിക്കാതെ പുനർവിവാഹത്തിന്നു ലൈസൻസു കൊടുക്കുന്ന പള്ളിയുടെ പുരോഗമനപരമായ കാൽവെപ്പു്, വ്യഭിചാരത്തിന്നുള്ള ലൈസൻസാണെന്നേ പറയാൻ നിവൃത്തിയുള്ളു. എന്നാൽ കുറെയൊക്കെ യുക്തിപൂർവ്വം ചിന്തിക്കാതെ ഈ അണുയുഗത്തിൽ ജീവിക്കാൻ സാദ്ധ്യമല്ലെന്നു പറയുന്നവരെ ഇക്കൂട്ടർ പച്ചയോടെ തിന്നാൻ ചെല്ലുന്നതുകാണുന്നതാണത്ഭുതം. പുരോഹിതന്മാരെ വിമർശിക്കാനോ അവരുടെ പ്രവൃത്തികളെ ചോദ്യംചെയ്യാനോ പാടില്ലായെന്നു പുരോഹിതന്മാർതന്നെ കല്പിക്കുകയും അങ്ങനെ ചെയ്യുന്ന വ്യക്തികളെ പിടിച്ചു മതപരമായി "കശാപ്പു" ചെയ്യാനൊരുമ്പെടുകയും, അതെല്ലാം കണ്ടു മററു ഭക്തകുഞ്ഞാടുകൾ പേടിച്ചുവിറക്കുകയും മററും ചെയ്യുന്നതു കാണുമ്പോൾ "മതം മനുഷ്യനെ മയക്കുന്ന ഒരു തരം കറപ്പാണെന്നും നിങ്ങളെ ബന്ധിച്ചിരിക്കുന്ന ചങ്ങലയാകുന്ന മതഭീഷണികൾ വലിച്ചെറിഞ്ഞാൽ നിങ്ങൾ സ്വതന്ത്രരായി!" എന്നും ഏതോ ഒരു തൊഴിലാളിസ്നേഹി പറഞ്ഞസംഗതി ശരിയല്ലേ എന്നു സ്വതന്ത്രചിന്തകന്മാർക്കു തോന്നിപ്പോകാറുണ്ടു്. മനുഷ്യന്റെ മസ്തിഷ്ക്കത്തെ മരവിപ്പിച്ചു്, ഹിപ്നോട്ടിസത്തിന്നടിമയാക്കിയ വ്യക്തിയെക്കൊണ്ടെന്നപോലെ, മനുഷ്യനെക്കൊണ്ടു എന്തും ചെ

ഝിപ്പിക്കുവാൻ മതത്തിൻെറ കാവൽഭടന്മാരായ പുരോഹിതവൎഗ്ഗത്തിനു സാധിക്കുന്നുണ്ടെന്നു സ്വതന്ത്രമായി ചിന്തിച്ചാൽ നമുക്കോരോരുത്തൎക്കും മനസ്സിലാക്കാൻ സാധിക്കും. മതത്തിൻെറ സന്താനങ്ങളെന്നതിനേക്കാൾ മനുഷ്യൻെറ സന്താനങ്ങളാണു് നാമെന്നും, പരസ്പരം സഹോദരന്മാരാണെന്നുമുള്ള കാൎയ്യം മതത്തിൻെറ എരിവു തട്ടുമ്പോൾ നാം വിസ്മരിക്കുകയാണു്. അത്ര ശക്തിയുള്ള ഒരു 'ലഹരിസാധനമാണു്" മതമെന്നു നമുക്കു ആലോചിച്ചാൽ ഗ്രഹിക്കാൻ സാധിക്കും. അതെന്തെങ്കിലുമാകട്ടെ നമുക്കു ഓരോരുത്തൎക്കും സ്വതന്ത്രമായി ചിന്തിക്കാൻ കഴിവുണ്ടു്. മററുള്ളവർ പറയുന്നതുകൊണ്ടൊന്നും, ശരിയാണെന്നു നമുക്കു തോന്നുന്ന അഭിപ്രായഗതികൾ മാറേറണ്ട ആവശ്യം ഒട്ടും ഇല്ലതന്നെ.

പ്രമാണങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ ക്രിസ്ത്യാനികളുടെ വേദപ്രമാണലംഘനത്തിനു ഒരു പ്രാത്യകതയുണ്ടു്. സാധാരണ സൎക്കാർനിയമങ്ങൾപോലെയല്ല അതു്. ഏതെങ്കിലും ഒരു പ്രമാണം ലംഘിച്ചാൽ എല്ലാം ലംഘിച്ചതുപോലെ കണക്കാക്കപ്പെടുന്നുവെന്ന നിലയാണതിനുള്ളതു്. "വേദപുസ്തകത്തിൽ വിവരിക്കുന്നതരത്തിലുള്ള തമ്പുരാൻകൎത്താവിൽ (അതായതു് ഏഴു ദിവസംകൊണ്ടു ഈ പ്രപഞ്ചത്തേയും ആദിപിതാക്കന്മാരേയും സൃഷ്ടിച്ച തമ്പുരാൻ കൎത്താവായിരിക്കണം) വിശ്വസിക്കാത്തവനും, മാമ്മോദീസ മുങ്ങാത്തവനും, നമ്മുടെ അച്ചന്മാർ പള്ളിയിൽ പ്രസംഗിക്കുന്ന കാൎയ്യങ്ങൾ പ്രത്യേകിച്ചു് (ഇലക്ക്ഷൻകാലത്തെ പ്രസംഗങ്ങൾ) വിശ്വസിക്കാത്തവനും, നരകത്തിൽപ്പോകേണ്ടിവരുമെന്നാണു് സഭ പഠിപ്പിക്കുന്നതു. "തിരുസ്സഭയ്ക്കുപുറമെ രക്ഷയില്ല" എന്നു വേദോപദേശപുസ്തകത്തിൽ പ്രത്യേകം അച്ചടിച്ചു വെച്ചിട്ടുമുണ്ടു്. രക്ഷയില്ല എന്നുപറഞ്ഞാൽ ആത്മാവിനു രക്ഷയില്ല എന്നാണു അൎത്ഥം ശരീരം ഒരുപക്ഷെ രക്ഷപ്പെട്ടുവെന്നു വന്നേക്കാം ഇന്നു പലരും ശരീരത്തിനു രക്ഷയുണ്ടോ (ഭക്ഷണ

വും മററം കിട്ടാൻ മാർഗ്ഗമുണ്ടോ) എന്നു ചിന്തിച്ചുതുടങ്ങിയിരിക്കുന്നതിനാൽ, ഈ പഠിപ്പിക്കൽകൊണ്ടു വലിയ പ്രയാസം ആക്കം ഉണ്ടാകാറില്ലെന്നു സമാധാനിക്കാം. വേദപുസ്തകത്തിലെ കഥകളേക്കാളധികം, വിശപ്പിന്റെ കഥകളിലും, സമത്വസുന്ദരമായ ഭാവി കെട്ടിപ്പടുക്കുന്നതിനുവേണ്ടി തൊഴിലാളിസഹോദരങ്ങൾ രക്തം ചിന്തിയ കഥകളിലുമാണ് ഇന്നു പലരും ജാഗരൂകരായിരിക്കുന്നതെന്നകാര്യം ആശ്വാസജനകംതന്നെ. വേദപ്രമാണങ്ങളേയും അവയുടെ വളവുപുളവുകളേയുംകാൾ ഉപരിയായി മനുഷ്യത്വത്തേയും, സാഹോദര്യസ്നേഹത്തേയും കുറിച്ചു ചിന്തിക്കുന്ന ഒരു യുവതലമുറയാണുയർന്നു വരുന്നതെന്ന കാര്യം ഭാസുരമായ ഭാവിക്കു അടിത്തറപാകുന്നുണ്ടു്!

സകല ചരാചരങ്ങളേയും സൃഷ്ടിച്ചു രക്ഷിച്ചു പരിപാലിച്ചുവരുന്ന "ദൈവം" എന്ന "കൊമ്പും "തുമ്പികയ്യും" ഉള്ള വ്യക്തിയിൽ വിശ്വസിക്കാത്തവൻ അജ്ഞനിയായി ഗണിക്കപ്പെട്ടുന്നു. എന്നാൽ ഇക്കൂട്ടർ വ്യവഹരിക്കുന്നതരത്തിലുള്ള ദൈവമാണ് സാക്ഷാൽ ദൈവമെന്നു പഴയ വേദപുസ്തകത്തിൽ സൃഷ്ടിയെപററിയും മററം പ്രതിപാദിച്ചിരിക്കുന്ന കഥകളാണു ആലംബമാക്കി ഗണിച്ചുപോരുന്നതു്. ഇപ്പറഞ്ഞ പഴയ വേദപുസ്തകം വിരോധാഭാസങ്ങളുടെ ഒരു മഹാകാവ്യമാണെന്നു കാണാൻ പ്രയാസമില്ല. അതു ഒരാവർത്തി വായിക്കാൻ ശ്രമിക്കുന്ന വ്യക്തികൾ തീർച്ചയായും അഞ്ചോ പത്തോ പ്രാവശ്യം കുമ്പസാരിക്കാതെ തരമില്ല. ജുഗുപ്സാവഹങ്ങളും അശ്ലീലങ്ങളുമായ സംഭവഗതികൾകൊണ്ടുള്ള ഗതികേടു അവിടെ ദർശിക്കാൻ പ്രയാസമില്ല. ചിലതു മാത്രം ഉദാഹരണത്തിനുവേണ്ടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പരിശുദ്ധമെന്നു കരുതുന്ന വേദപുസ്തകത്തിലെ സംഭവങ്ങൾ പരസ്പരമായി പ്രതിപാദിക്കുന്നതിലുള്ള അസാംഗത്യവും,

പന്തികേടും വായനക്കാർ ക്ഷമിക്കുമല്ലോ. പുണ്യപരിപൂർണ്ണരെന്നു വ്യവഹരിക്കപ്പെട്ടിരുന്നവരും ദൈവത്തെ നേരിൽക്കണ്ടു് സംഭാഷണം നടത്തുവാൻ ഭാഗ്യംസിദ്ധിച്ചിരുന്നവരുമായ ഏതാനും ഭക്താത്മാക്കൾ ചെയ്തുകൂട്ടിയിട്ടുള്ള കൊള്ളരുതായ്മകളുടെ സാമ്പിളാണു് ചുവടെ ചേർക്കുന്നതു്.

"പൂർവ്വപിതാവായ അബ്രാഹത്തിൻെറ സന്താനമായ ലോത്തിന്നു സ്വന്തം ഭാര്യയും പ്രായപൂർത്തിവന്ന രണ്ടു പെൺസന്താനങ്ങളും ഉണ്ടായിരുന്നു. പാപച്ചേററിൽ മുഴുകി ജീവിച്ചിരുന്ന സോദോംഗോമോറ എന്ന പട്ടണത്തിലെ നിവാസികളെ അഗ്നിയും ഗന്ധകവും സ്വർഗ്ഗത്തിൽനിന്നിറക്കി പ്രതികാരം ചെയ്യാൻ യഹോവയായ കർത്താവു തീരുമാനിച്ച അവസരത്തിൽ പ്രസ്തുത വിവരം ആദർശപരമായ ജീവിതം നയിച്ചിരുന്ന ലോത്തിനേയും കുടുംബക്കാരേയും മുൻകൂട്ടി അറിയിക്കാൻ ദീനദയാലുവും ആശ്രിതവത്സലനുമായ അദ്ദേഹം വിസ്മരിച്ചില്ല. സംഭവസ്ഥലത്തുനിന്നു ഓടിരക്ഷപ്പെടുവാൻവേണ്ടിയത്രെ അദ്ദേഹം അങ്ങനെ തിരുമനസ്സായതു്. പിൻതിരിഞ്ഞുനോക്കാതെ അതിശീഘ്രം ഓടിരക്ഷപ്പെടുവാൻ കല്പിച്ചതനുസരിച്ച ലോത്തും കുടുംബവും പലായനം ആരംഭിച്ചു. എന്നാൽ എന്തെല്ലാം നാശങ്ങളാണു് ആ പട്ടണത്തിൽ നടക്കുന്നതെന്നറിയാനുള്ള ആഗ്രഹത്താൽ പ്രേരിതയായ ലോത്തിൻെറ ഭാര്യ യഹോവയുടെ നിർദ്ദേശത്തിന്നെതിരായി പിൻതിരിഞ്ഞുനോക്കിയെന്നും, ദൈവശിക്ഷയെന്നോണം ഉടനടി അവർ ഒരു ഉപ്പുതൂണായി രൂപാന്തരപ്പെട്ടുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ലോത്തും പെൺസന്താനങ്ങളും ഒരുവിധം ഓടിരക്ഷപ്പെട്ട പിന്നീടു്, യുവതികളായിരുന്ന അവർ സ്വപിതാവിനെ ക്രമത്തിലധികം വീഞ്ഞുകൊടുത്തു ബോധരഹിതനായവിധത്തിലാക്കിത്തീർക്കുകയും പിതാവൊന്നിച്ചു വിഷയസുഖത്തിൽ

മതിവരുവോളം മുഴുകിക്കിടന്നുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ലോത്തും പെൺസന്താനങ്ങളും സന്തത്യുല്പാദനകർമ്മം നിർവ്വഹിച്ചുവെന്നല്ലാതെ പാപം ചെയ്തിട്ടില്ലെന്നു വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇത്തരം പ്രവൃത്തികൾ മൃഗീയവും മനുഷ്യത്വത്തിന്നിണങ്ങാത്തതുമാണെന്നേ സാധാരണക്കാർക്കു ഗ്രഹിക്കുവാൻ സാദ്ധ്യമാവുകയുള്ളു. എന്നിട്ടും, അന്നത്തെ ദൈവവും ലോത്തിനെ ശകാരിച്ചതായോ പെൺസന്താനങ്ങളോടു കോപിച്ചതായോ പറഞ്ഞുകേട്ടിട്ടില്ല. ഇത്തരം പഴഞ്ചനായ ഒരു ദൈവമാണോ പഴയനിയമത്തിലെ ദൈവം എന്നു നമുക്കു ശങ്കിക്കാൻ ന്യായംകാണുന്നുണ്ട്. ദൈവത്തിൻെറ "കൊമ്പും" തുമ്പിക്കയ്യുമെന്നുപറഞ്ഞതു്, ദൈവത്തെ പലതരത്തിലും വ്യാഖ്യാനിക്കുന്നുവെന്നു മനസ്സിലാകുന്നതിന്നുവേണ്ടിയാണ് ദാവീദുരാജാവ് കാമാഗ്നിയിൽ എരിഞ്ഞപ്പോൾ, പ്രസ്തുത വികാരം ഒരു രോഗമെന്നനിലയിൽ വ്യാഖ്യാനിക്കപ്പെടുകയും പ്രസ്തുത രോഗശമനത്തിന്നുവേണ്ടി ശക്തയും സുന്ദരിയുമായ ഒരു തരുണീമണിയെ അയാളുടെ ശരീരത്തിൽ നഗ്നമായവിധത്തിൽ കൊണ്ടുപോയികിടത്തിയെന്നും ദാവീദും അവളൊരുമിച്ചു വിഷയസുഖം അനുഭവിച്ച് രോഗശമനം നേടിയെന്നും കാണുന്നു. പൂർവ്വപിതാവായ അബ്രാഹത്തിൻെറ ഭാര്യയായ സാറാമ്മ കുറെ കാലത്തോളം പ്രസവിക്കാത്തതിനെത്തുടർന്നു വന്ധ്യയാണെന്നു വ്യവഹരിക്കപ്പെടുകയും, തന്മൂലം സന്തത്യുല്പാദനാർത്ഥം മറെറാരുത്തിയെ അബ്രാഹം വിവാഹംകഴിക്കുകയും എന്നാൽ കാലക്രമത്തിൽ സാറാമ്മതന്നെ പ്രസവിക്കുകയും ചെയ്തതിനെത്തുടർന്നു രണ്ടാമത്തെ ഭാര്യയെ നിരാലംബയാക്കി കാട്ടിൽകൊണ്ടു തള്ളിവിട്ടുവെന്നും അവർ വന്യമൃഗങ്ങൾക്കിരയായിത്തീർന്നുവെന്നും കാണുന്നു.

ഇതിൽനിന്നൊക്കെ പലതും നമുക്കു ഗ്രഹിക്കാൻ പ്രയാസമില്ല ഓന്തിനു പല സാഹചര്യങ്ങളിലും പലേ വർണ്ണങ്ങൾ സി

ഢിക്കാറില്ലേ? ഏതാണ്ടിതുപോലെ ചരിത്രകാരന്മാരുടെ മനോധർമ്മംപോലെ "ദൈവ"ത്തെ സൃഷ്ടിച്ചിരിക്കുന്നതായി കാണാൻ പ്രയാസമില്ല. ഇതുകൊണ്ടായിരിക്കണം "മനുഷ്യൻ ദൈവസൃഷ്ടിയല്ലെന്നും നേരെമറിച്ച് മനുഷ്യസൃഷ്ടിയാണ് ദൈവമെന്നും" ചിലർ ഉൽഘോഷിക്കുന്നതു്! ഏതുതരത്തിലായാലും—പണ്ടൊരു ചിന്തകൻ പറഞ്ഞതുപോലെ,—ഓരോ വ്യക്തിയിലും സന്മാർഗ്ഗ-സദാചാര ചിന്തകൾ വേരുറക്കുന്നതുവരെയെങ്കിലും ദൈവചിന്തയും, മനുഷ്യത്വത്തിന്നു നിരക്കുന്ന ചില വേദപ്രമാണങ്ങളും മതപഠനങ്ങളും, തത്വചിന്തകളും ആവശ്യമാണെന്നു അഭിപ്രായപ്പെടുന്നവർ ധാരാളമുണ്ട്. ബാലഹൃദയങ്ങളിൽ സദാചാര ചിന്തകൾ വേരുറപ്പിക്കുവാൻ മതപഠനങ്ങൾ പ്രയോജനപ്പെടുന്നുണ്ടെന്നു പറയാതെ നിവൃത്തിയില്ല. എങ്കിലും അതിൻെറ മൂർദ്ധന്യത്തിൽ മതചൂഷണം കരാളനൃത്തം വെക്കുന്നതു കാണുമ്പോൾ പലരും മതത്തിന്നുനേരെ മുഷ്ടിചുരുട്ടുന്നുവെന്നേയുള്ളു. ചൂഷണമാർഗ്ഗങ്ങളായി മതത്തെ അധഃപതിപ്പിക്കുന്ന മതപുരോഹിതന്മാരാണ് യഥാർത്ഥത്തിൽ ഇതിന്നു ഉത്തരവാദിത്വം വഹിക്കേണ്ടതെന്നുവരെ പറയേണ്ടിയിരിക്കുന്നു. മതതട്ടിപ്പുകളിൽനിന്നും, മതത്തിൻെറ വിഷപ്പല്ലുകളിൽനിന്നും "മതഭ്രാന്ത"നല്ലാത്ത ദൈവം നമ്മെ രക്ഷിക്കട്ടെ!

★

# അഞ്ച്

പ്രപഞ്ചത്തിൽ കാണുന്ന ഓരോ ജീവജാലങ്ങളേയും സൂക്ഷ്മനിരീക്ഷണം ചെയ്യുന്നപക്ഷം എന്തോ ഒരു ശക്തിവിശേഷം അതിൽ അന്തർലീനമായിരിക്കുന്നുണ്ടെന്നും ദൈവശക്തി എന്നു വ്യവഹരിക്കപ്പെടുന്ന പ്രസ്തുത ശക്തി നമ്മിലോരോരുത്തരിലും കുടികൊള്ളുന്നുണ്ടെന്നും സമ്മതിക്കാതെ തരമില്ല. എന്താണീശക്തിവിശേഷം? പ്രഭാതത്തിൽ കിഴക്കുദിക്കുന്ന സൂര്യൻ കൃത്യമായും കണിശമായും സന്ധ്യാസമയത്തു പടിഞ്ഞാറ് അസ്തമിക്കുന്നു. ഉടനെ പ്രപഞ്ചം അന്ധകാരത്തിൽ നിമഗ്നമാകുന്നു. വിത്ത് വിതച്ചിട്ടാൽ അനുകൂലമായ കാലാവസ്ഥയിൽ മുളയെടുക്കുന്നു സൃഷ്ടികർമ്മവും യഥാകാലം സംഭവിക്കുന്നു കോഴിമുട്ടയിൽനിന്നു കോഴിക്കുഞ്ഞ് പുറത്തുവരുന്നു. മനുഷ്യരാശിയിലും ഇപ്രകാരംതന്നെ ഗർഭം ധരിക്കുന്ന മാതാവു പത്തുമാസം കഴിഞ്ഞാൽ ശിശുവിനെ പ്രസവിക്കുന്നു. കന്നുകാലികളുണ്ടാകുന്നതും നാം കണ്ടുവരുന്നുണ്ട്. ജീവനു നാശം സംഭവിക്കുമ്പോൾ കർമ്മരാഹിത്യം സംഭവിക്കുന്നു. മനുഷ്യൻ മായാശക്തിയുടെ പ്രവർത്തനത്താൽ ചരിക്കുന്നു. ഇണചേരാനുള്ള വാസന, (sex instinct), ഭക്ഷണംതേടാനുള്ള വാസന (food seeking instinct), സാമൂഹ്യവാസന എന്നിങ്ങനെ ചില പ്രവണതകൾ മനുഷ്യനിൽ ജന്മനാ ഉടലെടുക്കുന്നു. ഇതെല്ലാം ഏതോ ഒരു ശക്തിവിശേഷത്തിൻെറ പ്രവർത്തനഫലമായിട്ടാണെന്നുപറയുന്നതിൽ ആർക്കാണ് വിരോധം? പ്രസ്തുത ശ

ക്തിവിശേഷത്തിന്നു ദൈവം എന്ന സംജ്ഞ നൽതുന്നതിൽ ആക്കാണ് ഭിന്നാഭിപ്രായമുള്ളതു്. പ്രസ്തുത ശക്തിവിശേഷങ്ങഠം ഉള്ളിടത്തോളംകാലം "ദൈവം" എന്ന ആശയം ഭൂമുഖത്തുനിന്നു തുടച്ചുകളയാൻ പററുകയില്ലെന്നു പറയാം. ഈ ശക്തിവിശേഷത്തെ ഓരോരുത്തരുടെ മനോധർമ്മംപോലെ, ഈശ്വരൻ, ദൈവം, അള്ള, യഹോവ എന്നൊക്കെ വ്യവഹരിക്കുന്നതിന്നു ആക്കാണ് വിരോധം? ബുദ്ധിയും വിവേകവുമുള്ള യാതൊരു മനുഷ്യജീവിയും ഈ ഒരു ആശയത്തെ എതിക്കുമെന്നു തോന്നുന്നില്ല എതിക്കുന്നതുകൊണ്ടു എതിക്കുന്നയാഠംക്കു എന്തു ഗുണമാണ് ലഭിക്കാനുള്ളതു്? ഒരുത്തൻ അവനു തോന്നുന്നതു മുഴുവൻ വിശ്വസിക്കുന്നതിൽ അപരനു എന്താണു ദോഷം? ഒരാഠം പ്രഭാതംമുതൽ പ്രദോഷംവരെ അമ്പലത്തിലോ പള്ളിയിലോ ഭജനം നടത്തുന്നതിൽ മററുള്ളവക്കു എന്തു ചേതം? ഒരാഠം തൻെറ ആത്മാവിനെ രക്ഷിക്കുന്നതിനുവേണ്ടി തപസ്സുചെയ്യുന്നുണ്ടെങ്കിൽ മററു സഹോദരങ്ങഠംക്കു അതുകൊണ്ടെന്താണ് നഷ്ടം? യാതൊന്നുമില്ല. എന്നാൽ കർമ്മമണ്ഡലത്തിലേക്കു ഇത്തരം ഭക്താത്മാക്കഠം കാലെടുത്തുകുത്തി വെപ്രാളങ്ങഠം കാട്ടിക്കൂട്ടുമ്പോഴാണ് കലാപത്തിൻെറ കൊടി വിഹായസ്സിൽ ഉയർന്നുപറക്കുന്നതു്. പ്രപഞ്ചമാകുന്ന ശക്തിവിശേഷം ഒരാളുടേയും കുത്തകയല്ല; പ്രത്യേകമായ ഒരു വ്യക്തിയല്ല, മാനവസമുദായത്തിൽ ഏതെങ്കിലും പ്രത്യേക വിഭാഗത്തിൻെറ സ്വകാര്യസ്വത്തല്ല എന്നൊക്കെ ചിന്തിക്കാനുള്ള വിശാലമനസ്ഥിതി കൈവന്നാൽ യാതൊരു കുഴപ്പവുമില്ല. പക്ഷെ യഥാർത്ഥത്തിൽ അതല്ലല്ലോ നടക്കുന്നതു്. ഒരാഠം ചിന്തിക്കുന്ന അതേ പാതയിൽകൂടി അപരൻ ചിന്തിച്ചില്ലെങ്കിൽ മതത്തിൻെറ വാളെടുത്തു പരസ്പരം വെട്ടിക്കൊല്ലുകയും, നശിക്കുകയും ചെയ്യുന്നതാണ് കുഴപ്പം. ഭക്തിയിൽനിന്നു ഉടലെടുക്കുന്ന

മതം വിഭക്തിയിലും, അഹിംസയുടെ പ്ലേററഫോറത്തിൽനിന്നു പ്രസംഗിക്കുന്ന മതപുരോഹിതന്മാർ ഹിംസയുടെ കളരിയിലും പയററുന്നതാണ് കുഴപ്പങ്ങൾക്കു കാരണമെന്നു കാണാം.

പ്രപഞ്ചശക്തി അഥവാ പ്രകൃതിശക്തിയെന്നു പറഞ്ഞുവരുന്ന ഈ ശക്തി കാററിൻേറയും, മഹാമാരിയുടേയും, ഇടിമിന്നലിൻേറയും വേഷങ്ങൾ ധരിച്ചു പ്രചണ്ഡാട്ടഹാസം ചെയ്തുവരുന്നതു നാം കണ്ടുവരാറുള്ളതാണ്. ഏതെങ്കിലും ഒരു പ്രത്യേകവ്യക്തി ഇതിനെയെല്ലാം നിയന്ത്രിക്കുന്നുണ്ടോ എന്ന കാര്യം സംശയാസ്പദമാണ്. അമിതവർഷത്താൽ ചിലേക്കു കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. മഴ തീരെയില്ലാത്തതുകൊണ്ടു മററു ചിലേടങ്ങളിൽ കിണറുകളും കുളങ്ങളും വററിവരണ്ടുപോകുന്നതു നാം കണ്ടുവരാറില്ലേ? ജലദൌർല്ലഭ്യംകൊണ്ടുള്ള കെടുതികൾ നമ്മളിൽ പലരും അനുഭവിച്ചറിഞ്ഞിട്ടുള്ളതല്ലേ? പ്രത്യേകം ഒരു വ്യക്തിയാണ് ഈ ശക്തിവിശേഷങ്ങളെയെല്ലാം നിയന്ത്രിക്കുന്നതു എങ്കിൽ വെള്ളത്തിൻെറ ആവശ്യമുള്ള സ്ഥലങ്ങളിൽ നല്ല മഴയും, വെയിലുകൊണ്ട് ആവശ്യമുള്ള സ്ഥലങ്ങളിൽ നല്ല വെയിലും ഉണ്ടാകേണ്ടതാണ്. യാതൊരു ജീവജാലങ്ങൾക്കും പ്രത്യേകം പ്രത്യേകം ഗുണദോഷങ്ങൾ ചെയ്യുവാൻ പാടില്ലാത്തതാണ്. എന്നാൽ നാം കണ്ടുവരുന്നതു അപ്രകാരമല്ലല്ലോ. ഇടിവെട്ടു തട്ടുന്നതുകൊണ്ടു പാമ്പുകളുടെ മുട്ടകൾ കെട്ടുപോകുന്നതു മനുഷ്യക്കു നല്ലതാണ്, എന്നാൽ ഇടിവെട്ടു തട്ടി മനുഷ്യർ മരിക്കാനിടവരുന്നതു സാഹസമല്ലേ? വിഷജന്തുക്കളെ സൃഷ്ടിച്ചിട്ടുള്ളതുകൊണ്ടു മനുഷ്യർ അനുഭവിക്കുന്ന ഗതികേടുകളും, ജീവൻനാശവും നമുക്കു സുപരിചിതമല്ലേ? ഇത്തരം വിഷജന്തുക്കളെ 'പടച്ചു'വിട്ടതു മനുഷ്യരാശിയുടെ നാശത്തിന്നിടയാകുന്നുണ്ടെങ്കിൽ ഇവററയെ സൃഷ്ടിക്കാതെകഴിഞ്ഞുകൂടാമായിരുന്നില്ലേ? കാററുതുന്നതു മിതമായ

തോതിലാണെങ്കിൽ വളരെ സുഖംതന്നെ. എന്നാൽ കൊടുങ്കാററു കൊണ്ടുണ്ടായനാശനഷ്ടങ്ങളാം നാം കണ്ടുകഴിഞ്ഞതാണ്. ഇതിൽ നിന്നെല്ലാം നാം മനസ്സിലാക്കേണ്ടതു എന്താണ്? പ്രകൃതി എന്നു പറയുന്ന ആ ശക്തിവിശേഷം ആരുടേയും ഗുണദോഷങ്ങളെ പ്രത്യേകം ഗൌനിക്കാതെ അതിൻെറ പാതയിൽകൂടി സഞ്ചരിക്കുന്നു. ഗുണത്തിന്നും ദോഷത്തിന്നും അതു കാരണമാകാറുണ്ട്. പ്രത്യേകിച്ചു യാതൊരാളോടും പ്രകൃതിക്കു പ്രതികാരം ചെയ്യണമെന്ന താല്പര്യമില്ല. ഏതെങ്കിലും പ്രത്യേകമായി ഒരു വ്യക്തിയെ രക്ഷിക്കണമെന്നും അതിനുദ്ദേശമില്ല. ഗുണദോഷവിവേചനമെന്ന്യെ അവൻ സ്വച്ഛന്ദം വിഹരിക്കുന്നു. ചിലർ അവൻെറ കെടുതികളിൽപെട്ടുപോകുന്നു. മററു ചിലർ ഭാഗികമായി രക്ഷപ്പെടുന്നു. എങ്ങിനെയൊക്കെയായാലും, മഹാകവി പാടിയതുപോലെ, "ഉന്നതമായ കുന്നു—മെന്നല്ലൊരാഴിയുമൊരിക്കൽ നശിക്കു"മെന്ന കാര്യം നമുക്കു അജ്ഞാതമല്ല. അതിനാൽ ഭൌതികവാദം ഉന്നയിക്കുന്നവരായാലും ശരി, അദ്ധ്യാത്മികത്വം പാടെ കൈവെടിയാതെ ജീവിതചക്രം തിരിക്കുന്നതുകൊണ്ടു ഗുണമല്ലാതെ ദോഷമൊന്നും ഉണ്ടാകാനില്ല. രണ്ടിൻേറയും ഉന്നതശൃംഗങ്ങളിലേക്ക് ഉയൎന്നുപോകാൻ നോക്കാതെ, മദ്ധ്യവൎത്തിയായിനിന്നു കാര്യങ്ങളാം വീക്ഷിക്കുന്നതായിരിക്കും ഉത്തമമെന്നാണ് ചിലരുടെ ബോദ്ധ്യം. ഒരു കാര്യം വളരെ തീർച്ചയാണ്. ഈശ്വരനുമായി വളരെ അടുത്തു പെരുമാറുന്നുവെന്നും, ഈശ്വരനെത്തന്നെ ദൈനംദിനം സ്വീകരിച്ച് ആദ്ധ്യാത്മികത്വത്തിൻെറ മാററു വൎദ്ധിപ്പിക്കുന്നുവെന്നും സ്വയം അഭിമാനിക്കുന്ന ഭക്താത്മാക്കളിൽ പലരിലും സങ്കുചിതമനോഭാവവും ഇടുങ്ങിയ ചിന്താഗതികളും, പരസ്നേഹരാഹിത്യവും ദൎശിക്കാൻ പ്രയാസമില്ല. ബാഹ്യമായ ആചാരക്രമങ്ങളിൽ അന്ധമായി മുഴുകിക്കിടക്കുന്ന അത്തരക്കാരിൽ മനുഷ്യത്വം എന്ന സാധനം കണ്ടെത്താൻ പ്രയാസമാണ്. അദ്ധ്യാത്മികത്വ

മെന്ന കാർമ്മേഘം അവരിലുള്ള മനുഷ്യത്വമെന്ന സൂര്യനെ ആവരണം ചെയ്തിരിക്കുന്നതായിക്കാണാം. പ്രസ്തുത മനുഷ്യത്വമെന്ന നീതിസൂര്യൻെറ പ്രകാശം തട്ടണമെങ്കിൽ അക്കൂട്ടർ കുറെ ഭൌതികവാദജ്ഞാനം സമ്പാദിക്കേണ്ടിയിരിക്കുന്നുവെന്നുപോലും മതാന്നാരുണ്ട്. ലോകത്തിലുള്ള മനുഷ്യരെല്ലാം സ്വസഹോദരന്മാരാണെന്നു വീക്ഷിക്കാനുള്ള മനോവികാസം, ഒരു മതപുരോഹിതനിലുള്ളതിനേക്കാൾ പലപ്പോഴും ഒരു ഭൌതികവാദിയിലാണ് കാണാറുള്ളത്. മതപുരോഹിതൻ സാഹോദര്യസ്നേഹത്തെക്കുറിച്ചു പ്രസംഗിക്കുമ്പോൾ പലപ്പോഴും മററു സഹോദരങ്ങളുടെ മതപരിവർത്തനമാണ് ലക്ഷ്യംവെക്കാറുള്ളത്. ഭൌതികവാദിക്കു അങ്ങനെ ലക്ഷ്യം സാധിക്കേണ്ടതില്ല തന്മൂലം അവൻെറ ഉദ്ദേശം പലപ്പോഴും കൂടുതൽ പരിപാവനമായി കലാശിക്കാറുണ്ട്. കറകളഞ്ഞ സഹോദരസ്നേഹം മാത്രം ലക്ഷ്യംവെച്ചുകൊണ്ടുള്ള സാധുജനസംരക്ഷണപരിപാടികൾ മാത്രമെ ദൈവസമക്ഷം വിലയുള്ളതായിത്തീരുകയുള്ളുവെന്നു മതപുരോഹിതന്മാർ മനസ്സിലാക്കുന്നതു നന്നായിരിക്കും

ശാസ്ത്രത്തിൻെറ പുരോഗതി നമുക്കെല്ലാംവർക്കും അറിയാവുന്നതാണ്. മഴപെയ്യുമ്പോൾ നാം കുട ചൂടുന്നു. മഴയും കാററും തട്ടിയാൽ കേടുവരാത്ത ഭവനങ്ങൾ നിർമ്മിക്കുന്നു ആകാശത്തിൽ പറവകളെപ്പോലെ, വായുവിമാനത്തിൽ സഞ്ചരിക്കുന്നു എങ്കിലും പ്രകൃതിശക്തിയെ പരിപൂർണ്ണമായി കീഴടക്കുവാൻ ആർക്കും ഇതുവരെ സാധിച്ചിട്ടില്ല. മരിക്കാതിരിക്കുന്നതിന്നു—"ജനിക്കാതിരിക്കുക" എന്നതിൽ കവിഞ്ഞുള്ള മരുന്നുകളൊന്നും ഇതുവരെ ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടില്ല എങ്കിലും ഈ അണുയുഗത്തിൽ പുതിയ പലേ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും നാം കണ്ടുകഴിഞ്ഞു. റഷ്യയിലോ മറേറാ 20000 ശാസ്ത്രജ്ഞന്മാരും പ്രൊഫസർമാരും

ഒന്നിച്ചിരുന്നു പുതിയ പുതിയ കണ്ടുപിടുത്തങ്ങളും ശാസ്ത്രീയഗവേഷണങ്ങളും നടത്തിവരുന്ന ഒരു കാലമാണിതു്. എന്തിന്നു അവിടേയ്ക്കെല്ലാം പോകുന്നു. ഭാരതത്തിന്റെ അഭിമാനഭാജനമായ സർ സി വി. രാമന്റെ മസ്തിഷ്ക്കത്തിൽനിന്നും ഉടലെടുത്തുകൊണ്ടിരിക്കുന്ന പുതിയ പുതിയ കണ്ടുപിടുത്തങ്ങൾതന്നെ ലോകത്തിന്റെ സത്വരശ്രദ്ധക്ക വിഷയീഭവിച്ചിരിക്കയല്ലെ? നൂതനചികിത്സാസമ്പ്രദായങ്ങളും ശസ്ത്രക്രിയകളും ഔഷധപ്രയോഗങ്ങളും ഇന്നു സുലഭമായിരിക്കയാണു്. പണ്ടുള്ളവർ "ദൈവയോഗം" എന്നു കരുതി സഹിച്ചുപോന്നിരുന്ന പല മാറാവ്യാധികളും ഇന്നു ചികിത്സിച്ചു ഭേദമാക്കിവരുന്നതായി നാം കാണുന്നു. ദൈവയോഗം, വിധി, തലയിലെഴുത്തു് എന്നീ സംജ്ഞകൾക്കമുമ്പുണ്ടായിരുന്ന അത്ര കമ്പോളം ഇന്നു ഇല്ലാതായിരിക്കയാണു്. മുതലാളിമാർ എല്ലാം ഭരിക്കേണ്ടവരും, തൊഴിലാളികൾ ഭരണീയരുമായിരിക്കേണ്ടതാണെന്ന പഴഞ്ചൻ ചിന്താഗതികൾപോലും ഇന്നു കുറേശ്ശെ കുറേശ്ശെയായി നീങ്ങിവരികയാണു്. ഭരണകാര്യങ്ങൾ തൊഴിലാളികൾ ഏറെറടുത്താലും പുരോഗമനത്തിലേക്ക ത്വരിതഗമനം ചെയ്യാമെന്ന നില ഇന്നു വന്നുചേന്നിരിക്കയാണു്. പഴയ അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും നാമാവശേഷങ്ങളായിത്തീരുന്നതും ശാസ്ത്രത്തിന്റെ പുരോഗതികൊണ്ടാണെന്നു നമുക്കറിയാം. പ്രകൃതിശക്തിയെ സൃഷ്ടിച്ചുവെന്നു വ്യവഹരിക്കപ്പെടുന്ന ഒരു വ്യക്തിയാണു് ദൈവമെങ്കിൽ പ്രസ്തുതദൈവം എന്ന വ്യക്തിയെ ആരാണു് സൃഷ്ടിച്ചതു എന്നുവരെയായിരിക്കുന്നു ഇന്നത്തെയുക്തിചോദ്യം. അണ്ടിയോ മാവോ ആദ്യം ഉണ്ടായതെന്നു ചോദിക്കുന്നതുപോലെയാണതു്. പെട്ടെന്നു ഉത്തരം നൽകാൻ സാധിക്കാത്ത ഒരു ചോദ്യമായി ആയതു അവശേഷിക്കുകയേ ഉള്ളു. മനുഷ്യന്റെ ബുദ്ധിശക്തിയിൽ ഒതുക്കിനിത്താവുന്ന ഒരു കാര്യമല്ല

അതെന്നും സമ്മതിക്കാതെ തരമില്ല. ദൈവം സകല ചരാചരങ്ങളേയും സൃഷ്ടിച്ച രക്ഷിച്ച പരിപാലിച്ചുവരുന്ന ഒരു വ്യക്തിയായിട്ടാണ് ചിലർ കരുതിവരുന്നതു്. ദൈവമാണ് എല്ലാ ജീവജാലങ്ങളേയും സൃഷ്ടിച്ചതെങ്കിൽ "അദ്ദേഹത്തിന്നു" എല്ലാ സൃഷ്ടികളും സമന്മാരാണെന്നും എല്ലാവരുടേയും പൊതുപിതാവാണദ്ദേഹമെന്നും തന്മൂലം എല്ലാവരോടും നിഷ്പക്ഷബുദ്ധിയോടുകൂടി പെരുമാറേണ്ടതാണെന്നും സമ്മതിക്കാതെ തരമില്ല. പൊതുപിതാവായ ദൈവത്തിന്നു പാമ്പെന്നോ, പഴുതാരയെന്നോ, വണ്ടിക്കാളയെന്നോ, കഴുതയെന്നോ; രാമനെന്നോ സീതയെന്നോ ഉള്ള വ്യത്യസ്ഥപരിഗണനകൾ ഉണ്ടാകാൻ തരമില്ലെന്നും സമ്മതിക്കേണ്ടിവരും. എല്ലാവരുടേയും പൊതുനന്മയ്ക്കു പ്രയോജനപ്പെടുന്ന തരത്തിൽ മാത്രമെ അദ്ദേഹം പെരുമാറുകയുള്ളു. എന്നാൽ മേൽപ്രസ്താവിച്ചതിൽനിന്നു അങ്ങനെയല്ല സംഭവിക്കുന്നതെന്നു നാം കണ്ടുകഴിഞ്ഞു. ഇടിവെട്ടുകൊണ്ടു ആക്കും ദോഷം സംഭവിക്കാതിരിക്കേണ്ടതാണ്. അമിതവർഷം ഒരിടത്തും ജലദൌർല്ലഭ്യം മറ്റൊരിടത്തും കാണാൻ പാടുണ്ടോ? സമ്പൽസമൃദ്ധിയും ആരോഗ്യവും ഒരു വശത്തും ദാരിദ്ര്യവും കഷ്ടപ്പാടുകളും മറുവശത്തും ഉണ്ടാകുന്നതെങ്ങിനെ? മനുഷ്യരാശിയെ—സ്വസന്താനങ്ങളെ—കരുണാവാരിധിയായ സർവ്വശക്തൻ കഷ്ടപ്പെടുത്തുന്നതു് നീതിമാനായ അദ്ദേഹത്തിന്നു ഭൂഷണമാണോ? ഇത്രത്തോളം ചിന്തിച്ചാലുടനെ ആദ്ധ്യാത്മികതയിലേക്കും പരലോകചിന്തയിലേക്കും ആകൃഷ്ടരാവാൻ പലരേയും പ്രേരിപ്പിക്കുന്നു. ദരിദ്രൻ ഇവിടെ കഷ്ടപ്പെട്ടാലും, പരലോകത്തിൽ അവന്നു മോക്ഷമുടിയുണ്ടെന്നുള്ള വാദം പൊന്തിവരുന്നു? ദൈവത്തെയും പരലോകത്തേയും മനുഷ്യൻെറ ഭാവനയിൽനിന്ന നിർമ്മിച്ചതാണെന്നു പറയുന്നതും മറ്റൊന്നുകൊണ്ടുമല്ല. വലിയ വേദാന്തങ്ങളും, തക്കശാസ്ത്രങ്ങളും ഗ്രഹിക്കാത്ത പലക്കും ഒരു ദൈവത്തിൻെറ സാന്നി

ദ്ധ്യം അത്യന്താപേക്ഷിതമാണെന്നു തോന്നുന്നു. മനുഷ്യനു് അവ
ന്റെ കുറിശ്ശുകളായ സങ്കടങ്ങൾ ക്ഷമയോടുകൂടി സഹിക്കാനും,
ലോകത്തിൽ കാണുന്ന അനീതികളും അക്രമങ്ങളും കണ്ടു കണ്ണടക്ക
വാനും, പരാജയബോധത്തോടുകൂടി സമാധാനപൂർവ്വം ജീവിക്കാ
നും "ദൈവം" എന്ന വ്യക്തിയെ പ്രതിഷ്ഠിച്ചിരിക്കുന്നതു സഹാ
യകമാവുന്നുണ്ടെന്നു സമ്മതിക്കാതെ തരമില്ല. മിക്ക മനുഷ്യരും
തങ്ങൾക്കു പകരംചോദിക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ, പക
രം ചോദിക്കേണ്ട ഭാരം ദൈവത്തെ ഏല്പിക്കുന്നതു ഞാൻ കേട്ടിട്ടു
ണ്ടു്. കഴിവുണ്ടെങ്കിൽ പലരും അപ്പപ്പോൾത്തന്നെ പകരംവീ
ട്ടുന്നതു നാം കാണാറുണ്ടു്. എന്നാൽ എതിരാളി തന്നെക്കാൾ ത
ടിമിടുക്കും പണമിടുക്കും ഉള്ളവനാണെന്നു കാണുന്ന സന്ദർഭങ്ങ
ളിലാണു് അവനേക്കാൾ കരുത്തനാണെന്നു കരുതപ്പെടുന്ന "ദൈ
വത്തെ" പകരംവീട്ടുന്ന ക്രിയക്കു് വിളിച്ചുവരുത്താറുള്ളതു്. ഇ
ങ്ങനെ "പകരംപോക്കുന്ന" ഒരു വ്യക്തിയായും ദൈവത്തെ ചി
ലർ വിചാരിച്ചുവരുന്നു. ദൈവത്തിന്റെ വഴികൾ നിഗ്ഗൂഢങ്ങ
ളാണെന്നും അവയിൽ അഗാധങ്ങളായ രഹസ്യങ്ങൾ ഒളിഞ്ഞു
കിടപ്പുണ്ടെന്നും പുരോഹിതന്മാരും ദൈവഭക്തന്മാരും പറയുന്നതു
നാം കേൾക്കാറുണ്ടു്. എന്നാൽ ദൈവത്തെ സംബന്ധിച്ചും മ
നുഷ്യന്റെ അന്ത്യത്തെ സംബന്ധിച്ചും ലോകാവസാനത്തെ സം
ബന്ധിച്ചും ഇന്നിന്ന വിധത്തിലാണെന്നു ഖണ്ഡിതമായി പറയു
വാൻ ഇവർ സ്വയാധികാരമുപയോഗിക്കുന്നുണ്ടോ എന്നുകൂടി സം
ശയിക്കേണ്ടിയിരിക്കുന്നു. ലോകാവസാനത്തിൽ തീമഴ പെയ്യു
മെന്നും ലോകത്തിലുള്ള സകല ജീവജാലങ്ങളും നശിക്കുമെന്നും
ഉടനെ ഒരു മാലാഖവന്നു ഒരു കുഴൽവിളിക്കുമെന്നും പഞ്ചഭൂതങ്ങ
ളിൽ ലയിച്ചിരുന്ന മനുഷ്യശരീരങ്ങൾ ശവക്കുഴികളിൽനിന്നു ഉട
നടി ഉയർത്തെഴുന്നേല്ക്കുമെന്നും നിത്യസുഖമോ നിത്യദുരിതമോ അ
വക്കു നൽകപ്പെടുമെന്നും പറയുന്നു. മോസോപ്പൊത്തിന്റെ താഴ്‌വ

രയിലാണ് മനുഷ്യമഹാസമുദ്രത്തിൻെറ മഹാസമ്മേളനം നടക്കാൻപോകുന്നതു് ഇന്നു ഭൂമുഖത്തു 275 കോടി ജനങ്ങൾ ഉണ്ടെന്നു കാണുന്നു. നാളിതുവരെ ജനിച്ചിട്ടുള്ള എല്ലാവരും ഇനി ലോകാവസാനംവരെ ജനിക്കാനിരിക്കുന്നവരുമായ ജനങ്ങളും കൂട്ടുമ്പോൾ എത്ര ആയിരംകോടി ജനങ്ങളാണുണ്ടാവുകയെന്നും അവർക്കെല്ലാം നിരന്നുനില്ക്കുവാൻ മാത്രം വലുപ്പമുള്ള യോസാപ്പാത്തിൻെറ താഴ്‌വര ഏതാണെന്നും പ്രത്യേകിച്ചു വിവരിച്ചുകാണുന്നില്ല ചെമ്മരിയാട്ടുകളും കോലാട്ടുകളും അഥവാ നല്ലവരും ചീത്തയാളുകളും അവിടെവെച്ചു് രണ്ടു ചേരിയായി ഭാഗിക്കപ്പെടും. നല്ലവരെ സ്വർഗ്ഗത്തിലേക്കും മറ്റുവരെ നരകത്തിലേക്കും പറഞ്ഞയക്കും. പക്ഷെ ഒരു സമാധാനമുണ്ടു്,—പാലസ്തീനിലെ പഴയ ക്രിസ്തുവാണ് അന്നു് നിത്യവിധിയാളനായി അവിടെ പ്രത്യക്ഷപ്പെടുകയെന്നുള്ളതാണതു്. പ്രതികാരേച്ഛവും, സ്നേഹശൂന്യനുമായ ഒരു പുരോഹിതനായിരിക്കുകയില്ല അന്നത്തെ വിധിയാളൻ എന്നു സമാധാനിക്കാം.

ഈ ഗ്രന്ഥത്തിൽത്തന്നെ പലയിടങ്ങളിലായി വർണ്ണിക്കപ്പെട്ടിട്ടുള്ളവനും കരുണാമൂർത്തിയും, അഗതികളുടേയും പാപികളുടേയും സുഹൃത്തും സ്നേഹധനനുമായിരുന്ന ആ വത്സലപിതാവു് കോഴകൊണ്ടോ, കപടഭക്തികൊണ്ടോ, തട്ടിക്കപ്പെടുകയില്ലെന്നു നമുക്കു സമാധാനിക്കാം. "വെള്ളപൂശിയ കുഴിമാടങ്ങളെ"യെന്നും മറവും പുരോഹിതവർഗ്ഗത്തെ ശകാരിച്ചവനും, വിപ്ലവചിന്താഗതിക്കാരനും, കാൽവരിയിൽ മൂന്നാണികളിൽ കുരിശിൽ ജീവനെ ഹോമിച്ചവനുമായ ക്രിസ്തുവിന്നറിയാം ആരൊക്കെയാണു് കള്ളന്മാരും കൊള്ളക്കാരുമെന്നു്. അദ്ദേഹത്തിൻെറ പരിശുദ്ധ നാമധേയത്തിൽ കാപട്യവും വഞ്ചനയും വെച്ചുപുലർത്തി പാവങ്ങളുടെ പണം പിടുങ്ങി കണ്ടമാനം ധൂർത്തടിച്ചു വരുന്ന പുരോഹിതന്മാരെ അദ്ദേഹം വെറുതെ വിടുമെന്നു ആരും വ്യാമോഹിക്കേണ്ട. ഇ

നുള്ള "കുമ്പസാരവ്യവസ്ഥിതികൾ"കൊണ്ട അദ്ദേഹത്തിൻെറ നീതിഹസ്തങ്ങളിൽനിന്നു വഴുതിപ്പോകാമെന്നു ആരും വ്യാമോഹിക്കേണ്ട. യഥാൎത്ഥം പറഞ്ഞാൽ പൊതുവിധി ഇങ്ങനെതന്നെയാണ് നടക്കേണ്ടതെന്നുകൂടി തോന്നാറുണ്ട്. ഇന്നു പുണ്യപരിപൂൎണ്ണരെന്നു കരുതപ്പെടുന്ന പലരും ഒരുപക്ഷെ നരകത്തിലേക്കുള്ള ലിസ്റ്റിൽ ഉൾപ്പെട്ടമെന്നു കരുതാൻ ന്യായമുണ്ട്. ആരെല്ലാമാണ് നരകത്തിൽപ്പോകുന്നവർ എന്നതിന്നു ലിസ്റ്റ് തയ്യാറാക്കുന്ന പുരോഹിതപ്രമാണികളിൽ പലരും—ക്രിസ്തുവാണ അന്നു വിധിയാളനായി വരുന്നതെങ്കിൽ—തീർച്ചയായും നരകത്തിലേക്ക പോകാനിടയുണ്ടെന്നു കരുതാൻ ന്യായമുണ്ട്. ഇതിന്നുമുമ്പു വിവരിച്ച സംഗതികളിൽനിന്നു അതെങ്ങിനെ സംഭവിക്കുമെന്നു തെളിയുന്നുണ്ട്.

ഈ സന്ദൎഭത്തിൽ മറെറാരു കാൎയ്യം ഞാൻ കേട്ടിട്ടുള്ളതു ഓൎമ്മയിൽ വരുന്നു. യോസാപ്പാത്തിൻെറ താഴ്‌വരയിൽ രണ്ടു വിഭാഗമായി ദുഷ്ടരേയും ശിഷ്ടരേയും നിരത്തണമെങ്കിൽ തീർച്ചയായും ഭൂമി പരന്നതായിരിക്കണമെന്നുവരുന്നു ഭൂമി ഉരുണ്ടതാണെങ്കിൽ എല്ലാവരേയും ഒരിടത്തു കേന്ദ്രീകരിക്കാൻ സാധിക്കുകയില്ലല്ലോ. മുകളിലുള്ളവർ താഴെ ഉരുണ്ടുവീഴാനും എളുപ്പമുണ്ട്. അതിനാൽ പരന്നിരിക്കുന്ന ഭൂമിയിലെ ഇത്തരമൊരു വിഭജനത്തിന്നു സാദ്ധ്യമാകു. ബൈബിളിൽ കാണുന്നതിന്നു മാററമില്ലാത്തനിലക്ക്, ഭൂമി ഉരുണ്ടതാണെന്നു ആരെങ്കിലും പറഞ്ഞാൽ അവനെ വെറുതെ വിടാമോ? ഇതുകൊണ്ടാണത്രെ ബ്രൂണോവിനെ ജീവനോടെ ദഹിപ്പിക്കുവാൻ സഭാധികൃതന്മാർ ഉത്സാഹിച്ചതു്. അന്നു് അബദ്ധസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നവരെ കൊല്ലുവാൻപോലും അവൎക്കു കഴിഞ്ഞിരുന്നു. എന്നാൽ ഇന്നു അബദ്ധസിദ്ധാന്തങ്ങളെന്നു ഇവൎക്കു തോന്നുന്ന കാൎയ്യങ്ങൾ പ്രചരിപ്പിക്കുന്നവരെ മഹറോൻ

ചൊല്ലി സമുദായികമായി ബഹിഷ്ക്കരിക്കണമെന്നും അവരെപ്പിക്ക ണമെന്നും മാത്രമെ ഇക്കൂട്ടർ ആഗ്രഹിക്കുന്നുള്ളു. മനുഷ്യന്റെ ശരീരത്തിൽ തൊട്ടുകളിക്കാൻ അവർക്കിന്നു കഴിവില്ല. ജനങ്ങൾ കൂടുതൽ ഉൽബുദ്ധരാകുമ്പോൾ സമുദായ ബഹിഷ്ക്കരണമെന്ന ഇവരുടെ "ചപ്പടാച്ചിയും" നില്ക്കുമെന്നു തോന്നുന്നു. ഇൻക്വിസിഷൻ കോടതികളും മററും പണ്ടുണ്ടായിരുന്നതുപോലെ ഇക്കാലത്തു ഇല്ലാത്തതു കൊണ്ടാണ് ഇതു പറയാൻ ഇടവരുന്നതെന്നുകൂടി വ്യക്തമാക്കിക്കൊള്ളട്ടെ.

ഏതാണ്ടിതേസ്വഭാവത്തിലുള്ള മറെറാരു സംഗതി ഞാൻ കേട്ടിട്ടുള്ളതും ഇവിടെ ചേക്കാം. ഏദൻതോട്ടത്തിൽവെച്ചു ദൈവം ഹവ്വായെ ശപിച്ചതു "സ്ത്രീയെ! നീ വേദനയോടുകൂടി പ്രസവിക്കും" എന്നാണ്. ദൈവമാണിതു പറഞ്ഞതെന്നാണു വേദപുസ്തകത്തിൽ എഴുതീട്ടുള്ളതു. ഒരുപക്ഷെ ദൈവം പറയാതെത്തന്നെ വല്ലവരും അതിൽ എഴുതിച്ചേർത്തതായിരിക്കുമോ എന്നു ശങ്കിക്കാൻപോലും പലരും മനസ്സാകാറില്ല. വേദപുസ്തകത്തിൽ കാണുന്നതിന്നെതിരായി സംഗതികൾ സംഭവിക്കുന്നുണ്ടെങ്കിൽ വേദപുസ്തകം തെററാണെന്നു സമ്മതിക്കണം. പക്ഷെ വേദപുസ്തകം തെററാണെന്നു സമ്മതിച്ചാൽ എല്ലാം തുലഞ്ഞു. അതിനാൽ അതിന്നു പലരും ഒരുക്കമില്ല. ശാസ്ത്രം തെററാണെന്നുപറഞ്ഞാൽ ശാസ്ത്രജ്ഞന്മാർ അവരെ വിടാനും പോകുന്നില്ല. ഡാർവിന്റെ തിയറിക്കെതിരായി പ്രൊഫസർ ഹക്സിലിയുമായി ശണ്ഠകൂടിയ കട്ടിനാളന്റെ കഥ നിങ്ങൾ കേട്ടിരിക്കുമല്ലോ. അതിനാൽ വേദനകൂടാതെ പ്രസവിക്കാനുള്ള മരുന്നുകൾ കണ്ടെത്തിയപ്പോൾ സഭാധികൃതന്മാർ വിഷമത്തിലായി. സ്ത്രീവംശം മുഴുവൻ എക്കാലത്തും ഗർഭക്ലേശങ്ങളും പ്രസവവേദനയും അനുഭവിക്കേണ്ടതാണെന്നു ദൈവംതന്നെ നിശ്ചയിച്ചിരിക്കെ, അതിന്നെതിരായി കണ്ടെത്തുന്ന മരുന്നുകൾ പ്രയോഗിക്കുന്നതു ദൈവപ്രമാണലംഘനമാ

ണ്ണെന്നു കൂടി വ്യാഖ്യാനിക്കപ്പെട്ടു. കുറെ കാലത്തോളം പ്രസ്തുത മരുന്നുകഠം കത്തോലിക്കർ ഉപയോഗിച്ചില്ല. എങ്കിലും പിന്നീട് (നൊയമ്പിൽ ഇറച്ചിതിന്നാം, കടപ്പെട്ട ദിവസം സാധാരണദിവസമാക്കാം, ഉച്ചതിരിഞ്ഞു കുബ്ബാന ചൊല്ലാം) എന്നൊക്കെ ഇളവു നൽകിയ അതേ അധികാരം പ്രയോഗിച്ചു, വേദനകൂടാതെ പ്രസവിക്കുന്നതിന്നുള്ള മരുന്നുകഠം ഉപയോഗിക്കാൻ വിരോധമില്ലെന്നു സഭാധികൃതന്മാർ അറിയിച്ചുവെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. അതെന്തെങ്കിലുമാകട്ടെ. മാമ്മോദീസാ മുങ്ങി സത്യവിശ്വാസം അനുസരിക്കാത്ത സകലരും, ദൈവപ്രമാണങ്ങളും സഭയുടെ കല്പനകളും ലംഘിച്ചിട്ടും മനസ്ഥാപപ്പെടാത്തവരും, പുരോഹിതന്മാരെ വിമർശിച്ചശേഷം അവരോടു തെററുപറഞ്ഞു പാപത്തിനു പൊറുതിവാങ്ങാത്ത എല്ലാവരും, സഭയുടെ പഠിനങ്ങളെ എതിർത്ത എല്ലാവരും മനസ്ഥാപപ്പെടാതെ മൃതിയടഞ്ഞാൽ കണിശമായും നരകത്തിൽ ചെന്നുവീഴുമെന്നു ഇവർ പറയുമ്പോഠം ദൈവത്തിൻെറ വഴികഠം നിഗൂഢങ്ങളല്ലെന്നും ഗ്രഹിക്കാൻ പ്രയാസമായിട്ടുള്ളവയല്ലെന്നും അതെല്ലാം ഇവക്കു ദൈവംതന്നെ പറഞ്ഞുകൊടുത്തിട്ടുണ്ടെന്നും, പറഞ്ഞുകൊടുത്തുകൊണ്ടിരിക്കുന്നുണ്ടെന്നും തോന്നിപ്പോകാറുണ്ടു. ഈ സന്ദർഭത്തിൽ മറെറാരു സംഗതി ഇവിടെ കുറിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു:

പുണ്യവാന്മാരെന്നു പേർവിളിക്കുന്നതിന്നുവേണ്ടി മുമ്പൊരിക്കൽ, കുറെ വിശുദ്ധന്മാരുടെ പേരുകഠം തിരഞ്ഞെടുക്കുകയും, വിചാരണയും അന്വേഷണങ്ങളും മററും കഴിച്ചശേഷം അവരെ പുണ്യവാന്മാരാക്കിയ തരത്തിൽ പരിശുദ്ധ പിതാവു "ഒപ്പടയാളം" രേഖപ്പെടുത്തിയെന്നും എന്നാൽ പേരുകഠം പ്രഖ്യാപനം ചെയ്ത നേരത്ത് പ്രസ്തുത പട്ടികയിൽ ഉഠംപ്പെട്ടിരുന്ന വിശുദ്ധൻെറ പേരിന്നടിയിൽ മാർപ്പാപ്പയുടെ ഒപ്പടയാളം കണ്ടില്ലെന്നും, തന്മൂലം പ്രസ്തുത 'വിശുദ്ധനെ' ഔദ്യോഗികമായി പേരുവിളിച്ചില്ലെ

ന്നും അങ്ങനെ കത്തോലിക്കാസഭക്കു ഒരു വിശുദ്ധൻ നഷ്ടപ്പെട്ടിട്ടുണ്ടെന്നും പറഞ്ഞുകേട്ടിട്ടുണ്ടു്. ദൈവശക്തിയുടെ പ്രവർത്തനംകൊണ്ടാണു് ഒപ്പടയാളം മാഞ്ഞുപോയതെന്നാണു് വ്യാഖ്യാനിച്ചുകേട്ടിട്ടുള്ളതു്. എന്നാൽ ഏതെങ്കിലും തരത്തിലുള്ള ഓർമ്മപ്പിശകുകൊണ്ടാണു അങ്ങനെ സംഭവിച്ചതെങ്കിൽ അതു മഹാകഷ്ടംതന്നെ. ദൈവം നേരിട്ടു പരിശുദ്ധ പിതാവിനെ കാര്യങ്ങൾ ഗ്രഹിപ്പിക്കുന്നുണ്ടെന്നുള്ളതിന്നു തെളിവായി ഈ സംഭവം വ്യാഖ്യാനിക്കപ്പെട്ടുവരുന്നു. യഥാൎത്ഥത്തിൽ ഇങ്ങനെയൊക്കെ ദൈവം ഇടപെടുന്നുണ്ടെങ്കിൽ ആയതു വളരെ നല്ല ഒരു കാൎയ്യമാണെന്നു കരുതുന്നതിൽ തെററില്ല.

പൊതുവിധിദിവസത്തിൽ കർത്താവു പ്രത്യക്ഷപ്പെട്ടു പറയാനിരിക്കുന്ന വാചകങ്ങൾ പലക്കും സമാധാനത്തിന്നു വക നല്കുന്നുണ്ടു്.

"ഞാൻ വിശന്നു വലഞ്ഞും ദരിദ്രനായും നിങ്ങളെ സമീപിച്ചു. നിങ്ങൾ എനിക്കു ഉടുക്കാനും ഉണ്ണാനും തന്നില്ല. എനിക്കു ദാഹിച്ചു. നിങ്ങൾ എനിക്കു കുടിക്കാൻ തന്നില്ല അതിനാൽ ശപിക്കപ്പെട്ടവരെ നിങ്ങൾ എന്നിൽനിന്നും പോകുവിൻ." എന്നാണു് തണ്ട്യവരോടു പറയാനിരിക്കുന്നതു്. അതല്ലാതെ, "നിങ്ങൾ ആണ്ടുകുമ്പസാരം കഴിച്ചില്ല. നിത്യവും കുർബ്ബാന കണ്ടില്ല അച്ചന്മാരെ കൂടുതൽ ബഹുമാനിച്ചില്ല. അതിനാൽ നരകത്തിൽപ്പോകുവിൻ" എന്നല്ല അദ്ദേഹം പറയാനിരിക്കുന്നതു്. കുമ്പസാരവും മററും മനുഷ്യനെ നല്ലവഴിക്കു നടത്താൻ പ്രയോജനപ്പെടുകയില്ലെന്നു ഇതിന്നൎത്ഥമാക്കരുതു്. സഹോദരസ്നേഹവും, ഭൂതദയയും ഇല്ലാത്തവൎക്കാണു് നരകം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നും 'അവശതയനുഭവിക്കുന്ന ഓരോ വ്യക്തിയും ദൈവത്തിന്റെ സന്താനമാണെന്നർത്ഥമെന്നും വ്യക്തമാക്കുവാൻ ഞാനിതു കുറിച്ചു

വെന്നേയുള്ളു. കുർബ്ബാനകളും മററു കൂദാശകൾക്കും ഞാൻ ഒരിക്കലും എതിരല്ല. എന്നാൽ സർവ്വോപരിയായി മനുഷ്യത്വവും സഹോദരസ്നേഹവുമാണ് നമുക്കു ഉണ്ടാകേണ്ടതെന്നാണു ക്രിസ്തുവിൻെറ ഉപദേശങ്ങളിൽ അങ്ങോളമിങ്ങോളം നിഴലിച്ചുകാണുന്നതെന്നും ബാഹ്യമായ ആചാരക്രമങ്ങളെ മാത്രം "വള്ളിപുള്ളി" തെററാതെ അനുഷ്ഠിക്കുകയും അതേസമയംതന്നെ മനസ്സാക്ഷിയെ വ്യഭിചരിക്കുകയും ചെയ്യുന്നവർ ക്രിസ്തുവിൻെറ കോപത്തിൽനിന്നു രക്ഷപ്പെടുകയില്ലെന്നു അവരെ ഓർപ്പിക്കുവാനും കൂടിയാണ് ഞാനിതു കുറിക്കുന്നതു്. എന്നെ ആരും തെററിദ്ധരിക്കരുതെന്നപേക്ഷ.

ഇനിയും മറെറാരുകൂട്ടരുടെ വിശ്വാസം വേറൊരുതരത്തിലാണ്. മനുഷ്യനു പല ജന്മങ്ങളുണ്ടെന്നാണ് ഇവരുടെ മതം. പല ജന്മങ്ങൾ സ്വീകരിച്ചു് ഒടുവിൽ സായൂജ്യം പ്രാപിക്കുമെന്നാണിവരുടെ വിശ്വാസം. വണ്ടിക്കാള വണ്ടിക്കാരനായി ജന്മമെടുക്കുമെന്നു പറയുന്ന ഇക്കൂട്ടർ ദൈവത്തെത്തന്നെ പല ജന്മങ്ങളായും അവതാരങ്ങളായും സങ്കല്പിച്ചുവരുന്നു. ആമയായും, പന്നിയായും, മത്സ്യമായും മററു പലതരത്തിലും ഈശ്വരൻ അവതീർണ്ണനായിട്ടുണ്ടെന്നു് ഇവർ വിശ്വസിക്കുന്നു. ഇങ്ങനെ ഓരോ മതക്കാരും ഓരോ തരത്തിൽ വ്യാഖ്യാനിക്കുകയും വ്യത്യസ്ത ചിന്താഗതികളിൽ ജീവിക്കുകയും ചെയ്യുന്നു. ഇതിലൊന്നും ആക്കും ആക്ഷേപമുണ്ടാകാനിടയില്ല. മനുഷ്യത്വം എന്ന മാനദണ്ഡത്തിനു കടകവിരുദ്ധമായി നിലകൊള്ളാതുള്ള അന്ധവിശ്വാസങ്ങളും, മതാചാരങ്ങളുംകൊണ്ടു ആക്കും ഒരു കുഴപ്പവും പററാനില്ല എന്നാൽ ഇതിൻെറയെല്ലാം മൂലധനത്തിൽ, കലാപവും അന്തഛിദ്രവും കക്ഷിവഴക്കും പുറപ്പെടുന്നതിലാണ് തകരാറു പററുന്നതു്. മനുഷ്യത്വവും, മതാചാരങ്ങളും, മതവിശ്വാസവും ബാലൻസു തെററാതെ

കൊണ്ടുനടത്തുവാൻ അത്രയും പണ്ഡിതരായ ആളുകൾക്കേ സാദ്ധ്യമാകൂ. സാധാരണ ജനങ്ങൾ പലപ്പോഴും "കുരങ്ങിന്റെ കയ്യിൽക്കിട്ടിയ മാലപോലെ" മതാചാരങ്ങളെക്കൊണ്ടു കളിക്കുന്നതാണ് അപകടം ജയപ്രകാശിന്റെ ചില ആശയങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു പ്രകൃതത്തിന്നു യോജിക്കുമെന്നു ഞാൻ കരുതുന്നു.

"കേദാരനാഥക്ഷേത്രം ഹിന്ദുക്കളുടെ തീർത്ഥസ്ഥാനമാണ. ധർമ്മഭാവനകൊണ്ടുതന്നെയാണ് ലക്ഷക്കണക്കിലുള്ളവർ ഇവിടെ വരുന്നതു്. ഭഗവാൻ സർവ്വവ്യാപിയാണ്. ഈ ക്ഷേത്രത്തിലെ ഓരോ അണുവിലും സ്ഥിതിചെയ്യുന്ന ഈശ്വരൻതന്നെയാണ് ധനിക–ദരിദ്ര–സവർണ്ണാവർണ്ണഭേദമെന്നിയെ എല്ലാവരുടേയും ഹൃദയത്തിൽ ശോഭിക്കുന്നതു്. അങ്ങനെയിരിക്കെ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന കരിങ്കൽപ്രതിമയുടെ മുമ്പിൽ നൈവേദ്യം അർപ്പിക്കുകയും അതേസമയംതന്നെ ക്ഷേത്രത്തിന്നു ചുററും പട്ടിണികൊണ്ടു വലയുന്ന മനുഷ്യർക്കു,—അവർ എത്രതന്നെ യാചിച്ചിട്ടും, ഭക്ഷണമൊന്നും കൊടുക്കാതിരിക്കുകയും ചെയ്യുന്നതു ധർമ്മമായി ഞാൻ കരുതുകയില്ല ഇതു അന്യായവും അധർമ്മവുമാണ്. മനുഷ്യന്റെ പ്രായോഗികജീവിതവുമായി ബന്ധപ്പെടാത്തതും ജീവിതത്തെ ഉയർത്തുന്നതിൽ സഹായിക്കാത്തതുമായ ധർമ്മം ധർമ്മമല്ല. അധർമ്മമാണ്. അതു നിലനില്ക്കാൻ സാദ്ധ്യമല്ല ഹിന്ദു, ഇസ്‌ലാം ബൌദ്ധ, ക്രിസ്തു മുതലായ വിവിധമതങ്ങളുടെ പേരിൽ എത്ര സംഘർഷങ്ങളാണ് നമ്മുടെ രാജ്യത്തിലും, മററു രാജ്യങ്ങളിലും ഉണ്ടായിട്ടുള്ളതു? എല്ലായിടത്തുനിന്നും മതത്തിന്റെ ഒച്ചപ്പാടുകളാണ് നാം കേൾക്കുന്നതു്. എന്നിട്ടും മനുഷ്യൻ കൂടുതൽ കൂടുതൽ അധഃപതിച്ചുവരികയാണ് എന്തുകൊണ്ടു്? മതത്തിന്നു പ്രായോഗികജീവിതവുമായി ഒരു ബന്ധമില്ലാതെ വന്നിരിക്കുന്നു. എല്ലാവരിലും ഒരേ ആത്മാവാണെന്നു വേദാന്തം പറയുന്നു. എന്നാ

ല്യം സാമ്പത്തികസ്ഥിതി വൎദ്ധിച്ചേത്തുപോലെ മതവും, മനുഷ്യനെ ചെറിയവനും വലിയവനും ആക്കിയിരിക്കുന്നു. ഈ ഭേദങ്ങൾ നിമിത്തമാണ് യുദ്ധം ഉണ്ടാകുന്നതു്.

ഇന്നു നമ്മുടെ ഹൃദയം സങ്കുചിതമാണ്. ഭാൎയ്യാസന്താനങ്ങളുടേയും, കുടുംബങ്ങളുടേയും പരിമിതമായ വലയത്തിന്നുള്ളിൽ കുടുങ്ങിയിരിക്കയാണ്. നമുക്ക ഭക്ഷണം കിട്ടണം. അത്രമാത്രമെ ഉദ്ദേശമുള്ളു. അയൽവാസികൾ പട്ടിണികിടന്നു മരിക്കുകയാണെങ്കിൽ മരിച്ചുകൊള്ളട്ടെ. കുചേലനും, കുബേരനും, സവൎണ്ണനും അവൎണ്ണനും എല്ലാവരും സ്വാർത്ഥനിമഗ്നരാണ്. തന്നിമിത്തമാണ് എല്ലാ ഭേദങ്ങളും, വഴക്കുകളും ഉത്ഭവിക്കുന്നതു്. അതിനാൽ നാം നമ്മുടെ കയ്യിലുള്ളതെല്ലാം സമുദായത്തിൻെറ (nation) താണെന്നു കരുതി പ്രവർത്തിക്കണം. ഉള്ളതെല്ലാം ചേൎന്ന് ഒരു പോലെ ഉപയോഗിക്കുകയും പങ്കിട്ടു ഭക്ഷിക്കുകയും വേണം. അതു തന്നെയാണ് ധൎമ്മവും, യഥാർത്ഥ മതവും, തത്വജ്ഞാനവും വേദാന്തവും.”

ബുദ്ധനും ബിംബിസാരനും വഴക്കുകൂടിയ രംഗം നാം ഓൎക്കുന്നുണ്ടായിരിക്കണം. ആടുകളെ ബലികഴിക്കുന്നതു അന്ധവിശ്വാസം മൂലമാണെന്നു എത്രകാലം ഉരുവിട്ടിട്ടും ഇന്നും അതു തുടൎന്നുവരികതന്നെ ചെയ്യുന്നു. കൊടുങ്ങല്ലൂരുണ്ടായിരുന്ന കോഴിവെട്ടു നമുക്കു അറിവുള്ള കാൎയ്യമാണ്. ഉപദ്രവകരങ്ങളായ പലേ അന്ധവിശ്വാസങ്ങളും (ഉദാ:_ സതി അഥവാ ഉടന്തടിച്ചാട്ടം ഹരകിരി അഥവാ ആത്മഹത്യ) സൎക്കാരിടപെട്ടതിന്നുശേഷമെ നിറുത്തലാക്കുവാൻ സാധിച്ചുള്ളു എന്നകാൎയ്യവും നാം ഓൎക്കേണ്ടതാണ്.

ദക്ഷിണ കൽക്കട്ടയിലെ ഒരു ക്ഷേത്രപരിസരത്തെ അവിടം സന്ദൎശിച്ച ഒരു വിദ്യാർത്ഥി ഇപ്രകാരം വൎണ്ണിച്ചിരിക്കുന്നു. “കം

ളിഘട്ടത്തിൽ ഇറങ്ങി തെക്കോട്ടു നടന്നു് ഉദ്ദേശം അരമൈൽ കടന്നപ്പോഠം, കാളീമന്ദിരപരിസരത്തിലെത്തിച്ചേൎന്നു അവിടെ അതാ, മനസ്സുമടുപ്പിക്കുന്ന ഒരു ശുഷ്ക്കിച്ച പരിസരത്തിൽ, കാളിക്ഷേത്രത്തിൻെറ വളപ്പിന്നുള്ളിൽത്തന്നെ, മൂന്നുഭാഗങ്ങളിലായി ബ്രഹ്മ, വിഷ്ണു, മഹേശ്വരന്മാരുടെ ആരാധനക്കുവേണ്ടി മൂന്നു ചെറിയ ഭാഗങ്ങഠം വേർതിരിച്ചിട്ടുണ്ടു്. കാളീക്ഷേത്രത്തിൻെറ തറ, മുററനിരപ്പിൽനിന്നു ഒരാഠംപൊക്കത്തിലായിട്ടാണ്. കിഴക്കെ മുററം കുരുതിക്കളമായി വേർതിരിച്ചിരിക്കുന്നു. കാളീദേവിക്കു അർപ്പിക്കപ്പെട്ടുന്ന കറുത്ത കോലാട്ടിൻകുട്ടികളുടെ രക്തം വീണു കട്ടപ്പിടിച്ചുകിടക്കുന്ന മുററം. ദിവസംതോറും ഇരുപതും ഇരുപത്തഞ്ചും കുഞ്ഞാടുകളെ ബലികഴിക്കാൻ ഭക്തജനങ്ങഠം കൊണ്ടുവരുമത്രേ വിശേഷദിവസങ്ങളിൽ വരുന്ന കുഞ്ഞാടുകളുടെ സംഖ്യ മൂന്നൂറോളം വരും. ഊനമില്ലാത്തതും, കറുത്ത നിറത്തിലുള്ളതുമായിരിക്കണമെന്നു നിർബ്ബന്ധമുണ്ടു്.

ഈ നിലക്കു ശ്രീബുദ്ധൻ അവിടം സന്ദർശിക്കാനിടവന്നാലത്തെ കഥ ആലോചിച്ചുനോക്കേണ്ടതാണ്. ചമ്മട്ടിയും കൊരടാവും എടുത്തു ക്ഷേത്രഭാരവാഹികളെ അദ്ദേഹം അടിക്കാതിരിക്കുമോ? മതത്തിൻെറ പേരിൽ സാധുകുഞ്ഞാടുകളുടെ കഴുത്തറുത്തു കളയുന്ന അന്ധവിശ്വാസം ഈ ഇരുപതാം നൂററാണ്ടിലും നിലനില്ക്കുന്നതു കഷ്ടമല്ലയോ?

ഒരതിർത്തിവരെ മതം നല്ലതാണെന്നു പറയാം. മനുഷ്യരെ സന്മാർഗ്ഗചിന്തകഠം ഉൽബോധിപ്പിക്കുന്ന മതങ്ങഠം പാവനങ്ങളല്ലെന്നോ, ഏതാനും ചില മതാചാരങ്ങളും നടപടികളും കുഴപ്പം പിടിച്ചവയല്ലെന്നോ, അത്തരം മതനേതാക്കഠം പുണ്യശ്ലോകരല്ലെന്നോ, ബുദ്ധിയും/വിവേകവുമുള്ള മനുഷ്യരാരും സമ്മതിക്കാതിരിക്കയില്ല. ഭാവനകളെ വ്യഭിചരിച്ചതിൽനിന്നും ഉടലെടു

ത്തിട്ടുള്ളവയാണ് മിക്ക മതതട്ടിപ്പുകളെങ്കിലും, മററുള്ളവക്കു ദ്രോഹത്തിന്നിടയാകാതെ വർത്തിക്കുന്നെങ്കിൽ അവകൊണ്ടു കുഴപ്പം സംഭവിക്കാനിടയില്ല. എന്നാൽ ഇന്നു നാം പ്രത്യക്ഷത്തിൽ കണ്ടുവരുന്നതെന്താണ്? മനുഷ്യനെ സദ്വൃത്തനാക്കുക എന്ന പരിപാവനവും പരിശുദ്ധവുമായ അതിൻെറ ലക്ഷ്യങ്ങൾ ഇന്നു കൈവെടിയപ്പെട്ടിരിക്കയാണ്. പുരോഗതിക്കു വിലങ്ങുതടിയായും, മനുഷ്യമസ്തിഷ്കത്തെ മരവിപ്പിച്ചു മതത്തിൻെറ കാവൽഭടന്മാരായ പുരോഹിതന്മാക്കു അവരുടെ "ചെരുപ്പുനക്കി"കൾക്കും, "വാലാട്ടി"കൾക്കും മാത്രം ആദായമാൎഗ്ഗം സൃഷ്ടിക്കുന്നതുമായ ഒരു തരം ചൂഷണവ്യവസായമായി ഇന്നു മതം അധഃപതിച്ചിരിക്കുന്നതായിക്കാണാം. എല്ലാ മതങ്ങളിലും സംഘടിതമായ ചൂഷണം നാം കാണുന്നില്ല. സമുദ്രംപോലെ വിസ്താരമേറിയ മതവും, കൂണ്ടൻകിണറുപോലെ ഇടുങ്ങിയതും, സങ്കുചിതചിന്താഗതികളുള്ളതുമായ മതവും, നാം കാണുന്നു. ഇതിൽ സങ്കുചിതചിന്താഗതികളുള്ള മതങ്ങളിലാണ് സംഘടിത ചൂഷണം നടന്നുവരുന്നതായി നാം കാണുന്നതു്. മാനവസമുദായത്തിൻെറ പുരോഗതിക്കു വിലങ്ങുതടിയായി നില്ക്കുന്ന ചുണ്ടുപലകകളാണ് അത്തരം മതങ്ങളിലെ ദുഷിച്ചുനാറിയ പ്രമാണ ഗ്രന്ഥമാലകളെന്നു നമുക്കു കാണാം. അത്തരം മതങ്ങളെ ഇല്ലായ്മചെയ്യുന്നതിനേക്കാൾഭേദം സങ്കുചിതങ്ങളായ പ്രമാണങ്ങളേയും പണം പിടുങ്ങുന്ന പ്രസ്ഥാനങ്ങളേയും തുടച്ചുനീക്കുവാൻവേണ്ടി യത്നിക്കുകയാണെന്നുവരെ പലക്കും തോന്നാറുണ്ടു്.

എന്നാൽ ഓരോ മതങ്ങളിലും നിലനിന്നുവരുന്ന മോശമായ ഭാഗങ്ങൾ അകററി നല്ലഭാഗങ്ങൾ മാത്രം നിലനിർത്തുവാൻ പരിശ്രമിക്കുന്ന ആളുകൾക്കു മതപുരോഹിതന്മാരിൽനിന്നും അവരുടെ പങ്കാളികളിൽനിന്നും നേരിടുന്ന എതിപ്പുകൾ ഭയാനകങ്ങ

ളാണ്. തന്മൂലം പലരും മൌനമവലംബിച്ചു പോരികയാണ് മതതട്ടിപ്പുകളുടെ കള്ളി വെളിച്ചത്താക്കാൻ നോക്കുന്നതിലും ഭേദം മതപുരോഹിതന്മാരുമായി അടുപ്പം സമ്പാദിച്ചു സ്വകുടുംബത്തേക്കു എന്തെങ്കിലും ആദായമാർഗ്ഗങ്ങൾ സിദ്ധിക്കാൻ പററുമോ എന്നാണ പലരുടേയും ചിന്ത. ഇതിന്നു ആരേയും കുററപ്പെടുത്തേണ്ടതില്ല. സാമ്പത്തികമായി നാം ഉയന്നിട്ടില്ലെന്നാണ് ഇതു കാണിക്കുന്നതു്. ഒരു ദിക്കിലല്ലെങ്കിൽ മറെറാരിടത്തു തൊഴിൽ ലഭിക്കും എന്ന നില വന്നുചേരുന്നതുവരെ മാത്രമെ തൊഴിലാളികൾ മുതലാളികളുടെ ചൂഷണത്തിന്നടിമകളായിരിക്കുകയുള്ളു. എവിടെപ്പോയാലും തൊഴിലും ന്യായമായ വേതനവും ലഭിക്കുമെന്നു വന്നാൽപ്പിന്നെ അന്യായമായ ഭീഷണികൾക്കു തൊഴിലാളികൾ വിധേയരായിരിക്കയില്ല. മതത്തിൻെറ സ്വാധീന ശക്തി തൊഴിൽരംഗങ്ങളിൽ ഗംഭീരമായിരിക്കകൊണ്ടു മതതട്ടിപ്പുകൾക്കു നല്ല കമ്പോളമുണ്ടെന്നു പറഞ്ഞുവരികയാണ്.

മനുഷ്യൻ സാഹചര്യങ്ങളുടെ സൃഷ്ടിയാണെന്നും, സാഹചര്യങ്ങൾക്കടിമയാണെന്നും പറയുന്നതു വിശ്വസിക്കാമെങ്കിൽ, മതതട്ടിപ്പുകൾ കണ്ടിട്ടും കണ്ണടക്കുന്നവരെ നാം കുററപ്പെടുത്തേണ്ടതില്ല. ഇന്നു നിലവിലിരിക്കുന്ന വ്യവസ്ഥിതിയിൽ സ്വല്പമെങ്കിലും മാററംവരുന്നതു സഹിക്കാൻ പലക്കും വിഷമമാണ് ഏതൊ ഒരു മഹാൻ പറഞ്ഞിട്ടുള്ള കാര്യം ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. ശരീരത്തിൽ നൂൽബന്ധമില്ലാതെ നില്ക്കുന്നതു സഹിക്കാം. എന്നാൽ മനസ്സിൻെറ നഗ്നത സഹിക്കാൻ സാദ്ധ്യമല്ല" "അകക്കണ്ണു" തുറക്കുവാൻ ചിന്തകന്മാരായ മഹാരഥന്മാരുടെ ഗ്രന്ഥങ്ങൾ നമുക്കുപകരിക്കുമെന്നു കരുതാം. എന്നാൽ ചിന്തകന്മാരെത്തന്നെ രണ്ടു ചേരികളിലായി കണക്കാക്കുവാനേ പലക്കും സാധിക്കുന്നുള്ളു. മതതട്ടിപ്പുകളാണിതിന്നു കാരണമെന്നു പലക്കും അഭിപ്രായമുണ്ടു്.

മതത്തെ സംബന്ധിച്ച പറഞ്ഞാൽ, "വല്ലാത്ത ബാലപ്രഭാവത്തിനേക്കാരം ഇല്ലാത്തബാല പ്രഭാവം വിശിഷ്ടം" എന്ന ചൊല്ല അന്വത്ഥമാക്കിച്ചെയ്യുന്നുണ്ടോ എന്നു ശങ്കിക്കുന്നവർ ദുർല്ലഭമല്ല.

ഒരു മകനുണ്ടാവുക എന്നതു മിക്ക ദമ്പതിമാരും അഭിലഷിക്കുന്ന ഒരു കാര്യമാണ്. സൽസ്വഭാവിയായ ഒരു പുത്രൻ അവന്റെ മാതാപിതാക്കന്മാക്ക പ്രിയംകരനാണ്. എന്നാൽ അവൻ ഒരു തെമ്മാടിയും ദുസ്വഭാവിയും ആയിത്തീരുകയും കണ്ണിൽക്കണ്ട ആഭാസങ്ങരം പ്രവത്തിക്കുകയും ചെയ്യുമ്പോരം അവക്ക തോന്നുകയാണ് 'കഷ്ടം! ഞങ്ങളുടെ ഓമനസന്താനം ഇങ്ങനെയായല്ലോ. ഇവൻ ജനിക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു." എന്നു്, സ്വന്തം മകനെപ്പോലെ പ്രിയംകരമായിരുന്ന മതത്തിന്റെ "അഴിഞ്ഞാട്ടങ്ങളും പേക്കൂത്തുകളും" ശ്രദ്ധഗതിക്കാരായ ആളുകരം കരുതുന്നതിപ്രകാരമാണ്. "മതമെ" നിൻ പേരുകേട്ടാൽ പേടിയാം വഴിപിഴച്ച "മതഭ്രാന്തന്മാർ"ചെയ്യും കടുംകൈകളാൽ" എന്നുൽഘോഷിക്കാൻ പലക്കും ഇടവന്നിട്ടുണ്ട്.

അതുപോലെത്തന്നെ എത്ര വളരെ പോഷകാംശങ്ങളടങ്ങി ഒരു കോഴിമുട്ടയായാലും അതു "കെട്ടു"പോയാൽ ആരും ഭക്ഷിക്കാറില്ല. ദുഷിച്ച കോഴിമുട്ടയുടെ തൊണ്ടുപോലും തൊടുവാൻ ആരും ശ്രദ്ധിക്കാറില്ല ആയ്യൂ ദൂരെ വലിച്ചെറിയപ്പെടുന്നതായി നാം കാണുന്നു. ഇതുപോലെത്തന്നെയാണ് ചില മതങ്ങളുടെ ഇന്നത്തെ നില. സത്യം, സമത്വം, സാഹോദയ്യം എന്നീ ഗുണത്രയങ്ങളെ മാത്രം ലക്ഷ്യംവെച്ചുകൊണ്ടു തുടങ്ങിയ മതങ്ങളത്രയും ദുഷിച്ച കോഴിമുട്ടയുടെ കാര്യം പറഞ്ഞതുപോലെ ആയിത്തീന്നിരിക്കയാണ്. ഓരോ മതങ്ങളിലേയും സ്വാർത്ഥപ്രിയന്മാരായ പുരോഹിതവഗ്ഗമാണ് മതത്തെ ദുഷിപ്പിച്ചതെന്ന കാര്യവും നിസ്തക്കമത്രെ. "വല്ലാത്ത "മത" പ്രഭാവത്തിനേക്കാരം ഇല്ലാത്ത

"മത"പ്രഭാവം വിശിഷ്ടം" എന്നു മനോശുദ്ധിയുള്ള ചിന്തകന്മാർ ആക്രോശിക്കാൻ തുടങ്ങിയതും മറെറാന്നുകൊണ്ടുമല്ല അതിനാൽ "Either end it or ment it" അതായതു "ഒന്നുകിൽ അതു ചൊവ്വാക്കുക അതല്ലങ്കിൽ അതു അവസാനിപ്പിക്കുക." എന്ന നിലവരെ എത്തിച്ചേൎന്നിരിക്കയാണു്. ഇതിന്നു രണ്ടിന്നും, നരബലി, സതി മുതലായവ നിറുത്തലാക്കിയതുപോലെ, ഗവമ്മേണ്ടിന്നുമാത്രമെ സാദ്ധ്യമാകൂ എന്നുവരെ പലരും ചിന്തിച്ചുതുടങ്ങിയിട്ടുണ്ടു്. എന്നാൽ ഇന്നു അതിന്റെ സ്ഥാനം "ജനകീയശക്തി" തന്നെ ഏറെറടുത്തിരിക്കകൊണ്ടു രണ്ടാലൊന്നു വിദൂരമല്ലാത്ത ഭാവിയിൽ സംഭവിക്കുമെന്നു കരുതാം. എന്നെ സംബന്ധിച്ചു പറകയാണെങ്കിൽ "mend it" എന്ന ഭാഗത്തേക്കാണു് ഞാൻ ചേരുക എന്നുകൂടി വ്യക്തമാക്കട്ടെ. എന്നെപ്പററി പലരും തെററിദ്ധരിച്ചിരിക്കകൊണ്ടാണു് ഒന്നുകൂടി ഞാനിതു എടുത്തുപറയുന്നതു്.

പൂൎവ്വനിവാസികളുടെ മതബോധത്തെപ്പററി ചരിത്രത്തിന്റെ ഏടുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ചില സംഗതികളിലേക്കു വായനക്കാരുടെ ശ്രദ്ധ പതിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സൂൎയ്യന്റെ ചൂടും പ്രഭയും കണ്ടു വിസ്മയിച്ച അക്കൂട്ടർ എന്തൊ ദുർഗ്രാഹ്യമായ ഒരു ശക്തിവിശേഷമായി അതിനെ പരിഗണിച്ചതിന്റെ ഫലമായി സൂര്യനെ "ദൈവ"മായി ആരാധിക്കുവാൻ തുടങ്ങി. സൂൎയ്യനമസ്കാരവും, സൂര്യാരാധനയും മതചടങ്ങുകളുടെ അവശിഷ്ടമായി ഇന്നും നിലനിന്നുവരുന്നു. എന്തെങ്കിലും ഒന്നു ദൃഢമായി വിശ്വസിച്ചു കഴിഞ്ഞാൽപ്പിന്നെ പ്രസ്തുത വിശ്വാസം തലമുറകളായി പരമ്പരാഗതമായി നിലനിന്നുവരുമെന്നുള്ളതു മനശാസ്ത്രപരമായ ഒരു സംഗതിയാണു്. സൎപ്പദംശനമേററു മൃതിയടഞ്ഞ പൂൎവ്വികന്മാർ, തങ്ങളെ കൊല്ലുവാൻപോലും കഴിവുള്ള ഇഴജന്തുക്കളെ ദൈവത്തിന്റെ അവതാരമായി കരുതിയിരിക്കു

ണം. പാമ്പുകടിയേററു മരിക്കാതിരിക്കാൻ അവർ പാമ്പുകളു ടെ സേവപിടിക്കാൻ ശ്രമിച്ചതും നമുക്കു കാണാം. സർപ്പദംശനമേല്ക്കാതിരിക്കാൻവേണ്ടി അക്കൂട്ടർ സർപ്പത്തിൻെറ രൂപത്തിലു ള്ള ബിംബങ്ങൾ ഉണ്ടാക്കുകയും പുരോഹിതന്മാരെയും പുരോഹിതന്മാരെക്കൊണ്ടു സർപ്പക്കാവുകളിൽ പൂജകഴിപ്പിക്കുകയും ചെയ്തതായി പറയുന്നു. മൂശയുടെ കാലത്ത്, പഴയനിയമത്തിലും ചിലയാളുകൾ സർപ്പത്തിൻെറ രൂപത്തിലുള്ള ബിംബങ്ങൾ ഉണ്ടാക്കിയതായി കേട്ടിട്ടുണ്ട്. സർപ്പത്തിൻെറ കോപത്തിൽനിന്നു രക്ഷ കിട്ടുവാൻ ബിംബാരാധന സ്വീകരിച്ച അക്കൂട്ടരെ പലരും വെറുക്കുന്നുണ്ടെങ്കിലും, ബിംബാരാധനയെ എതിർത്ത ക്രിസ്തുവിൻെറ അനുയായികളിൽ പലരും ഇന്നും ബിംബാരാധനയെ പരോക്ഷമായി അനുകൂലിക്കുന്നുവെന്നു പറയാതെ നിവൃത്തിയില്ല.

മരണഭയത്തിൽനിന്നാണ് ദൈവഭയം ഉണ്ടായതെന്നു നമുക്കു കാണാം. "ദൈവഭയം ജ്ഞാനത്തിൻെറ ആരംഭം" എന്നതിൻെറ സ്ഥാനത്തു "ചിന്തയും യുക്തിവാദവും ജ്ഞാനത്തിൻെറ ആരംഭം" എന്നു തിരുത്തിവരികയാണ്. എന്തുകൊണ്ടെന്നാൽ, നമ്മിൽ പലരേയും യുക്തിയിൽനിന്നു ചിന്തയിലേക്കും അവിടെനിന്നു വീണ്ടും യുക്തിയിലേക്കും, അവിടെനിന്നു സത്യത്തിലേക്കും നയിച്ചിട്ടുള്ള ചില സന്ദർഭങ്ങളുണ്ടായതായി നമുക്കുകാണാം. സത്യം ഇന്നതാണെന്നു മനസ്സിലായിട്ടും നാമതിനെ സ്വീകരിക്കാത്തതു നമ്മുടെ സാഹചര്യങ്ങളും, സാമ്പത്തിക ദുസ്ഥിതിയും അതിനു നമ്മെ അനുവദിക്കാത്തതുകൊണ്ടാണ് "എങ്ങിനെയെങ്കിലും ഒക്കെ ആയിക്കോട്ടെ, നമുക്കെന്താ നഷ്ടം?" എന്ന ചിന്താഗതിയാണ് പലരിലും ഉടലെടുത്തുകാണുന്നത്.

മരിച്ചു കഴിഞ്ഞാൽപ്പിന്നെ മറുലോകത്തിൽ ചെന്നെത്തുമ്പോഠം കരുണകാണിക്കുന്നതിന്നുവേണ്ടി ഇപ്പോഠംതന്നെ നാം ദൈവത്തിന്റെ സേവപിടിക്കുകയാണ്. "ദൈവ"മെ എന്ന ചിന്തയിൽ സൽകൃത്യങ്ങഠംചെയ്തും സഹോദരസ്നേഹത്തോടുകൂടിയും ജീവിച്ചാൽ തകരാറില്ല. എന്നാൽ മതബോധവും അതിന്റെ ഒച്ചപ്പാടുകളും അധികം കാണുന്ന സ്ഥലങ്ങളിൽ പരസ്നേഹരാഹിത്യവും, പൈശൂന്യവും സങ്കചിതമനോഭാവവുമല്ലാതെ മറെറന്താണ് കാണുന്നതു്?

സ്വസഹോദരനെ തന്നെപ്പോലെ തന്നെ ഒരു മനുഷ്യനായി കണക്കാക്കി മനുഷ്യത്വത്തോടുകൂടി ജീവിക്കുന്നതിലും വലിയ "മതം" ഇല്ലെന്നു സമ്മതിക്കാം. എന്നാൽ വ്യത്യസ്ത മതങ്ങഠം നിലനില്ക്കുന്നപക്ഷം ഓരോ മതവിശ്വാസികളും തങ്ങളുടെ മതത്തിന്നു പ്രത്യേകമായ വൈശിഷ്ട്യവും പ്രാമാണ്യവും കല്പിച്ച് ഇതരമതസ്ഥരെ അവഹേളിക്കുന്നതും, തമ്മിൽതല്ലി നശിക്കുന്നതും, വെവ്വേറെ ചേരികളിൽനിന്നുകൊണ്ടു വെട്ടിക്കൊല്ലുന്നതുമായ കാഴ്ചകഠം നാം കണ്ടുവരാറില്ലേ? ആത്മാവിന്നു മോക്ഷം കിട്ടാനെന്നുള്ള ലക്ഷ്യത്തോടുകൂടി വത്തിക്കുന്ന മതംകൊണ്ടു ശരീരത്തിന്നു അരക്ഷിതാവസ്ഥ വരുത്തിതീക്കുന്നതു കഷ്ടമല്ലേ?

ഏദൻതോട്ടത്തിൽ ഒരു സപ്പംചെന്നുവെന്നു നാം കേട്ടിട്ടില്ലേ? ആ സപ്പത്തെക്കണ്ടയുടൻ അവിടത്തെ നിവാസികഠം അതിനെ ഉപദ്രവിക്കാൻ ഒരുമ്പെട്ടില്ലെന്നും, എന്നാൽ പിന്നീടു അവന്റെ ചടുവാക്യങ്ങളിൽ കുടുങ്ങി ആദിമാതാവായ ഹവ്വാ നാശത്തിൽ നിപതിച്ചുവെന്നും നാം കേട്ടിട്ടുണ്ടു്. സപ്പം ഉപദ്രവകാരിയായിത്തീന്നപ്പോഴാണ് ദൈവം സപ്പത്തെ ശപിച്ചതു്. "നിന്റെ തലയെ അവർ ചതക്കും" എന്ന ശാപവചനമാണ് ദൈവം സപ്പത്തിന്നു നല്കിയതു് സപ്പമാകുന്ന മതത്തിന്റെ

നേക്ക പ്രസ്തുത ശാപവചനം ഫലിച്ചിരിക്കുകയാണോ എന്നുതോന്നും. മതമാകുന്ന മനോഹര സർപ്പം അതിൻെറ തനിനിറം ഗോപനംചെയ്തുകൊണ്ട്, മനുഷ്യരെ ഉപദ്രവിക്കുന്ന പദ്ധതികളിൽ വ്യാപൃതരായെന്നു ബുദ്ധിയുള്ള മനുഷ്യർക്ക ബോദ്ധ്യംവന്നതുകൊണ്ടാണ് മനോവേദനയോടുകൂടിയെങ്കിലും, ഓപ്പറേഷൻ കഴിക്കുന്ന ഒരു വിദഗ്ദ്ധനായ ഡോക്ടരെപ്പോലെ, പലരും ശസ്ത്രക്രിയോപകരണങ്ങളുമേന്തി മതത്തെ സമീപിക്കുന്നതു മതമാകുന്ന മനോഹരസർപ്പത്തെ ഭൂമുഖത്തുനിന്നു പാടേ വിപാടനംചെയ്യരുതെന്നും, മററു ജന്തുക്കളെപ്പോലെ അവനും അങ്ങിങ്ങായി ഇഴഞ്ഞു നടന്നുകൊള്ളട്ടെയെന്നും തല്ക്കാലം അവൻെറ വിഷപ്പല്ലുകളാകുന്ന മതതട്ടിപ്പുകൾ—സാധുജനചൂഷണം, കപടഭക്തി മുതലായവ—എടുത്തുകളഞ്ഞാൽ മതിയെന്നും, എന്നിട്ടും അവൻ ചൊവ്വാവുന്ന മട്ടു കാണാത്തപക്ഷം, തച്ചുകൊന്നാൽ മതിയെന്നും മിതവാദികളായ പലരും അഭിപ്രായപ്പെട്ടുവരുന്നുണ്ട്. സാക്ഷാൽ ക്രിസ്തുപോലും ഇത്തരമൊരാശയ ഗതിക്കാരനായിരുന്നുവെന്നു അദ്ദേഹത്തിൻെറ ജീവചരിത്രത്തിലെ ഓരോ സംഭവങ്ങളും തെളിയിക്കുന്നുണ്ട്. മഹാനായ നെഹറു ഒരിക്കൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്. അതായത് "ഇന്ത്യയുടെ സ്വാതന്ത്ര്യവും ഐകമത്യവും എന്നു പറഞ്ഞാൽ അതു ഏതെങ്കിലും ഒരു മതവിഭാഗത്തിൻെറ ഐകമത്യമല്ല. സമുദായ വ്യവസ്ഥിതിയിലും ജനാധിപത്യഭരണസമ്പ്രദായത്തിലും വിശ്വസിക്കുന്നവരായ നാം ഒരു വിഭാഗം ജനങ്ങളെ വലിയവരായിട്ടും മറെറാരു വിഭാഗം ജനങ്ങളെ ഹീനരായിട്ടും വേർതിരിച്ചുനിർത്തുന്ന ജാതിമത സമ്പ്രദായങ്ങളെ നിശ്ശേഷം നശിപ്പിക്കേണ്ടതാണ്. നമുക്കു മറെറാരാളോടും പകയോ വിദ്വേഷമോ ഉണ്ടാകാൻ പാടില്ലാത്തതാകുന്നു. നമ്മുടെ രാജ്യത്തിൻെറ ഭാഗധേയം നാം പരിപൂർണ്ണമായി നിർവ്വഹിക്കേ

ണ്ടാരാണ്’” എന്റെ തൎജ്ജമയിൽ ഊനംതട്ടിയിട്ടുണ്ടോ എന്നു എനിക്കു തീൎത്തുപറഞ്ഞുകൂടാത്തതിനാൽ അദ്ദേഹം പറഞ്ഞ അതേ വാക്കുകൾ ഞാൻ ചുവടെ ഉദ്ധരിക്കാം.

“Remember this, when you talk about the unity of India, it does not mean the unity of one religion or one sect or caste. It means the unity of every individual in India. It means that if you believe in the equality of people in India, if you believe in the socialistic approach, if you believe in the democratic approach, you have to put an end to every barrier that put some people high up and some people low down It means the breaking up of the cast-system that has pursued us and seperated us into different compartments We should have no malice, no ill will, no anger against anybody and thus fulfil the distiny of the great country of ours”

ചിന്തകനായ ജയപ്രകാശ് മറെറാരിടത്തു പറഞ്ഞിട്ടുള്ളതും ഇത്തരുണത്തിൽ പ്രസ്താവയോഗ്യമാണ്. അദ്ദേഹം പറയുന്നു “പുരാതനകാലത്തു മതം ഒരു കേന്ദ്രസിദ്ധാന്തമായിരുന്നു. ഒരു സംഗതി ശരിയാണെന്നോ തെററാണെന്നോ മതസിദ്ധാന്തങ്ങൾ വെച്ചു ആലോചിക്കാമായിരുന്നു മതം ജീവിതപ്രശ്നങ്ങളിൽനിന്നു അകന്നുപോയതിനാൽ മതത്തിന്നു ജീവിതത്തിൽ സ്ഥാനമില്ലാതായിട്ടുണ്ട്. ഇന്നു മതത്തിന്റെ ബാഹ്യപ്രകടനങ്ങൾ ഉണ്ടെങ്കിലും ആൎക്കും, അതിൽ വിശ്വാസമില്ലാതായിത്തീൎന്നിട്ടുണ്ട്. ഒരു പ്രത്യേക സംഗതി ശരിയാണോ തെററാണോ എന്നു സംശ

യം തീക്കാൻ ഇന്നു മററൊരു സ്റ്റാൻഡേർഡ് (standard) ആവശ്യമാണ്. അതു മനുഷ്യൻതന്നെ ആകാവുന്നതാണ് ഓതാണു മനുഷ്യത്വം എന്നു പറയുന്നതും. നാം മനുഷ്യജീവികളാണെന്ന ബോധം നമുക്കുണ്ടെങ്കിൽ മനുഷ്യോചിതമല്ലാത്ത യാതൊന്നും നാം ചെയ്യുകയില്ല. സദാ ശരിയായ മാർഗ്ഗത്തിൽ ചരിച്ചുകൊള്ളും''

മതത്തിൻെറ ബാഹ്യപ്രകടനങ്ങളായ പള്ളിയിൽപോക്കും, മാമ്മോദീസമുങ്ങിക്കലും, വിവാഹമെന്ന കൂദാശയും മററും നടത്തികിട്ടുവാൻ പുരോഹിതനെ സമീപിക്കുന്നതും, അമ്പലത്തിൽ പ്പോയി ദേവനെ തൊഴുന്നതും മററും ഇക്കാലത്തും നിർല്ലോഭമായി നടന്നുവരുന്നുണ്ടെങ്കിലും ശരിയായ എരിവോ മതശുശ്രൂഷാന്തിയോ പലരിലും ഇല്ലെന്ന കാര്യം പകൽവെളിച്ചംപോലുള്ള ഒരു പരമാൎത്ഥം മാത്രമാണ്. ജീവിതത്തിലെ മററിതരപ്രവർത്തനപരിപാടികളും ബാഹ്യപ്രകടനങ്ങളായ ഇത്തരം കൎമ്മങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന കാര്യം നിസ്സംശയമാണ്. വേദമോതുന്ന പുരോഹിതനും ശ്രവിക്കുന്ന വിശ്വാസികളും ഇക്കാര്യത്തിൽ ഒരേ നിലയാണ് അനുവർത്തിച്ചുകാണുന്നതു്.

''പുരോഹിതന്മാർ നമ്മെ ഉപദേശിക്കുന്നുണ്ടെങ്കിലും, അവരുടെ ഉപദേശങ്ങളും പ്രവർത്തിയും തമ്മിൽ പൊരുത്തമില്ലാത്തതുകൊണ്ടു വിശ്വാസികളായ നമ്മൾക്കതു അനുസരിക്കാൻ കടമയില്ലെന്നു'' വിശ്വാസികളും, ''നിങ്ങൾ ഞങ്ങളുടെ ഉപദേശങ്ങൾ കേട്ടു ചൊവ്വാകുവാൻ നോക്കിയാൽ മതി. പ്രവൃത്തിയെ നിങ്ങൾ വിമൎശിക്കേണ്ട. സത്യസഭയെ വഞ്ചിക്കാനോ സഭയാൽ വഞ്ചിക്കപ്പെടുവാനോ സാദ്ധ്യമല്ല'' എന്നും മററുമുള്ള കുറംകൌശലങ്ങളിന്മേൽ കടിച്ചുതൂങ്ങി സ്വാൎത്ഥംനേടുവാൻ പുരോഹിതന്മാരും കരുതിവരുന്നതായിട്ടാണ് കാണുന്നതു്. തന്മൂലം മതവിശ്വാസം ഇന്നു ഊൎദ്ധശ്വാസം വലിക്കയാണ്.

കടപ്പെട്ട ദിവസത്തിന്റെ ആചരണത്തെക്കുറിച്ചു സ്വല്പമായി പ്രതിപാദിക്കാം.

സത്യക്രിസ്ത്യാനികൾക്കു ഞായറാഴ്ചകളിലും കടപ്പെട്ട ദിവസങ്ങളിലും കൂലിപ്രവൎത്തികൾ എടുക്കുന്നതും പള്ളിയിൽപോയി കുർബ്ബാന കാണാതിരിക്കുന്നതും "ചാവുദോഷ (mortal sin) ത്തിൻ"കീഴ് കടപ്പെട്ട കാൎയ്യങ്ങളാണ്. ഈ നിയമം ലംഘിക്കുന്നവർ നശിച്ചു നരകത്തിൽ പോകുമെന്നാണ് വെപ്പ്. എന്നാൽ പ്രസ്തുത കടപ്പെട്ട ദിവസങ്ങളിൽതന്നെ കുർബ്ബാന ചൊല്ലുന്നതിനും പള്ളിയിൽ പ്രസംഗം നടത്തുന്നതിനും (പള്ളിയിൽ പെരുന്നാൾ ആഘോഷങ്ങൾ ഞായറാഴ്ച ദിവസങ്ങളിൽ കൊണ്ടാടാറുണ്ടെന്നു മാന്യ വായനക്കാർ ഓൎക്കണം) പ്രദക്ഷിണം നടത്തുന്നതിനും ശവസംസ്കാരചടങ്ങുകൾ നിൎവ്വഹിക്കുന്നതിനും മറ്റിതര പൌരോഹിത്യകൎമ്മങ്ങൾക്കും പ്രതിഫലം വാങ്ങുന്നതിനും പ്രസ്തുത നിയമം ലംഘിതമായിക്കാണാറില്ല. അതും പോരാ കടപ്പെട്ട ദിവസങ്ങളിൽ പുരോഹിതന്മാൎക്കുള്ള ഭക്ഷണം തയ്യാറാക്കുന്ന വേലക്കാരനു വേതനം നല്കുന്നതും, ഞായറാഴ്ച ദിവസങ്ങളിലും മറ്റും റിക്ഷാവണ്ടിയിൽ കയറിപ്പോകുന്നതിനുള്ള വേലക്കൂലി കൊടുക്കുന്നതും അത്തരം വേല ചെയ്യിക്കുന്നതും പുരോഹിതന്മാർ സാധാരണയായി ചെയ്തുവരാറുള്ള കാൎയ്യമാണ്. അതൊന്നും പ്രമാണലംഘനമായി വ്യാഖ്യാനിച്ചു കേട്ടിട്ടില്ല. അത്യാവശ്യം (Emergency) എന്ന ലേബൽ ഇവയിന്മേൽ ഒട്ടിയിരിക്കുന്നതായി പറയപ്പെടുന്നു. പള്ളിപണിയും മറ്റും കടപ്പെട്ട ദിവസങ്ങളിൽ ഉഷാറായി നടത്തിവരുന്നുണ്ട്. ആയതു ദൈവകാൎയ്യമായും വ്യവഹരിക്കപ്പെട്ടുവരുന്നു. കാൎയ്യമൊക്കെ യുക്തിപൂൎവ്വമാണ് നടത്തുന്നതെങ്കിലും, സാധാരണക്കാൎക്കിതൊക്കെ കണ്ടാൽ മറ്റൊന്നാണ് തോന്നുക. പുരോഹിതന്മാൎക്കു തോന്നുമ്പോഴും

തോന്നിയ വിധത്തിലും പ്രമാണലംഘനം നടത്താനുള്ള പ്രത്യേക മായ ലൈസൻസു കിട്ടിയിട്ടുണ്ടെന്നായിരിക്കും അവർ കരുതുക. എന്നാൽ വിശ്വാസികൾക്ക—സാമ്പത്തികമായി താഴെക്കിടയിലുള്ള വിശ്വാസികൾക്ക—പ്രമാണലംഘനത്തിന്നു ലൈസൻസില്ലെന്നാണു പലരും കരുതുന്നത്. എന്തുകൊണ്ടെന്നാൽ ദാരിദ്ര്യത്തിന്റെ പേരിലൊ, ക്രൂരമായ സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലമോ, ഏതെങ്കിലും സാധു തൊഴിലാളി പള്ളിയിൽ പോകാതിരിക്കുകയോ വേലപ്രവൃത്തി എടുക്കുകയോ ഞായറാഴ്ചയോ മറേറാ നിസ്സാരമായ വല്ല വ്യാപാരങ്ങളിൽ ഏർപ്പെടുകയോ ചെയ്തുവെന്നു പള്ളിയിൽ അറിഞ്ഞാൽ, പുരോഹിതന്മാർ പ്രസംഗമണ്ഡപത്തിൽനിന്നുകൊണ്ടു സത്യത്തിന്റെ പടവാളുവീശുന്നതു നാം കണ്ടുവരാറുണ്ട്. അത്തരത്തിലുള്ള ഒരു സാധുവിന്നു സമുദായത്തിലും മോക്ഷത്തിലും സ്ഥാനമില്ലെന്നംവരെ അവർ തട്ടിവിടും. എന്നാൽ പുരോഹിതന്മാർ ഞായറാഴ്ച ദിവസങ്ങളെ അതിന്റെ ശരിയായ അർത്ഥത്തിൽ ആചരിച്ചുവരുന്നില്ലെന്നു മനസ്സിലാക്കിയിട്ടുള്ള തൊഴിലാളികൾ സമുദായഭ്രഷ്ടിനെ ഭയന്നു പുരോഹിതനെ കീഴ്‌വഴങ്ങിവരുന്നതായി നാം കാണുന്നു. പുരോഹിതനെ അനുസരിക്കാത്തവനെ സമുദായ മദ്ധ്യത്തിലിട്ടു ചെണ്ടകൊട്ടിക്കാൻ പുരോഹിതവർഗ്ഗത്തിന്നുള്ള മിടുക്ക ഒന്നു വേറെത്തന്നെയാണ്. മതനിയമങ്ങളെ ആചരിക്കുന്നതു വിശ്വാസതീഷ്ണതകൊണ്ടെന്നതിനേക്കാൾ സമുദായഭ്രഷ്ടിനെ ഭയന്നിട്ടാണെന്നു പറഞ്ഞുവരികയാണ്. സത്യകൃസ്ത്യാനികളുടെ ദേവാലയത്തിൽ യേശുക്രിസ്തു സദാ സമയവും എഴുന്നെള്ളിയിരിക്കുന്നുവെന്നാണ് വിശ്വാസം പഠിപ്പിക്കുന്നതു്. ആത്മാർത്ഥമായി ഇതു വിശ്വസിക്കുന്നവർ–പ്രത്യേകിച്ചു പുരോഹിതന്മാർ—സദാസമയവും പള്ളിയിൽത്തന്നെ പാർപ്പുറപ്പിക്കുമെന്നു പറയാം. എന്നാൽ നാം കണ്ടുവരുന്നതെന്താണ്? ആഘോഷമായ പരിപാടികളില്ലാത്ത അവസരങ്ങ

ളിൽ കത്തോലിക്കാ ദേവാലയങ്ങൾ പലതും ശൂന്യവും നിർജ്ജീവവുമായിട്ടല്ലെ കാണുണതു്? വിശ്വാസമുണ്ടെങ്കിലും, അതിന്നനുസരിച്ചുള്ള പ്രവൃത്തികൾ പലരിലും കാണാറില്ലെന്നുള്ളതിന്നു ഒരു സാമ്പിളായി ഇത്രയും കുറിച്ചുവെന്നേയുള്ളൂ.

മനുഷ്യനായാൽ മനുഷ്യത്വം എന്ന മാനദണ്ഡമാണ് സ്വീകരിക്കേണ്ടതു്. മതഘടടങ്ങുകൾ മനുഷ്യത്വത്തിന്നെതിരായി നിലകൊള്ളുന്നുണ്ടെങ്കിൽ അതു തുടച്ചുമാററണമെന്നാണ് പലരുടേയും അഭിപ്രായം എന്നാൽ മതവിഭ്രാന്തിയാൽ പ്രേരിതരായ പലരും മനുഷ്യത്വത്തെ മാനിക്കാതെ, ആചാരങ്ങളിന്മേലും നടപടികളിന്മേലും മാത്രം കടിച്ചുതൂങ്ങുന്ന കാഴ്ച പരിതാപകരംതന്നെ.

പണ്ടു് യഹൂദജനങ്ങൾക്കിടയിൽ മൂശെ എന്നു പേരായ ഒരു പ്രവാചകനുണ്ടായിരുന്നു അദ്ദേഹത്തിന്നു "ദൈവം" ഒരു മലയിൽവെച്ചു കാണപ്പെട്ടു കൽപലകയിന്മേൽ എഴുതിക്കൊടുത്തതാണത്രെ പത്തു വേദപ്രമാണങ്ങൾ. പഴയ നിയമത്തിലാണ് ഇതു പ്രസ്താവിച്ചുകാണുന്നതു്. കണ്ടമാനം കൊള്ളരുതാത്ത ജീവിതംനയിച്ചിരുന്ന അന്നത്തെ യഹൂദജനതയെ സമുദായ ജീവിതക്രമം പരിശീലിപ്പിക്കുന്നതിന്നുവേണ്ടി മൂശെ എടുത്ത ഒരു വിദ്യയായിരിക്കണം പ്രമാണങ്ങൾ ദൈവം നേരിട്ടു അദ്ദേഹത്തിന്നു എഴുതിക്കൊടുത്തുവെന്നു പറഞ്ഞതു്. എന്നാൽ പ്രസ്തുത പ്രമാണങ്ങളെ അന്നത്തെ പുരോഹിതന്മാർതന്നെ പലതരത്തിലും വ്യാഖ്യാനിച്ചുവന്നിരുന്നു. സാബത്തുദിനം അക്കാലത്തു ശനിയാഴ്ചയാണ് ആചരിച്ചുവന്നിരുന്നതു്. പിന്നീടതു ഞായറാഴ്ചയാകുവാൻ ഇടയായതു എന്തുകൊണ്ടാണെന്നു എനിക്കറിയില്ല അതെന്തെങ്കിലുമാകട്ടെ. കൃത്യമായ സാബത്തുദിനാചരണത്തിന്നു വേണ്ടി (verbal observation of the law) കപടഭക്തരായ യഹൂദ ജനതതി, തലേദിവസംതന്നെ ഭക്ഷണം തയാർചെയ്തിരു

നു. സാബത്തുദിനത്തിൽ ഭക്ഷണം പാകംചെയ്യുന്നതുപോലും സാബത്തുലംഘനമാണെന്നായിരുന്നു അവർ കരുതിയിരുന്നതു്. എന്നാൽ ജുഗുപ്സാവഹങ്ങളായ പല കാര്യങ്ങൾ ചെയ്യുന്നതിന്നും അവസാനം, നീതിമാനായ ക്രിസ്തുവിനെ കുരിശിൽ തറച്ചുകൊല്ലുന്നതിന്നുപോലും അവക്കു മനസ്സാക്ഷിക്കടി ഉണ്ടായില്ലെന്നു നാം ഓക്കണം. തങ്ങൾ ദൈവഭക്തരാണെന്നു മററുള്ളവരെ അറിയിക്കുന്നതിന്നുവേണ്ടി ഇക്കൂട്ടർ തെരുവീഥികളിൽ മുട്ടുകുത്തി പരസ്യപ്രാർത്ഥന നടത്തുകയും, പ്രായശ്ചിത്തത്തിൻെറ സ്മാരകമെന്നോണം തലയിലും മുഖത്തും ചാരം പൂശുകയും മററും ചെയ്യാറുണ്ടായിരുന്നു. എന്നാൽ മററുള്ളവരെ കാണിക്കാൻവേണ്ടി ഭക്തിനടിക്കുന്ന ഇക്കാലത്തെ സത്യക്രിസ്ത്യാനികളേയും പുരോഹിതന്മാരെയുംപോലെത്തന്നെ, ഇക്കൂട്ടരും രഹസ്യമായി പല തോന്നിവാസങ്ങളും കൊള്ളരുതായ്മകളും ചെയ്തിരുന്നു. ഇതറിഞ്ഞിരുന്ന ക്രിസ്തു അവരെ "വെള്ളപൂശിയ കുഴിമാടങ്ങളെന്നും" "ചെമ്മരിയാടിൻെറ വേഷത്തിലുള്ള ചെന്നായ്ക്കളെന്നും" അഭിസംബോധനം ചെയ്തു. അദ്ദേഹം ഇവരിൽ ചൊരിഞ്ഞ ശാപശരങ്ങൾക്കററമില്ല. പുരോഗമനവാദിയായിരുന്ന ക്രിസ്തുവിന്നു പഴഞ്ചൻ പ്രമാണങ്ങളെ അന്ധമായി വിശ്വസിച്ചു നടന്നിരുന്ന യഹൂദജനതതിയുടെ ആത്മാർത്ഥതയിൽ അശേഷവും വിശ്വാസമുണ്ടായിരുന്നില്ല.

ശാബത്തു് ദിനത്തിലൊരിക്കൽ ക്രിസ്തുവും ശിഷ്യന്മാരും കൂടി ഒരു വയലിൽക്കൂടെ നടന്നുപോകുമ്പോൾ, തൻെറ ശിഷ്യന്മാർ വയലിലെ ഗോതമ്പുമണികൾ പെറുക്കിത്തിന്നതു കണ്ട ചില യഹൂദപ്രമാണികൾ ക്രിസ്തുവിനോടു ഇപ്രകാരം ചോദിച്ചു "നിൻെറ ശിഷ്യന്മാർ ശാബത്തു് ലംഘിക്കുന്നതു നീ കാണുന്നില്ലേ?". ഇതിന്നു ക്രിസ്തു പറഞ്ഞതെന്താണെന്നോ? "മനുഷ്യൻ ശാബതത്തിന്നുവേണ്ടി സൃഷ്ടിക്കപ്പെട്ടവനല്ല. ശാബതത്തിൻെറ നാഥനാണു്." എന്നാണു്!

പിന്നീട് ഒരിക്കൽ ശാബത്ദിനത്തിൽ ഒരു രോഗിയെ സുഖപ്പെടുത്തിയ കർത്താവിനെ യഹൂദപ്രമാണികൾ വെറുതെ വിട്ടില്ല. 'സാബത്തുദിനത്തിൽ' യാതൊരു പ്രവർത്തിയും ചെയ്തുകൂടെന്ന മൂശയുടെ പ്രമാണം അവർ അദ്ദേഹത്തെ അനുസ്മരിപ്പിച്ചു. അപ്പോൾ ക്രിസ്തു അവരുടെ മൂഢവിശ്വാസത്തേയും കപടഭക്തിയേയും മനസ്സിലാക്കിക്കൊണ്ടു അവരോടു ചോദിച്ചു. "നിങ്ങളിൽ ആരുടെയെങ്കിലും കാളയോ കഴുതയൊ കിണററിൽ വീണുപോയാൽ സാബത്തുദിനമാണെന്നുകരുതി നിങ്ങളിൽ ആരാണതിനെ കരക്കു കയററാതിരിക്കുക?"

നന്മചെയ്യുന്നതിനും അത്യാവശ്യമായ മററിതരകാര്യങ്ങൾ നിർവഹിക്കുന്നതിനും ശാബത്തുദിനം വിഘാതമായിരിക്കേണ്ടതില്ലെന്നാണ് ഇതിൽനിന്നു തെളിയുന്നതു്.

ഒരു സാധു തൊഴിലാളിക്കു ഒരുപക്ഷെ ഞായറാഴ്ചയും കടപ്പെട്ട ദിവസങ്ങളിലും ജോലി ചെയ്തില്ലെങ്കിൽ അവനും അവൻെറ കുടുംബവും പട്ടിണികിടക്കേണ്ടതായി വന്നേക്കാം. എന്നാൽ പ്രസ്തുത തൊഴിലാളി കൂലിവേല ചെയ്യരുതെന്നു വിലക്കുന്ന വ്യക്തി തീച്ചയായും അവൻെറ കുടുംബത്തിന്നുള്ള "അന്നന്നത്തെ അപ്പ"മെങ്കിലും കൊടുക്കാൻ ബാദ്ധ്യസ്ഥനാണ്. ഓരോ കത്തോലിക്കാ ഇടവകകളിലും ഇതിലേക്കു ഒരു ഫണ്ടുണ്ടാക്കി അർഹരായ തൊഴിലാളി സുഹൃത്തുക്കൾക്കു ഭക്ഷണമോ പണമോ നല്കി പ്രമാണലംഘനത്തിൽനിന്നു അവരെ വിമോചിപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്. എന്നാൽ മുമ്പു പ്രസ്താവിച്ചതുപോലെ എരിയുന്ന ഹൃദയത്തിൽ സമാധാനത്തിൻെറ ഒരിററു കുളിർജലമെങ്കിലും ഒഴിച്ചുകൊടുക്കുവാൻ ഉള്ള സന്മനസ്സെങ്കിലും ഇല്ലാത്ത സ്വാർത്ഥപ്രിയന്മാരായ പുരോഹിതവർഗ്ഗത്തോടു ഇതെല്ലാം പറയുന്നതു പോത്തിൻചെകിട്ടിൽ കിന്നരമൂതുന്നതുപോലെയാണെന്നു മാ

ത്രം. പണസഹായം വേണ്ട—നല്ലവാക്ക പറഞ്ഞു അഗതികളേയും ദരിദ്രരേയും നോവുതിന്നുന്ന മററിതര മനുഷ്യജീവികളേയും സമാധാനിപ്പിക്കുവാൻ ഇന്നുള്ള പുരോഹിതന്മാർ ഒരുമ്പെട്ടാൽ ക്രിസ്തീയ അരുപിയും ചൈതന്യവും അവക്കുണ്ടെന്നു സമ്മതിക്കാം. പക്ഷെ കൂദാശനിവ്വഹണ ബഹളത്തിന്നിടക്ക മനുഷ്യത്വത്തിന്നിണങ്ങുന്ന ഇത്തരം പരിപാടികഠംക്ക ഇവക്കു സമയംകിട്ടുന്നില്ല. കാലത്തു കർബ്ബാന, അതു കഴിഞ്ഞു കാപ്പി; — ജ്ഞാനവായന,—പിന്നെ നമസ്കാരം, കഞ്ഞി—പ്രകൃതിയുടെ മററാവശ്യങ്ങഠം,—ഊണു് ഉറക്കം, കുമ്പസാരിപ്പിക്കൽ—ഉച്ചതിരിഞ്ഞു 'ലെലിയ' 'സപ്ര' മുതലായ നമസ്കാരങ്ങഠം, ശവസംസ്കാരചടങ്ങുകഠം എന്നിങ്ങനെ പോകുന്നു ഒരു വൈദീകൻെറ ജീവിതപരിപാടി. ഇതിൽ പരോപകാര പ്രവത്തികഠംക്കുള്ള സമയം എവിടെ? ക്രിസ്തു പാലസ്തീൻ രാജ്യത്തിൽ അഗതികളേയും മററും ശുശ്രൂഷിച്ചിരുന്ന കാലങ്ങളിൽ കൂദാശകളും മററും നവീനരീതിയിൽ ആവിഷ്കരിക്കപ്പെട്ടിട്ടില്ലാതിരുന്നതുകൊണ്ടാണു് അദ്ദേഹത്തിന്നു സൽകൃത്യങ്ങഠം ചെയ്യുവാൻ സമയം കിട്ടിയിരുന്നതു്. ഈ ഇരുപതാം നൂററാണ്ടിലെ നില അങ്ങനെയാണോ? കൂദാശകഠം പോലും ദൈനംദിനം പരിഷ്കാര രീതിയിൽ ആവിഷ്കരിച്ചുവരുന്നതല്ലെ നാം കാണുന്നതു്? മെയ്യനങ്ങാത്ത വിധത്തിൽ എല്ലാം ക്രമീകരിച്ചുവരുന്നു. ശാന്തം പാപം

വേശ്യയെ കല്ലെറിഞ്ഞുകൊല്ലണമെന്നു പഴയ നിയമത്തിൽ എങ്ങാണ്ടോ എഴുതിവെച്ചിരുന്നു. യുക്തിവാദിയായിരുന്ന ക്രിസ്തുവിൻെറ സന്നിധിയിലേക്ക പാപത്തിൽ പിടിക്കപ്പെട്ട ഒരു സാധു സ്ത്രീയെ യഹൂദപ്രമാണികഠം കൂട്ടിക്കൊണ്ടു ചെല്ലുകയുണ്ടായി "നിങ്ങളിൽ പാപം ചെയ്യാത്തവൻ ആദ്യം കല്ലെറിയുക" എന്നാണു് ക്രിസ്തു അവരോടു പറഞ്ഞതു്. ഇതുകേട്ടതോടുകൂടി യഹൂദപ്രമാണികഠം സ്ഥലംവിട്ടു. കാരണം വ്യക്തമാണല്ലോ.

സതീ അഥവാ ഉടന്തടിച്ചാട്ടം പണ്ടകാലത്തെ മതാചാരചടങ്ങുകളിൽ ഉൾപ്പെട്ടിരുന്നുപോലും. ഇന്നു അതു കേൾക്കുമ്പോൾ നമുക്കു ആശ്ചര്യംതോന്നുന്നു. എന്നാൽ ഇന്നുള്ള പല നിയമങ്ങളും അയഞ്ഞയഞ്ഞു വന്നിട്ടു ഒടുവിൽ മനുഷ്യത്വം എന്ന ഏക നിയമം മാത്രം നടപ്പിൽവരുന്ന കാലത്തുണ്ടാകാനിരിക്കുന്ന ഭാവി പൌരന്മാർ ഇന്നത്തെ പല നിയമങ്ങളും കേട്ട് അത്ഭുതം പ്രകടിപ്പിക്കുമെന്ന കാര്യം നാം ഓരോരുത്തരും ഓക്കുന്നതു നന്നായിരിക്കും. പഴയ നിയമത്തിലെ "കല്ലെറിയൽ പ്രസ്ഥാനം" മുഖാന്തിരം എത്രയെത്ര സാധുസഹോദരികളാണ് മൃത്യുവിന്നിരയായതെന്ന കാര്യം നാം ഓത്തുനോക്കേണ്ടതാണ്. വ്യഭിചാരവൃത്തിയിൽ ഭാഗഭാക്കായിരുന്ന മാന്യ വ്യക്തികൾപോലും "വേശ്യ" എന്നു വ്യവഹരിക്കപ്പെട്ടിരുന്ന സാധു യുവതികളെ കല്ലെറിഞ്ഞുകൊല്ലുന്നതിൽ ഉത്സുകരായിരുന്നുവെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. നിയമം കൊണ്ടുള്ള കസത്തുകളിനോക്കുക! ഇന്നും ഇതുതന്നെയല്ലെ നടന്നുവരുന്നതു്? നിയമം നടത്തുന്ന പലരും നിയമലംഘനം രഹസ്യമായി നടത്തിവരുന്നില്ലേ? മതപരമായ നിയമങ്ങളെ ഉദ്ദേശിച്ചാണ് ഞാനിതു പറയുന്നതെന്നു വ്യക്തമാക്കിക്കൊള്ളട്ടെ.

തെററു ചെയ്യാത്തവരായി ആരാണ് ഭൂമിയിലുള്ളതു്? അതല്ലങ്കിൽ യഥാൎത്ഥത്തിൽ തെററുചെയ്യുന്നവൻ ആരു്? എളുപ്പത്തിൽ മറുപടി പറയാവുന്ന ചോദ്യങ്ങളല്ല ഇവരണ്ടും എന്നു വ്യക്തമാണ്. മനുഷ്യത്വത്തിന്നെതിരു പ്രവൎത്തിക്കുന്നവൻ തെററു ചെയ്യുന്നുവെന്നു പറയാം. ഓരോരുത്തരും ചെയ്തുവെന്നു നാം കേൾക്കുന്നതും, കരുതിവരുന്നതുമായ അതേ തെററുകൾ അതുപോലുള്ള സാഹചര്യങ്ങളിൽപെട്ടുപോകുമ്പോൾ നാം ഓരോരുത്തരും ചെയ്തുപോകാറില്ലേ? നാം തെററുകൾ ചെയ്യുമ്പോൾ അതു തെററാണെന്ന ബോദ്ധ്യം നമുക്കില്ലാതായിത്തീരുന്നുവെന്നേയുള്ളു കള്ളസാക്ഷിയും, കളവും, ചതിയും കൊണ്ടുനടക്കുന്നതിന്നു മനുഷ്യരെ പ്രേരിപ്പിക്കുന്ന കാരണങ്ങൾ പലതാണ്.

താഴ്ന്നതും അപര്യാപ്തവുമായ ജീവിതനിലവാരമാണ് മിക്കവരേയും അതിന്നു പ്രേരിപ്പിക്കുന്നതു്. ആരെങ്കിലും സമുദായക്രമത്തിന്നു വിരോധമായി പ്രവർത്തിച്ചാൽ നാം അവരെ പതിതരെന്നു മുദ്രകുത്തുന്നു വളരെ പണ്ഡിതനായ ഒരു മാന്യൻ പറയുന്നതുകേട്ടാലും "നിർമ്മലമായ നീതി ലോകത്തിലാക്കും ഇന്നുലഭിക്കുന്നില്ല. എല്ലാ ഇനത്തിലും അങ്ങനെതന്നെ കൂടുതൽ പവറുള്ള ബൾബുകൾ ഉപയോഗിപ്പാൻ കൂടുതൽ വിദ്യുച്ഛക്തി ആവശ്യമായിരിക്കുന്നതുപോലെ, കൂടുതൽ നീതി ലഭിക്കുന്നതിന്നു കൂടുതൽ പണം ചെലവുചെയ്യേണ്ടിയിരിക്കുന്നു വലിയ ധനവാന്മാൎക്കു മാത്രമെ ഇതു സാദ്ധ്യമാകൂ. സാധുക്കളായ ആളുകൾക്കു വില്ലേജ് കോടതിവിട്ടു മററുയൎന്ന കോടതികളിൽ നടത്തുക സാദ്ധ്യമല്ല. യഥാർത്ഥമായ നീതി ഒരുപക്ഷെ വില്ലേജ് കോടതികളിൽ ഉണ്ടായിരിക്കയില്ല അതിന്നു സുപ്രിംകോടതിയെ ശരണം പ്രാപിക്കേണ്ടിവരും. അതു വലിയ ലക്ഷപ്രഭുക്കൾക്കു മാത്രമെ സാദ്ധ്യമാകൂ അതുകൊണ്ടാണ് നിർമ്മലമായ നീതി സാധുവിന്നു കരഗതമാകാൻ അസാദ്ധ്യമാണെന്നു പറയുന്നതു്. നമ്മുടെ ഏററവും അടുത്തുള്ള വില്ലേജ് കോടതികളിൽപോലും സുപ്രിംകോടതിയിൽനിന്നു ലഭിക്കാവുന്ന അത്ര നീതി ലഭിക്കാറാകുമ്പോൾ മാത്രമെ നീതിവിതരണം ഏറെക്കുറെ സമമാണെന്നു നമുക്കു പറയുവാൻ സാദ്ധ്യമാവുകയുള്ളു."

ഇന്നുള്ള ഉച്ചനീചത്വങ്ങളും അസമത്വങ്ങളും തുടച്ചുനീക്കിയാൽ മാത്രമെ ആസ്ഥ സാദ്ധ്യമാകൂ മതം അതിന്നു വിലങ്ങുതടിയായി മരുവുന്നുണ്ടോ എന്നും മതത്തിൻെറ പേരിൽ നാം വഞ്ചിതരാവുന്നുണ്ടോ എന്നും നാം ഓരോരുത്തരും ആലോചിച്ചുനോക്കണം. സ്വതന്ത്രചിന്താഗതികളിൽക്കൂടി സത്യത്തെ ആരായുക എന്നതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. സത്യം ഒടുവിൽ ജയിക്കു

മെന്നു നാം വിശ്വസിക്കുന്നില്ലേ? അതിനാൽ യഥാർത്ഥ സത്യത്തെ നാം ആരായേണ്ടതല്ലേ?

നമ്മിൽ ഏററവും ദരിദ്രനപോലും ഇന്നു സമ്പന്നന്മാക്കുമാത്രം നല്കിപ്പോരുന്ന ചികിത്സാസമ്പ്രദായങ്ങളും, വിദ്യാഭ്യാസ പരിശീലനങ്ങളും സിദ്ധിക്കാറാകുന്നെങ്കിൽ നമ്മുടെ സമുദായക്രമം ഏറെക്കുറെ ഉടച്ചുവാക്കപ്പെട്ടുവെന്നു നമുക്കു സമാധാനിക്കാം.

ജെസ്റ്റീസ് പി. എ. അയ്യർ പറയുന്നു "താഴ്ന്നതും ഉയന്നതുമായ ശമ്പളവ്യത്യാസം ഇന്ത്യയിൽ 800 ഇരട്ടിയുള്ളപ്പോറം ഇംഗ്ലണ്ടിൽ 80 ഇരട്ടിയും, അമേരിക്കയിൽ 200 ഇരട്ടിയും, റഷ്യയിൽ 120 ഇരട്ടിയുമാണ്. ചാണക്യസൂത്രമനുസരിച്ചു ഒരു ഉദ്യോഗസ്ഥനും മറെറാരു ഉദ്യോഗസ്ഥൻെറ ശമ്പളത്തിൽ 20 ഇരട്ടിയിൽ കവിയരുതു്." എന്നാണ്.

യഥാർത്ഥമായ മതബോധം പരസ്പരസ്നേഹവും ഐകമത്യവും ആണെന്നു മനസ്സിലാക്കി മനുഷ്യത്വത്തോടുകൂടി പെരുമാറുന്നപക്ഷം ഭാസുരമായ ഒരു ഭാവി കെട്ടിപ്പടുക്കുന്നതിന്നു നമുക്കു സാധിക്കുമെന്നും അതിന്നായി നാം കിണഞ്ഞു പരിശ്രമിക്കണമെന്നുംപ്രത്യേകം ഓത്തിരിക്കേണ്ടതാണ്.

എന്നാൽ ഇന്നു മതത്തിൻെറ ബാഹ്യപ്രകടനങ്ങളിൽ മുഴുകിപ്പോകുന്ന നാം ഒരോരുത്തരും, ഈ പറയുന്ന ഞാനും, അതിൻെറ സാക്ഷാത്തായ കാതൽ എന്താണെന്നു മറന്നുപോകുന്നു. ഈ ദുസ്ഥിതി മാററുവാൻ നാം ഓരോരുത്തരും പരിശ്രമിക്കേണ്ടിയിരിക്കുന്നു.

പണ്ടൊരിക്കൽ ഒരു രാജാവു് തൻെറ സവ്വസ്വമായിരുന്ന പ്രിയതമയുടെ അകാലചരമത്തെ അനുസ്മരിപ്പിക്കുമാറു് ഗംഭീര

മായ ഒരു മണിഹമ്മ്യം നിമ്മിച്ചു. പ്രസ്തുക മഹാസൌധത്തിന്റെ മെയിൻഹോളിന്റെ ഒത്തനടുവിൽ തന്റെ പ്രിയതമയുടെ ശവകുടീരം (tomb) സ്ഥാപിക്കുകയുംചെയ്തു. ദിവസംപ്രതി, രാജാവു ഈ ശവകുടീരത്തിന്നു സമീപംചെന്നു കണ്ണീരൊഴുക്കുകയും, തന്റെ പ്രിയതമയുടെ മോഹനസ്മരണകഠം തട്ടിയുണത്തുകയും ചെയ്തുപോന്നു. എന്നാൽ ക്രമേണ അദ്ദേത്തിന്റെ മനോദുഃഖം ശമിച്ചു. ഭാര്യയുടെ അകാലചരമത്തെക്കുറിച്ചുള്ള ചിന്തതന്നെ അദ്ദേഹത്തെ വിട്ടൊഴിഞ്ഞു. മനോഹരമായ മണിഹമ്മ്യത്തെക്കുറിച്ചു മാത്രമായി അദ്ദേഹത്തിന്റെ ചിന്ത അതിലുള്ള ഓരോ കലാശില്പങ്ങളും, പണിത്തരങ്ങളും കണ്ടു അദ്ദേഹം മതിമറന്നു. ഈ കഥ ഞാനധികം നീട്ടിക്കൊണ്ടുപോകുന്നില്ല. ഇപ്പോഠംത്തന്നെ പലക്കും അരോചകമായിത്തോന്നുന്ന പലതും കേഠംപ്പിച്ച "മഹാജനത്തിനീ ഞാൻ ചെവിരുജ" പിടിപ്പിച്ചുവോയെന്നു സംശയമില്ലാതില്ല.

മനോഹരമായ പ്രസ്തുത മണിഹമ്മ്യത്തിന്റെ ചേതോഹാരിതയാൽ മതിമറന്ന രാജാവു് താൻ യാതൊന്നിന്നുവേണ്ടിയാണോ പ്രസ്തുത മണിഹമ്മ്യം പണിതുയത്തിയതു് ആ ലക്ഷ്യം—അതായതു് തന്റെ പൊന്നോമനയായിരുന്ന പ്രിയതമയുടെ അകാലചരമസ്മാരകം—തന്നെ അദ്ദേഹത്തിന്റെ ബോധത്തിൽനിന്നു ദൂരെ അകററവാൻ ഇടവരുകയും, മനോഹരമായ പ്രസ്തുത മണിഹമ്മ്യത്തിന്റെ മെയിൻഹോളിൽ പ്രസ്തുത ശവകുടീരം (tomb) സ്ഥിതിചെയ്യുന്നതുതന്നെ ആ മഹാ സൌധത്തിന്റെ മനോഹാരിതക്കു മാററു കുറയുമല്ലോ എന്നു ഭയപ്പെട്ടു്, ഒരു ദിവസം പ്രസ്തുത ശവകുടീരം അവിടെനിന്നു മാററി വേറെ അകലെ വല്ലയിടത്തും കൊണ്ടു സ്ഥാപിക്കുവാൻ കല്പനകൊടുക്കുകയും രാജകല്പനയനുസരിച്ചു രാജകിങ്കരന്മാർ രാജ്ഞിയുടെ ശവകുടീരം പൊളിച്ചെടുത്തു ദൂരെയുള്ള ഒരു കാട്ടിൽ കൊണ്ടുപോയികളയുകയും ചെയ്തുവെന്നാണു കഥ.

ഇതുപോലെയാണൊ ഇന്നുള്ള ചില മതങ്ങളുടെയും നില എന്നു തോന്നിപ്പോകുകയാണ്. സ്വസഹോദരങ്ങളിൽ ഈശ്വരനെക്കാണുക,—പ്രത്യേകിച്ച അവശനായ സഹോദരൻ "ദൈവപുത്രനാണെ"ന്നു വിചാരിക്കുക, എന്നതാണ് ഓരോ മതത്തിന്റെയും ലക്ഷ്യം. എന്നാൽ മുൻപറഞ്ഞ ശവകുടീരത്തിന്നു പററിയ ഗതികേട്ട് പ്രസ്തുത ലക്ഷ്യങ്ങൾക്ക ബാധിച്ചുവോ എന്നു തോന്നാറുണ്ട്. മതത്തിന്റെ പരിപാവനമായ ലക്ഷ്യം അതിന്റെ ആ ഘോഷമായ ബാഹ്യപ്രകടനങ്ങളുടെ ബൃഹത്തായ സമ്മേളനപ്രഭാവത്താൽ വിസ്മരിക്കപ്പെട്ടുകയും ദൂരെ വർജ്ജിക്കപ്പെട്ടുകയും ചെയ്തിരിക്കയാണെന്നു സാരം.

ഡോക്ടർ രാധാകൃഷ്ണൻ ഒരിക്കൽ പറയുകയുണ്ടായി. "ശ്രീബുദ്ധൻ പഠിപ്പിച്ച പഞ്ചശീലതത്വങ്ങൾ, സത്യം, അഹിംസ, ബ്രഹ്മചര്യം, പരദ്രവ്യരാഹിത്യം (non-stealing), മദ്യവർജ്ജനം എന്നിവയാണ്. ഈ തത്വങ്ങൾ വ്യക്തിജീവിതത്തിലെന്നപോലെത്തന്നെ സാമൂഹ്യജീവിതത്തിലും, അന്തർരാഷ്ട്രീയബന്ധങ്ങളിലും അനുഷ്ഠേയങ്ങളാണ്. ഇതിൽനിന്നെല്ലാം സിദ്ധിക്കുന്നതു നമ്മുടെ ഐഹിക ജീവിതത്തിൽത്തന്നെ സ്ഥായിയായ സൌഭാഗ്യവും ഐശ്വര്യവും ഉണ്ടാകണമെങ്കിൽ ധാർമ്മിക മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു കാഴ്ചപ്പാടും, തത്വനിഷ്ഠയും അനുപേക്ഷണീയമാണെന്നത്രെ. ജീവിതത്തിന്നു ഒരു ഉൽകൃഷ്ടലക്ഷ്യം ഉണ്ടായിരിക്കണം ലക്ഷ്യമില്ലാത്ത ജീവിതം ശിഥിലമാവുകയേ ഉള്ളൂ. അവനവന്റെ ജീവിതലക്ഷ്യം അവനവനിൽത്തന്നെയാണ് അവസാനിക്കുന്നതെങ്കിൽ അവനവന്റെ വ്യക്തിത്വം വികസിക്കാൻ സാദ്ധ്യമല്ല. ലക്ഷ്യം ഉയരുംതോറും മനുഷ്യനും ഉയരും ലക്ഷ്യത്തിന്നു ദൈവീകത്വംവരെ ഉയരാം. വിശ്രുതചിന്തകനായ വോൾട്ടയർ വിനോദരൂപേണ പറഞ്ഞിട്ടുണ്ട്.

“ഒരുപക്ഷെ ഈശ്വരനില്ലെങ്കിൽത്തന്നെയും മനുഷ്യർ സുബോ
ധരായി ജീവിക്കാൻവേണ്ടിയെങ്കിലും ഒരു ഈശ്വരനെ ഉണ്ടാക്കേ
ണ്ടതാവശ്യമായിരിക്കുന്നു.”

ഈശ്വരബോധം അഥവാ മതബോധം മനുഷ്യനിൽ പ്രകൃ
ത്യാ അന്തസ്ഥിതമായ ഒരു വാസനയാണെന്നർത്ഥം. ജീവിക്കണ
മെന്നും, ജീവിതം കഴിയുന്നേടത്തോളം സമൃദ്ധമായിരിക്കണമെ
ന്നുമുള്ള അഭിനിവേശമാണതിന്നടിസ്ഥാനം ജീവിതത്തിൽ കൊ
തിയില്ലാത്ത മനുഷ്യരില്ലല്ലോ. ഭൗതികസുഖങ്ങളിൽ മനുഷ്യൻ
ക്ഷണേന വിരക്തിപ്രാപിക്കുന്നു. അപ്പോൾ വിരക്തിതോന്നാ
ത്ത ജീവിതമാണ് ആവശ്യം ജീവന്റേയും ജീവിതത്തിന്റേയും
പരമോൽകൃഷ്ടമായ രൂപമാണ് ഈശ്വരനെ അഭിമുഖീകരിച്ചുള്ള
ജീവിതത്തിൽ നിന്നല്ലാതെ സ്ഥായിയായ ശാന്തിയും സൌഭാഗ്യ
വും ആക്കും ഒരു കാലത്തും കൈവരുന്നതല്ലെന്നു ഇപ്പറഞ്ഞതിൽ
നിന്നു വ്യക്തമാകുന്നു. ആ ഉൽബോധം സകലമനുഷ്യരുടേയും
രക്തത്തിലുണ്ട്. ആ ബോധം ചിറകടിച്ചു മേലോട്ടുയരാൻ ശ്ര
മിക്കുന്തോറും സ്നേഹമൂർത്തിയായ ഈശ്വരൻ ആ ശ്രമത്തെ അനു
ഗ്രഹിക്കും. എന്തിനു്? എന്തുകൊണ്ട്? സ്നേഹത്തിന്റെ സ്വ
ഭാവം അതായതുകൊണ്ടുതന്നെ അങ്ങനെ ഓരോ വ്യക്തിയും ന
ന്മയിൽ നന്മയും വളരുന്നതിന്റെ ലക്ഷ്യപ്രമാണം എന്താണെ
ന്നൊരു ചോദ്യമുണ്ടാവാം. അവനവനു മോക്ഷം കിട്ടാൻ എ
ന്നാണു പലരും ധരിച്ചുവെച്ചിട്ടുള്ളതു പറയാറുള്ളതും. അവനവ
നു മോക്ഷം കിട്ടണമെന്നുള്ളതുതന്നെ സ്വാർത്ഥപരമായ ഒരു ല
ക്ഷ്യമല്ലേ? സ്വാർത്ഥതപുരണ്ടതാകയാൽ അതു താണനിരക്കിലു
ള്ള ഒരു ലക്ഷ്യവുമാണ്. അവനവന്റെ ഗുണത്തെമാത്രം കരുതി
യുള്ള തൻകാര്യപ്രവൃത്തി സ്നേഹതത്വത്തിന്നു അഥവാ ഈശ്വര
സ്വഭാവത്തിന്നുതന്നെ വിരുദ്ധമല്ലേ? സാക്ഷാൽ സ്നേഹം മററു
ള്ളവക്കുവേണ്ടി കരുതുന്നു. യത്നിക്കുന്നു. അപ്പോൾ അവനവ

ന്റെ മോക്ഷവാഞ്ഛയേക്കാൾ ഉൽകൃഷ്ടമായ ഒരു ലക്ഷ്യം മററു ള്ളവർ നന്നാകണമെന്നുള്ളതാണ്. അങ്ങനെ അന്യോന്യ നന്മക്കുവേണ്ടി കരുതുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയാണ് സാക്ഷാൽ സ്നേഹതത്വത്തിൽ അധിഷ്ഠിതമായിട്ടുള്ളതു്. സ്വയം സ്നേഹം അവനവന്റെ വ്യക്തിസത്തയെ ജീർണ്ണിപ്പിക്കുകയേ ഉള്ളൂ. സുബോധമുള്ളവർ തന്നെപ്പോലെതന്നെ ചുററുപാടുകളിലുമുള്ള സമസൃഷ്ടികളുടെ സുഖങ്ങളെപ്പററി കരുതലുള്ളവരായിരിക്കും. അതാണ് ഈശ്വരന്റെ സ്വഭാവം മനുഷ്യൻ യഥാർത്ഥമതബോധത്തിന്റെ കാഴ്ചപ്പാടുള്ളവനായിത്തീരുമ്പോൾ ധാർമ്മികമായ ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതി താനേ ആവിർഭവിക്കും. അതിനു വഴി തെളിയിക്കുന്ന ഒരു പുതിയ ആദ്ധ്യാത്മിക ദർശനമാണ്, ഐഹിക ജീവിതത്തിൽ, സാക്ഷാത്തായ മതബോധംകൊണ്ടു സാധിക്കേണ്ടതു്" "ദൈവം സ്നേഹമാകുന്നു" എന്ന ബൈബിൾ വാക്യവും, "സ്നേഹമാണഖിലസാരമൂഴിയിൽ സ്നേഹസാരമിഹ സത്യമേകമാം" എന്ന കവിവാക്യവും ഈശ്വരന്റെ സ്വഭാവമെന്താണെന്നു നമ്മെ പഠിപ്പിക്കുന്നു "വലത്തെ ചെകിട്ടത്തടിക്കുന്നവനു ഇടത്തേതു കൂടി കാണിച്ചുകൊടുക്കു" എന്നതിനേക്കാൾ പരിപാവനമായ ഒരു ഉപദേശം മറെറന്താണുള്ളതു മററൊരു ചിന്തകൻ ആക്രോശിക്കുന്നതു കേട്ടാലും. "ദൈവ"ത്തെ കണ്ടെത്തിയെന്നഭിമാനിക്കുന്ന പലരും യഥാർത്ഥമായ "ദൈവ"ത്തെ കണ്ടെത്തിയിട്ടില്ലെന്നും, "ദൈവ"ത്തിന്റെ ആസ്തിക്യത്തെ നിഷേധിക്കുന്ന പലരും യഥാർത്ഥ "ദൈവ"ത്തെ കണ്ടെത്തിയവരാണെന്നു"മാണ് അദ്ദേഹം പറയുന്നതു്. ഇക്കാര്യം നിങ്ങൾതന്നെ ആലോചിച്ചു തീരുമാനിച്ചാൽ മതി.

ഏതുതരത്തിലായാലും, സ്വാർത്ഥരഹിതമായ ജീവിതത്തിനും പരസ്പര സ്നേഹത്തിനും പരസ്പരസ്നേഹ ഐക്യത്തിനും മനുഷ്യക്കു പ്രേരണനല്കുന്ന ഒരു പ്രധാനഘടകമായിട്ടാണ് മതം

നിലകൊള്ളേണ്ടതെന്ന കാര്യത്തിൽ ആൎക്കും ഭിന്നാഭിപ്രായമുണ്ടാകുവാൻ അവകാശമില്ല. മതത്തിൽ കടന്നുകൂടിയിട്ടുള്ള കൊള്ളരുതായ്മകളേയും അനീതികളേയും തുടച്ചുമാററി ഒരു സമൂലപരിവൎത്തനം വരുത്തുവാൻ സാദ്ധ്യമാണോ? സാദ്ധ്യമായാൽ മതംകൊണ്ടുദ്ദേശിക്കുന്ന ലക്ഷ്യം പ്രാപിക്കുവാൻ കഴിഞ്ഞേക്കും. ഇക്കാൎയ്യം അസാദ്ധ്യമല്ലെങ്കിലും പ്രയാസമാണെന്നു പറയാതെ നിവൎത്തിയില്ല. മതത്തിൻെറ കാവൽഭടന്മാരായ പുരോഹിതവൎഗ്ഗം ഇതിന്നെതിരാണ്. സ്വാൎത്ഥം കളഞ്ഞുകുളിക്കുവാൻ അവൎക്കിഷ്ടമില്ലാത്തതാണതിന്നു കാരണമെന്നു പറയേണ്ടതില്ലല്ലോ. ലോകം നാശഗൎത്തത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നതും, യുദ്ധത്തിൻെറ ഭീഷണികൾ മുഴങ്ങിക്കേൾക്കുന്നതും സ്വാൎത്ഥതയാലാണെന്നു പറയാതെ നിവൎത്തിയില്ല. അതിനാൽ നാം ഇന്നു ഒരു വഴിത്തിരിവിലാണ് നില്ക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഏതൊരു പാന്ഥാവിലൂടെയാണ് ഗമിക്കേണ്ടതെന്ന കാൎയ്യം ഇനിയും തീരുമാനിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സത്യാന്വേഷണപരീക്ഷണങ്ങളിൽ നമുക്കു കൂടുതൽ വ്യാപൃതരായിരിക്കാം. അതിനാൽ, 'തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മററുള്ളവരെ സ്നേഹിച്ചും' മനുഷ്യത്വത്തോടുകൂടി ജീവിച്ചും മതലക്ഷ്യത്തിലേക്കു നമുക്കു മുന്നേറാം. സത്യം ജയിക്കും.

ശുഭം.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 100 Acc. No. 70876

This book should be returned on or before the date last stamped below.

30 OCT 2011

If the book is not returned on due date a fine of 25 Ps. per day will be charged

100 70876

പെറുലോസ്, തൈക്കാട്

വിഷമഘട്ടങ്ങൾ

KOTTAYAM PUBLIC LIBRARY

Call No. 100 Acc. No. 70876

Author. പൌലോസ്, തെക്കേത്ത്

Title. വിശേഷവസ്തുക്കൾ

Indic Digital Archive Foundation

gpura.org